


# തടാകക്കരകൾ മഞ്ഞണിയുമ്പോൾ..

വിദ്യാരംഗം കലാ സാഹിത്യ വേദി,

ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂൾ കോട്ടക്കൽ.

2013 - 14

**ചീഫ് എഡിറ്റർ**
സുധാകരൻ എ.കെ.

**സ്റ്റുഡന്റ് എഡിറ്റർ**
ദേവിക ആർ.എസ്.

**എഡിറ്റോറിയൽ ബോർഡ്**
ജ്യോതി സി.ടി.
ശ്രീകുമാരി കെ.എസ്.
നിഷ സി.
ജയശ്രീ പി.കെ.
മനോജ് കെ.പി.
ഗിരിജാദേവി ടി.
സിസിലി ഗുപ്ത
ഭാഷ്യം പി.എ.
മോഹനൻ പി.ഡി.
പ്രമോദ് എ.
പാർവതി പി.
മുഹമ്മദ് മുസ്തഫ പി.പി.
സുലൈമാൻ എം.
അനിൽകുമാർ ആർ.
നരേന്ദ്രൻ എ.
അബ്ദുൾ മജീദ് എം.സി.
നളിനി പി.
ദുർഗ സി.വി.
ഗീതാകുമാരി എസ്.
കുഞ്ഞിക്കദിയുമ്മ എം.പി.
മാനുക്കുട്ടൻ കെ.
രമ്യ ഇ.
ഗ്രീഷ്മ പ്രജിത്ത്

**സാങ്കേതിക സഹായം**
ലത കെ.വി.
മുജീബ് റഹ്മാൻ കെ.
ഈശ്വരൻ നമ്പൂതിരി എസ്.
ശോഭനകുമാരി പി.എൽ.
ചന്ദ്രിക കെ.എസ്.
മുഹമ്മദാലി സി.
ഉബൈദ് വി.
രഘുവരൻ എം.കെ.

**ഫോട്ടോസ്**
കുഞ്ഞുമുഹമ്മദ് ടി.ടി.
വിനോദ്കുമാർ പി.കെ.
അബ്ദുൾ ലത്തീഫ് പി.

**ഇല്ലസ്ട്രേഷൻ**
ഇന്ത്യനൂർ ബാലകൃഷ്ണൻ മാസ്റ്റർ

**കവർ, ലേ-ഔട്ട്**
വിജയ് പാടഞ്ചേരി

**ടൈപ്പ് സെറ്റ്**
ആക്സസ്, ചങ്കുവെട്ടി
**പ്രസ്സ്**
എ-വൺ ഒഫ്സെറ്റ്.

**കാര്യനിർവ്വഹണം**
രവീന്ദ്രൻ എ. (ഹെഡ്മാസ്റ്റർ)

# എഡിറ്റോറിയൽ

ഋതുഭേദങ്ങളുടെ നിലയ്ക്കാത്ത പ്രവാഹമായ്
കാലം കടന്നുപോകുന്നു...
സംസ്ക്കാരത്തിന്റെ ഈടുവെപ്പുകൾ
പരിഷ്കൃതസമൂഹം വിസ്മരിക്കുന്നു....
ആഗോളവത്കരണത്തിന്റെ കാണാച്ചരടുകൾ
നമ്മെ വഴിപിഴപ്പിക്കുന്നു.
ഭക്ഷ്യസമൃദ്ധിയും പൊതുജനാരോഗ്യവും
പഴങ്കഥയാവുന്നു.
'പൊതു'വായി നാം കരുതിയതെല്ലാം കരാളഹസ്ത-
ങ്ങളിൽ ഊർദ്ധശ്വാസം വലിക്കുന്നു...
എല്ലാം ആധാറിൽ ബന്ധിച്ച് ഭദ്രമാക്കാൻ
നാം ശ്രമിക്കുന്നു.
സ്ത്രീ തുല്യതയുടെ വായ്ത്താരികൾ
മുഴങ്ങിയിരുന്ന
തെരുവോരങ്ങളിൽ ബാല്യ-വാർദ്ധക്യങ്ങൾപ്പോലും
വേട്ടയാടപ്പെടുന്നു.
സൂര്യതാപം എല്ലാ ആർദ്രതയേയും
നക്കിത്തുടയ്ക്കുന്നു.
അവശേഷിക്കുന്ന പ്രകാശ രശ്മികളെ
ഇരുണ്ടകാലം വിഴുങ്ങാതെ നമുക്ക് കാക്കാം...
നമ്മൾ ഇത്രകാലം ഉണ്ടാക്കിയത്
ചെരിപ്പുകളായിരുന്നില്ല,
അവയ്ക്ക് അനുയോജ്യമായ
പാദങ്ങളായിരുന്നു.
അതുകൊണ്ടാണല്ലോ
നമ്മുടെ യാത്രകളെല്ലാം
'മറ്റുള്ളവരുടേ'-തായി മാറിയത്....
തിരിമുറിയാതെ പെയ്യുന്ന തിരുവാതിരയും
കുംഭമഴയും
പുതുതലമുറ അറിയണം...
മണ്ണും, മനുഷ്യനും, സഹജീവികളും തമ്മിലുള്ള
ബന്ധം ഊഷ്മളമാവണം.
കനിവിന്റെ പച്ചപ്പുകൾ നാമ്പെടുക്കണം.
സഹനത്തിന്റെ പ്രകാശഗോപുരം
തീർത്തവർ
വിസ്മൃതിയിലാവരുത്....
ഞാറമരങ്ങൾ
ചുഴലിയെ
മന്ദമാരുതനാക്കി.....
ഇനി
ഇതിഹാസങ്ങളുടെ ഇതിഹാസത്തിന്
സ്വാസ്ഥ്യം.....
എങ്കിലും,
തടാകക്കരയിൽ
മഞ്ഞുമാസത്തിലെ
തണുത്ത വെയിൽ
നടുക്കുന്ന ഓർമ്മകളാൽ
തൊണ്ടപൊള്ളിക്കുന്നു.
അരങ്ങൊഴിഞ്ഞ കൂട്ടുകാർ
നൊമ്പരമായി.... മാറുന്നു.
ആവലാതികളില്ലാത്ത
ബാല്യത്തിന്റെ വളപ്പൊട്ടുകൾ നിറയട്ടെ.......
ഇനിയും
മണ്ണടരുകളെ തള്ളിനീക്കി
ഓണപ്പൂക്കൾ വരുമെന്ന പ്രത്യാശയോടെ.......



സ്നേഹപൂർവ്വം,

**ചീഫ് എഡിറ്റർ.**



നമ്മുടെ കുട്ടികൾക്ക് ഹൃദയഭാവങ്ങളുടെ മിന്നൽപ്പിണരുകളും സൂര്യരശ്മികളും ജ്യോത്സ നകളും മഴവില്ലുകളും എല്ലാം കൂടി തെളിഞ്ഞു നില്ക്കുന്ന അന്തമില്ലാത്ത ആകാശം തുറ ന്നുകൊടുക്കാൻ അധ്യാപകർ കടപ്പെട്ടവരാണെന്ന് ശ്രീ. സുകുമാർ അഴീക്കോട് ഒരവസരത്തിൽ പറയുകയുണ്ടായി. പരന്ന വായനക്ക് കുട്ടികളെ പ്രേരിപ്പിക്കുന്നതോടൊപ്പം എന്തെങ്കിലും കുത്തിക്കുറിക്കാനുള്ള ചെറുശ്രമങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തങ്ങളുടെ സ്വപ്നങ്ങൾ അച്ചടിമഷിയിൽ തെളിഞ്ഞുവരുമ്പോഴുള്ള ആഹ്ലാദാതിരേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. അതിനു വഴിയൊരുക്കിയ വിദ്യാരംഗം പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**എ. രവീന്ദ്രൻ**
ഹെഡ്മാസ്റ്റർ



കോട്ടക്കൽ ഗവ: രാജാസ് ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി യുടെ "തടാകക്കരകൾ മഞ്ഞണിയുമ്പോൾ" എന്ന മാഗസിന് എല്ലാവിധ നന്മകളും ആശം സകളും നേരുന്നു. കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ സഹൃദയമനസ്സുകളിലേക്ക് എത്തി ക്കുവാൻ ശ്രമിക്കുന്ന രാജാസിന്റെ വിദ്യാരംഗം കലാസാഹിത്യവേദിക്ക് അഭിനന്ദനങ്ങൾ.

**ടി.വി. സുലൈഖാബി**
ചെയർപേഴ്സൺ
കോട്ടക്കൽ മുനിസിപ്പാലിറ്റി



കോട്ടക്കൽ ഗവൺമെന്റ് രാജാസ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാരംഗം കലാസാഹിത്യ വേദി "തടാകക്കരകൾ മഞ്ഞണിയുമ്പോൾ" എന്നപേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. കുട്ടികളുടെ ഓർമ്മച്ചെപ്പിൽ എന്നും സൂക്ഷിക്കാനും, ഓർമ്മിക്കാനുള്ളതുമായ ഉള്ളടക്കമടങ്ങിയതുമാകട്ടെ ഈ പ്രസിദ്ധീകരണം. ഇത് പുറത്തി റക്കുന്നതിനുവേണ്ടി പ്രയത്നിച്ച എല്ലാവർക്കും നന്മകൾ നേരുന്നു. ഈ സംരംഭത്തിന് എല്ലാ ആശംസകളും അറിയിക്കുന്നു.

**പാറോളി മൂസക്കുട്ടി ഹാജി**
ഡപ്യൂട്ടി ചെയർപേഴ്സൺ,
കോട്ടക്കൽ മുനിസിപ്പാലിറ്റി




ഉച്ചരിക്കപ്പെടുന്ന ഓരോ നല്ലവാക്കും എഴുതപ്പെടുന്ന ഓരോ നല്ലവാക്കും വൃഥാവിലാവുന്നില്ല. വെളിച്ചം തേടിയുള്ള, നന്മ പ്രദാനം ചെയ്യുന്ന സദ്പ്രവൃത്തിയാണ് മാസിക തയ്യാറാക്കുക എന്നുള്ളത്. 'തടാകക്കരകൾ മഞ്ഞണിയുമ്പോൾ' എന്ന് മാഗസിന് പേരിട്ടത് ഹൃദ്യമായിരിക്കുന്നു. കലാലയങ്ങൾ അക്ഷരവെളിച്ചത്തിനാൽ സമ്പന്നമാകട്ടെ. വാക്കും വരയുംകൊണ്ട് ഇത് സമ്പന്നമാക്കിയവർക്കും വഴികാട്ടിയവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ... എല്ലാ ആശംസകളും നേരുന്നു.

**ജ്യോതിഷ്മതി എം.**
കൗൺസിലർ,
കോട്ടക്കൽ മുനിസിപ്പാലിറ്റി.



കോട്ടയ്ക്കൽ ഗവ: രാജാസ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ 'തടാകക്കരകൾ മഞ്ഞണിയുമ്പോൾ' എന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം അറിയിക്കട്ടെ. വിദ്യാർത്ഥികളുടെ കലാസാഹിത്യ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വിദ്യാരംഗം കലാസാഹിത്യവേദി ഇത്തരത്തിലൊരു ഉദ്യമത്തിനൊരുങ്ങുന്നത് എന്തുകൊണ്ടും ശ്ലാഘനീയമാണ്. കൂടുതൽ സർഗ്ഗസിദ്ധികൾക്ക് പ്രചോദനം നൽകുന്നതിനും തങ്ങളുടെ രചനകൾ മറ്റുള്ളവർ ആസ്വദിക്കുന്നതിനും അവസരം നൽകുകയും ചെയ്യുന്നു. കുട്ടികളുടെ കലാസാഹിത്യവാസനകൾക്ക് കൂടുതൽ മിഴിവ് പകരാൻ ഈ ഉദ്യമത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



**കെ.സി. ഗോപി**
ഡി.ഡി.ഇ., മല



തടാകങ്ങളുടെ കരയിൽ മഞ്ഞുപെയ്യുമ്പോൾ ഓർമ്മകളിൽ സുഗന്ധമായി കഥകൾ വിരിയുന്നു. കവിതകളുടെ ഓരോ അടരിൽ നിന്നും തേൻ കിനിയുന്നു. യാത്രാവിവരണം ആലീസിന്റെ അത്ഭുതലോകം തുറക്കുന്നു. ആത്മകഥകൾക്ക് നേരിന്റെ പരിമളമുണ്ട്. ശാസ്ത്രലേഖനങ്ങൾ ആകാശഗംഗയുടെ മറുഭാഗം കാണിച്ചുതരുന്നു. ഇളംകൈയ്യോടൊപ്പം ഇളം ഭാവനകളും വളരട്ടെ....

ആശംസകളോടെ

**P. Safarulla MSc, MA, MEd**
**DEO, Malappuram.**



ഒരു മാസിക തയ്യാറാക്കാനാലോചിച്ചപ്പോൾ, ഇത്രയും മധുരമായ ഒരു പേര് തിരഞ്ഞെടുത്തതിന്റെ പിറകിലെ കവിഭാവനയെ ഞാനഭിനന്ദിക്കുന്നു. ഈ തടാകക്കരയിൽ, രാജാസിലെ സർഗധനരായ കൂട്ടുകാർക്ക് എഴുതിത്തെളിയാനും, ഗൗരവപൂർണമായ വായനയിലൂടെ അരോഗമായ സംസ്കൃതിയിലേക്ക് ഇതൾ വിടർത്താൻ കൊതിക്കുന്നവർക്ക് നല്ല രചനകൾ വേണ്ടുവോളം ലഭിക്കാനും ഇടവരട്ടെ എന്ന് ആശംസിക്കുന്നു.

**കെ.വി. രാമകൃഷ്ണൻ**
അപൂർണ, കോട്ടക്കൽ.



"തടാകക്കരകൾ മഞ്ഞണിയുമ്പോൾ" എന്ന പേരിൽ രാജാസ് ഹൈസ്ക്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷം. ഭാഷയും സാഹിത്യവും സംസ്കാരവുമാണ് മാനവിക വിദ്യാഭ്യാസത്തിന്റെ അടിത്തറ. വിദ്യാരംഗം കലാസാഹിത്യവേദി അതിന്റെ ദൗത്യങ്ങൾ നിർവ്വഹിക്കുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ കുട്ടികളുടെ സർഗ്ഗസൃഷ്ടികളെ സഹൃദയമനസ്സുകളിലേക്ക് എത്തിക്കാനുള്ള ആത്മാർത്ഥമായ ഈ ശ്രമത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. വ്യത്യസ്തത നിറഞ്ഞതും സർഗ്ഗസൃഷ്ടികളാൽ സമ്പന്നവുമാകട്ടെ നിങ്ങളുടെ മാസിക എന്നാശംസിക്കുന്നു.

**സി.കെ. അഹമ്മദ്കുട്ടി**
പ്രസിഡന്റ്, പി.ടി.എ



കോട്ടക്കൽ ഗവ: രാജാസ് ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി പ്രസിദ്ധീകരിക്കുന്ന "തടാകക്കരകൾ മഞ്ഞണിയുമ്പോൾ" എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. വിദ്യാർത്ഥികളിലെ സർഗ്ഗാത്മക സാമർത്ഥ്യം വർദ്ധിപ്പിക്കാനും അവ ഭാവി ജീവിതത്തിൽ പ്രയോജനപ്പെടുത്താനും മാഗസിന് കഴിയട്ടെ. രാജാസ് ഹൈസ്ക്കൂളിലെ ഈ സംരംഭത്തിന് നേതൃത്വം കൊടുക്കുന്നവരെയും പങ്കാളികളെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

**സി. അബ്ദുൾ ഹമീദ്**
ചെയർമാൻ,
സ്കൂൾ മാനേജിംഗ് കമ്മിറ്റി.



ഈ തടാകം ഇങ്ങനെയാണ്....
വാക്കുകളുടെ അനന്തമായ ചക്രവാളംപോലെ
നിതാന്തവും നിശ്ചലവുമായ
ഓളങ്ങളുടെ പരിശുദ്ധിയിൽ നിന്ന്
നിർമ്മലമായ അറിവിന്റെ മഞ്ഞുകാലം തീർക്കുന്നു....
സൂര്യന്റെ ചൂടും മഞ്ഞിന്റെ കുളിരും
സ്വപ്നങ്ങളുടെ നക്ഷത്രത്തിളക്കവും
എന്നും ബാക്കിവെക്കുന്ന അനുഭവ സാകല്യം
ഊഷ്മളമായ കാരുണ്യത്തിന്റെ
അനുഗ്രഹീതമായ അറിവിന്റെ
യുഗദീർഘമായ ഈടുവെപ്പുകൾ....
ആകാശത്തിനുകീഴിൽ
എന്നും പെയ്തുതീരാത്ത മഴമേഘം
മഴത്തുള്ളിയ്ക്കു കുട പിടിക്കുന്ന
നോട്ടുപുസ്തകത്താൾ കീറി
ഒഴുക്കി വിട്ട കടലാസുതോണികൾ
ഈ തടാകത്തിന്റെ തിരയിൽ ഓളം തല്ലി
പുത്തൻ തീരങ്ങളണയുന്നു....
എന്റെ വാക്കുകളിലും ശബ്ദത്തിലും ബാക്കിയാവുന്നത്
ഈ രാജാങ്കണം തീർത്ത
ഓർമ്മയുടെ വസന്തങ്ങളും വർണ്ണങ്ങളും....
ആത്മാവിൽ ചേർത്തുനിർത്തിയ
പ്രതീക്ഷയുടെ നിമിഷങ്ങളും....
ഈ നീലത്തടാകത്തിൽ
ഓളങ്ങൾ നിലയ്ക്കുന്നില്ല...
പുതിയ തിരകൾ തീർക്കുന്ന പുതിയ ലാളനം....
ആരും അപ്രത്യക്ഷരാകുന്നില്ല...
ഓരോ പുതിയ നാമ്പിനും ഈർപ്പമായി
ഈ തടാകം നീഹാരമാകുന്നു....
ആശംസകൾ....



**ഡോ. സന്തോഷ് വള്ളിക്കാട്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം, എൻ.എസ്.എസ്. കോളേജ്, മഞ്ചേരി
(വൈ. പ്രസിഡന്റ്, പി.ടി.എ.)



അകലെയാ,ണകലെയാ,ണുലകിലെനിക്കെന്നും
അതിദിവ്യമാമാദ്യ വിദ്യാലയം
പിറകിനും പിറകിലെ മറവിലാണേറ്റവും
പ്രിയദമാമാദ്യത്തെ വിദ്യാലയം.

**–പി. ഭാസ്കരൻ**

## കഥ

**നീ**ണ്ട ബെല്ലടി ശബ്ദം കേട്ടാണെഴുന്നേറ്റത്. ചിട്ടവട്ടങ്ങൾ കർശനമാണെങ്കിലും ഇവിടുത്തെ ജീവിതം സുഖമാണെന്നു തന്നെ പറയാം. സമയത്തിന് ഭക്ഷണം, കിടക്കാൻ സ്ഥലം എല്ലാം കൊണ്ടും സുഖം, ബെല്ലടികൊണ്ട് കണ്ണുതുറന്നിരുന്നുവെങ്കിലും ലാടം വെച്ച ഷൂവിന്റെ ക്രൂരമായ ശബ്ദം കേട്ടാണ് തിരിഞ്ഞു നടന്നത്. നിറച്ചുവെച്ച വാട്ടർ ടാങ്കുകളിൽ നിന്ന് വെള്ളം കോരി ഓരോരുത്തരായി കുളിയും പല്ലുതേക്കലും കക്കൂസിൽ പോക്കും നടത്തുന്നു. സോപ്പിന്റെയും മൂത്രത്തിന്റെയും ഉണങ്ങാത്ത കുപ്പായത്തിന്റെയും വിയർപ്പിന്റെയും മണം ആ അന്തരീക്ഷത്തിൽ തളം കെട്ടിനിന്നു. തല്ലുകൂടുന്നവരെ പ്രോത്സാഹിപ്പിക്കുകയാണ് കൂട്ടം കൂടി നിൽക്കുന്ന ചിലർ. പിടിച്ചു മാറ്റാൻ പോയാൽ അടിയുറപ്പാണ്. ഇക്കൂട്ടത്തിൽ കട്ടിയില്ലാത്ത ശരീരമുള്ളവൻ ഞാനാണ്. കൗമാരത്തിന്റെ താടി രോമങ്ങൾ പ്രദർശിപ്പിക്കുന്ന പച്ചപ്പ് മുഖത്തുണ്ടെങ്കിലും അത് മറച്ചു പിടിക്കുന്നവൻ ഞാനാണ്. പ്രഭാതകൃത്യങ്ങൾ തീർന്നത് വേഗത്തിലായിരുന്നു. പ്രഭാതത്തിൽ പ്രസിദ്ധമായ ചപ്പാത്തിയും കടലക്കറിയുമായിരുന്നു. ഇന്ന് മീൻ കറിയുണ്ട്. അടുക്കള ഡ്യൂട്ടിയാണ്. തക്കാളി അരിയുമ്പോഴാണ് ആരെന്നറിയാത്ത തടിമാടനെയും കൊണ്ട് സൂപ്രണ്ട് വന്നത്. സ്ഥായിയായ പുച്ഛഭാവം വെച്ച്നീട്ടിക്കൊണ്ട് അയാൾ



ഹൃദിക് കൃഷ്ണ പി. യു.

എനിക്കു നേരെ കൈ ചൂണ്ടി:



# വഴി തെറ്റുന്നവർ....

"സ്വന്തം ചേട്ടനെ കൊന്നവനാണ്"

ഒരു പകർച്ചവ്യാധിയെന്ന പോലെ പുച്ഛം ആ തടിമാട നിലേക്കും പകർന്നിരുന്നു: "തള്ളക്കും അനിയത്തിക്കും മുന്നിൽ വഴിതെറ്റിയവൻ" അതെ, എന്ന മറുപടിക്കു ശേഷം മൊത്തത്തിലൊന്ന് കണ്ണോടിച്ച് അവർ നടന്നക ന്നു.

മുറിച്ച് പൂർത്തിയാകാത്ത തക്കാളി നോക്കി ഗോപാ ലൻ ഒച്ചവെച്ചു:

"എന്ത് പൂരം കണ്ട് നിക്കുവാടാ?" കറുത്ത് തടിച്ച് മൊട്ടത്തലയനായ ഗോപാലന്റെ ഒച്ചയിൽ ഭയം ജനിപ്പി ക്കുന്നതാണെങ്കിലും ആൾ ശുദ്ധനാണ്. തണുപ്പു കാലത്ത് ചെറിയ ബീഡിക്കുറ്റികൾ തരുന്ന അവനോട് ഒരു ചെറിയ ബഹുമാനം വെച്ച് പുലർത്തിയിരുന്നു ഞാൻ.

അവിടെയുള്ളവരിൽ ഭൂരിഭാഗം പേരും 'ഭാഗ്യവാൻ' എന്ന് കണ്ണുനിറച്ചുകൊണ്ടാണ് എന്നെ നോക്കിയിരുന്ന ത്. രണ്ടാഴ്ചത്തെ താമസം കൂടിയേ എനിക്കിനിയി വിടെ ആവശ്യമുള്ളൂ എന്നതുതന്നെ വിഷമമാണ തോർക്കുമ്പോൾ ഈ സമൃദ്ധിയിൽ നിന്ന് ഞാൻ നടന്ന കലുന്നത്... ഇപ്പോൾ എന്റെ ആ ലോകം എപ്രകാരമാ യിരിക്കുമെന്ന് തിട്ടമില്ല.

അച്ഛനും ഞാനും ചേട്ടനും അമ്മയും ഉള്ള ലോകത്തു നിന്ന് അച്ഛൻ പോയത്, അനിയത്തിയുടെ ജനനത്തിനു ശേഷം ഞങ്ങളെ അളവറ്റ് ഇഷ്ടപ്പെട്ടിരുന്ന അമ്മ ഞങ്ങളെ ഒരു കാര്യത്തിലും നിയന്ത്രിച്ചിരുന്നില്ല. വളരെ വേഗത്തിലാണ് മദ്യപാനിയായി ചേട്ടൻ വളർന്ന ത്. കരച്ചിൽ കൂടികലർന്ന ദേഷ്യത്തിൽ പലപ്പോഴും അമ്മ ഇതേപ്പറ്റി ചേട്ടനോട് ചോദിച്ചു. അപ്പോഴാണ് ചേട്ടൻ കട്ടൻ ചായയുടെ നിറമുള്ള ആ വെള്ളം മാത്രമ ല്ല, വേറെ പലതും തിന്നേം കുടിക്കേം ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കിയത്.

കണ്ണുതുറന്നു പടിച്ചുള്ള ഓർമ്മകളുടെ അങ്കലാപ്പിൽ നിന്ന് ഉണർത്തിയത് സുരേഷിന്റെ നീട്ടിയുള്ള വിളിയാ യിരുന്നു. പാത്രം രണ്ടെണ്ണം കൈയ്യിൽ പിടിച്ച് പൈപ്പ ടച്ച് ഞാൻ കൂടെ ചെന്നു.

"വേം വാ അവ്ട ചോറ് കഴിയാനായിക്ക്ണ്" പരിഭ്രാ ന്തിയോടെയുള്ള ആ പറച്ചിലും കാട്ടലും കണ്ടപ്പോൾ ചിരിയാണ് വന്നത്. ചോറുണ്ണാനിരുന്നത് സുരേഷിന്റെ ഗോപാലന്റെയും നടുക്കാണ്. പൂപ്പൽ മണമുള്ള ആ ചോറ് തിന്ന് തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. ചോറിൽ നിന്ന് കണ്ണെടുക്കാതെ ഗോപാലൻ ചോദിച്ചു:

"നോക്ക്, ബീഡി വേണോ?"

സംശയമില്ലാതെ ഞാൻ വേണ്ട എന്ന് തലയിളക്കി.

സുരേഷ് കാലിൽ തേഞ്ഞു ചവിട്ടി "അതെന്താടാ?"

"ഒന്നുല്ല്യ, വേണ്ട"

"ഇയ്യ് അമ്മക്കുട്ടിയായിട്ടിരിക്കുന്നോ" ഗോപാലൻ നീരസം പ്രകടിപ്പിച്ചു.

പ്രത്യേകിച്ച് ഇഷ്ടമുണ്ടായിട്ടില്ല കുടുങ്ങിയാൽ കൂട്ടി നൊരാള് അത്രയേ ഉള്ളു. ഫുട്ബോൾ കളിച്ച് നീരു വെച്ച കാലുമായാണ് തോട്ടത്തിൽ പുല്ലുപറിക്കാൻ പോയത്. വലിയ വേദനയില്ലാത്തതുകൊണ്ട്പ്രശ്നമില്ല.

രാത്രി കിടക്കാൻ വിളക്കണച്ചാൽ ശബ്ദം മാറ്റിയുള്ള പരസ്പര ചീത്തവിളികൾ സ്ഥിരമാണ്. "അമ്മെട കുട്ടി ഒറങ്ങിയോടാ?" എന്ന ചോദ്യവും അതിനു പിന്നാലെ ഒരു ഊറിച്ചിരിയും പുറപ്പെട്ടു. ചോദിച്ചത് ഗോപലനും ചിരിച്ചത് സുരേഷുമാണെന്ന് തീർച്ച.

'അമ്മക്കുട്ടി'യാണെന്നതിന് കള്ളമില്ല. അമ്മ എന്നു പറയുമ്പോൾ ചേട്ടന്റെ അടികൊണ്ട് കണ്ണുനനഞ്ഞ അമ്മയെ മാത്രം ഓർമ്മവരുന്നു. പണിക്കുപോകാത്ത ചേട്ടന് കാശിനാവശ്യം വരുമ്പോഴാണ് അമ്മക്കുട്ടി. കള്ളുകുടിക്കാത്ത സമയത്ത് ചേട്ടന്റെ കണ്ണുനിറയുന്നത് കണ്ടിരുന്നു. പിന്നെ പിന്നെ ഇങ്ങനൊരു സന്ദർഭമേ ഉണ്ടായിട്ടില്ലെന്നതും സത്യമാണ്. ഒരു പെൺകുട്ടി വളർന്നുവരുന്നെന്ന നിർദ്ദേശം ഒരിക്കലും ഇഷ്ടമായി രുന്നില്ല ചേട്ടൻ എന്ന് ഇപ്പോഴും ഞാനോർക്കുന്ന മനു ഷ്യന്. "എന്താമ്മേ ചേട്ടൻ ഇങ്ങനെ?" എന്ന അമ്മി ണീടെ ചോദ്യത്തിന് ആ തെണ്ടിക്കൂട്ടങ്ങളുടെ കൂടേള്ള കൂട്ട് എന്ന ഉത്തരവും അമ്മ നൽകും. സമൂഹത്തിൽ മാന്യന്മാരായവരും അയാളുടെ കൂട്ടായിരുന്നു. അമ്മ പലപ്പോഴും അത് മറച്ചുവെച്ചു. അവിടെ പണിക്കു പോയിരുന്നു എന്നതാവാം കാരണം.

**തടുത്ത അമ്മയുടെ ചോര നിലത്തു വീണത് കണ്ടാണ് അന്ന് വൈകുന്നേരം മൂർച്ച കൂട്ടിയ വെട്ടുകത്തി കൈയ്യിലെടുത്തത്. അമ്മയുടെ അലർച്ച കേട്ടാകണം വഴിയിൽ കാത്തുകിടന്നിരുന്ന കാർ പാഞ്ഞകന്നു.**

ഒരിക്കൽ രാത്രി കുടിച്ചൊലിപ്പിച്ചു വന്ന ഏട്ടൻ അമ്മി ണിയെ പുറത്തേക്ക് വലിച്ചു. അമമയുടെ എതിർപ്പ് ചേട്ടന് താങ്ങാവുന്നതായിരുന്നു. തടുത്ത അമ്മയുടെ ചോര നിലത്തു വീണത് കണ്ടാണ് അന്ന് വൈകുന്നേരം മൂർച്ചകൂട്ടിയ വെട്ടുകത്തി കൈയ്യിലെടുത്തത്. അമ്മ യുടെ അലർച്ച കേട്ടാകണം വഴിയിൽ കാത്തുകിടന്നി രുന്ന കാർ പാഞ്ഞകന്നു. നിശ്ശബ്ദതയോടെ എന്നെ ഇങ്ങോട്ട് പറഞ്ഞയച്ച അമ്മയെ പിന്നെ കണ്ടിട്ടില്ല. അമ്മിണിയേയും... രണ്ടാഴ്ച്ച കടന്നു പോയത് വേഗമാ യിരുന്നില്ല. ഇട്ടുതന്ന ഉടുപ്പ് തീരെ ചെറുതായിരുന്നു. കണ്ണീർ പലരുടെയും മുഖത്ത് കണ്ടെങ്കിലും ഗൗനിക്കാ തെയാണ് പുറത്തിറങ്ങിയത്. എതിരേൽക്കാൻ ആരുമി ല്ലാതെയാണ് പുറത്തിറങ്ങിയത്. വരണ്ട കാറ്റ് മനസ്സ് മടുപ്പിക്കും വിധം വീശിക്കൊണ്ടിരുന്നു. ഗോപാലൻ ആരും കാണാതെ തന്ന കാശുകൊണ്ടാണ് ജുവനൈൽ ഹോമിൽ നിന്ന് നാട്ടിലെത്തിയത്. ഭീതി നിറഞ്ഞ നോട്ടം പലയിടത്തും കണ്ടു. ആ പഴയ ചോരക്കറ വീണ വാടകവീട് അടഞ്ഞുകിടക്കുകയാണ്. പകലുമു ഴുവനുമുള്ള അലച്ചിലിനൊടുവിൽ സന്ധ്യക്കാണമ്മയെ കണ്ടത്. ഇതിനകം അമ്മിണി വലുതായിരിക്കുനനു. മുടി പറത്തിനടന്ന അവളെ അമ്മ ആശ്ചര്യത്തോടെ നോക്കി. പൗഡറിട്ട പെൺപടയിലാണ് അമ്മിണി നിൽക്കുന്നത്. കാത്തുകിടന്ന വണ്ടിയിൽ അവൾ കയ റിയകന്നു. ഒരു ചുംബനവും കണ്ണുനീർത്തുള്ളിയും അമ്മക്കു നൽകിക്കൊണ്ട്...

എന്തിന് ദൈവം ഇങ്ങനെ എന്നെ വഴിതെറ്റിച്ചു. അതൊരു ചോദ്യചിഹ്നമായി വളർന്നു! നടന്ന് വഴിയി ലൂടെ അമ്മയെ ഒന്നു നോക്കി ഞാൻ തിരിഞ്ഞു നട ന്നു.... നിറകണ്ണുകളുമായി.... ■



ദേവിക ആർ. എസ്.

# ചങ്ങലക്കിട്ട സ്വപ്നങ്ങൾ



നീ മിണ്ടരുത്
നിന്റെ നാക്കിനെ ചങ്ങലക്കിടാനായിരിക്കുന്നു
നിന്റെയൊരു ശബ്ദം
പെണ്ണിന്റെ ശബ്ദം മോന്തായം കടക്കരുത്
ഇങ്ങനെ വിലക്കുകൾ അവളുടെ
ചുറ്റും കൂടാൻ തുടങ്ങി
സ്വപ്നങ്ങൾ പിറവിയെടുക്കുമ്പോൾ
അവളറിയില്ലായിരുന്നു
അവളുടേത്
ചങ്ങലക്കിടാനുള്ള സ്വപ്നങ്ങളാണെന്ന്
വെറും പെണ്ണിന്റെ
ചങ്ങലക്കിടാനുള്ള
സ്വപ്നങ്ങൾ



അനുശ്രീ സി.

# എരിഞ്ഞടങ്ങുന്ന വാർദ്ധക്യം



വസന്തപേമാരികൾ പെയ്തൊഴിഞ്ഞു...
മുള്ള് തറച്ച മനം വിങ്ങിത്തുടങ്ങി...
ഒരു മാംസക്കൂട്....
വ്യർത്ഥമായ ജീവിതപാതകളിൽ
അയാൾക്കുണ്ടായിരുന്നത്
ജരാനരകളും ഊന്നുവടിയും മാത്രം...
ഇഴചേരേണ്ട ഹൃദയങ്ങളകലുമ്പോൾ
അയാളറിഞ്ഞിരുന്നില്ല
താനിനിയും ഒരു ബാക്കിപത്ര
മാണെന്ന്..
വാർദ്ധക്യം പടർന്നു കയറിയ ശരീരം
നാലുചുവരുകൾക്കിടയിലമരവെ
സ്നേഹം നടിച്ചവർ ശത്രുക്കളായി
ഒടുവിൽ...
തിന്നു മടുത്ത
എരിവുണങ്ങിയ
ചോറും കറിയും കഴിക്കെ
അയാളോർത്തു...
ജീവിതം തന്നെ അയാൾ
വിഴുങ്ങുകയാണെന്ന്....



# ഉറങ്ങാതിരിക്കുന്നവരോട്....

**കവി, അധ്യാപകൻ, പത്രാധിപർ, വിവർത്തകൻ, പ്രഭാഷകൻ, എൻ.വി. കൃഷ്ണവാരിയർ സ്മാരക ട്രസ്റ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രശസ്തനും രാജാസിലെ പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. കെ. വി. രാമകൃഷ്ണനുമായി രാജാസ് ഹൈസ്കൂളിലെ ഗ്രീഷ്മ പ്രജിത്ത്, അനുശ്രീ സി., അമൃത എസ്., അക്ഷര കെ.വി., അപർണ വിപാൽ, സരുൺലാൽ എൻ.ആർ. എന്നിവർ നടത്തിയ അഭിമുഖത്തിലേക്ക്**

**അങ്ങയുടെ കുട്ടിക്കാലം, വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് വിശദീകരിക്കാമോ?**

ആദ്യമായി നിങ്ങളുടെ മാസികയുടെ പേരിനെപ്പറ്റി തന്നെയാവട്ടെ. ''തടാകക്കരകൾ മഞ്ഞണിയുമ്പോൾ'', തികച്ചും കാവ്യാത്മകം. നേരിട്ടു കണ്ടിരിക്കാനിടയില്ലാത്ത മഞ്ഞണിയുന്ന തടാകക്കരകളെക്കുറിച്ച് സ്വപ്നം കാണാൻ വെമ്പുന്ന നിങ്ങളുടെ ഭാവനാവിലാസത്തെ അഭിനന്ദിക്കുന്നു. ഇന്ത്യയിൽ കാലം, വസന്തവും ഗ്രീഷ്മവും ഹേമന്തവും ശിശിരവുമൊക്കെയായി, കൃത്യമായി മുറിഞ്ഞുവീഴുന്നത്, ഹിമാലയസാനുക്കളിലാണല്ലോ. മഞ്ഞണിയുന്ന തടാകക്കരകൾ കാശ്മീരിലൊക്കെ കാണുമെങ്കിലും നമ്മളിലധികം പേരും ആ വിസ്മയം നേരിൽ കണ്ടിരിക്കാനിടയില്ല. അനേകം നാഴികകൾ പരന്നുകിടക്കുന്ന, മറുകര കാണാൻ കഴിയാത്ത വലിയ തടാകങ്ങൾ ഞാൻ കണ്ടിട്ടുള്ളത് അമേരിക്കയിലാണ്. മഞ്ഞുകാലത്ത് അവയൊക്കെ മഞ്ഞുമൂടുകയും ചെയ്യും. തടാകങ്ങൾ മാത്രമല്ല, നദികളും അക്കാലത്ത് മഞ്ഞുമൂടി ഉറയ്ക്കും. നദിയുടെ നടുക്ക് ഉറച്ച മഞ്ഞിനുമീതെ കുടിൽ (Tent) കെട്ടി വിനോദവാസം നടത്തിക്കളയും സാഹസികരായ സായ്പൻമാർ. മഞ്ഞണിയുന്ന തടാകക്കര എന്ന സങ്കല്പത്തിൽ നിന്ന് ഈ യാഥാർത്ഥ്യത്തിലേക്ക് എത്ര ദൂരമുണ്ടെന്ന് ആലോചിച്ചുനോക്കൂ....

നിങ്ങളുടെ ചോദ്യങ്ങളിലേക്ക് വരാം. എന്റെ കുട്ടിക്കാലത്തെക്കുറിച്ചും ആദ്യ വിദ്യാഭ്യാസത്തെക്കുറിച്ചും ഒക്കെയാണല്ലോ അറിയേണ്ടത്. നിങ്ങളുടെ ഭാവനക്ക് വെല്ലുവിളിയാകാവുന്ന ചില കാര്യങ്ങളാണ് എനിക്ക് പറയാനുണ്ടാവുക. ഗ്രാമം, കുഗ്രാമം എന്നൊക്കെ പറയുമ്പോൾ നിങ്ങളുടെ സങ്കല്പത്തിലുദിക്കുന്ന ചിത്രമെന്താണ്? ടാർ റോഡും, വിദ്യുച്ഛക്തിയുമില്ലാത്ത ഗ്രാമം കേരളത്തിലിന്ന് എവിടെയെങ്കിലും കാണുമോ? കുണ്ടൻ ഇടവഴികൾ, പച്ച നെൽപ്പാടം, കുന്നിൻപുറത്ത് മഴപെയ്താൽ കണ്ണുതുടുപ്പിച്ച് നിറഞ്ഞ് നീണ്ടിഴയുന്ന തോടുകൾ, ഉയർന്ന തോട്ടുവരമ്പ്, ഇടതൂർന്ന നൊച്ചിപ്പൊന്തകൾ, വേനൽക്കാലമായാൽ ഉഴുതുകട്ടയുടച്ചിട്ട പാടങ്ങൾ, കാവിലെ വേലയ്ക്ക് ആന വന്നു തിരിച്ചുപോയാൽ, പൂട്ടിയ പാടത്ത് നിരത്തിവെച്ച വട്ടക്കിണ്ണം മാതിരി ആനയുടെ കാലടിപ്പാടുകൾ -

**പൂട്ടിയ പാടത്ത് നിരത്തിവെച്ച വട്ടക്കിണ്ണം മാതിരി ആനയുടെ കാലടിപ്പാടുകൾ - ഇങ്ങനെ ഒരു ഗ്രാമത്തിന്റെ ചിത്രം നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുമോ?**

ഇങ്ങനെ ഒരു ഗ്രാമത്തിന്റെ ചിത്രം നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുമോ? അങ്ങനെയൊരു കുഗ്രാമത്തിലാണ് എന്റെ കുട്ടിക്കാലവും ആദ്യകാല വിദ്യാഭ്യാസവും. "അച്ചിപ്ര" ഇന്നങ്ങനെയൊരു പേരുതന്നെ ലുപ്തപ്രചാരമായിരിക്കുന്നു. സർക്കാർ രേഖകളിൽ, മേൽമുറി അംശം ദേശം, പൊന്നാനി താലൂക്ക്. ഇതിൽ, ''മേൽമുറി'' മാത്രം, ഞാൻ അഞ്ചാം ക്ലാസ്സുവരെ പഠിച്ച എലിമെന്ററി സ്കൂളിന്റെ പേരിലോ മറ്റോ ഉണ്ട് എന്നുതോന്നുന്നു. ഊരിന്റെ പേരുപോലും കാലംകൊണ്ട് മാറുന്നു എന്നർത്ഥം.

മാറണം, കാലാനുസാരം എല്ലാം മാറുക എന്നത് സ്വാഭാവികം. മാറുന്നത് കൂടുതൽ മെച്ചപ്പെട്ട തലത്തിലേക്കായാൽ നന്ന്. ''നന്ന് '' എന്നു പറയുമ്പോൾ, ''നല്ല''എന്ന സത്യം പോലും ആപേക്ഷികമാണ് എന്ന് ഞാനോർക്കുന്നു. എനിക്ക് നന്ന് എന്നു തോന്നുന്നത് എല്ലാവർക്കും നന്ന് എന്നു തോന്നിക്കൊള്ളണമെന്നില്ലല്ലോ.

എന്റെ ''ബോർഡ് ബോയ്സ് എലിമെന്ററി സ്കൂൾ, മേൽമുറി'' ഇന്ന് ഗവൺമെന്റ് എൽ.പി. സ്കൂളാണ്. അക്കാലത്ത് അഞ്ചാം ക്ലാസ്സ് കൂടി

യാണ് എലിമെന്ററി വിഭാഗം. ആറു മുതൽ എട്ടുകൂടി ഹയർ എലിമെന്ററി വിഭാഗം, ഫോർത്ത് ഫോം, ഫിഫ്ത്ത് ഫോം, സിക്സ്ത്ത് ഫോം എന്ന് ഹൈസ്കൂൾ വിഭാഗവും. ആറ്, ഏഴ്, എട്ട് ക്ലാസ്സുകളിൽ ഞാൻ പഠിച്ചത് മാറാക്കര ഹയർ എലിമെന്ററി സ്കൂളിൽ. തുടർന്ന് ഹൈസ്കൂൾ ക്ലാസ്സുകളിൽ കോട്ടക്കൽ രാജാസ് ഹൈസ്കൂളിലും. അതായത്, പത്താം ക്ലാസ്സ് കഴിയുമ്പോഴേക്ക് 11 കൊല്ലം പഠിച്ചിരിക്കുമെന്നർത്ഥം. (5+3+3=11).

എട്ടാം ക്ലാസ്സിലും അന്ന് പൊതുപരീക്ഷയാണ്. എസ്.എസ്.എൽ.സി. പോലെതന്നെ ഇ.എസ്.എൽ.സി. ഇവിടേയും ഒരു വിശേഷമുണ്ട് : ഈ ഇ.എസ്.എൽ.സി. പരീക്ഷ ''വിത്ത് ഇംഗ്ലീഷ് '' ''വിത്തൗട്ട് ഇംഗ്ലീഷ് '' എന്ന് വകതിരിച്ച് ഉണ്ടായിരുന്നു. ഇംഗ്ലീഷ് നിർബന്ധമായിരുന്നില്ല എന്നു സാരം. പക്ഷേ, ഇംഗ്ലീഷില്ലാതെ ഇ.എസ്.എൽ.സി. പാസായാൽ ഹൈസ്കൂളിൽ തേഡ് ഫോറത്തിലേ ചേരാൻ പറ്റൂ. അതായത് ഏഴാം ക്ലാസ്സിൽ. അപ്പോൾപിന്നെ ഹൈസ്കൂളിൽ 7,8,9,10 ഇങ്ങനെ നാലുകൊല്ലം പഠിച്ചാലേ പത്താം ക്ലാസ്സ് പരീക്ഷയെഴുതാൻ കഴിയൂ. പത്താം ക്ലാസ്സ് കഴിയുമ്പോഴേക്ക് പന്ത്രണ്ടു കൊല്ലം! വിത്ത് ഇംഗ്ലീഷ് ആയാൽ ഹൈസ്കൂളിൽ 8ൽ ചേരാം. അപ്പോൾപിന്നെ 8,9,10 – മൂന്നുകൊല്ലം. അതാണ് നേരത്തേ പറഞ്ഞ 5+3+3. ഇത് 1947–48ലെ കഥ.

ഹൈസ്കൂളിലേക്ക് കടക്കുംമുമ്പ് മേൽമുറി സ്കൂളിലേക്ക് ഒന്നുകൂടി എത്തി നോക്കിയാലോ? ''എൽ'' (L) ആകൃതിയിലുള്ള ചെറിയ കെട്ടിടം, അതിനകത്ത് അഞ്ച് ക്ലാസ്സുകൾ – ക്ലാസ്സുമുറി എന്ന് പറയാൻ പാടില്ല. തട്ടികൊണ്ടുപോലും വേർത്തിരിച്ചിട്ടില്ലാത്ത അഞ്ചു ക്ലാസ്സുകൾ, അഞ്ച് അധ്യാപകരും. ചിലപ്പോൾ നാലുപേരേ കാണൂ. അപ്പോൾ ഒഴിവുസമയത്ത് ഓടിക്കളിക്കാൻ വിശാലമായ പറമ്പ്. സ്കൂളിന്റെ മുഖം പടിഞ്ഞാറ് വശത്തേക്ക്. ഇടവഴിയിറങ്ങി പടിക്കലെത്തിയാൽ കിഴക്കോട്ടുതിരിഞ്ഞ് ഒതുക്കുകൾ കയറി മുറ്റത്തെത്താം. കഴിഞ്ഞ വർഷം സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ ഞാനും എത്തിപ്പെട്ടു. ഇപ്പോൾ സ്കൂളിന്റെ മുഖം കിഴക്കോട്ട്. ഇടവഴിനോക്കിയിരിക്കുന്ന സ്കൂൾമുറ്റത്ത് കാറിൽ ചെന്നിറങ്ങാം. ഇരുനിലകെട്ടിടം. നമ്മുടെ വിദ്യാഭ്യാസരംഗം തലതിരിഞ്ഞുപോയതിന്റെ പ്രതീകമായിരിക്കുമോ?

മാറാക്കര ഹയർഎലിമെന്ററി സ്കൂളും മാറിയിരിക്കുന്നു വളരെയേറെ. തൊട്ടപ്പുറത്തുതന്നെ ഹൈസ്കൂളുമുണ്ട്. കോട്ടയ്ക്കലേയ്ക്ക് നടക്കേണ്ട കാര്യമില്ല എന്നർത്ഥം.

പറഞ്ഞാൽ വിശ്വാസം തോന്നില്ല, ഇപ്പോഴത്തെ ഇളം തലമുറയ്ക്ക്. വീട്ടിൽനിന്ന് സ്കൂളിലേയ്ക്ക് അഞ്ചു നാഴികദൂരം – ഇന്നത്തെ എട്ടു കിലോമീറ്റർ. ദിവസേന, പത്തു നാഴിക – പതിനാറു കിലോമീറ്റർ – നടന്നുവേണം ഹൈസ്കൂളിൽ പഠിക്കാൻ. രാജാസ് ഹൈസ്കൂളിൽ, തേഡ് ഫോമിൽ ഞാൻ ഒരാഴ്ച്ച പഠിച്ചിട്ടുണ്ട്. ഒരാഴ്ച്ച കഴിഞ്ഞപ്പോൾ, ഫോർത്ത് ഫോമിലേക്ക് പ്രമോഷൻ!

**രാജാസ് ഹൈസ്കൂളിലെ അദ്ധ്യയനകാലം, അന്നത്തെ അദ്ധ്യാപകർ, അടുത്ത സുഹൃത്തുക്കൾ – ഒന്ന് ഓർമ്മിക്കാമോ?**

1948 ജൂണിലാണ് ഞാൻ രാജാസിൽ തേഡ് ഫോമിൽ ചേരുന്നത്. ഇ.എസ്.എൽ.സി. റിസൾട്ട് വരുന്നതിനുമുമ്പ്. റിസൾട്ട് വരാൻ വൈകിയപ്പോൾ ഹൈസ്കൂളിൽ സീറ്റ് കിട്ടുകയില്ല എന്നതായി ആധി. ശ്രീ. വിശ്വനാഥ അയ്യരാണ് അന്ന് ഹെഡ് മാസ്റ്റർ. ''ഹെഡ് മാസ്റ്ററോട് വിവരം പറയാം; വന്ന് ചേർന്നോളൂ; റിസൾട്ട് വരാൻ കാത്തുനിൽക്കണ്ട'' എന്ന് ഉപദേശിച്ചത് ശ്രീ ശങ്കരൻ നായർ മാസ്റ്റർ. എന്റെ വീട്ടിൽ നിന്ന് ഉറക്കെ വിളിച്ചാൽ കേൾക്കാവുന്ന ദൂരത്താണ് അദ്ദേഹത്തിന്റെ വീട്. അദ്ദേഹത്തിന്റെ പിറകെയാണ് ഹൈസ്കൂളിലെത്തിയതും ഹെഡ്മാസ്റ്ററുടെ മുറിയിൽ പ്രവേശിച്ചതും. ''റിസൾട്ട് വന്നിട്ടില്ലല്ലോ, അപ്പോൾ, തേഡിലേ ചേർക്കാൻ പറ്റൂ. വിത്ത് ഇംഗ്ലീഷ് എഴുതിയതല്ലേ? റിസൾട്ട് വരുമ്പോൾ പാസായിട്ടുണ്ടെങ്കിൽ, ഫോർത്തിലേക്ക് മാറ്റാം.''എന്നായി ഹെഡ്മാസ്റ്റർ. ''അല്ലാത്തപക്ഷം റിസൾട്ട് വരുന്നതുവരെ കാത്തിരിക്കുക. അതറിഞ്ഞശേഷം വന്നാൽമതി; അന്ന് സീറ്റുണ്ടെങ്കിൽ തരാം.'' എന്നുംകൂടി പറഞ്ഞപ്പോൾ ഞാൻ തേഡ് ഫോമിൽ ചേരാൻ തീരുമാനിച്ചു. കാത്തിരുന്ന് സീറ്റ് കിട്ടാതെ പോയാലോ? ചേർന്ന് കൃത്യം ഒരാഴ്ച കഴിഞ്ഞ് റിസൾട്ട് വന്നു. പാസ്സായിരിക്കുന്നു. അങ്ങനെ ഒരാഴ്ച്ചക്കുശേഷം ഫോർത്ത് ഫോമിലെത്തി.

**ഒരു പുരുഷായുസ്സു മുഴുവനും ദിവസേന പത്തു നാഴികവീതം നടന്ന് അധ്യാപനം നടത്തിയ, അധ്യാപനം ഈശ്വരാരാധനപോലെ പവിത്രമായി കരുതിയ, ഋഷിതുല്യനായ അധ്യാപകനായിരുന്നു ശങ്കരൻ നായർ മാസ്റ്റർ. ഏകാകി. ജീവിതത്തിൽ അധ്യാപനമൊഴികെ മറ്റൊരു താല്പര്യവുമില്ല.**

ഒരു പുരുഷായുസ്സു മുഴുവനും ദിവസേന പത്തു നാഴികവീതം നടന്ന് അധ്യാപനം നടത്തിയ, അധ്യാപനം ഈശ്വരാരാധനപോലെ പവിത്രമായി കരുതിയ, ഋഷിതുല്യനായ അധ്യാപകനായിരുന്നു ശങ്കരൻ നായർ മാസ്റ്റർ. ഏകാകി. ജീവിതത്തിൽ അധ്യാപനമൊഴികെ മറ്റൊരു താല്പര്യവുമില്ല. ഏക്കർ കണക്കിൽ പരന്നുകിടക്കുന്ന കുടുംബവളപ്പിൽ, തറവാട്ടു വീട്ടിൽ നിന്ന് കുറച്ചകലെ ഒരു പത്തായപ്പുര മാളിക; മുകളിലെ മുറിയിൽ താനും, തന്റെ പുസ്തകങ്ങളും, ദിനപത്രങ്ങളും. റിട്ടയർ ചെയ്തശേഷം മുറിയിൽ നിന്ന് പുറത്തിറങ്ങാറേയില്ലായിരുന്നു അത്യാവശ്യത്തിനൊഴിച്ച് എന്നുകേട്ടിട്ടുണ്ട്.





ഞാനന്നേക്ക് നാടുവിട്ടു കഴിഞ്ഞിരുന്നു. അസുഖ ബാധിതനായി കിടന്ന അന്ത്യനാളുകളിൽ "എനിക്ക് സ്കൂളൊന്ന് കണ്ടുപോരണം" എന്നായിരുന്നുപോലും അദ്ദേഹം ആവശ്യപ്പെട്ടത്.

കുന്നിനുമോളിൽപ്പക്ഷം
        വിടർത്തിപ്പൊങ്ങാനൂന്നി-
നിന്നിടും സുപർണ്ണനേ-
        പ്പോലെഴും വിദ്യാലയം
"ഒരിക്കൽക്കൂടിക്കണ്ടു-
        പോരണ"മെന്നേയന്ത്യ-
വരമായപേക്ഷിച്ച
        ഗുരു-

എന്ന്, എന്റെ ഒരു കവിതയിൽ, എന്റെ ദുർബ്ബലപദങ്ങൾകൊണ്ട് ആ മഹാഗുരുവിന്റെ പാദങ്ങളിൽ അക്ഷരാർച്ചന ചെയ്തിട്ടുണ്ട്. ("ചട്ടിയിൽ നട്ട ചെടി" - "കെ.വി.രാമകൃഷ്ണന്റെ കവിതകൾ" എന്ന സമാഹാരം ഗ്രീൻ ബുക്സ്, തൃശൂർ)

**"ചിറകുവിടർത്തിയ ഗരുഡൻ" രാജാസ് ഹൈസ്കൂളിനെക്കുറിച്ച് അങ്ങയുടെ കാവ്യഭാവനയാണെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്. വിശദമാക്കാമോ?**

"ചിറകുവിടർത്തിയ ഗരുഡനെ"നിങ്ങൾക്ക് മേലുദ്ധരിച്ച വരികളിൽ കാണാം. "സുപർണൻ" ഗരുഡന്റെ പര്യായം. ഉയർന്ന കുന്നിന്റെ നിറുകിൽ, പറന്നുയരാനായി ചിറക് വിടർത്തുന്ന പരുന്തിനെ, അഥവാ കഴുകനെ സങ്കല്പിച്ചു നോക്കൂ. 1949-50 കാലത്തെ രാജാസ് ഹൈസ്കൂൾ അങ്ങനെയൊരു ചിത്രമാണ് മനസ്സിലുയർത്തുക. തോക്കാംപാറ കയറ്റം കഴിഞ്ഞാൽപ്പിന്നെ സ്കൂളിലെത്തുന്നതിനുമുമ്പ് റോഡിന്റെ ഇടതുവശത്ത് "ഹിൽവ്യൂ ബംഗ്ലാവ് " മാത്രം. അന്ന്, കിഴക്കേ കോവിലകത്തെ, എന്റെ ഓർമ്മ തെറ്റിയിട്ടില്ലെങ്കിൽ, ഏട്ടൻ തമ്പുരാന്റെ താമസസ്ഥലം. മുന്നിലൂടെ ഇന്നുകാണുന്നപോലെ ടാറിട്ട റോഡില്ല. ചെത്തുവഴി. ബംഗ്ലാവിന്റെ മുന്നിലൂടെ നടന്നുപോകുമ്പോൾ, മുൻവശത്തെ വാതിൽ തുറന്നുകിടക്കുകയാവും പലപ്പോഴും. തളത്തിൽ കാഴ്ചയ്ക്കെന്നോണം അലങ്കാരമായി വെച്ചിട്ടുള്ള ആനക്കൊമ്പുകൾ. ബംഗ്ലാവിനപ്പുറം സ്കൂൾപ്പടിക്കലെത്തുന്നതിനുമുമ്പ്, വലത്തുവശം കുറച്ചുള്ളിലേക്കു മാറി മുമ്പത്തെ ഹെഡ്മാസ്റ്റർ ശ്രീ. ഇ. രാമൻ മേനോൻ താമസിച്ചിരുന്ന ഒരു കെട്ടിടം. പിന്നെ തുറന്ന വിശാലമായ പറമ്പ്. ആകാശം തുടങ്ങുന്നത് പറമ്പിന്നറ്റത്തുനിന്ന്. ഇന്നത്തെ സ്കൂൾ വളപ്പിന്റെ ഇരട്ടിയിലധികം പരന്നുകിടക്കുന്ന ഒഴിഞ്ഞ പറമ്പിന്റെ നടുവിൽ നീണ്ടുകിടക്കുന്ന ഒരൊറ്റ കെട്ടിടം. തെക്കുവശത്ത് കിഴക്കോട്ടു മാറി രണ്ട് ക്ലാസ്സുമുറികളുള്ള ഒരു ചെറിയ ഷെഡും. ആ ഷെഡിലെ ഒരു ക്ലാസ്സ് മുറിയിലാണ് ഒരാഴ്ച ഞാൻ തേഡ് ഫോമിൽ പഠിച്ചത്. വഴിയുടെ രണ്ടറ്റത്തും നാട്ടിയിട്ടുള്ള കുറ്റിയിൽ കോർത്തിട്ട നീണ്ട മൂന്നു മുളകളാണ് സ്കൂൾ ഗെയ്റ്റ്. അതുകടന്നാൽ സ്കൂൾ വരാന്തയിലെത്താൻ ഒരു ഫർലോങ് നടക്കണം. ഗേറ്റിനടുത്തു നിന്നു നോക്കിയാൽ, ആകാശത്തെ ഭൂമിയോടിണക്കുന്ന സ്കൂൾ കെട്ടിടം മാത്രം. അതാണ് ''കുന്നിനുമോളിൽപ്പക്ഷം വിടർത്തി, പ്പൊങ്ങാനൂന്നി നിന്നിടും സുപർണൻ''.

പഴയ രാജാസ് ഹൈസ്കൂൾ ഇന്ന് ഗവ. രാജാസ് ഹയർസെക്കൻഡറി സ്കൂൾ. എല്ലാം മാറിയിരിക്കുന്നു - പണ്ട് സ്കൂളിന് കുടപിടിച്ചിരുന്ന ആകാശംപോലും. കിഴക്കെഗേറ്റ്, സ്കൂൾകെട്ടിടത്തിന്റെ ഏറെ അടുത്തേക്കെത്തി. അഥവാ ഇപ്പോഴത്തെ ഗേറ്റ് കടന്നാലുടനെ സ്കൂൾ കെട്ടിടമായി. പുതിയ കെട്ടിടങ്ങൾ സ്കൂൾ വളപ്പിൽ ചരടുപൊട്ടിയ രുദ്രാക്ഷമാലപോലെ ചിന്നിക്കിടക്കുകയാണല്ലോ. സർക്കാരിന്റെ രാജാസ് ഹൈസ്കൂളായി. ഇന്ന് രാജാക്കൻമാരില്ലല്ലോ. അപ്പോൾ, സർക്കാർരാജാവിന്റെ സ്കൂൾ എന്നും വായിച്ചെടുക്കാം. പണ്ട് സ്കൂളിന്റെ പടിഞ്ഞാറുവശത്തെ നാഷണൽ ഹൈവേ ഇല്ല. ചങ്കുവെട്ടിയിൽ നിന്ന് രണ്ടത്താണി ഭാഗത്തേക്കുപോകുന്ന ഇടുങ്ങിയ ഒരു ചെത്തുവഴി. സ്കൂൾ വളപ്പിൽനിന്ന് ആ ഭാഗത്തേക്ക് ഗേറ്റുമില്ല. കോഴിച്ചെനയിലെ എം.എസ്.പി. ക്യാമ്പിൽ നിന്ന് ഒ.വി. വിജയൻ സ്കൂളിലേക്ക് വന്നിരുന്നത് കാളവണ്ടിയിലായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഏതു ചെത്തിലൂടെയൊക്കെ ചുറ്റിത്തിരിഞ്ഞാണ് കാളവണ്ടി സ്കൂളിലെത്തിയിരുന്നത് എന്ന് ദൈവത്തിനേ അറിയൂ; പിന്നെ കാളകൾക്കും! വർഷക്കാലത്ത് കൊച്ചു തടാകമാകുന്ന "ചെന" മാത്രം ചില്ലറ പരിക്കുകളോടെയാണെങ്കിലും അതേപടി കിടപ്പുണ്ട്. പക്ഷേ, കാലിന്നടിയിൽ കിറുണിപ്പെടുത്താറുള്ള കുരുന്നു പുല്ല് ഇപ്പോഴുമുണ്ടോ? അറിയില്ല.

കാലം മാറുന്നു; മാറിയില്ലെങ്കിൽ കൊള്ളില്ലല്ലോ. ഒ.വി. വിജയൻ സ്കൂൾ വിട്ടുപോയി ദശാബ്ദങ്ങൾ കഴിഞ്ഞെത്തിയ പുത്തൻ തലമുറയ്ക്കാണല്ലോ, സ്കൂൾ മുറ്റത്ത് ഒരു വിജയൻ സ്മൃതി വേണമെന്ന് തോന്നിയത്. മാറ്റം നന്മയിലേക്കുതന്നെയെന്ന് ഞാൻ ഈ പേജിൽ വായിക്കുന്നു.

**കാലം മാറുന്നു; മാറിയില്ലെങ്കിൽ കൊള്ളില്ലല്ലോ. ഒ.വി. വിജയൻ സ്കൂൾ വിട്ടുപോയി ദശാബ്ദങ്ങൾ കഴിഞ്ഞെത്തിയ പുത്തൻ തലമുറയ്ക്കാണല്ലോ, സ്കൂൾ മുറ്റത്ത് ഒരു വിജയൻ സ്മൃതി വേണമെന്ന് തോന്നിയത്. മാറ്റം നന്മയിലേക്കു തന്നെയെന്ന് ഞാൻ ഈ പേജിൽ വായിക്കുന്നു.**

**അങ്ങയുടെ ഉന്നത വിദ്യാഭ്യാസം എവിടെയായിരുന്നു? ഉന്നത വിദ്യാഭ്യാസ മേഖലയിലെ അന്നത്തെ അവസ്ഥയും ഇന്നത്തെ അവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ?**

എന്റെ ഉന്നത വിദ്യാഭ്യാസം ഒരു കഥയാണ്. നിത്യേന പത്തു നാഴിക (16കി.മീ.) ദൂരം നടന്നാണ് ഹൈസ്കൂളിലെ മൂന്നുവർഷം പൂർത്തിയാക്കിയത് എന്ന് നേരത്തേ സൂചിപ്പിച്ചു. നടത്തം പഠിത്തത്തിന്റെ ഭാഗമാണ്. അതെനിക്ക് മണ്ണിൽ ചവിട്ടിനിൽക്കാനുള്ള കരുത്തു നൽകി. പക്ഷേ, അന്ന് മിലിറ്ററിയിലുണ്ടായിരുന്ന ഒരു അമ്മാവൻ മാസംതോറും 6 ക. നാലണ സ്കൂൾ വിലാസത്തിൽ മണിയോർഡർ അയച്ചുതന്നിരുന്നില്ല എങ്കിൽ ഞാൻ ഹൈസ്കൂളിന്റെ പടി കടക്കുമായിരുന്നില്ല. ഉന്നതവിദ്യാഭ്യാസം എന്നത് എനിക്ക് ആകാശപുഷ്പമായിരുന്നു എന്നർത്ഥം. പിന്നെ, ഏറ്റവും അടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനം കോഴിക്കോട്ടെ ഫാറൂഖ് കോളേജ്. 16നുപകരം 32 കി.മീ. നടന്നാലും അവിടെ എത്തുകയില്ലല്ലോ. ഫീസിന്റെയും മറ്റു ചെലവുകളുടെയും കാര്യം പിന്നെയല്ലെ? അങ്ങനെ എസ്.എസ്.എൽ.സി. കഴിഞ്ഞപ്പോൾ ഒരു ജോലി സമ്പാദിക്കുക എന്നതായി ലക്ഷ്യം. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷയെഴുതി. ലോവർ ഡിവിഷൻ ക്ലർക്കായി നിയമനം ലഭിക്കുന്നത് 1954ൽ. 51-ൽ എസ്.എസ്.എൽ.സി. പാസായിട്ട് 54വരെയുള്ള മൂന്നുകൊല്ലം നാട്ടിൽ അലഞ്ഞുനടന്നു. ചായപ്പീടികയിൽ ഗ്ലാസ് കഴുകാൻ നിന്നിട്ടുണ്ട് - ഉച്ചയൂണു ശമ്പളമായി. കുട്ടികൾക്ക് ട്യൂഷനെടുത്തിട്ടുണ്ട്. കല്പകഞ്ചേരിയിലെ ഒരു റേഷൻ കടയിൽ കണക്കെഴുത്തുകാരനായിരുന്നു ചില മാസങ്ങൾ. ജോലി കിട്ടിയപ്പോൾ



നാടുവിട്ടു. പിന്നീട് ഉപജീവന ത്തിനുവേണ്ടി പിറന്ന വീടിനെ ആശ്രയിച്ചിട്ടില്ല. ഈ പശ്ചാത്തല ത്തിലാണ് ഉപരിപഠനം എന്ന സാഹസത്തിന്റെ മൂർച്ച.

1954–ൽ നാടുവിടുമ്പോൾ കേരള സംസ്ഥാനം രൂപംകൊണ്ടിട്ടില്ല. 1956–ലാണല്ലോ ഇന്ത്യയിൽ ഭാഷാസംസ്ഥാനങ്ങൾ രൂപീകൃത ങ്ങളാകുന്നത്. അതുവരെ മല ബാറും, കൊച്ചിയും, തിരുവിതാം കൂറും. മലബാർ മദിരാശി സംസ്ഥാനങ്ങളിലുൾപ്പെട്ടുകിടന്നു. അതുകൊണ്ടുതന്നെ ഞാൻ 54–ൽ സർക്കാർ ജോലിയിൽ പ്രവേശി ക്കുന്നത് മദിരാശി നഗരത്തിൽ. 57ൽ കേരളത്തിലേക്ക് സ്ഥലംമാ റ്റം, 58–ൽ എറണാകുളത്തേക്ക്, 60–ൽ കോഴിക്കോട്ടേക്കും. കോഴി ക്കോട്ടെത്തുമ്പോഴാണ് അതുവരെ ഉള്ളിൽ പത്തി ചുരുക്കി "അണലി പ്പാമ്പുകണക്കു നിദ്ര" കൊണ്ടി രുന്ന കോളേജ് വിദ്യാഭ്യാസം എന്ന ഉഗ്രശല്യം പടം വിടർത്തു ന്നത്.

കവിതയെഴുതുക എന്ന "ദുഃസ്വ ഭാവം"നേരത്തേ തുടങ്ങിയിരുന്നു. മദിരാശിയിൽനിന്നു പ്രസിദ്ധീകരി ച്ചിരുന്ന, സാമാന്യം ഭേദപ്പെട്ട നില വാരം പുലർത്തിയിരുന്ന ജയകേര ളത്തിൽ നിരന്തരം കവിതകളെഴു തിപ്പോന്നു. എറണാകുളത്തു നിന്ന് പ്രസിദ്ധീകരിച്ചിരുന്ന നവ ജീവനിലും, തുടർന്നാണ് അക്കാ ലത്തെ എഴുതാൻ തുടങ്ങുന്ന ആരുടെയും സ്വപ്നമായിരുന്ന മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കവിത പ്രസിദ്ധീകരിക്കപ്പെടുന്നത്. പിന്നീട് മാതൃഭൂമിയിലും കവിത കളും പുസ്തക നിരൂപണങ്ങളും ധാരാളമെഴുതി. എല്ലാംകൂടിയായ പ്പോൾ "ഞാനുമൊരു കവിയാണ് ' എന്ന ഒരു "തലക്കനവും'. കോഴിക്കോട് അന്ന് സാഹിത്യ ത്തിലെ വസന്തം പൂത്തുലഞ്ഞ കാലം. മഹാന്മാരായ എഴുത്തു കാരുടെ കേന്ദ്രം. മാതൃഭൂമിയിൽ സാഹിത്യ–പത്രപ്രവർത്തന രംഗത്തെ മഹാപ്രതിഭയായ എൻ.വി. കൃഷ്ണവാരിയർ, സാക്ഷാൽ എം.ടി. വാസുദേവൻ നായർ, ആകാശവാണി യിൽ എൻ.എൻ. കക്കാട്, തിക്കോടി യൻ, കെ.എ. കൊടുങ്ങല്ലൂർ, മല ബാർ ക്രിസ്ത്യൻ കോളേജിൽ ആർ. രാമചന്ദ്രൻ, എം.ആർ. ചന്ദ്രശേഖരൻ, ഫാറൂക്ക് കോളേജിൽ എ.പി.പി. നമ്പൂതിരി, പ്രദീപം പത്രാധിപർ തെരുവത്ത് രാമൻ, എൻ.പി. മുഹമ്മ ദ്, സദാ ഭൂപ്രദക്ഷിണം വെച്ചുകൊ ണ്ടിരിക്കുന്ന സാക്ഷാൽ എസ്.കെ. പൊറ്റെക്കാട്ട്; പിന്നെ കുറേ ഉപഗ്രഹ ങ്ങളും; കൂട്ടത്തിലെത്തിപ്പെട്ട, സ്വന്ത മായ ഒരു പ്രദക്ഷിണപഥം പോലുമി ല്ലാത്ത ഞാനും! ഇവരുടെ മുമ്പിൽ "കവി' എന്ന എന്റെ തലക്കനം തകർന്ന് തരിപ്പണം. കോളേജിന്റെ പടി കടന്നിട്ടില്ലാത്ത വെറും പത്താം ക്ലാസ്സുകാരൻ. പഠിക്കണം, പഠി ക്കണം എന്ന് ഉള്ളിൽ പടം വിടർത്തി യാടുന്ന അപകടത്തെ മെരുക്കി കൂട യിലൊതുക്കാൻ കഴിയാതെ വിഷ മിച്ചു നടക്കുന്നതിനിടേയാണ് ഒരി ക്കൽ, ശ്രീ എം.ടി. വാസുദേവൻ നായർ ഡ്രാക്കുള എന്ന ഭീകര ചല ച്ചിത്രം കാണാൻ ക്ഷണിക്കുന്നതും, തുടർന്ന് ആ നോവൽ തർജ്ജമ ചെയ്യാനേല്പിക്കുന്നതും.

**മലയാള സാഹിത്യത്തിൽ ഒരു "കൊടുങ്കാറ്റ് ' ഉയർത്തിയ വിവർത്തനമാണ് ബ്രാം സ്റ്റോക്ക റുടെ "ഡ്രാക്കുള'. ഡ്രാക്കുള വായിച്ച് രാത്രി പുറത്തിറങ്ങാൻ ഭയ പ്പെട്ട ഒരു തലമുറ കേരളത്തിലുണ്ടാ യിരുന്നു. ഡ്രാക്കുള വിവർത്തന കാലഘട്ടം ഓർമ്മിക്കാമോ?**

എന്റെ കോളേജ് വിദ്യാഭ്യാസവും ഡ്രാക്കുള വിവർത്തനവും ഇഴപിരി ക്കാൻ വയ്യാത്തവിധം പിണഞ്ഞുകിട ക്കുന്നു. സർക്കാർ ജോലിയിൽ നിന്ന് നാലുകൊല്ലത്തേക്ക് ശമ്പളമി ല്ലാത്ത ലീവെടുത്ത് എറണാകു ളത്തെ മഹാരാജാസ് കോളേജിൽ വിദ്യാർത്ഥിയായി ചെന്ന് ചേരാൻ ധൈര്യം തന്നത് ഡ്രാക്കുളയാണെന്ന് പറയണം. 1962–ൽ കോളേജിൽ ചേരുമ്പോൾ മാതൃഭൂമി ആഴ്ചപ്പതി പ്പിൽ ഡ്രാക്കുള വിവർത്തനം ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടിരു ന്നു. "മലയാള സാഹിത്യത്തിൽ ഒരു കൊടുങ്കാറ്റുയർത്തിയ വിവർത്തനം' എന്നാണല്ലോ നിങ്ങളുടെ വിവരണം. ആ കൊടുങ്കാറ്റിന്റെ കോളിളക്കം കോളേജ് അന്തരീക്ഷത്തിൽ ശരിക്കും അനുഭവിച്ചു. ഡ്രാക്കുള യുടെ ചോരയിറ്റുന്ന കോമ്പല്ല് നമ്മുടെ നാട്ടിൽ, വായിക്കുന്നവരുടെ മുഴുവൻ ഉറക്കം കെടുത്തിയിരുന്നു എന്നും അറിയാം. ഡ്രാക്കുള വായി ക്കരുത് എന്ന് ഡോക്ടർമാർ ഗർഭി ണികളെ ഉപദേശിച്ചിരുന്നതായി പറ ഞ്ഞുകേട്ടിട്ടുണ്ട്. ആഴ്ചപ്പതിപ്പിൽ ഡ്രാക്കുളക്ക് ചിത്രീകരണം നിർവ്വഹി ച്ചത് വരയുടെ ചക്രവർത്തിയായ ആർട്ടിസ്റ്റ് നമ്പൂതിരി. ചിത്രം ധ്യാനി ച്ചുകിടന്ന് ഉറക്കം ഞെട്ടിയെണീറ്റ് പിന്നീട് കിടക്കാൻതന്നെ കഴിയാതി രുന്ന രാത്രികളെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതൊക്കെ 50 കൊല്ലം മുമ്പത്തെ കഥ. ഇന്നും എന്റെ ഡ്രാക്കുള പ്രസിദ്ധീകരിക്കാ നാളുണ്ട്. പുസ്തകം ചെലവാകുന്നു ണ്ട്. ആൾക്കാർ വായിക്കുന്നുമുണ്ട്, എങ്കിലും 50 കൊല്ലം മുമ്പത്തെ വായ നാനുഭവവും ഇക്കാലത്തെ വായനാ നുഭവവും തികച്ചും വ്യതിരിക്തമാ കാതെ തരമില്ല. ആൾക്കാരുടെ ഭയ ത്തിന്റെ സ്വഭാവം തന്നെ മാറിയി ട്ടില്ലേ? എന്നാലും ഇന്നും കൗതുക പൂർവ്വം വായിക്കപ്പെടുന്നുണ്ട് ഡ്രാക്കുള എന്നു തോന്നുന്നു.

**ഡ്രാക്കുള വിവർത്തനം അങ്ങയെ എങ്ങനെയാണ് സ്വാധീ നിച്ചത് ?**

ഡ്രാക്കുള എന്നെ എങ്ങനെ സ്വാധീ നിച്ചു എന്ന വശം ഇതിൽ കൂടുതൽ വിശദീകരിക്കേണ്ടതുണ്ടോ? ആ വിവർത്തനം എനിക്കേറെ ആത്മവി ശ്വാസം നേടിത്തന്നിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസം ലഭിക്കുന്നതിന്നു മുമ്പ് കേവലം പത്താം ക്ലാസ്സുകാരനായി നടന്ന കാലത്താണ് ഞാൻ ഡ്രാക്കുള തർജ്ജമ ചെയ്തത്. മലയാളവും ഇംഗ്ലീഷും സാമാന്യമായി തെറ്റുകൂ ടാതെ കൈകാര്യം ചെയ്യാൻ എനിക്ക് പറ്റും എന്ന് എന്നെ ബോധ്യപ്പെടു ത്തിയത് ഡ്രാക്കുള വിവർത്തനമാണ്. മലയാളം ബി.എ. കഴിഞ്ഞ് എം. എ.ക്ക് പുറപ്പെടുമ്പോൾ ഇംഗ്ലീഷ് ഭാഷയും, സാഹിത്യവും പഠിച്ചുക ളയാം എന്ന് തോന്നിച്ചതും ഒരു പക്ഷേ അതുതന്നെയാവും. കോളേജ് വിദ്യാഭ്യാസത്തിനുവേണ്ട ഭൗതിക സാഹചര്യങ്ങൾക്ക് അടിത്ത റയിട്ടത് ഡ്രാക്കുളയാണ് എന്ന

**ഒരു കാര്യം എടുത്തുപ റയാം പൊതു വെ, നമ്മുടെ പ്രസിദ്ധീകരണ ങ്ങളുടെ എല്ലാം മുഖ്യലക്ഷ്യം, എങ്ങനെ കോപ്പി കൂട്ടാം എന്ന ഒറ്റ കാര്യ മാണ്. കച്ചവട മാണ് എന്നർത്ഥം.**

യാഥാർത്ഥ്യം കൂടി കണക്കിലെടുക്കുമ്പോൾ ആ വിവർത്തനം എന്റെ ജീവിതത്തിലെ ഒരു സുപ്രധാന വഴിത്തിരിവാണ് എന്ന് അടിവരയിട്ട് പറയണം.

**അങ്ങ് ദീർഘകാലം കോളേജ് അധ്യാപകനായിരുന്നു. അധ്യാപന കാലഘട്ടത്തെ ഓർമ്മിക്കാമോ? വ്യത്യസ്തമായ എന്തെങ്കിലും അനഭവങ്ങൾ?**

ഉന്നത വിദ്യാഭ്യാസം എറണാകുളം മഹാരാജാസ് കോളേജിലായിരുന്നു. ഇന്നത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുമായി തുലനം ചെയ്തുനോക്കുമ്പോൾ അൻപതുകൊല്ലം മുമ്പത്തെ ആ രംഗം തികച്ചും പാരമ്പാര്യാധിഷ്ഠിതമായിരുന്നു എന്നു പറയണം. ഒരു വിരൽതുമ്പിൽ സമസ്ത ലോക വിജ്ഞാന വിസ്മയങ്ങളും കൺമുമ്പിലെത്തുന്ന ഇന്ന് വിദ്യാഭ്യാസ മേഖല നിങ്ങൾക്കൊരു വെല്ലുവിളിയാണ്. ഏതു തിരഞ്ഞെടുക്കണം എന്ന് നിങ്ങൾ അന്ധാളിച്ചുനിന്നേക്കും. കമ്പ്യൂട്ടർ എന്നല്ല ടി.വി. പോലും നമ്മുടെ നാട്ടിൽ പിറന്നിട്ടില്ലാത്ത കാലത്താണ് ഞാൻ കോളേജിൽ വിദ്യാർത്ഥിയായിരുന്നത്. ഇന്നത്തെ തോതിലുള്ള സാങ്കേതിക വിജ്ഞാന വിസ്ഫോടനം സ്വപ്നത്തിൽ പോലും ഇല്ലാതിരുന്ന കാലം. ബി.എ., ബി.എസ്.സി. കഷ്ടിച്ച് ബി.കോം ഡിഗ്രിയും, എം.എ., എം. എസ്.സി., ബിരുദാനന്തര ബിരുദവും, ചുരുക്കം പി.എച്ച്.ഡികളും മാത്രം. മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിന്നു എന്ന വസ്തുതയും കാണാതിരുന്നു കൂടാ. അടിസ്ഥാനപരമായ മാറ്റം, കോളേജ് വിദ്യാഭ്യാസം രണ്ട് വർഷത്തെ പ്രീ-യൂണിവേഴ്സിറ്റി, മൂന്നു വർഷത്തെ ഡിഗ്രി എന്നത് എന്റെ വിദ്യാർത്ഥി ജീവിതത്തിന് മുമ്പുതന്നെ ആയിക്കഴിഞ്ഞിരുന്നു. സ്കൂൾ തലത്തിൽ നിന്ന് ഒരു വർഷം എടുത്ത് യൂണിവേഴ്സിറ്റിയിലേക്ക് കൂട്ടിച്ചേർത്തതിലൂടെ വിദ്യാഭ്യാസ നിലവാരത്തിന് ഗുണപരമായ എന്തുനേട്ടമുണ്ടായി എന്നൊന്നും ചോദിക്കരുത്. ഇപ്പോൾ യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രീ-യൂണിവേഴ്സിറ്റി എടുത്ത് ഹൈസ്കൂൾ - ഡിഗ്രികൾക്ക് നടുവിൽ സ്ഥാപിച്ച് പ്രീ-ഡിഗ്രിയാക്കി, പിന്നെ പ്ലസ് ടു -വും ആക്കിയിട്ടുണ്ടല്ലോ. നേരത്തേ സൂചിപ്പിച്ചതുപോലെ മാറ്റങ്ങൾ കൂടുതൽ നല്ലതിലേക്കാവണം എന്ന കാര്യത്തിലാണ് ഊന്നൽ വേണ്ടത്. ഏത് രംഗത്തായാലും, വിദ്യാഭ്യാസം സംസ്കാരസമ്പന്നമായ പൂർണ്ണ വ്യക്തിത്വത്തിലേക്ക് മനുഷ്യനെ എത്തിക്കണം. യന്ത്രങ്ങളെപ്പോലെ പണിയെടുക്കുന്ന കൂടുതൽ കുടതൽ പണം സമ്പാദിക്കുക എന്ന് മാത്രം ലക്ഷ്യമാക്കുന്ന "ആർത്തിപ്പണ്ടാരങ്ങളെ" വാർത്തെടുക്കുന്ന തലത്തിലേക്കാവരുത് വിദ്യാഭ്യാസ രംഗത്തെ പുരോഗതി. അദ്ധ്യയന രംഗത്ത് സാഹിത്യാദികലകളേയും മറ്റു മാനവിക വിഷയങ്ങളേയും പരിപൂർണ്ണമായും അവഗണിക്കുകയും സായൻസിക വിഷയങ്ങൾക്കും സാങ്കേതിക വിദ്യക്കും അമിത പ്രാധാന്യം നല്കുകയും ചെയ്യുമ്പോൾ വിദ്യാഭ്യാസം മനുഷ്യനിൽ നിന്ന് ചോർത്തിക്കളയുന്നത് "മനുഷ്യത്വമാണ് '. കൂടുതൽ വിശാലമായ പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണിത്.

ദീർഘകാലം കോളേജ് അദ്ധ്യാപകനായിരുന്നു. നീണ്ട ഇരുപത്തൊന്നു വർഷം. അധ്യാപനം എന്നാൽ പഠിപ്പിക്കലാണല്ലോ. എന്റെ വിഷയമാണെങ്കിൽ സാഹിത്യവും, അതും ഇംഗ്ലീഷ്. ഉത്തമസാഹിത്യം പഠിപ്പിക്കാൻ പറ്റുമോ? ഷേക്സ്പിയർ നാടകങ്ങൾ, കീറ്റ്സിന്റെ കവിത അങ്ങനെയുള്ളതൊന്നും പഠിപ്പിക്കാനുള്ളതല്ല. അഥവാ പഠിപ്പിക്കാൻ പറ്റില്ല എന്നാണ് എന്റെ അനുഭവം. അതുകൊണ്ടുതന്നെ ക്ലാസ്മുറിക്കുള്ളിൽ ഞാൻ പഠിപ്പിക്കുകയല്ല, മുമ്പിലുള്ള ഇളം തലമുറയുടെ കൂടെ പഠിക്കുകയാണ് ചെയ്തുപോന്നിട്ടുള്ളത്. ക്ലാസ്മുറിക്കുള്ളിൽ സ്വയം പഠിക്കാനുള്ള അന്തരീക്ഷം ഇല്ലാതായി വരുന്നുവോ എന്ന് ശങ്ക തോന്നാൻ തുടങ്ങിയപ്പോൾ, അവിടെ എന്റെ സാന്നിദ്ധ്യം "അജാഗള സ്തനസൈ്യവഭയാകുന്നുവോ എന്ന ആശങ്കയുദിച്ചപ്പോൾ ഞാൻ കോളേജിൽ നിന്ന് ഇറങ്ങിപ്പോരുകയും ചെയ്തു. മാതൃഭൂമി ആഴ്ച്ചപ്പിതിപ്പിന്റെ ചുമതല ഏറ്റെടുക്കാനവസരം ലഭിച്ചത് അതിന് നിമിത്തമായി എന്നും പറയാം.

**ഔദ്യോഗിക ജീവിതത്തിനു ശേഷം അങ്ങ് മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്നു. ഈ "മാതൃഭൂമി കാലഘട്ടത്തെ എങ്ങനെ വീക്ഷിക്കുന്നു?**

ഞാൻ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന്റെ ചുമതലയിൽ എത്തിപ്പെടുന്നത് 1988 ഓഗസ്റ്റിൽ. ഏതെഴുത്തുകാരനും കൊതിക്കുന്ന സ്ഥാനമായിരുന്നു അത്, അന്ന്. എക്കാലത്തെയും മഹാനായ പത്രാധിപരായിരുന്ന എൻ.വി. കൃഷ്ണവാരിയർ ഇരുന്ന കസേരയാണ് മാതൃ"ഭ്രാന്തി"ൂമി ആഴ്ച്ചപ്പതിപ്പിന്റെ പത്രാധിപരുടേത്. തൊട്ടുതലയിൽ വെച്ചിട്ടേ ഞാനതിൽ ഇരുന്നിട്ടുള്ളൂ. സാഹിത്യ പത്രപ്രവർത്തനത്തിന്റെ "ഹരിശ്രീ" ആ മഹാപ്രതിഭയിൽ നിന്നാണ് ഞാനുൾക്കൊള്ളാൻ ശ്രമിച്ചിട്ടുള്ളത്. എട്ടുകൊല്ലം മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ ജോലിചെയ്തു. ഉള്ളു നിറഞ്ഞ് ജീവിച്ചകാലം.

**ഒരു കാലത്ത് മലയാളത്തിൽ "വായനയുടെ വസന്തം" സൃഷ്ടിച്ച വാരികകൾക്ക് ഇന്ന് ആ ഒരു ഉന്മേഷം പ്രസരിപ്പിക്കുവാൻ സാധിക്കുന്നില്ല എന്ന വിമർശനം നിലവിലുണ്ട്. ഈ വിമർശനത്തിനോട് അങ്ങയുടെ പ്രതികരണമെന്താണ്?**

**നിരന്തരവും ആത്മാർത്ഥവുമായ പരിശ്രമത്തിലൂടെ മാത്രമേ ഒരു യഥാർത്ഥ എഴുത്തുകാരൻ ജന്മം കൊള്ളുന്നുള്ളൂ. എഴുതുന്നതിന് മുമ്പ് താനെഴുതുന്നതിന്റെ അനിവാര്യത എന്ത് എന്ന് ഓരോ എഴുത്തുകാരനും തിരിച്ചറിയേണ്ടതുണ്ട്.**

എന്റെ പ്രതികരണം എന്തെന്നുചോദിച്ചാൽ ഒറ്റവാക്കിൽ മറുപടി പറഞ്ഞ് നിർത്താവുന്നതേയുള്ളൂ. വിയോജിക്കുന്നു അഥവാ യോജിക്കുന്നു എന്ന്. പക്ഷേ, എങ്ങനെ അത്തരമൊരു വിമർശനം ഉണ്ടായി. അഥവാ നമ്മുടെ അത്തരം വാരികകൾക്ക് എന്തുപറ്റി? അങ്ങനെ ഉന്മേഷം പരത്തിയിരുന്ന വാരികകൾ എങ്ങനെ അപ്രസക്തങ്ങളായി തുടങ്ങിയ ചില വസ്തുതകൾകൂടി ചർച്ചചെയ്യുമ്പോഴേ ആ പ്രശ്നത്തിന് വ്യക്തത ലഭിക്കൂ. നമ്മുടെ പത്ര പ്രവർത്തന രംഗത്ത് അങ്ങനെയൊരു ചർച്ചയുടെ അനിവാര്യതയുണ്ട് ഇന്ന്. ആരും അതിന് മുൻകൈ എടുക്കുന്നില്ല എന്നു മാത്രം. കാരണങ്ങൾ പലതാണ്. ഈ തലത്തിൽ സാഹിത്യപത്രപ്രവർത്തനം എന്തിന്? എങ്ങനെ? തുടങ്ങിയ ചില അടിസ്ഥാനവശങ്ങൾ വിശദമായി ഉപന്യസിക്കേണ്ടതുണ്ട്. ഒരു കാര്യം എടുത്തുപറയാം പൊതുവെ, നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ എല്ലാം മുഖ്യലക്ഷ്യം, എങ്ങനെ കോപ്പി കൂട്ടാം എന്ന ഒറ്റ കാര്യമാണ്. കച്ചവടമാണ് എന്നർത്ഥം. കച്ചവടത്തിന്റെ വിജയം ലാഭത്തിലാണ്. ലാഭമുണ്ടാക്കാൻ ഏതു തന്ത്രവും പ്രയോഗിക്കാം എന്നാവുമ്പോൾ "ഉന്മേഷം പ്രസരിപ്പിക്കുക"എന്ന വശമൊക്കെ തികച്ചും അപ്രസക്തമാകുകയും ചെയ്യുന്നു.

**അങ്ങയുടെ "വരണ്ട ഗംഗ' എന്ന കൃതി ഏറെ വായിക്കപ്പെട്ടതാണ്. അതുപോലെ "ഭ്രാന്തി"എന്ന കവിത നിരവധി സ്കൂൾ കലോത്സവ വേദികളിൽ അവതരിപ്പിക്കപ്പെടുകയും സമ്മാനിതമാകുകയും ചെയ്തിട്ടുണ്ട്. കവി എന്ന നിലയിൽ ഈ അനുഭവം ഒന്നു വിശദമാക്കാമോ?**

"വരണ്ടഗംഗ"യും "ഭ്രാന്തി"യുമൊക്കെ സുമനസ്സുകളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നറിയുമ്പോൾ സന്തോഷം തോന്നിയിട്ടുണ്ട്. തന്റെ കവിതക്ക് സഹൃദയനായ ഒരു വായനക്കാരനുണ്ട് എന്ന് അറിയുന്നത് ഏത് കവിക്കാണ് ചാരുതാർത്ഥ്യജനകമല്ലാത്തത് ? ഇക്കഴിഞ്ഞ ആഗസ്റ്റിൽ അമേരിക്കയിൽ മിസൂളയിൽ നിന്ന്, ഞാൻ നേരിൽ കണ്ടിട്ടുപോലുമില്ലാത്ത ഒരു സുഹൃത്തിന്റെ ഇ-മെയിൽ സന്ദേശം. 1987ൽ ഞാനെഴുതിയ ഒരു കവിത. താനിപ്പോഴും ഇടക്ക് ആ കവിതയെടുത്ത് വായിക്കുകയും അറിയാതെ കണ്ണ് നിറയുകയും ചെയ്യാറുണ്ട് എന്ന്. തുടർന്ന് ആ കവിത ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്ത് തന്റെ സുഹൃത്തുക്കളേയും അനുഭവിപ്പിക്കാൻ അനുവദിക്കാമോ എന്നും. ഒരു കവി എന്ന നിലക്ക് ജന്മം സഫലമായി എന്നുതോന്നാൻ എനിക്കിതൊക്കെ മതി.

**ഇന്ത്യക്ക്പുറത്ത് വിശേഷിച്ച് അമേരിക്കയിൽ പലതവണ യാത്ര**



**ചെയ്തിട്ടുള്ള അങ്ങ് അവിടത്തെ സാംസ്കാരിക ജീവിതത്തെ എങ്ങനെ വിലയിരുത്തുന്നു?**

ഇന്ത്യക്കുപുറത്ത് ചില ഗൾഫ് രാജ്യങ്ങളിൽ, ലണ്ടനിൽ പിന്നെ അമേരിക്കയിൽ യാത്ര ചെയ്തിട്ടുണ്ട്. ചില യൂറോപ്യൻ രാജ്യങ്ങളിൽ "കാലുകുത്തി"യിട്ടുണ്ടെന്നേ പറഞ്ഞുകൂടൂ. ഗൾഫിലെ കൊടും ചൂട് ചില ദിവസങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ ഷേക്സ്പിയറുടെ ജന്മസ്ഥലമായ Stratford Upon Avon എന്ന സ്ഥലം വിശദമായി നടന്നുകണ്ടു. ഏഴുതവണ അമേരിക്കയിൽ പോയി. കിഴക്ക് അത്ലാന്റിക് സമുദ്രം മുതൽ പടിഞ്ഞാറ് ശാന്തസമുദ്രം വരെ പരന്നുകിടക്കുന്ന മഹാഭൂമിയാണ് അമേരിക്ക. കിഴക്ക് ന്യൂയോർക്കുമുതൽ പടിഞ്ഞാറേ സമുദ്രക്കരയിലെ കാലിഫോർണിയവരെ സഞ്ചരിച്ചിട്ടുമുണ്ട്. 1996-ലാണ് ആദ്യമായി അമേരിക്കയിൽ പോകുന്നത്. ഡള്ളസ്സിൽ വെച്ച് നടന്ന ഫൊക്കാന സമ്മേളനത്തിൽ പങ്കെടുക്കുന്നതിന്. അന്ന് ഒരു മാസം അമേരിക്കയിൽ ചെലവഴിച്ചു. ഏറെ ദൂരം യാത്ര ചെയ്യുകയും ചെയ്തു. പിന്നീട് ആറുതവണ പോയപ്പോഴും ആറു മാസം വീതം താമസിക്കുകയുണ്ടായി. എന്റെ ഒരു ഷേക്സ്പിയർ പഠന ഗ്രന്ഥമായ Prospero New Born - Evolution of Shakespear's Tragic Heroes - An Indian Prospective - (Allied Publications, New Delhi) മുഴുവനുംതന്നെ തയ്യാറാക്കിയത് ഈ കാലത്താണ്. ഈ വർഷം (2013) ആറുമാസം അവിടെ ചെലവഴിച്ചതിനിടെ, മുമ്പൊരിക്കൽ തുടങ്ങിവെച്ചിരുന്ന മറ്റൊരു ഷേക്സ്പിയർ പഠനഗ്രന്ഥം എഴുതിത്തീർത്തു. മറ്റു ബാധ്യതകൾ ഒന്നുംതന്നെയില്ലാതെ ശ്രദ്ധ കേന്ദ്രീകരിച്ച് നാലഞ്ചുമാസം തുടർച്ചയായി ഇരുന്നെഴുതാൻ കഴിയുന്നു എന്നതുമാത്രമല്ല ഏത് റഫറൻസ് ഗ്രന്ഥവും ലഭ്യമാവുന്ന ലൈബ്രറികളുണ്ട് എന്നതും ഈ അമേരിക്കൻ യാത്രകളെ സമ്പന്നങ്ങളും സഫലങ്ങളുമാക്കുന്നു.

അമേരിക്കയിലെ സാംസ്കാരിക ജീവിതത്തെ വിലയിരുത്താൻ ഞാൻ അശക്തനാണ്. ഒരു രാജ്യത്തിന്റെ സംസ്കൃതിയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്വാധീനമുള്ള ഘടകങ്ങളാണ് ഭാഷ, ഭൂപ്രകൃതി, മതവിശ്വാസം, കാലാവസ്ഥ തുടങ്ങിയവ. ഇന്ത്യൻ സംസ്കാരം എന്ന ആശയം തന്നെ നോക്കൂ. നമുക്ക് ഓരോ സംസ്ഥാനത്തിനും, വേരുവരെ ചെല്ലുമ്പോൾ വ്യത്യസ്തങ്ങളായ സംസ്കാരധാരകളുണ്ട്. സംസ്ഥാനത്തിനകത്തുതന്നെ ഈഷദ്ഭേദങ്ങളുള്ള ധാരകൾ കാണും. ഇവയുടെ എല്ലാം ഒരു സമവായത്തെക്കുറിച്ചുള്ള സങ്കല്പം മാത്രമല്ലേ ഇന്ത്യൻ സംസ്കാരം എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ഇതിലുമെത്രയോ സങ്കീർണ്ണമാണ് അമേരിക്കൻ സംസ്കാരത്തിന്റെ കാര്യം. ലോകത്തിലെ ഏത് രാഷ്ട്രത്തിൽനിന്നും എത്തിപ്പെട്ട്, അമേരിക്കൻ പൗരത്വം സ്വീകരിച്ച് ജീവിക്കുന്ന വ്യക്തികളുടെ ഒരു സമൂഹമാണ് അമേരിക്കൻ ജനത എന്നു പറഞ്ഞാൽ തെറ്റില്ല. ഒരേ കമ്മ്യൂണിറ്റിയിൽ – നൂറോ ഇരുന്നൂറോ വീടുകളുള്ള ഒരു ഹൗസിങ്ങ് കോളനിയിൽ – പരിശോധിച്ചാൽ ഇത് ബോധ്യപ്പെടും. കൊളമ്പസ്സിൽ ഞാൻ താമസിച്ച എന്റെ മകളുടെ വീട്ടിലെ ഇടതുവശത്തെ അയൽക്കാരി ഒരു അമേരിക്കൻ എഴുത്തുകാരിയാണ്. വലതുവശത്ത് ഒരു ചൈനീസ് കുടുംബം. മുൻവശത്ത് റോഡിനപ്പുറം ഒരു തമിഴൻ സകുടുംബം, പിന്നെ ഒരു ജപ്പാൻ കുടുംബം, ഒരു പാലസ്തീൻകാരനും കുടുംബവും, ബംഗ്ലാദേശി, ജപ്പാൻ കുടുംബം – പട്ടിക അങ്ങനെ നീളും. എന്റെ പേരക്കുട്ടിയുടെ ഉറ്റ സുഹൃത്തുക്കളിൽ ഒരുത്തൻ ജപ്പാൻകാരനാണ്. രണ്ടാമൻ പഞ്ചാബി, മൂന്നാമൻ അമേരിക്കൻ വെള്ളക്കാരൻ. കറുത്ത അമേരിക്കനും വെളുത്ത അമേരിക്കനും ഉണ്ട്. ഭാഷ, ജീവിതരീതി എല്ലാം തന്നെ തികച്ചും ഭിന്നമാകുമ്പോഴും എല്ലാവരും അമേരിക്കക്കാരും അവർക്കൊരു പൊതുസംസ്കാരവും. അങ്ങനെയൊരു സംസ്കാരത്തിന്റെ സ്വഭാവം സങ്കീർണ്ണമാവുമെന്ന് പറയേണ്ടതില്ലല്ലോ. ഈ പൊതു സാംസ്കാരിക ധാരയിൽ അലിഞ്ഞുചേരുന്നതിൽ ഓരോരുത്തരും അനുഭവിക്കുന്ന ആന്തരിക സംഘർഷവും ഇതിന്റെ ഭാഗമാണെന്ന് തോന്നുന്നു. നേരത്തേ സൂചിപ്പിച്ചതുപോലെ ദീർഘമായി ഉപന്യസിക്കേണ്ട വിഷയമാണിതും.

**കവിതയെഴുതുമ്പോൾ വാക്കുകളുടെ അർത്ഥമൊന്നും നോക്കേണ്ടതില്ല എന്ന ധാരണയുണ്ടാവുന്നത് ആരോഗ്യകരമല്ല. നിരന്തരവും ആത്മാർത്ഥവുമായ പരിശ്രമത്തിലൂടെ മാത്രമേ ഒരു യഥാർത്ഥ എഴുത്തുകാരൻ ജന്മം കൊള്ളുന്നുള്ളൂ.**

**വിദ്യാഭ്യാസമേഖലയിൽ സംഭവിച്ച ഗുണപരമായ**

**മാറ്റത്തേതുടർന്നാണെന്ന് തോന്നുന്നു, കുട്ടികളുടെ സർഗ്ഗശേഷികൾ വളരെ ഉയർന്നുവരുന്നുണ്ട്. കഥ – കവിത എഴുതുന്ന കുട്ടികളോട് എഴുത്തുകാരൻ എന്ന നിലയിൽ എന്താണ് പറയാനുള്ളത്?**

നമ്മുടെ വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി പൊതുവേ, ഏറെ തേജോമയമായിട്ടുണ്ട്. വിശേഷിച്ചും പണ്ടത്തെ അപേക്ഷിച്ച്, കൂടുതൽ വ്യാപകവുമായിട്ടുണ്ട് എന്നുപറയാം. സാമാന്യമായി പറഞ്ഞാൽ എഴുത്തുകല – കലാരംഗം മൊത്തം തന്നെ – കൂടുതൽ ജനകീയമായിട്ടുണ്ടല്ലോ. എഴുതുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം, ഊന്നിപ്പറയേണ്ട ഒരു സംഗതി സുദൃഢവും, സുഭദ്രവുമായ ഭാഷാബോധവും, പദാർത്ഥ ബോധവും സ്വായത്തമാക്കിയ ശേഷമേ എഴുതുന്നതിനെക്കുറിച്ച് ആലോചിക്കാവൂ എന്നതാണ്. കവിതയെഴുതുമ്പോൾ വാക്കുകളുടെ അർത്ഥമൊന്നും നോക്കേണ്ടതില്ല എന്ന ധാരണയുണ്ടാവുന്നത് ആരോഗ്യകരമല്ല. നിരന്തരവും ആത്മാർത്ഥവുമായ പരിശ്രമത്തിലൂടെ മാത്രമേ ഒരു യഥാർത്ഥ എഴുത്തുകാരൻ ജന്മം കൊള്ളുന്നുള്ളൂ. എഴുതുന്നതിന് മുമ്പ് താനെഴുതുന്നതിന്റെ അനിവാര്യത എന്ത് എന്ന് ഓരോ എഴുത്തുകാരനും തിരിച്ചറിയേണ്ടതുണ്ട്. എഴുതാതിരിക്കുക എന്നത് ഒരു ശാപമല്ല. വികലരചനകൾ എഴുതിക്കൂട്ടുക എന്നത് മഹാശാപമാണ്, തനിക്കും, സമൂഹത്തിനും. എഴുതാതിരിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ എഴുതുന്നു എന്നു പറയുമ്പോൾ അതിന്, എഴുതാതിരിക്കാൻ കഴിയുമെങ്കിൽ എഴുതരുത് എന്നും അർത്ഥമുണ്ട്.

**അങ്ങയുടെ കുടുംബം?**

ഭാര്യ ശാന്ത, ഹൈസ്കൂൾ അധ്യാപികയായിരുന്നു. റിട്ടയർ ചെയ്തു. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും പരസ്പരം ചാരിവെച്ച കോണികൾപ്പോലെ ജീവിക്കുന്നു. ഞങ്ങൾക്ക് രണ്ട് പെൺകുട്ടികൾ, മൂത്തവൾ ഉമ, ബാംഗ്ലൂരിൽ, A.G's ഓഫീസിൽ സീനിയർ ഓഡിറ്റർ. അവളുടെ ഭർത്താവ് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ചീഫ് മാനേജർ. അവർക്ക് രണ്ട് പെൺകുട്ടികൾ ഗായത്രി, പാർവ്വതി (വിദ്യാർത്ഥികൾ). ഞങ്ങളുടെ ഇളയ മകൾ ഡോ.വേദ. കൊളംബസിൽ (ഓഹായോസ്റ്റേറ്റ്, അമേരിക്ക) റിവർസൈഡ് ഹോസ്പിറ്റലിൽ. ഭർത്താവ് സേതുനാഥ്, സോഫ്റ്റ്‌വെയർ എഞ്ചിനീയർ. ജെ. പി. മോർഗൻസിന്റെ ഡെപ്യൂട്ടി മാനേജർ. അവർക്ക് രണ്ടു മക്കൾ – ദീപക്, ദിവ്യ (വിദ്യാർത്ഥികൾ).

**പുതിയ തലമുറയിലെ കവികളെ എങ്ങനെ വിലയിരുത്തുന്നു?**

പുതിയ കവികളെ എങ്ങനെ വിലയിരുത്തുന്നു എന്ന ചോദ്യത്തിന് മറുപടിയില്ല. അഥവാ, അടുപ്പത്തു വെച്ച വെള്ളം "ഇരയ്ക്കാൻ" തുടങ്ങിയിട്ടേയുള്ളൂ. അരിയിടണം; തിളയ്ക്കണം, അരിയുടെ ജെനുസ്സനുസരിച്ച് ആവശ്യമായ സമയമെടുത്ത് പാകപ്പെടണം. അപ്പോഴേ വേവു നോക്കാൻ ചട്ടുകത്തിൽ കോരി വറ്റെടുക്കാവൂ. വെള്ളം തിളയ്ക്കട്ടെ. തീ കെടാതെ സൂക്ഷിക്കണം എന്നു മാത്രമേ ഇപ്പോൾ പറഞ്ഞുകൂടൂ.

നന്ദി. ■

> *Don't take rest after a success. People will say you previous victory as luck in you next failure. Keep on working. Success is always yours.*



# സ്മൃതിവനം പത്രത്താളുകളിൽ



# സ്മൃതിവനം പത്രത്താളുകളിൽ



# ഒ. വി. വിജയൻ സ്മൃതിവനം



എ.കെ. സുധാകരൻ
ചെയർമാൻ വിദ്യാരംഗം കലാസാഹിത്യവേദി,
G.R.H.S.S. Kottakkal

മലയാളഭാഷക്ക് ജീവചൈതന്യം പകർന്നു നൽകിയ ഋഷി തുല്യനായ എഴുത്തുകാരനായിരുന്നു ഒ.വി. വിജയൻ. കാർട്ടൂണിസ്റ്റ്, നോവലിസ്റ്റ്, കഥാകൃത്ത്, കലാനിരൂപകൻ, ചിന്തകൻ, അധ്യാപകൻ എന്നീ നിലകളിൽ ബഹുമുഖമായ പ്രതിഭക്കുടമയായിരുന്നു അദ്ദേഹം. വിജയന്റെ തൂലികത്തുമ്പിൽ നിന്നുതിർന്നു വീണ വാക്കുകൾക്ക് അവാച്യമായരൂപഭംഗിയും മാസ്മരികതയുമുണ്ടായിരുന്നു. ശരിക്ക് പറഞ്ഞാൽ മലയാളഭാഷയെ ലോകനിലവാരത്തേക്കുയർത്തിയ എഴുത്തുകാരനാണ് ഒ.വി. വിജയൻ. വിജയന്റെ ഭാഷയുടെ സൗന്ദര്യവും ഗഹനതയും വാക്കുകൾക്കിടയിലെ അർത്ഥതലങ്ങളും വിജയന്റെ പ്രതിഭയെ അളക്കാൻ ശ്രമിച്ചിട്ടുള്ളവർപോലും മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്.

വിജയന്റെ തൂലികയിൽ നിന്ന് നോവലുകളും, ചെറുകഥകളും, കനത്ത ചിന്താധാരകൾ ഉൾക്കൊള്ളുന്ന ലേഖനങ്ങളും, ദാർശനികതയുടെ മുഖമുദ്രകളുള്ള കാർട്ടൂണുകളും പുറത്തുവന്നു. തനിക്കെതിരെ വിമർശനം നടത്തിയ ഓരാളോടു പോലും രോഷമോ അമർഷമോ കാണിക്കാതെ നിസ്സംഗതയുടെ മൂടുപടം ധരിച്ച ആ യോഗീവര്യൻ തന്റെ കർമ്മമണ്ഡലത്തിൽ സുവർണ പാദമുദ്രകൾ അർപ്പിച്ചാണ് കടന്നുപോയത്.



1930 ജൂലൈ 2ന് പാലക്കാട് ജില്ലയിൽ ജനിച്ച വിജയൻ മദ്രാസ് പ്രസിഡൻസി കോളേജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടിയശേഷം കുറേക്കാലം കോളേജ് അധ്യാപകനായി ജോലി നോക്കി. പിന്നീട് ലോക പ്രശസ്ത കാർട്ടൂണിസ്റ്റായ ശങ്കറിന്റെ ശങ്കേഴ്സ് വീക്കിലിയിൽ ചേർന്ന് പ്രവർത്തിക്കുകയും പ്രശസ്ത കാർട്ടൂണിസ്റ്റായി തീരുകയും ചെയ്തു. അറുപതുകളിൽ വിവിധ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളിൽ കാർട്ടൂണിസ്റ്റായും കോളമിസ്റ്റായും ജോലി ചെയ്തു.

1969ൽ ഖസാക്കിന്റെ ഇതിഹാസം പ്രസിദ്ധീകരിച്ചതോടെ മലയാള സാഹിത്യരംഗത്ത് അനിഷേധ്യ വ്യക്തിത്വമായിത്തീർന്നു. ഇത്ര മാത്രം വായിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്ത മറ്റൊരു നോവൽ മലയാളത്തിൽ വേറെ ഉണ്ടായിട്ടില്ല. ധർമ്മപുരാണം, ഗുരുസാഗരം മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ തുടങ്ങിയ നോവലുകളും ഇതിഹാസത്തിന്റെ ഇതിഹാസം, ഘോഷയാത്രയിൽ തനിയെ, സന്ദേഹിയുടെ സംവാദം തുടങ്ങിയ ലേഖന സമാഹാരങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി.

1990ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും കേരള സാഹിത്യ അക്കാദമി അവാർഡും 1991ൽ വയലാർ അവാർഡും 1992ൽ മുട്ടത്തു വർക്കി പുരസ്കാരവും അദ്ദേഹത്തിന് ലഭിച്ചു. കൂടാതെ 2001ൽ എഴുത്തച്ഛൻ പുരസ്കാരവും നേടി. 2003ൽ രാജ്യം പത്മഭൂഷൺ ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു.

# കോട്ടയക്കൽ വനിത സഹകരണ സംഘം

ക്ലിപ്തം നമ്പർ എം. 757
കോട്ടയ്ക്കൽ (പി.ഒ) കോട്ടപ്പടി, മലപ്പുറം ജില്ല
**ഫോൺ : 0483 2744844**

## ഉടൻ ആരംഭിക്കുന്ന മെമ്പേഴ്സ്
## ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് ബെനിഫിറ്റ് സ്കീം

| തവണ തുക | തവണ | സല | ലഭിക്കുന്ന വീതപലിശ |
|---|---|---|---|
| 1000/- | 25 മാസം | 25000 | 250 |
| 2000/- | 20 മാസം | 40000 | 500 |
| 2000/- | 25 മാസം | 50000 | 500 |
| 4000/- | 25 മാസം | 100000 | 1000 |
| 5000/- | 20 മാസം | 100000 | 1250 |

# ഉടൻ തന്നെ പദ്ധതിയിൽ അംഗമാവുക

## മറ്റു പ്രവർത്തനങ്ങൾ

- ആകർഷണീയമായ പലിശ നിരക്കിൽ വിവിധ നിക്ഷേപ പദ്ധതികൾ
- പ്രതിമാസ തവണ വ്യവസ്ഥയിൽ സ്വയം തൊഴിൽ വായ്പ
- 1,50,000 രൂപ വരെ സ്വർണ്ണ പണയ വായ്പ
- കണ്ണകണ്ടി സെന്ററും, ഇൻസ്പെയർ കമ്പ്യൂട്ടേഴ്സുമായി സഹകരിച്ച് ഗൃഹോപകരണ വായ്പ
- വനിത ക്ഷേമ പ്രവർത്തനങ്ങൾ

കെ.കമലം
പ്രസിഡന്റ്

പി.സുമി
സെക്രട്ടറി



2005ൽ ആന്ധ്ര ഗവൺമെന്റ് "ലൈഫ് ടൈം അച്ചീവ്മെന്റ്" അവാർഡ് നൽകി ആദരിച്ചു.

മൗലികമായ ചിന്തകളെ പ്രോജ്ജ്വലിപ്പിക്കുന്നതിൽ ഭാഷയുടെ പരിമിതികളെ ഉല്ലംഘിക്കുന്ന വാൾമുന പോലെ മൂർച്ചയേറിയ വിജയന്റെ ശൈലി ആർക്കും അനുകരിക്കാൻ കഴിയുമായിരുന്നില്ല.

നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ എത്തിനില്ക്കുന്ന രാജാസ് ഹൈസ്കൂൾ എന്ന വിദ്യാലയ മുത്തശ്ശിയുടെ സ്നേഹലാളനങ്ങൾ അല്പകാലം ഏറ്റുവാങ്ങാൻ മഹാനായ ഈ എഴുത്തുകാരനും സാധിച്ചു. 1941–42 കാലത്ത് ഈ വിദ്യാലയത്തിലെ IInd ഫോറത്തിൽ വിജയൻ വിദ്യാർത്ഥിയായിരുന്നു. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആദ്യ കാൽവെപ്പ്. അന്ന് വിജയന്റെ അച്ഛൻ ഊട്ടുപുലാക്കൽ വേലുക്കുട്ടി തൊട്ടടുത്തുള്ള ക്ലാരി എം.എസ്.പി. ക്യാമ്പിൽ പോലീസ് ഓഫീസറായിരുന്ന കാലത്തായിരുന്നു ഈ പഠനം. "ഊട്ടുപുലാക്കൽ' എന്ന വീട്ടുപേര് "ഓട്ടുവിളക്കിൽ' എന്നാണ് രജിസ്റ്ററിൽ ചേർത്തുകാണുന്നത്. പോലീസ് ഓഫീസറുടെ (സുബേദാർ) മകന്റെ കുതിരവണ്ടിയേറിയുള്ള സ്കൂളിലേക്കുള്ള വരവും പോക്കും പഴയതലമുറയിലെ പലരും ഇപ്പോഴും ഓർമ്മിച്ചെടുക്കാറുണ്ട്.

ലോകം ആദരിക്കുന്ന ഒരു വിശ്വപൗരൻ തങ്ങളുടെ പൂർവ്വികനായി ഈ സ്കൂൾ മുറ്റത്ത് ഓടി നടന്നിരുന്നു എന്ന കാര്യം അടുത്തകാലത്താണ് പലരും അറിയുന്നത്. വിസ്മൃതിയുടെ ആഴക്കയങ്ങളിൽപ്പെട്ട് കാലങ്ങളോളം സ്കൂളുമായുള്ള വിജയന്റെ ഓർമകളും ചെളി പിടിച്ച് കിടന്നു. എന്നാൽ ഇക്കാര്യത്തിൽ വേറിട്ടൊരു ചിന്തയാണ് സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദിയെ നയിച്ചത്. ലോകത്തോളം വളർന്ന ആ സാഹിത്യകാരനെ ഓർമ്മിക്കുന്നതിന് ഒരു "സമൃതിവനം" നിർമ്മിക്കാനും അദ്ദേഹത്തിന്റെ കൃതികൾ കുട്ടികളെ പരിചയപ്പെടുത്താനും സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി തീരുമാനിക്കുകയും പി.ടി.എ. യുടെ അംഗീകാരത്തോടെ പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്തു.



ഏതാണ്ട് രണ്ട് മാസത്തെ നിരന്തര പ്രവർത്തനം "ഒ.വി. വിജയൻ സ്മൃതിവനം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി. സന്തത സഹചാരിയായിരുന്ന പൂച്ചയെ താലോലിക്കുന്ന വിജയന്റെ അർദ്ധകായ കോൺക്രീറ്റ് ശിൽപം, ഇതിഹാസ നോവലിനെ ആധാരമാക്കിയുള്ള ചില ശില്പങ്ങൾ, വിജയന്റെ പ്രശസ്തമായ ഒരു കാർട്ടൂൺ എന്നിവ ഈ സ്മൃതിവനത്തിലുണ്ട്. ഏതാണ്ട് നൂറോളം കുട്ടികൾക്ക് ഇരിക്കാൻ പാകത്തിലുള്ള സിമന്റ് ബഞ്ചുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടാതെ മനോഹരമായ ഒരു ഉദ്യാനവും ഈ സ്മൃതിവനത്തിനെ കൂടുതൽ ആകർഷകമാക്കുന്നു. വിജയൻ പഠിച്ചവർഷം, ക്ലാസ്സ് തുടങ്ങിയ വിവരങ്ങളും ശില്പത്തിനു താഴെയായി ഫലകത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. ഏതാണ്ട് ഒരു ലക്ഷത്തി എൺപതിനായിരത്തോളം രൂപ സമാഹരിച്ചുകൊണ്ടാണ് വിദ്യാരംഗം കലാസാഹിത്യവേദി ഈ പ്രവർത്തനം പൂർത്തിയാക്കിയത്. രാജാസിന്റെ പ്രധാന കവാടത്തിനോട് ചേർന്നു നിർമ്മിച്ച ഈ "സ്മൃതിവനം' രാജാസിന്റെ രാജകീയ പ്രൗഢിക്ക് ഒരു "പൊൻതൂവൽ' ആണെന്ന് നിസ്സംശയം പറയാം.

ഇക്കഴിഞ്ഞ ജൂലൈ 2–ാം തിയ്യതി ഒ.വി. വിജയന്റെ ജന്മദിനത്തിൽ ബഹുമാനപ്പെട്ട കോട്ടക്കൽ എം.എൽ.എ.യും, വാഗ്മിയും, സാംസ്കാരിക നായകനുമായ ശ്രീ. അബ്ദുസമദ് സമദാനിയുടെഅധ്യക്ഷതയിൽ ഒ.വി. വിജയന്റെ അനിയത്തിയും പ്രശസ്ത സാഹിത്യകാരിയുമായ ശ്രീമതി. ഒ.വി. ഉഷ ഈ സ്മൃതിവനം നാടിനു സമർപ്പിച്ചു. ഖസാക്കിന്റെ ഇതിഹാസത്തിലെ നായകൻ നായികക്ക് കൈമാറുന്ന ഒരു ചെമ്പകപ്പൂവിന്റെ ഓർമ്മക്കായി ഒരുചെമ്പകത്തൈ സ്മൃതിവനത്തിൽ നടുകയും ചെയ്തു. പ്രശസ്ത നിരൂപകനും "ആത്മായനങ്ങളുടെ ഖസാക്ക്' എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ ശ്രീ. എം.കെ. ഹരികുമാർ വിജയൻ അനുസ്മരണ പ്രഭാഷണം നടത്തി. മുനിസിപ്പിൽ ചെയർപേഴ്സൺ ശ്രീമതി ടി.വി. സുലൈഖാബി ശില്പികൾക്ക് മെമന്റോ സമ്മാനിച്ചു. മുനിസിപ്പൽ വൈസ് ചെയർമാൻ ശ്രീ. പാറോളി മൂസ്സക്കുട്ടി ഹാജി സ്വാഗതവും സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.എ. രവീന്ദ്രൻ മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി. രാജാസിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന ശ്രീ. ഇന്ത്യന്നൂർ ബാലകൃഷ്ണൻ മാസ്റ്ററാണ് ഈ സ്മൃതിവനത്തിന്റെ രൂപരേഖ തയ്യാറാക്കിയത്. ലളിതവും പ്രൗഢഗംഭീരവുമായ ചടങ്ങോടെ സ്മൃതിവനം സാംസ്കാരിക കേരളത്തിന്റെ പൊതുസ്വത്തായി മാറി. ഒരു പക്ഷെ, കേരളത്തിലെ മറ്റൊരു വിദ്യാലയത്തിനും അവകാശപ്പെടാൻ കഴിയാത്ത വേറിട്ട പ്രവർത്തനം നടത്തിയതിന്റെ ചാരിതാർത്ഥ്യത്തിലാണ് രാജാസിന്റെ വിദ്യാരംഗം കലാസാഹിത്യവേദി. ■

**1941-42 കാലത്ത് ഈ വിദ്യാലയത്തിലെ IInd ഫോറത്തിൽ വിജയൻ വിദ്യാർത്ഥിയായിരുന്നു.**

# ഒ.വി.വിജയൻ സ്മൃതി വനം ഉദ്ഘാടനം
## 2013 ജൂലായ് 2























ALANKAR


ഒ.വി വിജയൻ സ്മൃതിവനം
ഉദ്ഘാടന സമ്മേളനം
ALANKAR















അഭിനവ് സുരേഷ്
VII B

# മുഖ്യാതിഥി

കണ്ണുകളിൽ കനൽ സൂക്ഷിക്കാത്തവർ,
കരളിൽ പ്രണയം കരുതാത്തവർ,
ഹൃദയത്തിൽ സ്നേഹം സൂക്ഷിക്കാത്തവർ,
നെഞ്ചിൽ മോഹമൊളിപ്പിക്കാത്തവർ,
മനസ്സിൽ സ്വപ്നം വിതയ്ക്കാത്തവർ
ഇവരെല്ലാം ഒത്തുചേരുന്ന മഹാ-
സമ്മേളനത്തിലേക്ക്
ആരുവരും മുഖ്യാതിഥിയായ്?
ദൈവമല്ലാതെ!






വാണി എം. കെ.
VIII D



# മൂന്നക്ഷരം

'ഇ.എം.എസ്.' എന്ന മൂന്നക്ഷരത്തിൻ പൊരുൾ
നാവിൻതുമ്പിലൊരക്ഷരപർവ്വമായ്
വീരലക്ഷങ്ങൾക്കു വീര്യം പകരുവാൻ
തൻ ജീവിതം സമർപ്പിച്ചൊരാ ധീരവ്യക്തിത്വം

അണിചേരുവാൻ പടനയിച്ചീടുവാൻ
മുന്നിട്ടിറങ്ങിയൊരഭിവന്ദ്യ നായകൻ
പാണ്ഡിത്യമില്ലാത്ത കീഴാളക്കൂട്ടത്തെ
പട്ടിണി മാറ്റുവാൻ പടയണി നയിക്കുവാൻ
നാടിന്റെ രക്ഷക്ക് നാവും കരങ്ങളും
ആയുധമാക്കിയ വീരപുത്രൻ...



ഫർഹാന ജാസ്മിൻ
IX H

# നീ ഇവളാകരുത്..

ഒൻപതാം ക്ലാസിലെ ഏറ്റവും മിടുക്കിയാണ് അസ്മിത. കൂട്ടുകൂടാനും പഠിക്കാനും അധ്യാപകരോട് ഇടപഴകാനുമെല്ലാം അവൾക്കൊരു പ്രത്യേക കഴിവുണ്ട്. കഴിവിനോടൊപ്പം തന്നെ ഭംഗിയും ദൈവം അവൾക്ക് അറിഞ്ഞുനൽകിയിട്ടുണ്ട്. ശരിക്കും പറഞ്ഞാൽ നല്ലൊരു മൊഞ്ചുള്ള ഉമ്മച്ചിക്കുട്ടി.

അസ്മിതയുടെ വീടിനടുത്തുനിന്നും ഗവൺമെന്റ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ കുറവാണ്. എല്ലാവരും ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ്. കുറച്ച് ആൺ പിള്ളേര് മാത്രമേയുള്ളൂ. അവരുടെ കൂടെ പോകാൻ ഉപ്പ സമ്മതിക്കില്ല. ഒരു നീണ്ട ഊടുവഴി കടന്ന് മെയിൻ റോഡിലെത്തിയാലേ അവൾക്ക് സജ്നയുടേയും ഷഫ്നയുടേയും കൂടെക്കൂടാൻ പറ്റൂ. സ്ഥിരം പോകുന്ന വഴിയായതുകൊണ്ട് അവൾക്കിപ്പോൾ അതൊരു പ്രശ്നമല്ല.

മലയാളം ക്ലാസ് പരീക്ഷ കഴിഞ്ഞ ദിവസം ഇടശ്ശേരി ഗോവിന്ദൻ നായരുടെ "അങ്ങേവീട്ടിലേക്ക്' എന്ന കവിതയെ കുറിച്ച് ചിന്തിച്ച് അസ്മിത നടന്നു. പ്രത്യേകിച്ച് ആളുകളൊന്നും ഇല്ലാത്ത വഴിയായതിനാൽ അവൾ ആ വരികൾ ചൊല്ലിത്തുടങ്ങി.

മകളുമ്മറത്തെത്തി
യച്ഛനെക്കണ്ടു, ഭർതൃ
മുഖമണ്ഡലംനോക്കി
നിസ്സഹായയായ് നിന്നു.

കുറച്ചകലെ അരമതിലിൽ ഒരു ചെറുപ്പക്കാരനിരിക്കുന്നത് അസ്മിത കണ്ടു. കവിത നിർത്തി, തട്ടം ശരിയാക്കി തലയും താഴ്ത്തിയവൾ നടന്നു. അയാളെ കടന്നു പോയതും പിറകിൽ നിന്നും "കുട്ടീ ഒന്നു നിൽക്ക്...' അവൾ നിന്നില്ല. അവർക്ക് ജമീല ടീച്ചർ കൗമാരക്കാർക്ക് ക്ലാസെടുക്കുമ്പോൾ പറഞ്ഞു തരാറുള്ള അപകടങ്ങൾ ഓർമ്മ വന്നു. "വഴിയിലെ ചതിക്കുഴികൾ' അവൾ നടത്തം സ്പീഡ് കൂട്ടി. കുറച്ച് നടന്ന് തിരിഞ്ഞുനോക്കിയപ്പോൾ അയാൾ തിരിഞ്ഞ് നടക്കുന്നത് കണ്ടു. അവൾക്കു തന്റെ പേടിയോർത്തു ചിരി വന്നു. ഈ വഴിയിൽ കാണാത്ത ആളാണ്. ചിലപ്പോൾ വഴിയറിയാഞ്ഞിട്ട് ചോദിക്കാനാകും. ഛെ... മോശം, ആ... പോട്ടെ... അവളതു വിട്ടു.

രണ്ടാം ദിവസവും അയാൾ അതേ ഡ്രസ്സിൽ അവിടെത്തന്നെയുണ്ട്.





അസ്മിതയുടെ ഉള്ളൊന്ന് കാളി... ഇന്നും നിൽക്കാൻ പറയുമോ? ഇല്ല. അയാൾ അവളെ ഗൗനിച്ചതുപോലുമില്ല. അസ്മിതയ്ക്കു എന്തോ ഒരു പ്രയാസം തോന്നി. ഇന്നലെ എന്തോ ഒന്ന് ചോദിക്കാൻ നിന്നയാൾ ഇന്ന് ഒന്നും പറയാഞ്ഞതെന്തേ? മനസ്സിൽ ഒരു കരടായി "എന്തേ അയാളൊന്നും മിണ്ടാഞ്ഞേ'. എല്ലാ കാര്യങ്ങളും പറയാറുള്ള സജ്നയോടും ഷഫ്ന

യോടും പറയാൻ മാത്രമില്ലെന്ന് അവൾക്കുതോന്നി. പിറ്റേന്ന് അവൾ ആ വഴിയിൽ മുഴുവൻ അയാളെ തിരഞ്ഞു. കണ്ടില്ല. അടുത്തദിവസം വീണ്ടും കണ്ടു. ഇത്തവണ അയാൾ കയറി മിണ്ടി. "ഹലോ" അവൾ ഒന്നും പറയാതെ ഒന്നു ചിരിച്ചു.
"എന്താ അന്ന് മിണ്ടാതെ ഓടിയത്"
""ഒന്നുമില്ല, നേരം വൈകിയിരുന്നു... അല്ലാ എന്തിനാ അന്ന് വിളിച്ചത്"
"ഒരു കാര്യം പറയാനായിരുന്നു. അന്ന് നിന്നില്ലല്ലോ, അപ്പോ നിൽക്കണമായിരുന്നു"

ആ സംസാരത്തിൽ എന്തോ ഒരു രസം തോന്നി. അവൾ അത് സജ്നയോടും ഷഫ്നയോടും പറഞ്ഞു. ഷഫ്ന അവളോടൊപ്പം ചിരിച്ചെങ്കിലും ഒരു മുൻകൂർ താക്കീതു കൊടുത്തു. ""ഇനി കാണുമ്പോൾ സംസാരിക്കാനൊന്നും നിൽക്കണ്ടാ, നീ ഒറ്റക്കല്ലേ ആ വഴിക്ക് " അതു ശരിയാണെന്ന് അസ്മിതയ്ക്കും തോന്നി. പക്ഷെ, ആ സുമുഖനോട് എന്തോ ഒരു അടുപ്പം അവൾക്കു തോന്നി. ഒരുപാട് പൂവാലശല്യങ്ങളെ ഈ പ്രായത്തിനിടക്ക് അവൾ കണ്ടിട്ടുണ്ട്. പക്ഷെ, അവൾക്ക് തോന്നി ഇത് നല്ലൊരു ഫ്രണ്ടാണെന്ന്. പിറ്റേ ദിവസം മുതൽ അതേ സ്ഥലത്ത് അവനെ അവൾ സ്ഥിരം കാണാനും ഒന്നോ രണ്ടോ സംസാരിക്കാനും തുടങ്ങി. ഒന്നു രണ്ടു തവണ സജ്നയും ഷഫ്നയും എതിർത്ത് പറഞ്ഞതിനുശേഷം അവൾ അവരോട് ആ കണ്ടുമുട്ടൽ മറച്ചുവച്ചു. അവൻ അവളോട് വീടും വീട്ടുകാര്യവും ഒക്കെ ചോദിക്കുമെങ്കിലും അവൾ ഒന്നും ചോദിച്ചില്ല. എന്തോ അവനെ കാണുമ്പോൾ അവൾ ചോദിക്കാൻ മറക്കും.

ഇപ്പോൾ, അസ്മിതക്കു ഒരുങ്ങാൻ പ്രത്യേക താൽപര്യമാണ്. നേരം വൈകിയെന്നു പറഞ്ഞ് വീട്ടിൽ നിന്നും ചായപോലും കുടിക്കാതെ ഓടുന്ന അസ്മിത വഴിയിൽ കാത്തു നിന്നു മുഷിഞ്ഞ് പരാതി പറയുന്ന കൂട്ടുകാരികളോട് ഇറങ്ങാൻ വൈകിയെന്ന് ചിരിച്ചു കൊണ്ട് കള്ളം പറയാനും പഠിച്ചു.

ക്ലാസിൽ ഇടയ്ക്കുള്ള മൂളിപ്പാട്ട് ഇപ്പോൾ സ്ഥിരമാണ്. പക്ഷെ മറവി കൂടിയിട്ടുണ്ട്. ക്ലാസ് പരീക്ഷയ്ക്കു പഠിക്കാനും പേപ്പർ കൊണ്ടു വരാനുമൊക്കെ അവൾ മറക്കുന്നു. കൺമഷിക്കു കട്ടികൂട്ടി. കൂട്ടുകാരും ആദ്യത്തേതിനേക്കാൾ സുന്ദരിയാണെന്നു പറഞ്ഞ് അസൂയ പ്രകടിപ്പിക്കുമ്പോൾ അവൾ ഉള്ളിൽ ചിരിച്ചു.

ഇപ്പോൾ പേരു മാത്രമറിയാവുന്ന ആ ഫ്രണ്ടാണ് അവൾക്കെല്ലാം. ഒരിക്കലും മോശമായി ഒന്നും പറയാറില്ല, പിന്നെന്തിന് ഒഴിവാക്കണം എന്നതാണ് അവളുടെ ചിന്ത.

അന്നും അവൻ അവിടെയുണ്ടായിരുന്നു. സംസാരത്തിനിടയിൽ അവൻ പറഞ്ഞു "ഈ ഇത്തിരി നേരം എനിക്കിയാളോട് ഒരുകാര്യവും ശരിക്കു പറയാൻ കഴിയുന്നില്ല. എനിക്കുവേണ്ടി നാളെയൊന്ന് ഫ്രീയാകുമോ?" "ന്റ അള്ളോ നാളെ ക്ലാസുണ്ട്" "ഒരു ദിവസം എനിക്കുവേണ്ടി" എന്തോ അവൾക്കു പറ്റില്ലെന്ന് പറയാൻ തോന്നുന്നില്ല. "നോക്കട്ടെ"

അസ്മിതയ്ക്കു ക്ലാസ് ശ്രദ്ധിക്കാനേ തോന്നുന്നില്ല. ആരോടും പറയാനും വയ്യ. ഒടുക്കം അവൾ ഉറപ്പിച്ചു. അവനെ വെറുപ്പിക്കാൻ വയ്യ. അവൾ കൂട്ടുകാരികളോട് നാളെ കല്യാണമുണ്ട് വരില്ലെന്നു പറഞ്ഞു. പിറ്റേന്ന് അസ്മിത പതിവുപോലെ ഇറങ്ങി. അവൻ അവിടെയുണ്ട്. അവൻ പറഞ്ഞു "കുറച്ചപ്പുറത്ത് ഒരു ഓട്ടോയുണ്ട് അതിൽ കയറ്, ഞാൻ വരാം". അവൾ തെല്ലും സംശയിക്കാതെആ ഓട്ടോയെ ലക്ഷ്യമാക്കി നടന്നു. അതിൽ കയറി. അവനും വന്ന്കയറി. ഓട്ടോ മുന്നോട്ട് പാഞ്ഞു. വഴിയിൽ സ്കൂൾ കുട്ടികളെ കാണുമ്പോൾ അവൾ തെല്ലൊന്നു പേടിച്ചു. സ്കൂളും പിന്നിട്ട് ഒരുപാട് ദൂരം പോയി. ഒരു വിശാലമായ പറമ്പിന്റെ അരികെ വണ്ടിയൊതുക്കി. അവർ ഇറങ്ങി. ആ പറമ്പിന്റെ മൂലയിൽ കൂട്ടിയിരിക്കുന്ന കല്ലുകൾക്കു മേലെയിരുന്ന് അവർ സംസാരിച്ചു. ഒരുപാട് കാര്യങ്ങൾ. അവന്റെ സ്മാർട്ട്നസ്സിൽ അവൾ വല്ലാതെ വീണുപോയി. സമയം ഒരുപാട് കഴിഞ്ഞു. അവൻ സ്കൂൾ വിടുന്ന സമയത്ത് അവളെ വഴിയിൽ കൊണ്ടുവിട്ടു.

പിന്നീട് പലപ്പോഴും അത് ആവർത്തിച്ചു. അന്ന് അവൻ വന്നത് കാറിലാണ്. കാറിൽ കയറിയതും സ്പീഡ് കൂട്ടി. ഇടയ്ക്ക് ഒന്നു ചിരിക്കുക മാത്രം ചെയ്യുന്നു. എന്തുപറ്റിയെന്ന രീതിയിൽ അവൾ നോക്കുന്നു. സാധാരണയിലും ഏറെ ദൂരം പോയി. ആളൊഴിഞ്ഞ ാഗത്ത് കാർ നിർത്തി. കൂളിംഗ് ഗ്ലാസ് കയറ്റി പിറകിലെ ഡോർ തുറന്നു. അസ്മിതയുടെ അടുത്തിരുന്നു. കാറിന്റെ ഡോർ ലോക്കു ചെയ്തു. അന്ന് എന്തോ സാധാരണയിലും കവിഞ്ഞ അടുപ്പത്തിൽ അവൻ സംസാരിച്ചു. അവൾക്കു എതിർക്കാനുള്ള ശേഷി ഇല്ലാഞ്ഞിട്ടോ, അവനോട് "നോ" പറയാൻ വയ്യാഞ്ഞിട്ടോ?... എന്തൊക്കെയാണ് സംഭവിച്ചതെന്ന് അവൾക്കറിയില്ല.

കാർ വീണ്ടും ഓടിത്തുടങ്ങി. കാറിലെ കണ്ണാടിയിലൂടെ പാറിപ്പറന്ന മുടി അവൾ ശ്രദ്ധിച്ചു. എല്ലാം ശരിയാക്കി പഴയപോലെ സ്മാർട്ടാകാൻ അവൾ ശ്രമിച്ചു. ബൈ പറഞ്ഞു വീണ്ടും കാണാം എന്നു പതിവുവാക്കു പറയുന്നു അവനെ നോക്കി ചിരിക്കാൻ അവൾക്കു തെല്ലു മടിതോന്നി.

പിറ്റേന്ന് ആ വഴിയിൽ അവനെ കണ്ടില്ല. ക്ലാസിൽ വന്നു വല്ലാതെ

> **ക്ലാസിൽ ഇടയ്ക്കുള്ള മൂളിപ്പാട്ട് ഇപ്പോൾ സ്ഥിരമാണ്. പക്ഷെ മറവി കൂടിയിട്ടുണ്ട്. ക്ലാസ് പരീക്ഷയ്ക്കു പഠിക്കാനും പേപ്പർ കൊണ്ടു വരാനുമൊക്കെ അവൾ മറക്കുന്നു.**

സംസാരിക്കാൻ തോന്നിയില്ല. അവനെ പിറ്റേന്നും കണ്ടില്ല. തുടർച്ചയായി മൂന്നു ദിവസങ്ങളിൽ അവനെ കാണാതായപ്പോൾ അസ്മിതയ്ക്ക് എന്തോ ഒരു പേടി. ഫോൺ എല്ലായ്പ്പോഴും "സ്വിച്ച് ഓഫ`. ആരോട് പറയും, എവിടെ അന്വേഷിക്കും. അസ്മിത മിണ്ടാട്ടമില്ലാതെ മുഴുവൻ ചിന്തയിലായി. ആരു ചോദിച്ചാലും ഒരേ മറുപടി. "ഒന്നുമില്ല... ഒരു തലവേദന". സജ്നയും ഷഫ്നയും പലതവണ ആവർത്തിച്ചു ചോദിച്ചു. ഫലമുണ്ടായില്ല. പലവട്ടം കൗമാര പ്രണയവും ചതിക്കുഴികളും പറഞ്ഞു തന്ന ജമീല ടീച്ചർ പറഞ്ഞ സംഭവകഥകളിലെ ചതിക്കപ്പെട്ട നായികമാരുടെ എല്ലാ വേഷത്തിലും തന്റെ മുഖം തെളിഞ്ഞ അസ്മിതയ്ക്കു ഇനി എന്തു ചെയ്യണമെന്ന ചോദ്യത്തിന് ഒരൊറ്റ ഉത്തരമാണുണ്ടായത്. എല്ലാം അറിഞ്ഞിട്ടും അറിയാതെ തെറ്റിലേക്കു ഒഴുകിപ്പോയ തന്റെ അറിവുകേടിന് അവൾ വിധിച്ചത് ഉമ്മാന്റെ സാരികൊണ്ട് റൂമിലെ ഫാനിലൊരു കുരുക്കിട്ട് അതിലൂടെ അവളെ സ്വയമങ്ങ് യാത്രയാക്കലാണ്.

അസംബ്ലിയിൽ അസ്മിതയ്ക്കായി നടത്തിയ പ്രാർത്ഥനയിൽ നിന്നപ്പോഴും, അവളെ അവസാനമായി ഒന്നു കാണാൻ അവളുടെ വീട്ടിലേക്ക് വരിയായി നടന്നപ്പോഴും ഇടയ്ക്കെന്നോ അവളുടെ മുഖത്തു നിന്നും മാഞ്ഞ ആ ചിരി ആ അവസാന കാഴ്ചയിൽ അവളുടെ മുഖത്ത് തെളിഞ്ഞുവന്നിട്ടുണ്ടെന്ന തിരിച്ചറിവുണ്ടായപ്പോഴുമെല്ലാം. സജ്നയ്ക്കും ഷഫ്നയ്ക്കുമിടയിൽ മൗനം വാചാലമായി ചോദിച്ചുകൊണ്ടേയിരുന്നു. "എന്തിന് അസ്മിത ഇങ്ങനെ ചെയ്തു".

എല്ലാം അറിയാനും അറിയിക്കാനും ആളും സൗകര്യങ്ങളുമുള്ള ഇന്നിന്റെ പകലിൽ തിളങ്ങുന്ന പിശാചിന്റെ ദംഷ്ട്രകളെ ഇനിയും തിരിച്ചറിയാൻ എന്ത് ക്ലാസ് കൊടുക്കണമെന്നറിയാതെ രക്ഷിതാക്കളും അധ്യാപകരും പകച്ചു നിൽക്കുന്നു.

ജാഗ്രത....

"ഓരോരുത്തരും അവരവരെ സൂക്ഷിക്കുക
നിഴലല്ലാതെ എപ്പോഴും ആരും നമുക്ക് കൂട്ടില്ല" ■

> ”
> *Most of the problems in life are because of two reasons. First we act without thinking... Secondly we keep thinking without acting...*

ഒരു തൊഴിൽ എന്ന നിലയിൽ ഏതു കളിയെയും നോക്കിക്കാണാനുള്ള ധൈര്യം ശരാശരി ഭാരതീയന് ഇന്നുമില്ല. വിദ്യാഭ്യാസാനന്തരം സ്ഥിരവരുമാനമുള്ള ഒരു തൊഴിൽ നേടുകയും ജീവിത സ്ഥിരത കണ്ടെത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ നിന്ന് മാറി ചിന്തിക്കുന്ന ഒരു യുവതലമുറ ഒരിക്കലും ഇവിടെ ഉണ്ടായിട്ടില്ല. അപവാദങ്ങളുണ്ടാകാം. പക്ഷേ ഭൂരിപക്ഷത്തിന്റെ നിലക്കനുസരിച്ചാണല്ലോ എല്ലായ്പ്പോഴും സ്ഥിതിവിവര കണക്കുകൾ രൂപപ്പെടുക. കളിക്കാൻ ആർക്കും കഴിയും. കളിക്കാരനാകാൻ ചിലർക്കു മാത്രമേ കഴിയൂ. ആ ചിലരിൽ തന്നെ രാജ്യത്തെ പ്രതിനിധീകരിക്കാൻ ചുരുക്കം പേർക്കേ കഴിയൂ. ഈ ചുരുക്കം പേരിൽ ഏറ്റവും മികച്ച കളിക്കാരനാകുന്നത് ആരാണ്?

അവസരങ്ങളുടെ, അർപ്പണബുദ്ധിയുടെ, കഠിനാധ്വാനത്തിന്റെ എല്ലാം സുദീർഘങ്ങളായ ആഖ്യാനങ്ങൾകൊണ്ട് ഇപ്പറഞ്ഞ മികവിലേക്കുള്ള സഞ്ചാരപഥങ്ങൾ വിവരിക്കാൻ കഴിയും. പക്ഷേ പറയാനെളുപ്പമാണ്; പ്രവർത്തിക്കാൻ വിഷമവും. ബാല്യകൗമാര കാലങ്ങളിൽ കൂട്ടുകാരും സമപ്രായക്കാരായ മറ്റു കുട്ടികളും കുട്ടിക്കാലത്തിന്റെ ആഹ്ലാദത്തിമിർപ്പുകളിൽ മുഴുകുമ്പോൾ ക്രിക്കറ്റ് പരിശീലനത്തിന്റെ കഠിനമുറകളിലാണ് താൻ മുഴുകിയിരുന്നതെന്ന് സച്ചിൻ സ്വയം ഹൃദയ ഭാഷയിൽ വിശദീകരിച്ചിട്ടുള്ളത് നമുക്കറിയാം. എന്നും ദിവസവും രണ്ട് മണിക്കൂർ പരിശീലനത്തിനായി സച്ചിൻ നീക്കി വയ്ക്കുന്നു എന്ന് കേൾക്കുമ്പോൾ ഒരു കാര്യത്തിൽ [illegible] അതി




തോന്നേണ്ടതുള്ളൂ, പഠിച്ചുതീരാത്ത വിദ്യയെക്കുറിച്ചും പരിശീലിച്ചുമെച്ചപ്പെടുത്താനാവുന്ന കഴിവുകളെ കുറിച്ചും തിരിച്ചറിയുന്നവർ ഇന്നും നമ്മുടെ രാജ്യത്തിനുണ്ട് എന്ന ഒരേയൊരു കാര്യത്തിൽ.

ഒരു കളിക്കാരനിൽ അർപ്പിക്കപ്പെട്ട പ്രതീക്ഷ നാൾക്കുനാൾ വളർന്ന് അയാൾക്കത് കനത്ത ഭാരമായിത്തീരാം. എല്ലാ കളികളും ഒരുപോലെ മികവുറ്റതാക്കാൻ അമാനുഷ്യർക്കുപോലും കഴിഞ്ഞെന്നുവരില്ല. 2006 മാർച്ച് 19-ൽ സച്ചിന്റെ സ്വന്തം ഗ്രൗണ്ടായ വാങ്കഡെയിൽ ഇംഗ്ലീഷിനെതിരെയുള്ള പരമ്പരയിലെ മൂന്നാം ടെസ്റ്റിൽ, ആദ്യ ഇന്നിംഗ്സിൽ ഇരുപതിലേറെ പന്തുകൾ അഭിമുഖീകരിച്ച സച്ചിൻ ഒരു റൺ മാത്രം നേടിയത് ഓർക്കാം. ഔട്ടായി പവലിയനിലേക്ക് മടങ്ങിയ സച്ചിനെ കാണികളിൽ ചിലർ കൂകിവിളിച്ചത് ഇന്നും ചിലരെങ്കിലും ഓർക്കുന്നുണ്ടാകും. ഇംഗ്ലീഷുമായുള്ള ഈ പരമ്പരക്ക് ശേഷമാണ് സച്ചിൻ തോളിലെ ശസ്ത്രക്രിയക്ക് വിധേയനാകുന്നത്. കളിക്കാരൻ എന്ന നിലയിൽ ഫോം

# സച്ചിൻ എന്ന ഇതിഹാസം

കണ്ടെത്താൻ ക്ലേശിച്ചിട്ടുള്ള മറ്റ് സന്ദർഭങ്ങളും സച്ചിന്റെ കരിയറിലുണ്ടായി. പക്ഷേ, ഹാർഷാരവങ്ങളെയും കൂക്കിവിളികളെയും സമചിത്തതയോടെ സമീപിക്കുന്ന ഒരുസ്ഥിര പ്രജ്ഞൻ സച്ചിനിൽ എന്നും ഉണർന്നിരുന്നു. മൈക്ക് ഡെന്നിസ് സംഭവം ഇതിന് മറ്റൊരുദാഹരണമാണ്. 2001-ൽ ഇന്ത്യയുടെ ദക്ഷിണാഫ്രിക്കൻ പര്യടനവേളയിൽ രണ്ടാം ടെസ്റ്റിനിടെ അമിതമായി അപ്പീൽ ചെയ്തതിന് ഇന്ത്യയിലെ ഏതാനും കളിക്കാർക്കും ടീം അംഗങ്ങളെ നിയന്ത്രിക്കാത്തിന്റെ പേരിൽ ക്യാപ്റ്റൻ സൗരവ് ഗാംഗുലിക്കും മാച്ച് റഫറിയായിരുന്ന മൈക്ക് ഡെന്നിസ് പിഴ നൽകുകയും, പന്തിൽ കൃത്രിമം കാണിച്ചു എന്ന ആക്ഷേപത്തിൽ സച്ചിനെ പുറത്താക്കുകയും ചെയ്തു. ഇതേതുടർന്ന് അടുത്ത ടെസ്റ്റ് മത്സരത്തിൽ സച്ചിന് വിലക്കേർപ്പെടുത്തി. വംശീയതയുമായി പ്രസ്തുതസം വം വാദകോലാഹലങ്ങളിലേക്ക് നീങ്ങുകയും ,



ശിശിര സന്തോഷ്
VIII B

പിന്നീട് ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ നടത്തിയ അന്വേഷണങ്ങൾക്കൊടുവിൽ സച്ചിന്റെ വിലക്ക് മാറ്റുകയും ചെയ്തു. സച്ചിനെപ്പോലൊരു ക്രിക്കറ്ററുടെ കായിക ജീവിതത്തിൽ, എന്തിന്, പ്രതിച്ഛായയിൽത്തന്നെ കരിനിഴൽ വീഴ്ത്താമായിരുന്ന ഈ സംഭവത്തെ തന്റെ സ്ഥിത പ്രജ്ഞതയിലൂടെ മാത്രമാണ് സച്ചിൻ തരണം ചെയ്തത്. മാച്ച് ഫിക്സിങ്ങിന്റെയും മറ്റും ഞെട്ടിപ്പിക്കുന്ന കഥകളും യാഥാർത്ഥ്യങ്ങളും ഇന്ന് ക്രിക്കറ്റിന്റെ വിശ്വസ്ഥതയ്ക്ക് കളങ്കമേൽപ്പിച്ചിരിക്കുന്നു. കാലം കൊണ്ടുവരുന്ന മാറ്റങ്ങൾക്കും പ്രലോഭനങ്ങൾക്കും മുന്നിൽ ഇളകാതെ, സ്വപ്രത്യയ സ്ഥൈര്യത്തിൽ നിലകൊള്ളുക എന്നത് വലിയൊരു കാര്യമാണ്.

ജീവിതത്തിന്റെയും ക്രിക്കറ്റിന്റെയും അനിശ്ചിതത്വങ്ങളിൽ കാലുറപ്പിച്ചുകൊണ്ട് അചഞ്ചല നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നതിലേറെ വൈവിധ്യങ്ങളെയും കളിയുടെ പൊതുസ്ഥലത്ത് ചേർത്തുപിടിച്ചുകൊണ്ട്, താനറിയാതെ ഒരു സൂചകമായി മാറിക്കൊണ്ട്, ഒരു ദേശത്തിന്റെ സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും ഭാഗമാകാൻ കഴിഞ്ഞു എന്നതാണ് സച്ചിൻ ടെൻഡുൽക്കർ എന്ന കളിക്കാരന്റെ കാലാതീതമായ പ്രസക്തി.

കളിക്കാരന്റെ സ്വത്വം നിർണ്ണയിക്കുന്നതിൽ കളിയുടെമേൽ അയാൾക്കുള്ള ആധിപത്യമാണ് ഏറ്റവും പ്രധാനം. കളിയിലൂടെ ഇത്രത്തോളം സ്വയം നിർണ്ണയിക്കുകയും നിർവ്വചിക്കുകയും സ്വയം നവീകരണം നടത്തുകയും ചെയ്തിട്ടുള്ള മറ്റൊരു കളിക്കാരൻ ഇന്ത്യൻ ക്രിക്കറ്റിലെന്നല്ല ലോക ക്രിക്കറ്റിലുമില്ല. ക്രിക്കറ്റ് കളിക്കുക എന്നതു മാത്രമാണ് തന്റെ ഇന്നോളമുള്ള സ്വപ്നമെന്ന് മറ്റൊരു കളിക്കാരനും ഇത്രമേൽ നെഞ്ചുകീറി പറഞ്ഞിട്ടുണ്ടാവില്ല. ഈ സ്വപ്നത്തിൽ താൻ ജീവിക്കുന്നതിന്റെ സന്തോഷം മറ്റൊരാൾക്കും ലോകമനഃസാക്ഷിയോട് ഇപ്രകാരം പങ്കുവെക്കാൻ കഴിഞ്ഞിട്ടുമുണ്ടാകില്ല. അതെ, കളിയാണ് കാര്യം; സ്വപ്നമാണ് ജീവിതം. ■

> *"Fear is the main reason for every failure & Confidence is the main reason for all success". So be confident. Success will come to your hands.*

# മലപ്പുറം ഒറ്റനോട്ടത്തിൽ



ബരീറ സി.സി.
VII D

| | |
|---|---|
| നിലവിൽ വന്നത് | 1969 ജൂൺ 16 |
| ജില്ലാ ആസ്ഥാനം | മലപ്പുറം |
| വിസ്തീർണ്ണം | 3,550 ചതുരശ്രകിലോമീറ്റർ |
| ജനസംഖ്യം | 41,10,956 |
| പുരുഷന്മാർ | 19,61,014 |
| സ്ത്രീകൾ | 21,49,942 |
| സ്ത്രീ പുരുഷ അനുപാദം | 1,096 സ്ത്രീകൾക്ക് 1000 പുരുഷന്മാർ |
| ജനസാന്ദ്രത | 1,158 (ചതുരശ്രകിലോമീറ്ററിന്) |
| സാക്ഷരതാ ശതമാനം | 93.55 |
| പുരുഷ സാക്ഷരത | 95.78% |
| സ്ത്രീ സാക്ഷരത | 91.55% |
| താലൂക്കുകൾ | ഏറനാട് (ആസ്ഥാനം - മഞ്ചേരി) |
| | നിലമ്പൂർ (ആസ്ഥാനം - നിലമ്പൂർ) |
| | പെരിന്തൽമണ്ണ (ആസ്ഥാനം - പെരിന്തൽമണ്ണ) |
| | തിരൂർ (ആസ്ഥാനം - തിരൂർ) |
| | തിരൂരങ്ങാടി (ആസ്ഥാനം - തിരൂരങ്ങാടി) |
| | പൊന്നാനി (ആസ്ഥാനം - പൊന്നാനി) |
| റവന്യൂ വില്ലേജുകൾ | 135 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 15 |
| ഗ്രാമപഞ്ചായത്തുകൾ | 100 |
| മുനിസിപ്പാലിറ്റികൾ | മഞ്ചേരി, തിരൂർ, പൊന്നാനി, മലപ്പുറം, |
| | പെരിന്തൽമണ്ണ, കോട്ടക്കൽ, നിലമ്പൂർ |
| നിയമസഭാമണ്ഡലങ്ങൾ | മഞ്ചേരി, കൊണ്ടോട്ടി, തിരൂരങ്ങാടി, മലപ്പുറം, |
| | പെരിന്തൽമണ്ണ, താനൂർ, പൊന്നാനി, മങ്കട, |
| | തിരൂർ, വണ്ടൂർ, നിലമ്പൂർ, വള്ളിക്കുന്ന്, |

| | |
|---|---|
| | ഏറനാട്, വേങ്ങര, കോട്ടക്കൽ, തവനൂർ. |
| പ്രധാന നദികൾ | ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ, തിരൂർപ്പുഴ |
| കടൽതീരം | 70 കിലോമീറ്റർ |
| വനഭൂമി | 724 ച.കി.മീ. |
| പ്രധാന കൃഷികൾ | തെങ്ങ്, നെല്ല്, റബ്ബർ, കവുങ്ങ്, കശുവണ്ടി, |
| | കപ്പ, കുരുമുളക്. |
| | തിരൂർ, വണ്ടൂർ, നിലമ്പൂർ, വള്ളിക്കുന്ന്, |
| | ഏറനാട്, വേങ്ങര, കോട്ടക്കൽ, തവനൂർ. |
| പ്രധാന നദികൾ | ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ, തിരൂർപ്പുഴ |
| കടൽതീരം | 70 കിലോമീറ്റർ |
| വനഭൂമി | 724 ച.കി.മീ. |
| പ്രധാന കൃഷികൾ | തെങ്ങ്, നെല്ല്, റബ്ബർ, കവുങ്ങ്, കശുവണ്ടി, |
| | കപ്പ, കുരുമുളക്. |




തൈറോയിഡ്, ലിവർ, കിഡ്നി ഫംഗ്ഷൻ ടെസ്റ്റുകൾ

HIV, VDRL, HBsAg

ബ്ലഡ്, യൂറിൻ, റുട്ടീൻ ടെസ്റ്റുകൾ

ബ്ലഡ് ഷുഗർ, ബ്ലഡ് പ്രഷർ

ലിപിഡ് പ്രൊഫൈൽ

കാത്സ്യം, ഫോസ്ഫറസ്, സോഡിയം പൊട്ടാസ്യം ടെസ്റ്റുകൾ

പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകുന്നേരം 8 വരെ
സ്ഥലം : അൽമാസ് ഹോസ്പിറ്റൽ റോഡ്, ചങ്കുവെട്ടി, കോട്ടക്കൽ

SHAHEEN
SPECIALITY MEDICAL LAB

Almas Hospital Road, Changuvetty Kottakkal, Mob : +91 9544731982

100%
Quality Guarantee

മികച്ച പഠനത്തിന്റെ
മികച്ച വിജയത്തിന്റെ
17 വർഷം...

# കോ-ഓപ്പറേറ്റീവ് കോളേജ്
## കോട്ടക്കൽ
(ഒരു അർധസർക്കാർ സ്ഥാപനം)

- ☐ സ്വന്തമായ കെട്ടിടം
- ☐ വിശാലമായ ക്യാമ്പസ്
- ☐ മികച്ച ലൈബ്രറി
- ☐ യോഗ്യതയുള്ള അധ്യാപകർ
- ☐ കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷാസെന്റർ

കോഴ്സുകൾ

+1, +2 Humanities | +1, +2 Commerece | BA
Ba History | BA Sociology | BA Economics | BSc Maths
B Com | MA English | MA Sociology | M Com

# കോ-ഓപ്പറേറ്റീവ് കോളേജ്
ആർട്സ് & സയൻസ് കോളേജ്
ബി.എച്ച്. റോഡ്, കോട്ടക്കൽ - 676 053

ഡോ. സന്തോഷ് വള്ളിക്കാട്
പ്രസിഡണ്ട്

പ്രമോദ് വാഴങ്കര
സെക്രട്ടറി

ഉണ്ണി പാലേരി
പ്രിൻസിപ്പാൾ



ഗ്രീഷ്മ പ്രജിത്ത്
X C




# കാണാതെ പോയത്

ആ പ്രഭാതത്തിന്റെ നനുത്ത തെന്നൽ
എന്റെ മേൽ വീശിയില്ല.
ആ ചൂടുകാപ്പിയുടെ മാധുര്യം
എന്റെ നാവിൽ രുചിയുണർത്തിയില്ല...
മനസ്സിന്റെ ഒരു കോണിൽ പുകഞ്ഞു നീറുന്നു
അറിയില്ല എന്തെന്ന് ഓർക്കാൻ ശ്രമിച്ചു
എങ്കിലും വന്നില്ല എന്നോർമ്മകളിൽ അമ്മ
പലരും എന്നെ സ്നേഹിച്ചെങ്കിലും
ഉള്ളുകണ്ടവർ അവർ മാത്രം
മറന്നിരുന്നു അവരെ ഞാൻ
എന്നാൽ വേദനയോടെ ഇന്ന് ഓർക്കുന്നു
വാത്സല്യത്തിന്റെ നിറകുടമായ അവരെ
ഞാൻ എന്നെങ്കിലും ശ്രദ്ധിച്ചുവോ
തേനും പാലും സ്നേഹാമൃതമായി തന്ന-
ദിവ്യകരങ്ങൾ  കണ്ടില്ലെന്നു നടിച്ചുവോ
അമ്മ എന്ന രണ്ടക്ഷരത്തിന്റെ
വ്യാപ്തിയും ആഴവും കാണാതെ പോയി ഞാൻ
കണ്ടില്ല ഞാൻ ആ സ്നേഹ സ്പർശങ്ങൾ
കാണുവാൻ ഉൾക്കണ്ണു തന്നെ വേണം
അടുക്കളയിലെ തീയും പുകയും തിന്നവൾ
വേദനയുടെ മൂർച്ചയേറിയ ശരങ്ങൾ
മനസ്സിൽ സ്വയം കുത്തി മുറിവേൽപ്പിച്ചവൾ
അമ്മയുടെ കണ്ണീർക്കണങ്ങൾ തീജ്ജ്വാലയായ്
ഇന്നെൻ മനസ്സിൽ കത്തിപ്പടരുന്നു
മുടികൾ നരച്ചിരുന്നു... കാഴ്ച കുറഞ്ഞിരുന്നു....
ആ ഇരുണ്ട പകലിൽ അവർ എങ്ങോ മറഞ്ഞു
ഇന്നു ഞാൻ ചിരകാലസ്മരണകൾ അയവിറക്കവേ
മറയുന്നു എങ്ങോ... എന്നമ്മ

# കാലം മായ്ക്കാത്ത ഓർമകൾ



റഹ്ന എ.
X H

**അ**ടുത്ത മാർച്ചിൽ ഞങ്ങളും വിട പറയും, ഞാറമരങ്ങൾ തണലുവിരിക്കുന്ന പ്രിയ രാജാസിനോട്... അറിവുകളും ഉപദേശങ്ങളും നൽകി മനസ്സിന്റെ ഇരുളകറ്റിയ അധ്യാപകരോട്... എല്ലാത്തിലുമുപരി എന്നെ ഞാനാക്കി മാറ്റിയ എന്റെ പ്രിയ സുഹൃത്തുക്കളോട്... ഇനി ഒരു പുതിയബാച്ചുകൂടി ചരിത്രത്തിന്റെ താളുകളിലേക്ക് എഴുതിച്ചേർക്കപ്പെടുന്നു. ഇതുവരെ രാജാസിന്റെ കുതിപ്പും കിതപ്പും അറിഞ്ഞ്, വിദ്യാലയത്തിന്റെ എല്ലാമായിരുന്നവർ ഇനി ഒന്നുമല്ലാതാകുന്നു. ഓരോ വർഷവും ഓരോ ബാച്ചിനെ പടിയിറക്കുന്ന രാജാസിലെ മൺതരികൾക്കും കാറ്റാടി മരങ്ങൾക്കും ഈ പടിയിറക്കവും ഒരു പുതുമയല്ലായിരിക്കാം. പക്ഷെ, ഈ വർഷത്തോട് കൂടി വിടപറയുന്ന ഞങ്ങൾക്കിത് ഉൾക്കൊള്ളാൻ കഴിയുന്നില്ല.





കലാലയ ജീവിതം ഓർമ്മയിലേക്ക് ചേക്കേറുകയാണ്. യാഥാർത്ഥ്യങ്ങളുടെ നിഴൽപാടുകൾ മാത്രമുള്ള ജീവിതത്തെരുവിലേക്ക് നടന്നു തുടങ്ങാൻ കാലമായി. വർണ്ണങ്ങളുടെ മായികലോകത്തിലെ സ്വപ്നങ്ങളുടെ മൺചിരാതുകളായി മനസ്സിൽ കൊത്തിവെച്ച സൗഹൃദബിംബങ്ങളെ നിറം മങ്ങാതെ കാത്തുവെച്ച് പടിയിറങ്ങാനായിരിക്കുന്നു....

ഞങ്ങളുടെ ഈ പ്രിയ കലാലയത്തിൽ എന്നും വസന്തമാണ്. ഇവിടെ മണിക്കൂറുകൾക്ക് ദൈർഘ്യം കുറവാണ്. രാജാസിന്റെ ഘടികാരം വളരെ വേഗത്തിൽ ചലിക്കുന്നു. കാലം ഇവിടെ വിശ്രമമില്ലാതെ സഞ്ചരിക്കുന്നു. ബന്ധങ്ങളെ യാതൊരു ദയയുമില്ലാതെ പിടിച്ചകറ്റുന്നു. ആദ്യമായി ഇവിടെ എത്തുമ്പോൾ അപരിചിതത്വത്തിന്റെ മൂടുപടമണിഞ്ഞ ഒരുപാട് പേരായിരുന്നു ചുറ്റും. പക്ഷേ അഞ്ച് വർഷങ്ങൾക്കിപ്പുറം, അവരെല്ലാം പറിച്ചുമാറ്റാനാകാത്ത വിധം ആത്മാവിനോടിഴുകിച്ചേർന്നിരിക്കുന്നു. യാത്ര പറയാനാകുമ്പോൾ നമുക്ക് തോന്നുന്നത് ജനിച്ചിട്ടിതുവരെ നാമൊരുമിച്ചായിരുന്നുവെന്നാണ്. പക്ഷേ, കാലം ചതുരംഗപലകയിൽ കാര്യങ്ങൾ നീക്കുമ്പോൾ ഒരുപാട് പേർ ദൂരേക്ക് തെറിക്കുന്നു.

കടന്നുപോയ ഓരോ നിമിഷങ്ങളുടെയും മൂല്യം ഇപ്പോഴാണ് തിരിച്ചറിയുന്നത്. ഇവിടെ കഴിഞ്ഞ ദിനങ്ങളിലെല്ലാം വിശ്വസിച്ചിരുന്നത് ഈ രാജാസ് എന്നും ഞങ്ങൾക്കവകാശപ്പെട്ടതാണ് എന്നാണ്. കഴിഞ്ഞ ബാച്ച് യാത്ര പറഞ്ഞ് പോയപ്പോൾ ഞങ്ങളെന്നും ഇവിടെയുണ്ടാകുമെന്ന് വെറുതെ വിശ്വസിക്കുകയാണ് ചെയ്തത്. പക്ഷേ, ഞങ്ങൾക്ക് പോയെ തീരൂ എന്ന യാഥാർത്ഥ്യം ഇപ്പോൾ ഉൾക്കൊള്ളാൻ വയ്യ.

ഇനി മുതൽ ഞാൻ തനിച്ചാകുന്നു. എല്ലാത്തിനും കൂടെയുണ്ടായിരുന്ന ഈ വിദ്യാലയം അകലുന്നു. വാത്സല്യമാകുന്ന ഏട്ടന്റെയും നേർവഴി കാട്ടുന്ന തോഴന്റെയും അങ്ങനെ എല്ലാ വേഷങ്ങളും ഈ വിദ്യാലയം എനിക്കുവേണ്ടി അഭിനയിച്ചു. ഇപ്പോൾ എല്ലാവരും ഓർമിപ്പിക്കുന്നു പോകാൻ സമയമായെന്ന്. വിദ്യാലയത്തിലേക്ക് ആദ്യമായി കടന്നുവന്നപ്പോൾ പുഞ്ചിരിയോടെ സ്വീകരിച്ച രാജാസ് കവാടവും കാറ്റാടി മരങ്ങളും നിശബ്ദമായി ചോദിക്കുന്നു "എന്താ പോകുന്നില്ലേ?" എല്ലാം അനിവാര്യം. പുതിയ ബാച്ചിനുവേണ്ടി വഴിമാറിക്കൊടുത്തേ മതിയാകൂ. എത്ര വേദനയുണ്ടെങ്കിലും ഒരു നിമിഷംപോലും നിൽക്കാൻ അർഹതയില്ല.

എന്റെ കാൽപാടുകൾ പതിഞ്ഞുമാഞ്ഞ ഈ രാജാസിന്റെ നെഞ്ചിലൂടെ ഒരിക്കൽകൂടി നടക്കാൻ, ആ ക്ലാസ് മുറികളിലിരിക്കാൻ, കാറ്റാടിമരത്തിന്റെ ഇളം കാറ്റേൽക്കാൻ.... സാധ്യമല്ലെങ്കിലും മനസ്സ് വെറുതെ.... മോഹിക്കുന്നു.

സൗഹൃദങ്ങൾ തരുന്ന സാന്ത്വനങ്ങൾ തന്നെയാണ് ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം. കൂട്ടായ്മയാണ് കലാലയത്തിന്റെ മുഖമുദ്ര. വില കുറഞ്ഞ തമാശകളിലും വെറുതെ ചിരിച്ച്, വിങ്ങുന്ന മൗനത്തെ വാക്കുകളിലൊളിപ്പിച്ച്, ഞങ്ങൾ പടിയിറങ്ങാനൊരുങ്ങുമ്പോൾ ജീവിതത്തിന്റെ ആവർത്തനങ്ങൾക്കുനേരെ ലാഘവത്തോടെ മന്ദഹസിച്ചുകൊണ്ട് വയസ്സൻ ഞാറമരവും ആ സുന്ദരമായ തടാകവും ഇനി പുതിയ വസന്തങ്ങളെ കാത്തിരിക്കുന്നു........ ■

> *"Hurting someone is as easy as cutting the tree, but making someone happy is like growing the tree. It takes lot of time".*



ഷഹനാസ് പി.
IX A

# അവൾക്കായ്


എന്റെ കലാലയ ജീവിതത്തിൽ
എനിക്കുണ്ടായിരുന്ന ഒരു സുഹൃത്ത്
ജീവിതത്തിൽ ഇന്നോളവും
അവളെന്റെ അരികിൽ ഉണ്ടായിരുന്നു.
കളിച്ചും രസിച്ചും ചിലവഴിച്ചും
എന്റെ സന്തോഷം അവളുടേതാണ്
എന്റെ സങ്കടം ഞങ്ങളുടേതാണ്
സന്തോഷവും സ്വപ്നങ്ങളും നിറഞ്ഞ-
തായിരുന്നു ഞങ്ങളുടെ ബന്ധം
ഇന്നോളം വേർപ്പെടാത്തത്
ഇന്നിതാ ഞങ്ങൾ പിരിയാറായ്
ഇനിയെന്നു കാണുമെന്നറിയില്ല
ഇനിയെന്നു മിണ്ടുമെന്നറിയില്ല
കാത്തിരിക്കും ഇനിയൊരു ദിവസ്സത്തിനായ്.
അവൾക്കായ്, അവൾക്കു മാത്രമായ്.



ഷാഹിന ജബീൻ പി.
X E

# പൂക്കാലം

ഒരിറ്റു സ്നേഹമേ ഞാൻ ചോദിച്ചുള്ളൂ
നീ തന്നത് സ്നേഹത്തിന്റെ പൂക്കാലം തന്നെയായിരുന്നു.
ഒരിക്കലും വാടരുതെന്നും
ഒരു പൂമൊട്ടുപോലും നശിക്കരുതെന്നും കരുതി
പൂന്തോട്ടം മുഴുവൻ ഞാനെൻ മനസ്സിന്റെ
അദൃശ്യമുള്ളുകളാൽ വലയം തീർത്തു.
എന്റെ സ്നേഹത്തിൻ മൂർച്ചയുള്ള മുള്ളുകൾ
നിന്നെ കീറിമുറിക്കുന്നുവെന്നും,
എന്റെ അദൃശ്യകരങ്ങൾ നിന്നെ
ശ്വാസം മുട്ടിക്കുന്നുവെന്നുമറിഞ്ഞിട്ടും,
എന്തോ എനിക്കാവുന്നില്ല
സ്വതന്ത്രമായ ആകാശത്തേക്ക് നിന്നെ തുറന്ന് വിടാൻ
ഇനിയും വൈകിയിട്ടില്ലെന്നും
പറക്കാം നിനക്ക്, എൻ കരമറുത്ത് മാറ്റിക്കൊണ്ട്
ഈ പൂന്തോട്ടം കരിച്ച് കളഞ്ഞിട്ട്
മുള്ളുകളില്ലാത്ത സ്വതന്ത്ര നീലിമയിലേക്ക്
ഞാൻ മനസ്സിലാക്കണമായിരുന്നു
പൂന്തോട്ടത്തിന്റെ കാവൽക്കാരിക്ക്
പൂക്കാലം സ്വന്തമല്ലെന്ന്





ശ്രീരാഗ് ടി.
X C

# കിനാവുകൾ

സ്നേഹം
അഗാധ സമുദ്രങ്ങളിൽ
ചുറ്റപ്പെട്ടൊരു ദ്വീപായിരുന്നു
മനസ്സിൽ
തല തല്ലി മരിച്ച
ഓരോ മോഹത്തിരകളും
നക്ഷത്രക്കുഞ്ഞുങ്ങളായി
വേലിയേറ്റങ്ങളിൽ
പൊങ്ങിയും താഴ്ന്നും
തിമിർത്താടുന്നു.
മുകിലുറഞ്ഞ മാനവും
മരവിച്ച ഭൂമിയും
നിന്നിലേക്കൊഴുകി
പ്രണയമുരുകിയ
എന്റെ പ്രാണനിപ്പോൾ
നിലാവിനെ പുൽകി
മഞ്ഞു പെയ്യുന്നു
നോവ് കിനിയുന്ന
ആലസ്യത്തിൽനിന്നും
മോചനം മോഹിക്കാതെ
ഞാനിപ്പോഴും
ആ തുരുത്തിൽ ഏകനായ്...

---



അപർണ വിപാൽ
VII D

# പെൺകുഞ്ഞ്

നന്മയില്ലാത്ത നാട്ടിൽ
പിറന്ന പെൺകുഞ്ഞിനാൽ
മാതാപിതാക്കൾക്ക് നോവ്

നെഞ്ചിൽ പിടയുന്ന
നൊമ്പരമായ് പെൺകുഞ്ഞിനെ
കാത്തൊരു നിൽപ്പ്

ബസിലും തീവണ്ടിപ്പാളത്തിലും
നൊന്തുപിടയുന്ന മക്കൾ

നൊന്തുകരയുന്ന
പിഞ്ചുകുഞ്ഞുങ്ങളെ
രണ്ടു കണ്ണാൽ
നിങ്ങൾ നോക്കൂ

നൊന്തുപിടയുന്ന അമ്മ
മനസ്സുകളിൻ വേദന
നിങ്ങളൊന്നോർത്തുനോക്കൂ
സ്നേഹിക്കുക പരസ്പരം നമ്മൾ

തീർക്കല്ലേ
ഒരു പെൺകുഞ്ഞാശിച്ച ജീവിതം




# പുഴയൊഴുകുന്നു...




നജ്‌ല പി.
IX D

മെലിഞ്ഞ് മെലിഞ്ഞ് ഇല്ലാതാവുന്നുവെങ്കിലും
പുഴ ഒഴുകിക്കൊണ്ടേയിരുന്നു
പരാതിയില്ലാതെ...
പരിഭവമില്ലാതെ...
ആസ്വദിക്കാൻ ആളില്ലാതെ,
വർണിക്കാൻ ആരുമില്ലാതെ,
ഒഴുകിക്കൊണ്ടേയിരുന്നു
തികച്ചും അനാഥയായി..
അനാഥത്വത്തിന്റെ കാറ്റടിച്ചപ്പോൾ
തീരത്തെ മണൽതരികളും പുൽച്ചെടികളും
ആഞ്ഞുപതിച്ചത്
പുഴയിലേക്കായിരുന്നു
പുഴയുടെ കാലനായെത്തിയ മണൽ ലോറികൾ...
കൂട്ടായ് ഒഴുകാനെത്തിയ മാലിന്യകൂമ്പാരങ്ങൾ...
തെളിഞ്ഞ ജലത്തെ ശരവേഗത്തിൽ
കൊടുംവിഷമാക്കും ക്രൂരകരങ്ങൾ
ഉള്ളിൽ ദുഃഖസാഗരമൊളിപ്പിച്ച്
ഏറ്റുവാങ്ങിയില്ലേ എല്ലാം...
എന്നിട്ടും മനുഷ്യാ...
നീ മനസ്സിലാക്കുന്നില്ല,
പുഴയെന്ന രണ്ടക്ഷരത്തിന്റെ മഹത്വം
ആകാശത്തേക്കാളേറെ വിശാലമാണെന്ന്
ഭൂമിയേക്കാളേറെ സുന്ദരമാണെന്ന്.





---

# സ്നേഹദീപം



റംസീറ സി.
X H

ഈരേഴു ലോകങ്ങൾ
തിരിയിട്ടു പൂജിക്കു-
മൊരു സ്നേഹദീപമാണമ്മ
എട്ടു ജന്മങ്ങളൊ-
രുമിച്ചു തീർത്താലു-
മണയാത്ത നൻമയാണമ്മ
മണ്ണിന്റെ നെഞ്ചിലെ
ഹരിതമാണമ്മ
വിണ്ണിന്റെ കൈകൾ
തൻ വരദാനമമ്മ
താഴത്തു വെക്കാതെ
പോറ്റിയൊരമ്മ
എന്നെ താരാട്ടു
പാടിയുറക്കിയൊരമ്മ
കരയാൻ തുനിഞ്ഞാലു-
ണർന്നുടനെന്നെ
തലയിൽ തലോടി
മയക്കുമെന്റമ്മ
ഭൂമിയിൽ കൺകണ്ട
ദൈവമാണമ്മ
ഇന്ന്
ഭൂമിയേക്കാളേറെ
ക്ഷമയുള്ളവളെന്നമ്മ



# അന്ത്യ നിമിഷം

**അ**യാളുടെ മുഖത്തെ രോമങ്ങൾ പാറിപ്പറന്നു കിടക്കുന്നു." ശരീരമാണെങ്കിൽ ശുഷ്കിച്ച് ജരാനരകൾ ബാധിച്ച് വിറങ്ങലിച്ചിരിക്കുന്നു.



അയാളുടെ കണ്ണുകളുടെ ദയനീയതയിൽ പീള നിറഞ്ഞിരിക്കുന്നു. മരണത്തെ വരിക്കാൻ സമയമായെന്ന് മക്കൾ ആക്രോശിക്കുന്നു. "ലവന് വണ്ടി കിട്ടിയില്ലേ'' എന്ന് മകനും മകളും അടക്കം പറഞ്ഞ് പൊട്ടിച്ചിരിക്കുന്നു. അവരൊക്കെ തിരക്കിലാണ്. അന്ത്യനിമിഷം തന്റെ മൊബൈൽ ക്യാമറയിൽ പകർത്തുകയാണ് പേരക്കുട്ടി. ബന്ധുക്കളെ ഉചിതമായ സ്ഥാനത്ത് നിർത്തി ഫോട്ടോയും വീഡിയോയും എടുക്കുന്നു. അതിനിടയിൽ ഒരു ദയനീയ ശബ്ദം. വെ..... ള്ളം... വെ.....ള്ളം.... മൂത്തമകൻ വെള്ളവുമായെത്തി. വെള്ളം നൽകുന്നതും അന്ത്യശ്വാസം വലിക്കുന്നതും വ്യക്തമായി മൊബൈലിൽ ചിത്രീകരിക്കാൻ ശ്രദ്ധിക്കുകയാണ് പേരക്കുട്ടി. മുത്തച്ഛന് വെള്ളം നൽകുന്നത് കൃത്യമായും സൂക്ഷ്മമായും മൊബൈലിൽ പകർത്തുന്നതിനായി അവൻ അച്ഛന്റെ സ്ഥാനം പുനർനിർണയിച്ചു. മക്കളേയും മരുമക്കളേയുമെല്ലാം കട്ടിലിനു ചുറ്റും നിർത്തി ""ഒടുക്കത്തെ ഫോട്ടോയല്ലെ''. എല്ലാവരും ചുണ്ടിൽ ചായവും, കണ്ണിൽ ഗ്ലിസറിനും പുരട്ടി. എന്നിട്ടും കരച്ചിൽ വരാത്തതിനാൽ കരയുന്നതായി അഭിനയിച്ചു. ഇതെല്ലാം കഴിഞ്ഞ് ലൈറ്റ് ക്രമപ്പെടുത്തി. മൊബൈൽ ക്യാമറക്കാരൻ പേരക്കുട്ടി വെള്ളം കൊടുക്കാൻ അനുമതി നൽകുമ്പോഴേക്കും ആ പാവം മുത്തച്ഛൻ വെള്ളം കിട്ടാതെ മരണത്തിലേക്ക് വഴുതി വീണിരുന്നു.... ■

ബുഷറ തസ്നിമ
IX E

> *One good action is greater than a million good intentions. People judge themselves by their intentions yet they judge others by their actions.*

## സൗജന്യ അവധിക്കാല കോഴ്സുകൾ

1. സ്പോക്കൺ ഇംഗ്ലീഷ് & കമ്മ്യൂണിക്കേഷൻ സ്കിൽ
2. ബേസിക് ഇലക്ട്രിക്കൽ ട്രെയ്നിംഗ്
3. ബേസിക് ഇലക്ട്രോണിക്സ്
4. ബേസിക് ബ്യൂട്ടീഷ്യൻ കോഴ്സ്

*14 വയസ്സ് തികഞ്ഞവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ NCVT സർട്ടിഫിക്കറ്റ് ലഭിക്കുന്ന ഈ കോഴ്സുകൾക്ക് പ്രവേശനം പൂർണമായും സൗജന്യമാണ്.*

# കോമളITI

എ.വി.എസ് റോഡ്, കോട്ടക്കൽ

ഫോൺ: 9447 145621

# ഒടുക്കം




അനീസ എ
VI A

അഴുക്ക് പിടിച്ച ആ ഭിത്തിയിലേക്ക്തന്നെ അവൾ നോക്കിയിരുന്നു. മനസ്സിൽ പല ഓർമകളും ഓളമിട്ടൊഴുകുകയായിരുന്നു. കട്ടിലിൽ നിന്ന് അവൾ പതിയെ എണീറ്റു. തുറന്നിട്ട ജാലകത്തിലൂടെ നോക്കിയാൽ പരന്നു കിടക്കുന്ന കടൽ കാണാം. കടലും ദുഃഖവും സാമ്യമുള്ളതാണ്. കരകവിഞ്ഞൊഴുകും. പലപ്പോഴും ആർത്തിരമ്പും. സുജാത കണ്ണുകൾ തുടച്ചു.

"ഒറ്റപ്പെടൽ'' ആണ് ജീവിത്തിലെ ദുസ്സഹമായ അവസ്ഥ. അതിനെയാണ് ഞാനിപ്പോൾ തരണം ചെയ്യുന്നത്. അർത്ഥമില്ലാത്ത ഈ ജീവിതത്തിൽ ഉദയം ഉണ്ടാകുന്നത് ആഴ്ചയിലൊരിക്കൽ സന്ദർശനം നടത്തുന്ന സിസ്റ്റർമാരുടെ വരവ് കാണുമ്പോഴാണ്. അവരിൽ ചിലർ സഹതാപത്തോടെയും കാരുണ്യത്തോടെയും വെറുപ്പോടെയും പരിഹാസത്തോടെയും തന്നെ നോക്കിക്കാണുന്നു. അതിൽ എനിക്ക് യാതൊരു വിധ പരാതിയുമില്ല. ആരോരുമില്ലാത്ത അനാഥരായ രോഗികളെ കാണാനെങ്കിലും അവർ വരുന്നുണ്ടല്ലോ. ഇവരുടെ സന്ദർശനം ദിവസത്തിലൊരിക്കലാക്കിയാലെന്താ. പലതും പറയാനുണ്ട്. പക്ഷേ, കേവലം 13 വയസ്സുകാരിയായ തന്റെ അഭിപ്രായം ആരു സ്വീകരിക്കും. ചിന്തകൾ പലതും അവളെവലയം ചെയ്തു. ഒരാൾ കൂട്ടിനുണ്ടായിരുന്നെങ്കിൽ പലതും സംസാരിക്കാനുണ്ട്. അവൾ കിടക്കയിൽ ചാഞ്ഞു. വല്ലാത്ത ക്ഷീണം. ഒന്നു മയങ്ങി.

ഇന്ന് വെള്ളി. പുതിയ സിസ്റ്ററാണ് വരിക. അവൾ കാത്തിരുന്നു. വെള്ളയുടുത്തു കയ്യിൽ ഒരു ഫയലും പേനയും മാത്രമെടുത്തു വരികയാണാ ഐശ്വര്യവതി. തന്നോടെന്തൊക്കെയോ ചോദിച്ചു. പലതും കുറിച്ചെടു



ത്തു. ഫയൽ മടക്കി പേനയതിന് മുകളിൽ വെച്ച് ചോദിക്കയായി – ലളിതമായ ഭാഷയിൽ

"എന്താ പേര്?''

"സുജാത, അറിയില്ലേ..''

"ഉം.'' "ഒറ്റയ്ക്കാണല്ലേ.''

"''അതെ. 11-ാം വയസ്സിൽ വന്നതാണ്. ഈ ആശുപത്രിയിലേക്ക് . 2 വർഷം കഴിഞ്ഞു. തനിച്ചായിരുന്നു. അന്നും ഇന്നും എന്നും....''

"പഠനം?''

"പഠനത്തിൽ മിടുക്കിയായിരുന്നു. സ്കൂളിലും തനിച്ചായിരുന്നു. അപ്പോഴാണ് കൂട്ടിനിവൻ വന്നത്.''

"ആര്?''

"ക്യാൻസർ''

ഞാൻ പൊട്ടിച്ചിരിച്ചു. പക്ഷേ... സിസ്റ്റർ ചിരിച്ചില്ല. ഞാൻ വാതോരാതെ സംസാരിച്ചു. എല്ലാം ക്ഷമയോടെ സിസ്റ്റർ കേട്ടിരുന്നു. സിസ്റ്ററുടെ വരവ് എന്റെ ആഗ്രഹംപോലെ ദിവസത്തിലൊരിക്കലായി. പിന്നെ പിന്നെ അധികസമയവും എന്റെയടുത്തായി. എനിക്ക് കൂടുതൽ സുഖം തോന്നി. കൂട്ടിനൊരാളായല്ലോ. സംസാരിക്കാനും കളിക്കാനും ചിരിക്കാനും ഒരാൾകൂടി. ഏതാനും ദിവസങ്ങൾകൊണ്ട് സിസ്റ്റർ എന്റെ എല്ലാമായി. സുജാതേ... എന്ന് പൂർണ്ണമായി വിളിച്ചിരുന്നില്ല. സുജേ.. അത്രമാത്രം. ഞാൻ കൂടുതൽ സന്തോഷവതിയായി.

ആ സന്തോഷം അധികനാൾ നിലനിന്നില്ല. അന്നൊരു ദിവസം. എന്റെ വാശിയെ തുടർന്ന് വിടർന്നു നിൽക്കുന്ന ഒരു താമര ഇറുക്കാൻ സിസ്റ്റർ റോഡ് ക്രോസ്സ് ചെയ്യുന്നതിനിടയിൽ അത് സംഭവിച്ചു. എന്റെ സിസ്റ്റർ. എനിക്ക് പ്രിയപ്പെട്ട എന്റെയെല്ലാമായവൾ.

അന്ന്. ഞാൻ ഏറെ സങ്കടപ്പെട്ടു. മനസ്സിൽ വലിയ ഒരു ഭാരം. പലതും എനിക്ക് അനുഭവിക്കേണ്ടി വന്നു. എന്നെപ്പോലെ എത്ര പേർക്ക് സിസ്റ്റർ ഒരു തണലായിക്കാണും. മനസ്സിലെ തീരാ ദുഃഖത്തോടെ ഞാൻ ആ രാത്രിയിൽ ആശുപത്രിയിൽ നിന്ന് പുറത്തിറങ്ങി. കടലിലേക്ക്. എന്തായാലും മരിക്കണം. അത് സിസ്റ്ററുടെ കൂടെയായാൽ അത്രയും സുഖമല്ലേ. സുജാത കടലിന്നിരയായി നിന്നു. അവൾ പോവുകയാണ്. പിൻവിളിയില്ലാത്ത ആ യാത്രയിലേക്ക്. ജീവിതത്തിന്റെ ഒടുക്കത്തിൽ അവൾ ഉച്ചരിച്ച മൂന്നക്ഷരം "സിസ്റ്റർ'' എന്നായിരുന്നു. ■

> *A great saying. "The ones who love you most" Hurt you most. But then again. "They are the only ones" who feel your pain.*

# എരിഞ്ഞു തീർന്ന സ്വപ്നങ്ങൾ



ഫസ്‌ല തസ്നി വി.
IX E

**സാ**യാഹ്നം, കിളികളുടെ കലപില ശബ്ദം, ചെറുകുടിലിനു തണലായി നിൽക്കുന്ന ആ വലിയ മരത്തിൽ നിന്നും കിളികളുടെ കരച്ചിൽ കേൾക്കുന്നുണ്ട്. നന്ദു മുറ്റത്തേക്കിറങ്ങി. മരത്തിലേക്ക് നോക്കി. അമ്മക്കിളി കുഞ്ഞുങ്ങളെ മാറോടണച്ച് കരച്ചിൽ മാറ്റാൻ ശ്രമിക്കുകയാണ്. മെല്ലെ അവയുടെ കരച്ചിൽ അമർന്നു. എത്ര മനോഹരമായ കാഴ്ച. അവന്റെ കുഞ്ഞുമനസ്സിൽ



സന്തോഷത്തിന്റെ പൂവിടർന്നു. സമയം പോയതറിഞ്ഞില്ല. അവൻ അടുക്കള ഭാഗത്തേക്ക് നീങ്ങി. അപ്പോഴാണ് അമ്മയുടെ നീട്ടിയുള്ള വിളി. "നന്ദൂ... എടാ നന്ദൂട്ടാ...." അവൻ അമ്മയുടെ അരികിലെത്തി. അമ്മ അവനു നേരെ ഒരു സഞ്ചി നീട്ടിക്കൊണ്ട് പറഞ്ഞു. ""മോനേ അരി തീർന്നു. ഇന്നലെ ജാനുവമ്മേടെ കയ്യീന്നാ അരി വാങ്ങിയത്. ഇന്ന് നീ കടയിൽ പോയി കുറച്ച് അരി വാങ്ങി വാ. പൈസ പിന്നെ തരാമെന്ന് പറഞ്ഞേക്ക്" മനസില്ലാമനസ്സോടെ അവൻ സഞ്ചിയും വാങ്ങി നടന്നു. ഒരു നേരത്തെ 'ക്ഷണത്തിന് പോലും വകയില്ലാത്ത അവരുടെ കുടുംബം സ്വയം ആശ്വസിക്കുന്നത് തന്റെ മകന്റെ വളർച്ചയിലായിരുന്നു. തന്റെ മകൻ പഠിച്ച് വലിയ ഒരാളാവും. ഈ കുടിലിന്റെ സ്ഥാനത്ത് ഒരു നല്ല വീടും പട്ടിണിയും പ്രാരാബ്ദവുമില്ലാത്ത ഒരു കുടുംബജീവിതവും അവർ മകനിലൂടെ സ്വപ്നം കണ്ടു. മകന്റെ ഉയർച്ചക്കൊപ്പം അമ്മയുടെ ആഗ്രഹങ്ങളും വളരുകയായിരുന്നു.

മാസങ്ങളും വർഷങ്ങളും കൊഴിഞ്ഞുപോയി. നന്ദു വളർന്നു. അവന്റെ കുഞ്ഞിളം മനസ്സിലെ സ്വപ്നങ്ങളും വളർന്നു. കടം വാങ്ങിയും ജോലിക്കുപോയും അമ്മ നന്ദുവിനെ പഠിപ്പിച്ചു.

ഒരു നിലാവുള്ള രാത്രയിൽ അമ്മ ആകാശത്ത് തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കി ഇരിക്കുകയായിരുന്നു.

നന്ദു മെല്ലെ അമ്മയുടെ അടുത്തെത്തി. "അമ്മേ.... എനിക്ക്.... എനിക്ക് ഒരു മൊബൈൽ വേണം. സ്വപ്നത്തിൽ നിന്നും ഉണർന്നപോലെ അമ്മ നന്ദുവിനെ നോക്കി. അവൻ തുടർന്നു.'' എന്റെ എല്ലാ കൂട്ടുകാർക്കുമുണ്ട് അമ്മേ പ്ലീസ് വാങ്ങി തരൂ അമ്മേ'' അവൻ കൊച്ചുകുട്ടികളെപ്പോലെ കരയാൻ തുടങ്ങി.

"മകൻ ആദ്യമായി പറഞ്ഞ ആഗ്രഹമാണ്. അവന്റെ ഭാവിയാണ് ഞാൻ ആഗ്രഹിക്കുന്നത്. അവൻ ആരുടെ മുന്നിലും ചെറുതായിക്കൂടാ..'' അമ്മയുടെ മനസ്സിൽ ചിന്തകൾ ഉയർന്നു. അവർ വിറ്റും പെറുക്കിയും മകന്റെ ആഗ്രഹം നിറവേറ്റിക്കൊടുത്തു. നന്ദുവിന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. മകന്റെ ആനന്ദം അമ്മയുടെ കണ്ണുകൾ നിറച്ചു.

ദിവസങ്ങൾ വീണ്ടും കൊഴിഞ്ഞുപോയി. പിന്നീട് പലപ്പോഴും നന്ദു വൈകിയാണ് വീട്ടിലെത്താറ്. അപ്പോഴെല്ലാം അവൻ പല കാരണങ്ങൾ പറഞ്ഞ് അമ്മയിൽനിന്നും ഒഴിഞ്ഞുമാറി.

ഒരു രാത്രി അമ്മ അവനെയും കാത്ത് ഇരിക്കുകയായിരുന്നു. മങ്ങിയ നിലാവെളിച്ചത്തിൽ അകലെനിന്നും ഒരു രൂപം ആടിയാടി വരുന്നത് അവർ കണ്ടു. അത് അടുത്ത് വരുന്തോറും അവരുടെ മനസ്സിൽ ഭീതി നിറഞ്ഞു. അടുത്ത് വരുന്തോറും മദ്യത്തിന്റെ രൂക്ഷമായ ഗന്ധം പരന്നു. അവരുടെ മനസ്സ് പിടഞ്ഞു. കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. നന്ദു അമ്മയെ നോക്കി. അവൻ പറഞ്ഞു: "എനിക്ക് കാശ് വേണം. ഒരു ബൈക്ക് വാങ്ങണം" അമ്മ അവനോട് സൗമ്യമായി പറഞ്ഞു. ഒരു നേരത്തെ 'ക്ഷണത്തിന് ബുദ്ധിമുട്ടുന്ന ഈ വീട്ടിൽ ഇത്രയും കാശ് എവിടുന്നാ മോനേ... എന്നാൽ അവനത് കേൾക്കാനുള്ള സമയമുണ്ടായിരുന്നില്ല. അവൻ അമ്മക്കു നേരെ അലറുകയായിരുന്നു. കൂട്ടിലെ കിളിക്കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി. ഇനി ഈ നശിച്ച വീടിന്റെ പടി ചവിട്ടില്ലെന്നും പറഞ്ഞ് നന്ദു വീടുവിട്ടിറങ്ങി. നന്ദൂ.... മോനേ..... നന്ദൂ.... അവരുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. കരയാൻ പോലും കണ്ണീരില്ലാതെ അവരുടെ ദയനീയമായ സ്വരം എവിടെയോ ചിന്നിച്ചിതറി. "തന്റെ മകൻ നശിച്ചു. ചീത്ത കൂട്ടുകെട്ടും മദ്യവും മയക്കുമരുന്നും എല്ലാം അവനെ എന്നിൽ നിന്നും അകറ്റുകയാണെന്ന് ഞാനറിഞ്ഞില്ലല്ലോ ദൈവമേ.... എന്റെ പ്രതീക്ഷകൾ, സ്വപ്നങ്ങൾ, എല്ലാം... എല്ലാം..... നശിച്ചു അവർ തേങ്ങി....

ഇന്നും ആ അമ്മ വഴിയോരത്തേക്ക് നോക്കിയിരിക്കുന്നു. തന്റെ പൊന്നുമോൻ വരുമെന്ന പ്രതീക്ഷയോടെ... അവരുടെ നനഞ്ഞ മിഴികൾ എന്നും അവനെ തിരയുകയായിരുന്നു....

ആ വഴിയോര പാതയിൽ... ■

> *The man who is always smiling doesn't means that he has no problem but the smile shows that he has the ability to overcome all the problems.*

**കോട്ടക്കൽ** – ആയുർവ്വേദത്തിന്റേയും, കേളികൊട്ടിന്റേയും കഥകളിയുടേയും ചരിത്രഭൂമി. ചരിത്രത്തിന്റെ പ്രിയ സംഗമ ഓർമകളുടെ കാറ്റേറ്റ് നിൽക്കുന്ന മലബാറിന്റെ പ്രിയനഗരി. പൂർവ്വപ്രതാപങ്ങളുടെ വർണമേളങ്ങൾ പെയ്തുവീണ നിലം. ആതുര ശുശ്രൂഷയുടെ സ്നേഹാലയം. കോട്ടകൊത്തളങ്ങുടേയും അധിനിവേശത്തിനെതിരെ പടപൊരുതിയ ധീര യോദ്ധാക്കളുടെ ഓർമ്മകൾ വീണുറങ്ങുന്ന മണ്ണ്. ജീവിതം തന്നെ ചരിത്രമാക്കി ചരിത്രത്തിന്റെ താളുകളിലേക്ക് നടന്നു നീങ്ങിയ പി. എസ്. വാര്യർ എന്ന മഹാനുഭാവന്റെ ഓർമ്മകൾ ഇന്നും ഈ സ്വപ്നനഗരി നെഞ്ചോടു ചേർക്കുന്നു. ലോകഭൂപടത്തിൽ കോട്ടക്കലിന് ഒരു മഹ

ആധുനിക യന്ത്രവത്കൃത യുഗത്തിൽ കോട്ടക്കൽ മാറിയിരിക്കുന്നു. ചരിത്രത്തിൽ തലയെടുപ്പോടെ നിന്നിരുന്ന കെട്ടിടങ്ങളും കോട്ടകളും ഇന്ന് ഓർമ്മകൾ മാത്രമായി. എങ്കിലും ഇന്നും കെടാത്ത കൈത്തിരിവെട്ടം പോലെ മതസൗഹാർദ്ദവും മാനവികതയും ഇന്നും കോട്ടക്കൽ മുറുകെ പിടിച്ചിട്ടുണ്ട്. രാജ്യം പത്മശ്രീയും പത്മഭൂഷണും നൽകി ആദരിച്ച ശ്രീ. പി.കെ. വാരിയർ എന്ന മനുഷ്യസ്നേഹിയാണ് ഇന്ന് ഈ സ്വപ്നനഗരിയുടെ സാരഥി. അഷ്ടാംഗ ഹൃദയത്തിന്റെ ആത്മാവായ ആയുർവ്വേദത്തെ ലോക സ്വീകാര്യതയിലേക്ക് ഉയർത്തിയതിൽ ഈ നൂറ്റാണ്ടിൽ ഈ മഹാമന



മുഫീദ കെ.
XI

നേടാത്ത ഒരു കാലഘട്ടത്തിൽ വസൂരി എന്ന മഹാവിപത്തിനെ ഇല്ലായ്മ ചെയ്യാൻ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും ഔഷധങ്ങൾക്കും കഴിഞ്ഞിരുന്നു. നാടിനെ മുടിക്കാൻ ദൈവകോപമായി വരുന്ന വസൂരിയെ നാട്ടുകാർ പേടിച്ചിരുന്ന കാലഘട്ടത്തിൽ പി. എസ്. വാര്യർ എന്ന ചരകമഹർഷി അവർക്ക് ആശ്വാസവും, ഔഷധവും നൽകി. 1902ലാണ് കോട്ടക്കൽ ആര്യവൈദ്യശാല സ്ഥാപിതമായത്. കോട്ടക്കലിന്റെ ചരിത്രത്തെ മാറ്റിമറിച്ചതിൽ ഏറ്റവും വലിയ പങ്ക് ആര്യവൈദ്യശാലാ സ്ഥാപകനായ വൈദ്യരത്നം ഡോക്ടർ പി.എസ്. വാര്യർക്ക് അവകാശപ്പെട്ടതാണെന്ന് നിസ്സംശയം പറയാം. ഇന്ന് ആര്യ




# കോട്ടക്കൽ – തായ്‌വേരുകളിൽ ചിതലരിക്കാത്ത സംസ്കാര നഗരി

ത്തായ സ്ഥാനം ദൈവതുല്യനായ ഈ ഭിഷഗ്വരന്റെ ചെയ്തികളാൽ ലഭിച്ചതാണെന്ന് നിസ്തർക്കമായ യാഥാർത്ഥ്യമാണ്. മലയാളികളുടെ സാംസ്കാരിക പൈതൃകത്തെ മുദ്രകളാൽ സമ്പന്നമാക്കുന്ന കഥകളിയുടെ പരീക്ഷണശാല കോട്ടക്കലാണ്. എത്രയെത്ര കഥകളി വിദ്വാൻമാരാണ് ഈ മലയാളത്തനിമയുള്ള കലാരൂപത്തെ ഇന്നും കോട്ടക്കലിന്റെ സ്വകാര്യ അഭിമാനമാക്കി മാറ്റുന്നത്.

സ്കന്റെ പങ്ക് എടുത്തു പറയേണ്ടതാണ്. നഷ്ട പ്രതാപങ്ങളുടെ കഥകൾ പറയാൻ ഈ പൈതൃകനഗരത്തിന് ഇന്ന് ഒരുപാട് കൊതിയുണ്ട്... ഒരുപാട്... ഒരുപാട്....

**കോട്ടക്കൽ ആര്യവൈദ്യശാല**

ലോകജനതക്ക് കോട്ടക്കൽ സുപരിചിതമാകുന്നത് കോട്ടക്കൽ ആര്യ വൈദ്യശാല എന്ന മഹത്തായ സ്ഥാപനത്തിന്റെ ഖ്യാതിയിലൂടെയാണ്. വൈദ്യശാസ്ത്രം പുരോഗതി

വൈദ്യശാലക്കുള്ള വളർച്ചയും പ്രശസ്തിയും അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിമൂലം ഉണ്ടായതാണ്. കാലചക്രം അതിന്റെ കലണ്ടറിൽ എവിടെയാണ് പി.എസ്. വാര്യരെ രേഖപ്പെടുത്തുക. പല കളങ്ങൾ വേണ്ടി വരും അതിന്. നവോത്ഥാന നായകൻ, ആയുർവേദത്തിന്റെ ഉദരകൻ, സഹൃദയൻ, മനുഷ്യസ്നേഹി... പല രാജ്യങ്ങളിലും, ഇന്ത്യയുടെ നാനാഭാഗത്തും ഇന്ന് ആര്യവൈദ്യ

ശാലക്ക് ശാഖകളുണ്ട്. ആധുനിക കാലത്ത് ആയുർവ്വേദത്തിന്റെ സ്വീകാര്യതക്കുള്ള നിത്യ സാക്ഷ്യങ്ങളാണ് ഈ ശാഖകൾ

കോട്ടക്കൽ ആര്യവൈദ്യശാലാ ചാരിറ്റബിൾ ഹോസ്പിറ്റൽ

ആതുരസേവനം കീശയിലൊതുങ്ങാത്ത നോട്ടുകെട്ടുകളുടെ അടിത്തറയിൽ കെട്ടിപ്പൊക്കിയ കൊത്തളങ്ങളാണെന്ന പല്ലവിക്ക് ഇവിടെ വിട. പാവപ്പെട്ട മനുഷ്യരുടെ ആശ്രയകേന്ദ്രമാണ് ചാരിറ്റബിൾ ഹോസ്പിറ്റൽ. പരിശോധനയും ഔഷധവും പ്രാരംഭകാലം മുതലേ ഇവിടെ സൗജന്യമാണ്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ വിഷചികിത്സാ കേന്ദ്രവും ചാരിറ്റബിൾ ഹോസ്പിറ്റലിന്റെ ഭാഗമായിട്ടുണ്ട്. പി.എസ്. വാര്യർ മ്യൂസിയവും ചാരിറ്റബിൾ ഹോസ്പിറ്റലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. ആയുർവ്വേദം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിന് സഹായകമായ ഒട്ടനവധി അപൂർവ്വ ഗ്രന്ഥങ്ങളും, താളിയോലകളും പി.എസ്. വാര്യർ മ്യൂസിയത്തിലുണ്ട്. ഗതകാല സ്മരണകളുണർത്തിയ ചാരിറ്റബിൾ ഹോസ്പിറ്റൽ അശരണർക്ക് ഒരാശ്രയമായി ഇന്നും നിലകൊള്ളുന്നു.

**ചരിത്രസ്മാരകം**

വൈദേശിക അധിനിവേശത്തെ ചങ്കുറപ്പോടെ നേരിട്ടവരാണ് കോട്ടക്കൽ നിവാസികൾ. വെള്ളക്കാരന്റെ തോക്കിന് മുന്നിൽ സധൈര്യം നിന്ന മലബാറിന്റെ മാപ്പിളമക്കളുടെ ധീരമായ ചെറുത്തുനിൽപ്പിന്റെ വിപ്ലവമായ "മാപ്പിള ലഹള"ക്കാലവുമായി ബന്ധപ്പെട്ട് കോട്ടക്കലിന് ഒരുപാട് കഥകൾ പറയാനുണ്ട്. 1921ലെ പടപ്പുറപ്പാടിന്റെ ഒളിമങ്ങാത്ത ചരിത്ര സ്മാരകം ഇന്ന് കോട്ടക്കലുണ്ട്. വെള്ളപ്പട്ടാളം മമ്പുറം പള്ളി വളഞ്ഞതറിഞ്ഞ പോരാട്ടക്കാർ തിരൂരങ്ങാടിയിലേക്ക് പുറപ്പാട് നടത്തിയത് ബസ്റ്റാന്റിന്റെ തൊട്ടുമുന്നിൽ. പാർട്ടി ബോഡുകളാൽ മറഞ്ഞ് ആരും ശ്രദ്ധിക്കാതെ കിടക്കുന്ന സ്മാരകത്തിൽ നിന്നും ചരിത്ര വസ്തുത അറിയുന്നവർ വളരെ വിരളമാകും.

**കൊത്തളം**

പുതുതലമുറക്ക് ഇന്ന് അന്യമാണ് ഈ കൊത്തളം. കോട്ടക്കലിന്റെ ദൃശ്യഭൂപടത്തിൽനിന്നും എന്നോ വേരറ്റ ചരിത്രത്തിൽ ധാർഷ്ട്യം നിറഞ്ഞ സ്മാരകം. കോട്ടക്കൽ രാജവംശത്തിലെ കാവൽപ്പുരയായിരുന്നു ഈ കൊത്തളം. പടപ്പുറപ്പാടിന്റെ ഒരു ഏറനാടൻ ഗാഥ ഈ കാവൽപ്പുരയിൽ വേരറ്റ നാൾക്കു മുമ്പ് വിതുമ്പിക്കരഞ്ഞിരുന്നു. കോട്ടക്കൽ കോട്ടപ്പടിയിലാണ് കൊത്തളങ്ങൾ ഉണ്ടായിരുന്നത്. മൊത്തം നാലു കൊത്തളങ്ങളുണ്ടായിരുന്നു. അവ കോവിലകത്തിന്റെ ചുറ്റുമതിലിന്റെ നാലുഭാഗത്തുമാണ് നിലനിന്നിരുന്നത്. പട്ടണം ആധുനികതയുടെ പടമണിഞ്ഞപ്പോൾ ഈ കൊത്തളങ്ങൾ ഓർമ്മ മാത്രമായി.

**കൈലാസ മന്ദിരം**

ആയുർവ്വേദപഠനത്തിനും ചികിത്സക്കും വൈദ്യശാലയിൽ വന്നിരുന്ന പരദേശികൾ താമസിച്ചിരുന്നത് കൈലാസ മന്ദിരത്തിലായിരുന്നു. ഹൈന്ദവ-ക്രൈസ്തവ-ഇസ്ലാമിക പ്രതീകങ്ങൾ ഒരുമിച്ച് പേറുന്ന കൈലാസ മന്ദിരത്തിന്റെ പ്രവേശന കവാടം ഇതിന്റെ വ്യക്തിത്വത്തെ സ്വയം നമുക്ക് പരിചയപ്പെടുത്തുന്നു.

**കോട്ടക്കൽ പൂരം**

വിശ്വംഭര ക്ഷേത്രത്തിലെ മഹോത്സവമായ കോട്ടക്കൽ പൂരം മീന മാസത്തിലാണ് കൊണ്ടാടപ്പെടുന്നത്. ആനയും, അമ്പാരിയും, താളമേളവും, താലപ്പൊലിയും, കുടമാറ്റവും കൂട്ടുചേരൽ കോട്ടക്കൽ പൂരത്തിന്റെ നിറവാകുമ്പോൾ അത് കാഴ്ചക്ക് അഡംബരമാകുന്നു. ജാതിമത ഭേദമന്യേ ഏവരും ഈ ഉത്സവത്തിൽ പങ്കെടുക്കുന്നു. കോട്ടക്കൽ പൂരത്തിനോടനുബന്ധിച്ച് ലോകപ്രശസ്ത കലാകാരൻമാരുടെ കലാവിരുന്ന് അരങ്ങേറാറുണ്ട്.

**പി.എസ്. വി. നാട്യസംഘം**

കഥകളിയും മറ്റ് കലാരൂപങ്ങളും പഠിപ്പിക്കാനും ഗവേഷണം നടത്താനും കോട്ടക്കൽ ആര്യവൈദ്യശാലയുടെ നേതൃത്വത്തിൽ ആരംഭിച്ച കലാസമിതിയാണ് പി.എസ്.വി. നാട്യസംഘം. ലോക പ്രശസ്തരായ പല കഥകളി വിദ്വാൻമാരും പി.എസ്.വി. നാട്യസംഘത്തിൽ നിന്നും പടിച്ചിറങ്ങിയവരാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും പി.എസ്.വി. നാട്യസംഘം കലാപരിപാടികൾ അവതരിപ്പിക്കാറുണ്ട്. കലാകൈരളിയുടെ അഭിമാനമാണ് ഇന്ന് ഈ സാംസ്ക്കാരിക കൂട്ടായ്മ.

**വെങ്കിട്ടത്തേവർ ക്ഷേത്രം**

കേരളത്തിലെ അപൂർവ്വം ചുമർ ചിത്രങ്ങളിൽ ചിലത് ചരിത്രത്തിന് മൂകസാക്ഷിയായി ഈ ആരാധനാലയത്തിന്റെ ചുമരുകളിൽ വിശ്രമിക്കുന്നു. ഇവിടത്തെ പ്രതിഷ്ഠ പരമശിവനാണ്. കോട്ടക്കലിന്റെ പഴയ പേരായവെങ്കിട്ടകോട്ട എന്നതിൽ നിന്നാണ് ക്ഷേത്രത്തിന് വെങ്കിട്ടത്തേവർ ക്ഷേത്രം എന്ന പേര് ലഭിച്ചത്. ഒമ്പതിലേറെ നൂറ്റാണ്ടുകളുടെ ചരിത്രഗാഥക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട് ഈ ക്ഷേത്രം

**കോട്ടക്കൽ മന**

കോട്ടപ്പടിയിൽ കൊത്തളത്തോട് ചേർന്നാണ് മന സ്ഥിതി ചെയ്തിരുന്നത്. ഇന്ന് ഇതിന്റെ ചില ഭാഗങ്ങൾ ആ ഗതകാല പ്രൗഢിയെ ഓർമ്മിപ്പിച്ചുകൊണ്ട് നിലനിൽക്കുന്നു. ഈ മനയിലെ ഭാരതമുറിയിൽ വെച്ചാണ് കവിയും ഭാഷാ വിദ്വാനുമായിരുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതത്തിന്റെ വിവർത്തനം നടത്തിയത്. ഹാംലെറ്റ്, ഒഥല്ലോ തുടങ്ങിയ ഷേക്സ്പിയർ നാടകങ്ങളുടെ മലയാള വിവർത്തനവും കുഞ്ഞിക്കുട്ടൻ തമ്പുരാൻ നടത്തിയത് ഈ മനയിൽ വെച്ചാണ്. ചരിത്രനേട്ടങ്ങൾക്ക് സാക്ഷിയായ മന ഇന്ന് ഇടിഞ്ഞ് പൊളിഞ്ഞ് കിടക്കുന്നു.

**1921ലെ പടപ്പുറപ്പാടിന്റെ ഒളിമങ്ങാത്ത ചരിത്ര സ്മാരകം ഇന്ന് കോട്ടക്കലുണ്ട്. വെള്ളപ്പട്ടാളം മമ്പുറം പള്ളി വളഞ്ഞതറിഞ്ഞ പോരാട്ടക്കാർ തിരൂരങ്ങാടിയിലേക്ക് പുറപ്പാട് നടത്തിയത് ബസ്റ്റാന്റിന്റെ തൊട്ടുമുന്നിൽ.**

**പാലപ്പുറ ജുമാമസ്ജിദ്**

ഏറനാടിന്റെ ചരിത്രത്തിലെ സമന്വയത്തിന്റെ ഒരു ചിത്രമാണ് ആത്മവിശുദ്ധിയുടെ ഈ ആലയം വിളിച്ചോതുന്നത്. വാണിഭക്കാരുടെ സ്രാഷ്ടാംഗത്തിനായി സാമൂതിരിയുടെ കാഴ്ചവട്ടത്ത് തുടക്കം കുറിച്ച ഈ പള്ളി ഇന്ന് ഒമ്പതു നൂറ്റാണ്ടുകളുടെ ഇടമുറിയാത്ത ചരിത്രത്തെ കോട്ടക്കലിന്റെ വർത്തമാനത്തോട് കൂട്ടിയിണക്കുന്നു. മാറ്റത്തിന്റെ നിറപ്പൊലിമയിൽ ദൈവകോപത്തിന്റെ ഓർമ്മപ്പെടുത്തലായി പടച്ചവന്റെ ഈ വീട് ഇന്നും നിൽക്കുന്നു.

**രാജാസ് ഹൈസ്കൂൾ**

കോട്ടക്കലിന്റെ ആദ്യത്തെ സ്കൂളാണ് രാജാസ്. കോട്ടക്കൽ കോവിലകത്തിന്റെ മേൽനോട്ടത്തിലാണ് സ്കൂൾ ആരംഭിച്ചത്. പിന്നീട് സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. സാമൂഹിക, സാംസ്കാരിക, കലാരംഗങ്ങളിൽ പ്രശസ്തിനേടിയ പല പ്രശസ്തരുടേയും വിദ്യാലയമാണ് രാജാസ്. ഒരു കാലത്ത് കോട്ടക്കലിന്റെ വിദ്യാഭ്യാസ സ്വപ്നം രാജാസ് മാത്രമായിരുന്നു. ഇന്ന് യു.പി. മുതൽ ഹയർസെക്കൻഡറി വിദ്യാഭ്യാസം വരെ ഈ വിദ്യയുടെ ശ്രീകോവിൽ നൽകിവരുന്നു.

**കോട്ടക്കൽ ആയുർവ്വേദ കോളേജ്**

കോട്ടക്കലിന്റെയും മലയാളിയുടേയും അഭിമാനമായ വൈദ്യരത്നം പി.കെ. വാര്യർ സ്ഥാപിച്ചതാണ് ആയുർവ്വേദ കോളേജ്. ആയുർവ്വേദ പഠനത്തിനായി തുടക്കം മുതൽ വിദേശങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ വന്നിരുന്നു. ഇന്ന് ഈ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തുവെങ്കിലും ഇതിന്റെ നിയന്ത്രണത്തിൽ ആര്യവൈദ്യശാലക്ക് നിർണായക സ്ഥാനം ഉണ്ട്.

കോട്ടക്കലിന്റെ ചരിത്രം എത്ര പറഞ്ഞാലും അവസാനിക്കില്ല. ഈ നാടിന്റെ സാംസ്കാരിക പൈതൃകം ഇവിടെ ജീവിച്ച് മരിച്ചവരിലോ, അവരുടെ നേട്ടങ്ങളിലോ മാത്രമൊതുങ്ങുന്നതല്ല കോട്ടക്കലിന്റെ ഗതകാലപുണ്യം. അത് കാലത്തേയും, ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളേയും ലംഘിച്ച് നിറഞ്ഞ് നിൽക്കുന്നു. ഈ പട്ടണത്തിന്റെ ഭാഗമായി ഈ ആധുനിക യുഗത്തിൽ ജീവിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞാൻ വിശ്വസിക്കുന്നു. കോട്ടക്കലിന്റെ മാനവികതയും, മതസൗഹാർദ്ദവും കാത്തുസൂക്ഷിക്കാൻ ഞാൻ ബാധ്യസ്ഥയാണ് എന്ന വസ്തുത ഞാൻ ഒരിക്കലും വിസ്മരിക്കില്ല. ഈ മണ്ണ് എനിക്ക് പെറ്റമ്മയാണ്.... സ്വന്തം പെറ്റമ്മ... ■



അഫീഫ എം.പി.
IX A

# വേർപാടിന്റെ നൊമ്പരം

ഹരിതജാലകം ചാലിച്ചുവെച്ച പച്ചപ്പുൽമേടിലൂടെ ഹാഷിം നടന്നുനീങ്ങി. ചാലിട്ടൊഴുകിയ കണ്ണീർതുള്ളികൾ അവന്റെ കവിളിൽ പാടുകൾ തീർത്തിരുന്നു. ആശുപത്രിക്കിടക്കയിൽ ജീവനുവേണ്ടി കേഴുന്ന പൊന്നുമ്മയുടെ മുഖം അവന്റെ മനസ്സിൽ മിന്നിമറഞ്ഞു. കുതിർന്നുവീഴുന്ന കണ്ണുനീരിന് പശ്ചാത്താപത്തിന്റെയും കുറ്റബോധത്തിന്റെയും ചൂടുണ്ടായിരുന്നു. ആശുപത്രിയുടെ കവാടം കടന്നുകഴിഞ്ഞത് അവനറിഞ്ഞിരുന്നില്ല. വിറക്കുന്ന അവന്റെ കുഞ്ഞുകരങ്ങളിൽ ഉമ്മയ്ക്കുള്ള പൊതിച്ചോറും കരുതിയിരുന്നു. പാതിജീവൻ നഷ്ടപ്പെട്ട പക്ഷിയെപ്പോലെ ഹാഷിം കോണിപ്പടികൾ ഓരോന്നായി കയറിക്കൊണ്ടിരുന്നു. കരഞ്ഞുകലങ്ങിയ മിഴികൾ തിരയുന്നത് ഉമ്മയെ മാത്രമായിരുന്നു. തികച്ചും നിശബ്ദമായ ഇടനാഴിയിൽ ഒരു കുഞ്ഞു മനസ്സിന്റെ തേങ്ങലുകൾ അലയടിച്ചുകൊണ്ടിരുന്നു. അത് മറ്റാരുടേതുമായിരുന്നില്ല. തന്റെ പറക്കമുറ്റാത്ത പെങ്ങൾ ആയിഷയുടേതായിരുന്നു. ഓരോ വഴികൾ പിന്നിടുന്തോറും ആ തേങ്ങിക്കരച്ചിലിന് ശക്തി കൂടിവന്നു. പെട്ടെന്നായിരുന്നു ഹാഷിമിന്റെ ശ്രദ്ധ മറ്റൊന്നിലേക്ക് പിടിച്ചുപറ്റിയത്. അകലെ വാർഡിനുമുന്നിൽ ഒരു ആൾക്കൂട്ടം. അവൻ സർവ്വനിയന്ത്രണവും വിട്ട് അങ്ങോട്ടോടി. തിങ്ങിക്കൂടിയ ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി കുഞ്ഞനുറുമ്പിനെപ്പോലെ അവൻ നുഴഞ്ഞുകയറി. തികച്ചും അപ്രതീക്ഷിതമായാണ് വിധി ആഞ്ഞടിച്ചത്. ഹാഷിമിനെയും ആയിഷയെയും തനിച്ചാക്കി പൊന്നുമ്മ മരണത്തിനു കീഴടങ്ങി. ഉമ്മക്കരികിലിരുന്ന് ഒന്നുമറിയാതെ പൊട്ടിക്കരയുന്ന ആയിഷയെ സമാധാനിപ്പിക്കാൻ അവനറിയില്ലായിരുന്നു. ചേതനയറ്റ ശരീരത്തെ കെട്ടിപ്പിടിച്ച് അവൻ വാവിട്ടു കരഞ്ഞു. "ഉമ്മാ എന്നോടു ക്ഷമിക്കൂ... ഞാൻ പാപിയാണ്. ഞാനാണ് ഉമ്മയുടെ മരണത്തിനു കാരണക്കാരൻ, എനിക്കു മാപ്പു തരൂ...

കാലമാം പേമാരി കാലനായ് വന്ന ദിവസത്തിന്റെ ഓർമ്മയിലേക്ക് അവൻ വഴുതി വീണു... അന്നൊരു വൈകുന്നേരം... പതിവിലും നേരം വൈകിയാണ് ഹാഷിം വീട്ടിലെത്തിയത്. കളിക്കാനുള്ള ആവേശം അവന് വിശപ്പും ദാഹവുമില്ലാതാക്കി. തിടുക്കത്തോടെ മുറ്റത്തിറങ്ങി ഉമ്മയോട് കാര്യം പറഞ്ഞു. പക്ഷേ പ്രതീക്ഷകൾക്കെതിരായാണ് ഉമ്മയുടെ മറുപടി വന്നത്. കളിക്കാൻ പോകുവാൻ ഉമ്മ സമ്മതം കൊടുത്തില്ല. അതൊരുപക്ഷേ അപകടം മണത്തറിഞ്ഞതുകൊണ്ടാവാം. പക്ഷേ! ഹാഷിം ഉമ്മയുടെ സമ്മതം കാത്തുനിന്നില്ല. കളിയോടുള്ള ആവേശത്താൽ ഉമ്മയുടെ വാക്ക് അവൻ കേട്ടില്ല. അവൻ ധൃതിയിൽ മൈതാനത്തേക്കോടി...

....നേരം സന്ധ്യയായിട്ടും ഹാഷിം വീട്ടിലെത്തിയില്ല. ഉമ്മയും ആയിഷയും ഹാഷിമിനെ പ്രതീക്ഷിച്ച് വഴിയരികിലേക്ക് കണ്ണും നട്ടിരിക്കുകയാണ്. പ്രതീക്ഷകളെല്ലാം കരിഞ്ഞുണങ്ങിയിരുന്നു. കാത്തിരിപ്പിനൊടുവിൽ ഉമ്മ ഹാഷിമിനെ അന്വേഷിച്ചുപോകുവാൻ തീരുമാനിച്ചു. പെട്ടെന്നായിരുന്നു മഴയുടെ പതിവില്ലാത്ത വരവ്. കോരിച്ചൊരിയുന്ന മഴയിൽ മരണദൂതനെപ്പോലെ ചീറിപ്പാഞ്ഞുവന്ന ലോറിയുടെ അലർച്ച ഉമ്മ കേട്ടില്ല. ഒറ്റ നിമിഷത്തിൽ അത് ഉമ്മയെ തട്ടിത്തെറിപ്പിച്ചു. ആംബുലൻസിന്റെ ചീറിപ്പായുന്ന ശബ്ദം കേട്ടാണ് അവൻ ചിന്തയിൽ നിന്നുണർന്നത്. സ്വബോധം നഷ്ടപ്പെട്ട ഹാഷിം ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

"ഞാനിനി ആർക്കുവേണ്ടി ജീവിക്കണം?" ■


അറേബ്യൻ™
ട്രാവൽസ്
(ഇന്ത്യാ - സൗദി ഗവൺമെന്റ് അംഗീകൃതം)

Regd: Office
സാജിതാ ടൂറിസ്റ്റ് ഹോം, മലപ്പുറം റോഡ്
കോട്ടക്കൽ
Ph: 0091 - 483-2740247, 2740347
9847853999, 9847302720, 9744289033
arabianhajj@gmail.com
www.arabianhajj.com

Corp: Office
തോപ്പിൽ ബിൽഡിംഗ് ബസ്സ്റ്റാന്റിന് സമീപം
കോട്ടക്കൽ
Ph: 0091 483-2740430, 2741020, 2746320
Mob: 9747510010, 9947018508, 9747069290
arabiankottakkal@yahoo.co.in
www.arabiantravelsonline.com

✈ വിമാന ടിക്കറ്റുകൾ ✈ ടൂർ പാക്കേജ് ✈ സൗദി - കുവൈറ്റ് വിസാ സ്റ്റാമ്പിംഗ്
✈ യു.എ.ഇ, ഖത്തർ, സൗദി, കുവൈറ്റ്, മലേഷ്യ, സിങ്കപ്പൂർ, ഒമാൻ വിസിറ്റിംഗ് വിസകൾ
✈ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ✈ എമിഗ്രേഷൻ ക്ലിയറൻസ് ✈ ഹജ്ജ് & ഉംറ

Run By: Al - Arabian Leisure Tours Pvt.Ltd.

# എല്ലാരും ചൊല്ലണ്...
# എല്ലാരും ചൊല്ലണ്...



ആതിര എ
VIII I

ഗായകനായും സംഗീത സംവിധായകനായും അര നൂറ്റാണ്ടിലേറെക്കാലം മലയാള സിനിമ നാടക ലോകത്തെ നിറസാന്നിദ്ധ്യമായിരുന്നു രാഘവൻ മാഷ്. വർണ്ണ ശമ്പളവും വൈവിധ്യമാർന്നതുമായ സംഗീത ലോകമാണ് കൈരളിക്കുമുന്നിൽ അദ്ദേഹം സമർപ്പിച്ചത്. കേട്ടാലും കേട്ടാലും മതി വരാത്ത നാദധാരയായിരുന്നു അത്.

മലയാളിയുടെ നാവിൻത്തുമ്പത്ത് പതിറ്റാണ്ടുകളായി തത്തിക്കളിക്കുന്ന വരികളായ "കായലരികത്ത് വള കിലുക്കിയ സുന്ദരി, എല്ലാരു ചൊല്ലണ്...." തുടങ്ങിയവ ഇദ്ദേഹത്തിന്റെ കൈ വിരലുകളാൽ വിരിഞ്ഞതാണ്.

ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിലാണ് രാഘവൻ ജനിച്ചത്. അമ്മയില്ലാത്ത മൂന്നു വയസ്സുകാരന് പിന്നീട് സംഗീതമായിരുന്നു കൂട്ട്. ശാസ്ത്രീയ സംഗീത പഠനത്തിനുശേഷം പന്തുകളിയിലായിരുന്നു ശ്രദ്ധ. ജോലി തേടി അലഞ്ഞ അദ്ദേഹം ആകാശവാണിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കോഴിക്കോട് നിലയത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെ പ്രഗത്ഭ വ്യക്തികളായ പി. ഭാസ്ക്കരൻ, ഉറൂബ്, തിക്കോടിയൻ തുടങ്ങിയവരെ പരിചയപ്പെട്ടു. ഇതോടെ ചലച്ചിത്രഗാന രംഗത്ത് ഗായകനായും സംവിധായകനായും അറിയപ്പെടാൻ തുടങ്ങി.


നീലക്കുയിൽ എന്ന ചിത്രത്തിനുവേണ്ടി അദ്ദേഹം ചെയ്ത പാട്ടിന് പ്രസിഡന്റിന്റെ വെള്ളിമെഡൽ ലഭിച്ചു. ആകാശവാണിയിൽ ഏറെയും കൈകാര്യം ചെയ്തത് നാടൻ പാട്ടും ലളിത ഗാനവുമായിരുന്നു. 37 വർഷത്തെ ഔദ്യോഗിക ജീവിതത്തിനുശേഷം 1976-ലാണ് ആകാശവാണിയോടുവിട പറഞ്ഞത്.

ശാസ്ത്രീയ ഗാനാധിഷ്ഠിതമായ പാട്ടുകളും ധാരാളം ചെയ്തു. മികച്ച ഈണങ്ങൾ മിക്കതും നാടൻ പാട്ടിന്റെ ഈണത്തിലുള്ളതായിരുന്നു. രമണനിലെ "കാനനഛായയിലാടുമേയ്ക്കാൻ" അസുരവിത്തിലെ "കുന്നത്തൊരു കാവുണ്ട്." 1983ൽ സംഗീതം നല്കി പാടിയ "അപ്പോഴും പറഞ്ഞില്ലെ പോരണ്ടാ പോരണ്ടാന്ന് " തുടങ്ങിയ ഗാനങ്ങളെല്ലാം ഇന്നും ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മയാണ്.

നാടകഗാനരംഗത്തും നിരവധി മറക്കാനാവാത്ത പാട്ടുകൾ ഇദ്ദേഹം സമ്മാനിച്ചു. പ്രതിഫലം പറ്റാതെയായിരുന്നു മിക്കപ്പോഴും ഇതൊക്കെ നിർവ്വഹിച്ചിരുന്നത്.

ഇതിനെല്ലാം പുറമെ നാമറിയാത്ത വേറൊരു മുഖവും അദ്ദേഹത്തിനുണ്ടായിരുന്നു. കിടയറ്റ കളരിയഭ്യാസിയും മികച്ച ഫുട്ബോൾ കളിക്കാരനുമായിരുന്നു കെ. രാഘവൻ. എതിരാളിയെ ഒറ്റയടിക്ക് മലർത്തിയടിച്ച് നിലം പരിശാക്കിയ ചരിത്രം അദ്ദേഹത്തിനുമുണ്ട്. ഫുട്ബോളിനോടുണ്ടായിരുന്ന കടുത്ത അഭിനിവേശം മൂലം ജോലിക്കുവേണ്ടി ബോംബെക്കു വണ്ടികയറിയ അദ്ദേഹം അവിടെ കാൽടെക്സ് ക്ലബ്ബിനുവേണ്ടി കളിച്ച് നിരവധി ഗോളുകൾ നേടുകയുണ്ടായി. അവിടെത്തന്നെ തുടർന്നിരുന്നുവെങ്കിൽ. അദ്ദേഹം അഖിലേന്ത്യാ പ്രശസ്തിയുള്ള പേരുകേട്ട ഒരു ഫുട്ബോളറാകുമായിരുന്നേനെ.

പിന്നീട് മദിരാശിയിലെത്തിയ അദ്ദേഹം 1939-ൽ തംബുരു ആർട്ടിസ്റ്റായി ആകാശവാണിയിൽ ചേർന്നു. അക്കാലത്തായിരുന്നു ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദവും വിഭജനത്തിന്റെ മുറിവുകളും നേരിൽ കണ്ടത്. 1950ൽ കോഴിക്കോട് ആകാശ വാണിയിലേക്ക് മാറി. 37 വർഷത്തെ സേവനത്തിനുശേഷം 1976-ൽ ആകാശ വാണിയോട് വിട പറഞ്ഞു.



സംഗീത രംഗത്തെ കഴിവുകൾക്ക് അംഗീകാരമായി ഒട്ടേറെ ബഹുമതികൾ മാഷെ തേടിയെത്തി. നിർമാല്യത്തിലെ സംഗീതത്തിന് 1973ൽ മികച്ച സംഗീത സംവിധായകനുള്ള പുരസ്കാരം ലഭിച്ചു. 1977ൽ ഇതേബഹുമതി വീണ്ടും ലഭിച്ചു. കേരളസംഗീത നാടക അക്കാദമി 1981ൽ ഫെല്ലോ ഷിപ്പ് നൽകി ആദരിച്ചു. 1986-ൽ ഗജഅളയുടെ പാഞ്ചാലി നാടകത്തിലെ സംഗീതത്തിന് സംസ്ഥാന അവർഡ് ലഭിച്ചു.

മലയാളത്തിന്റെ സംഗീത കാരണവർ നൂറാം വയസ്സിന്റെ നെറുകയിലെത്താറായപ്പോൾ 99-ാം വയസ്സിൽ നമ്മെയെല്ലാം വിട്ടുപോയിരിക്കുന്നു. മലയാളി മനസ്സിൽ മഞ്ഞണിപ്പൂനിലാവ് പരത്തിക്കൊണ്ട്..... ■

# ടാഗോറിന്റെ ശാന്തിനികേതനിൽ



മനു പി.
VI A

**ഞാ**ൻ ഇതുവരെ നടത്തിയതിൽ ഏറ്റവും വലിയ ഒരു യാത്രയാണ് ശാന്തിനികേതനിലേക്ക് നടത്തിയ യാത്ര, ഇത് എന്നെ സംബന്ധിച്ച ഒരു യാത്ര മാത്രമായിരുന്നില്ല. എനിക്കീ യാത്രയിൽ നിന്ന് പലകാര്യങ്ങളും പഠിക്കുവാൻ കഴിഞ്ഞു. ഞങ്ങൾ 16 പേർ അടങ്ങുന്ന ഒരു കുടുംബമായിരുന്നു. ഞാനും, ബാലു ഏട്ടനും, യദുവും, ആര്യോപ്പോളും ഭയങ്കര കളിയായിരുന്നു. 29/03/2013ന് ഞങ്ങൾ ഷൊർണൂരിൽനിന്ന് 9.30മാന് ചെന്നൈയിലേക്ക് പുറപ്പെട്ടു. 10.20ാന് അന്നുരാത്രി തന്നെ ചെന്നൈയിലെത്തി. യാത്രക്കിടയിൽ പാലക്കാട് ചുരത്തിലൂടെ പോയതിനാൽ പശ്ചിമഘട്ടം കാണാൻ കഴിഞ്ഞു. പശ്ചിമഘട്ടം ഇത്രയും വലുതാണോ? മിഴികൾ അടക്കാതെ ഞാൻ നോക്കിനിന്നു. ചെന്നൈയിൽ നിന്ന് അന്നുരാത്രി 11.25ന്റെ വണ്ടിക്ക് ശാന്തിനികേതനിലേക്ക് പുറപ്പെട്ടു. യാത്രയിലെ ഭക്ഷണം മോശമല്ലായിരുന്നു. എന്നാലും ഒരു പ്രശ്നം..... രണ്ടു ദിവസത്തെ യാത്രക്കുശേഷം ഞങ്ങൾ ഹൗറയിലെത്തി. അവിടെനിന്ന് ഞങ്ങൾ കുളിച്ചു. അതും വെയ്റ്റിങ്ങ് റൂമിൽ, അതിന്റെ മുകളിൽ നിന്ന് നോക്കിയാൽ ഹൗറാപാലം കാണാം. ഏഷ്യയിലെ ഏറ്റവും വലിയ പാലമാണ് ഹൗറാപാലം. ഹൗറയിൽ നിന്ന് ശാന്തിനികേതനിലേക്ക് പിന്നെയും ട്രെയിൻ. ശാന്തിനികേതനെക്കുറിച്ച് പറഞ്ഞാൽ തീരില്ല. അതുകൊണ്ട് ചുരുക്കിപ്പറയാം. ഇവിടെ കൂടുതൽ സൈക്കിളും, സൈക്കിൾ റിക്ഷകളുമാണ് ഉപയോഗിക്കുക. ഇവിടെയുള്ള കൂടുതൽ വീടുകളും ഓലപ്പുരകളാണ്. ശാന്തിനികേതനിലെ ടാഗോർ നിർമ്മിതമായ സ്ഥലങ്ങളിലൊന്നാണ് കലാഭവൻ. ഇവിടെ പല കാര്യങ്ങൾ പഠിപ്പിക്കുന്നു. കൂടുതൽ ശിൽപ്പവും പ്രതിമയും ഉണ്ടാക്കുവാനാണ്, പിന്നെ ചിത്രവും. എല്ലായിടങ്ങളിലും ഇതുതന്നെ. ശാന്തിനികേതൻ ഒരു നിശബ്ദ താഴ്‌വാരമാണ്. ഇവിടെ നായ്ക്കൾ ധാരാളമുണ്ട്. ഒച്ചവെക്കില്ല. പിന്നെയും നടന്നു. അപ്പോഴതാ ഏക്താരകളുടെയും ചിലങ്കയുടെയും ശബ്ദം "''ആരാണത്'' അതാ "ബൗൾ ഗായകൻ" അവനതാ പാടുന്നു. പാടിക്കൊണ്ടേയിരിക്കുന്നു. അവന്റെ ശബ്ദം ആ മരങ്ങൾക്കിടയിൽ മുഴങ്ങുന്നു. രാത്രി ഞങ്ങൾ ഏതാണ്ട് 3 മാസത്തോളം "അഭയത്തിൽ കഴിഞ്ഞിരുന്ന നിപിൻ, രോഷിമ എന്നീ കലാഭവനിലെ MFഅ വിദ്യാർത്ഥികളെ കണ്ടു. അവരുടെ കൂടെയാണ് ഉറങ്ങിയത്. രാത്രി കഞ്ഞിയായിരുന്നു ഭക്ഷണം. ആദ്യം കഞ്ഞികുടിക്കാൻ ബുദ്ധിമുട്ടുണ്ടായി. പിന്നെ അത് ശീലമായി. ഓരോ ദിവസവും രസകരം. ഓരോ കാഴ്ചയും കണ്ട് നടന്ന് നടന്ന് എന്റെ കാല് ഒടിഞ്ഞു എന്ന് പറയാം. ഞങ്ങൾ ടാഗോർമ്യൂസിയം കണ്ടു. ടാഗോർ ഉപയോഗിച്ച കാറും പേനകളും കണ്ടു. ടാഗോറിന്റെ വീടുകളായ പുനശ്ചയും, ഉഡ്ച്ചിയും, കൊണാർക്കും കണ്ടു. "ആരോടും പറയണ്ട. ഞങ്ങൾ അവിടുന്ന് പൂ പറിച്ചു" സുഖമായ ഉറക്കം. എന്നാൽ ചുമ എന്നെ കീഴടക്കി. ഞങ്ങൾ "പാഠഭവൻ" കണ്ടു. കുറേ കുട്ടികൾ, അവരുടെ യൂണിഫോം ഓറഞ്ചും വെള്ളയുമാണ്. ഉച്ചതിരിഞ്ഞ് ഞങ്ങൾ ശ്രീനികേതൻ കണ്ടു. ഇവർ കൈത്തറിയടക്കം പലസാധനങ്ങളും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. മരത്തിൽ കൊത്തുപണി, കളിമണ്ണ് നിർമ്മാണം.... അങ്ങനെ പലതും. പിറ്റേന്ന് ഞങ്ങൾ പാർക്ക് കാണാമെന്ന് കരുതി എന്നാൽ കഴിഞ്ഞില്ല. പിന്നെ ഞങ്ങൾ അവിടെയുള്ള സ്കൂളുകളും വീടുകളും സന്ദർശിച്ചു.



ഉച്ചഭക്ഷണം വീട്ടിൽ നിന്നാണ്. ഭക്ഷണം എനിക്കിഷ്ടപ്പെട്ടു. വൈകുന്നേരം വളരെ ദൂരത്തെ നടത്തത്തിനൊടുവിൽ ഞങ്ങൾ അമർ കുടീരത്തിലെത്തി. അവിടെ അധികമൊന്നുമില്ല. കുറച്ച് മരങ്ങളും ഊഞ്ഞാലുമുണ്ട്. ഇന്നും ചുമ കാരണം ഞാൻ ഉറങ്ങിയില്ല. ഞങ്ങൾ ഇന്ന് ഹൗറപാലവും കണ്ടു. ഞങ്ങൾ ഇന്ത്യൻ മ്യൂസിയം കണ്ടു. ഇന്ത്യയിലെയല്ല... ലോകത്തിലെ പല ജീവികളുടെയും സ്റ്റഫ് ചെയ്ത രൂപങ്ങളും അവയുടെ അസ്ഥികളും ഭൂമിയിൽ നിന്ന് പോയ്മറഞ്ഞ ജീവികളുടെ ഫോസിലും കണ്ടു. പ്ലാനറ്റോറിയം കണ്ടു. എന്നാൽ അവിടത്തെ "ഷോ" നിലവാരം പുലർത്തുന്നതല്ല. പിന്നെ കുറച്ചു ദൂരം മെട്രോയിൽ സഞ്ചരിച്ചു. ഇന്ന് ഞങ്ങൾ "ഡിയർ പാർക്ക് " കണ്ടു. മൈതാനത്തിരുന്ന് വല്യമ്മ ചിത്രം വരക്കുമ്പോൾ ഞാനും വല്യമ്മയുടെ ചിത്രം നോക്കിനിന്ന് പോയി. പിന്നെ ഞാനും ഏട്ടനും മരത്തിൽ കയറി. എനിക്ക് ഇറങ്ങുവാൻ കഴിഞ്ഞില്ല. പിന്നെ ഞങ്ങൾ രണ്ടുപേർ ഒരു റിക്ഷയിൽ വീതം 3 സൈക്കിൾ റിക്ഷയിൽ യാത്ര ചെയ്തു. ഞാനും ശ്രീജ വല്യമ്മയും കൂടിയാണ് യാത്ര ചെയ്തത്. പിന്നെ ഞങ്ങൾ ശാന്തിനികേതൻ ടാഗോർ മ്യൂസിയമായ ഗീതാഞ്ജലിയിൽ പോയി. എല്ലാ സൗകര്യവും അവിടെയുണ്ട്. പിന്നെ ഞങ്ങൾ ശാന്തിനികേതനിൽ ജോലി ചെയ്യുന്ന കഥകളി മാസ്റ്റർ മുകുന്ദൻ മാമയെ കണ്ടു. പിറ്റേന്ന് പർച്ചെയ്സിങ്ങ്. ഞാൻ രണ്ട് ലോക്കറ്റും ഒരു കമ്മലും വാങ്ങി. പിറ്റേന്ന് ബംഗാളിനോട് യാത്ര പറഞ്ഞ് കേരളത്തിലേക്ക് മടങ്ങി. ■

**ഏഷ്യയിലെ ഏറ്റവും വലിയ പാലമാണ് ഹൗറാപാലം. ഹൗറയിൽ നിന്ന് ശാന്തിനികേതനിലേക്ക് പിന്നെയും ട്രെയിൻ. ശാന്തിനികേതനെക്കുറിച്ച് പറഞ്ഞാൽ തീരില്ല.**


> *There is only one difference between dream & aim, Dream requires Effortless Sleep, Where as Aim requires sleepless effort.*



വിഷ്ണുപ്രസാദ് വി. എ
സ്VII A

# സ്വപ്നച്ചിറകിലേറി
# മംഗൾയാൻ

**അ**ന്യഗ്രഹങ്ങൾ ശാസ്ത്രലോകത്തിന് എന്നും കണ്ടെത്താനും കീഴടക്കാനുമുള്ള ത്വര നൽകുന്ന ഒരു അത്ഭുത പ്രതിഭാസമാണ്. ഇന്ത്യ മറ്റൊരു ഗ്രഹത്തെക്കുറിച്ച് പഠിക്കാൻ ഇതാദ്യമായാണ് ഒരുങ്ങുന്നത്. ചൊവ്വയിൽ ജീവന്റെ സാന്നിദ്ധ്യമുണ്ടോ എന്ന അന്വേഷണം കുറേക്കാലമായി നടന്നുതോടെ ചൊവ്വയെപ്പറ്റി പഠിക്കുന്ന നാലാമത്തെ ഏജൻസിയാകും നമ്മുടെ കടഞ്ചര. അമേരിക്കയുടെ നാസ, റഷ്യയുടെ റോസ് കോസ് മോസ്, യൂറോപ്യൻ സ്പെയിസ് ഏജൻസി എന്നിവയാണ് ചൊവ്വാ ദൗത്യത്തിൽ വിജയിച്ച ഏജൻസികൾ. 450 കോടി രൂപ ചെലവിട്ട് കഴിഞ്ഞവർഷം




കൊണ്ടിരിക്കുകയാണ്. ഇതുവരെ ചൊവ്വയെ ലക്ഷ്യമിട്ട് 51 ദൗത്യങ്ങൾ നടത്തുകയുണ്ടായി. എന്നാൽ ഇതിൽ 21 എണ്ണം മാത്രമേ വിജയിച്ചുള്ളൂ. 52-ാമത്തെ ഭ്രമണപഥദൗത്യത്തിന് മംഗൾയാനുമായാണ് ഇന്ത്യ ഇപ്പോൾ യാത്ര തുടങ്ങിയിരിക്കുന്നത്. ദൗത്യം വിജയിക്കുന്ന ആഗസ്റ്റിൽ ആരംഭിച്ച പര്യവേഷണ ദൗത്യം വിജയകരമായി കുതിച്ചുയരാൻ 15 മാസത്തെ തീവ്രപരിശ്രമമാണ് നമ്മുടെ ശാസ്ത്രജ്ഞർ നടത്തിയത്.

ഭൂമിയുടെ ഭ്രമണപഥത്തിലേക്ക് ഇന്ത്യയുടെ മംഗൾയാൻ പേടകവുമായി ജടഘഢഇ25 ശ്രീഹരികോട്ടയിൽ നിന്നും നവംബർ 5, 2:38ന് കുതിച്ചുയർന്നതോടെ ബഹിരാകാശ ഗവേഷണ മേഖലയിൽ ഇന്ത്യ അത്യപൂർവ്വമായ നേട്ടം, 44 വർഷത്തെ ബഹിരാകാശപരീക്ഷണ ചരിത്രത്തിൽ കൈവരിക്കുകയുണ്ടായി. ചൊവ്വയിൽ ജീവനുണ്ടോ എന്നത് സംബന്ധിച്ച് ഇതുവരെ ശാസ്ത്രലോകത്തിന് സ്ഥിരീകരണം ലഭിച്ചിട്ടില്ല. മീഥൈൻ സാന്നിദ്ധ്യമുണ്ടോ എന്നതായിരിക്കും അതുകൊണ്ടുതന്നെ പേടകം പ്രധാനമായും അന്വേഷണം നടത്തുക. കൂടാതെ അന്തരീക്ഷ ഘടകങ്ങളെക്കുറിച്ച് പഠിക്കുക, ചൊവ്വയുടെ ചിത്രങ്ങൾ എടുക്കുക, ഭൂപടം തയ്യാറാക്കുക തുടങ്ങിയ പല ലക്ഷ്യങ്ങളും ഈ ദൗത്യത്തിന് പിന്നിലുണ്ട്.

മംഗൾയാൻ 300 ദിവസം യാത്ര ചെയ്താണ് ചൊവ്വയിലെത്തുക. വിക്ഷേപിച്ച് 44 മിനിട്ടിനകം പേടകം ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തുകയുണ്ടായി. 20-25 ദിവസം പേടകം ഭ്രമണപഥത്തിൽ തങ്ങും. പിന്നീട് ഭ്രമണപഥം വികസിപ്പിച്ച ശേഷം അത് ചൊവ്വ ലക്ഷ്യമാക്കി നീങ്ങും. 2014 സപ്തംബർ 24-നാണ് മംഗൾയാൻ ചൊവ്വാഭ്രമണപഥത്തിൽ എത്തുക. 1350 കിലോഭാരമുള്ള ഇന്ത്യയുടെ പേടകം 20 കോടി കിലോമീറ്റർ ദൂരം 10 മാസം കൊണ്ട് സഞ്ചരിച്ചാണ് ചൊവ്വയിലെത്തുക. കവികൾ വാഴ്ത്തിയ ചെമ്പഴുക്കയെ തൊട്ടറിയാൻ മംഗൾയാൻ ആരംഭിച്ച യാത്രയുടെ വിജയകരമായ പര്യവസാനത്തിനായി ലോകം കാത്തിരിക്കുന്നു...! ■



# ഒരു വിഫല സ്വപ്നം



റുമൈസ കെ.
VIII F

**ഒരു** അനാഥാലയം. അതിന്റെ മുറ്റത്തും വരാന്തയിലും കുരുന്നുകൾ ഓടിക്കളിക്കുന്നു. കുട്ടികൾക്കിടയിലൂടെ ഒരു സ്ത്രീ നടന്നുവരുന്നതുകണ്ടാണ് സുമ ടീച്ചർ പുറത്തേക്കുവന്നത്. "ആരാണ്" അവർ ചോദിച്ചു. മറുപടി പറയാതെ ആ സ്ത്രീ കുട്ടികളെ തന്നെ നോക്കിക്കൊണ്ടിരുന്നു, എന്തോ തിരയുന്നുപോലെ. ""ആരാണെന്നു മനസ്സിലായില്ലല്ലോ'' ടീച്ചർ തന്റെ ചോദ്യം ആവർത്തിച്ചു. "ഞാൻ... എന്റെ മോൻ...'' അവരുടെ വരണ്ട ചുണ്ടുകൾ മെല്ലെ അനങ്ങി. "എന്റെ മോനിവിടുണ്ടായിരുന്നു.'' അവരുടെ മുടിയിഴകളിൽ നിന്നും ഏതാനും ചില വെളുത്ത ഇഴകൾ അവരുടെ പ്രായം വിളിച്ചറിയിച്ചു. "ഞാൻ നാലു വർഷം മുമ്പ് എന്റെ മോനെ ഇവിടയാക്കിയിരുന്നു. രോഗിയും വിധവയുമായ എനിക്ക് അവനെക്കൂടി പോറ്റാനുള്ള കഴിവില്ലായിരുന്നു.'' ടീച്ചർ അവരെ അനാഥാലയത്തിന്റെ പിൻഭാഗത്തേക്ക് കൊണ്ടുപോയി. നടക്കുന്നതിനിടിൽ അവർ തന്റെ മകനെക്കുറിച്ച് വാചാലയായി. ടീച്ചർ ഒരു മൺകൂനയുടെ അടുത്തു നിന്നു. ""അവൻ ഞങ്ങളുടെ എല്ലാമായിരുന്നു. പക്ഷേ, വിധിയെ തടുക്കാൻ ആർക്കുമാവില്ലല്ലോ. മൂന്നു മാസം മുമ്പ് അവൻ പോയി. ബ്രെയിൻ ട്യൂമറായിരുന്നു'' സ്ത്രീ കരഞ്ഞില്ല. ആരോ ചലിപ്പിക്കുന്ന ഒരു പാവയെപ്പോലെ അവർ ആ മൺകൂനക്കരികിൽ ഇരുന്നു. വികാരങ്ങൾ മരവിച്ചുപോയ ഒരു ശരീരം മാത്രമാണ് അവരെന്ന് ഒരു നിമിഷം ടീച്ചർക്ക് തോന്നി.. ■

> *God is an invisible parent & Parents are the visible god. So if you make the visible god happy, Automatically the invisible god becomes happy.*

ആധുനിക സജ്ജീകരണങ്ങളോട് കൂടിയ മെഡിക്കൽ ലബോറട്ടറി
SUDHARMA
സുധർമ
സ്പെഷ്യൽറ്റി ലബോറട്ടറി
മാസ് ടവർ, ജുമാമസ്ജിദിന് സമീപം, ചങ്കുവെട്ടി കോട്ടക്കൽ, ഫോൺ 0483 2741211

ഞങ്ങളുടെ പ്രത്യേകതകൾ
പൂർണ്ണമായും കമ്പ്യൂട്ടർ വൽകരിച്ച ലബോറട്ടറി
ഓട്ടോ അനലൈസർ പരശേധനമൂലം കുറഞ്ഞസമയത്തിനുള്ളിൽ കൃത്യതയാർന്ന റിപ്പോർട്ട് ലഭിക്കുന്നു.
രോഗികളുടെ സൗകര്യാർത്ഥം വീടുകളിൽ ചെന്ന് രക്തം കളക്ട് ചെയ്യുന്നു.

ഞങ്ങളുടെ പ്രത്യേക പാക്കേജുകൾ
മാസ്റ്റർ ഹെൽത്ത് ചെക്ക് അപ്പ്
ആരോഗ്യം 35
മിനി ഹെൽത്ത് ചെക്ക് അപ്പ്

ആരോഗ്യം-35
ഹൃദയസംബന്ധമായ രോഗങ്ങൾ, പ്രമേഹം, ഇസിജി, രക്തസമ്മർദ്ദം, മഞ്ഞപ്പിത്തം, വൃക്ക സംബന്ധമായ രോഗങ്ങൾ, കരൾ സംബന്ധമായ രോഗങ്ങൾ എന്നിവയെക്കുറിച്ച് അറിയാനുള്ള 35 ൽ പരം ടെസ്റ്റുകളടങ്ങിയ പ്രത്യേക പാക്കേജ്

ISO 9001 Certified Laboratory

പ്രവർത്തന സമയം രാവിലെ 6.30 മുതൽ വൈകിട്ട് 7.30 വരെ (ഞായർ ഉച്ചക്ക് 12 മണിവരെ)
വിശദ വിവരങ്ങൾക്ക് വിളിക്കുക 9947549924, 0483 2741211

# പുതുജീവൻ



റംഷീല വി.
IX D

**ജീ**വിതത്തിലും ഹൃദയത്തിലും ഒരു പോലെ നിഴൽ വീഴ്ത്തിയ ഇരുട്ടിനെ അവൾക്ക് അപരിചിതമായിരുന്നില്ല. കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളോ മനം മയക്കുന്ന ചിത്രങ്ങളോ അവളിൽ യാതൊരു പ്രതീതിയും ഉളവാക്കിയിരുന്നില്ല.

അവൾ ശ്രീതു. ജീവിതം തന്നെ ഇരുളടഞ്ഞുപോയ ഒരു പാവം പെൺകുട്ടി.

മടുപ്പിക്കുന്ന സായാഹ്നങ്ങളിലെ ആ പതിവ് കാഴ്ച്ച അവളുടെ കണ്ണുകളെ അരുവികളാക്കിയിരുന്നു. ആ അരുവികൾ കൈവഴികളായി കവിളിലും സ്ഥാനംപിടിച്ചിരുന്നു.

തന്റെ അച്ഛനും ഭാര്യയും കാറിൽ പോകുന്നത് ജനൽവഴി അവൾക്ക് വ്യക്തമായി കാണാമായിരുന്നു. അതുതന്നെയാണ് അവളുടെ കണ്ണുകളെ ഈറനണിയിപ്പിച്ചതും. സർവ്വതും കത്തിച്ചാമ്പലാക്കാൻ കെൽപുള്ള അഗ്നിഗോളങ്ങൾക്ക് സമാനമായിരുന്നു ആ കാഴ്ച. സങ്കടവും കണ്ണീരും ആ നൊമ്പരക്കാഴ്ച അവളുടെ ഭൂതകാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടം കൂടിയായിരുന്നു.....

സ്നേഹിക്കാൻ ഒട്ടും പിശുക്ക് കാണിക്കാത്ത അച്ഛനമ്മമാർ ശ്രീതുവിന്റെ സ്വകാര്യ അഹങ്കാരം തന്നെയായിരുന്നു. സ്വർഗതുല്ല്യമായ ഗൃഹാന്തരീക്ഷം നൽകിയ ദൈവത്തെ അവൾ എപ്പോഴും സ്തുതിച്ചിരുന്നു. വീട്ടിലെ വഴക്കും സ്വസ്ഥതയില്ലായ്മയും ശ്രീതുവിന് കേട്ടുകേൾവി മാത്രമുള്ള വിഷയങ്ങളായിരുന്നു. കാരണം അതെല്ലാം അവൾക്ക് അപരിചിതമായിരുന്നു.

അമ്മയിൽ ചെറിയ രോഗങ്ങൾ പ്രകടമായപ്പോൾ ജോലി ഭാരം കുറയ്ക്കാൻ ശ്രീതുവിന്റെ അച്ഛൻ നിർദ്ദേശിച്ച പരിഹാരമായിരുന്നു വീട്ടിലേക്ക് ഒരു വേലക്കാരി. അമ്മയും അതു നിരസിച്ചില്ല. അമ്മയുടെ അത്ര തന്നെ പ്രായം തോന്നിക്കുന്ന വേലക്കാരി അടുക്കളയിലെ സഹായി മാത്രമായിരുന്നില്ല. ശ്രീതുവിന്റെ പഠനത്തിൽ ഒരു കൈത്താങ്ങുകൂടിയായിരുന്നു.

ദിവസങ്ങൾ കഴിയവേ സ്വർഗത്തോപ്പായിരുന്ന വീട്ടിലെ ഓരോ പൂക്കളും വാടി കരിയുന്നത് ആരും ശ്രദ്ധിച്ചില്ല. എന്നാൽ പ്രകടമായ മാറ്റങ്ങൾ ശ്രദ്ധിക്കാതിരുന്നതുമില്ല. ശ്രീതുവിന്റെ അച്ഛൻ പതിവുപോലെ ഇപ്പോൾ അവളോടോ അമ്മയോടോ മിണ്ടാറില്ല. അമ്മ എന്ത് ചെയ്താലും അതിൽ കുറ്റം കണ്ടെത്തുകയും പതിവായിരുന്നു. അച്ഛന്റെ ഭാവത്തിലെ ഈ മാറ്റം ശ്രീതുവിനേയും അമ്മയേയും വേദനിപ്പിച്ചിരുന്നെങ്കിലും ഒന്നുംതന്നെ തുറന്നുപറയാൻ അവർ തയ്യാറായില്ല.

എന്നാൽ സ്വഭാവമാറ്റത്തിന്റെ തീവ്രത വർദ്ധിച്ചപ്പോൾ സർവ്വതും സഹിക്കാനും അവളുടെ അമ്മയ്ക്ക് കഴിഞ്ഞില്ല. ഒരിക്കൽ അമ്മ തന്റെ പരിഭവങ്ങളുടെ ഭാണ്ഡക്കെട്ട് അഴിക്കാൻതന്നെ തീരുമാനിച്ചു.

അച്ഛനോട് പരിഭവങ്ങൾ പറഞ്ഞു തുടങ്ങി ഇടയ്ക്ക് അമ്മയുടെ സ്വരം കനത്തു. തക്കതായ എതിർ പറഞ്ഞ് അച്ഛനും വന്നതോടെ അതൊരു വഴക്കിലേക്ക് വഴിമാറിയിരുന്നു. ജീവിതത്തിലാദ്യമായി ശ്രീതു അത് കാണുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞ് തുളുമ്പിയിരുന്നു. എന്തുചെയ്യണമെന്ന് അറിയാതെ കാലുകൾ ഇടറിയിരുന്നു. വഴക്കിടുന്നിടത്ത് ഒരു ക്രൂര മന്ദഹാസം ചുണ്ടിൽ വിടർത്തി വേലക്കാരിയും



നിലയുറപ്പിച്ചു.

"നിനക്കെന്താ ഇവിടെ കാര്യം?" വേലക്കാരിയോടായുള്ള അമ്മയുടെ ചോദ്യം അല്പം ദേഷ്യത്തോടെയായിരുന്നു.

"അവൾ അവിടെ നിന്നോട്ടെ" വേലക്കാരിക്ക് പിന്തുണയുമായി അച്ഛൻ എത്തി.

"ഇവളെ പിൻതാങ്ങാൻ നിങ്ങൾ ഇവളുടെ ആരാ..?"

"ഇവളുടെ ഭർത്താവ്" അച്ഛൻ ഒട്ടും കൂസലില്ലാതെയാണ് ആ സത്യം വെളിപ്പെടുത്തിയത്.

ശ്രീതുവിന്റെ മനസ്സിൽ അച്ഛനെ പ്രതിഷ്ഠിച്ചിരുന്ന ചില്ലുകൊട്ടാരം ആ നിമിഷംകൊണ്ട് തകർന്ന് തരിപ്പണമായി. അച്ഛന്റെ വാക്കുകൾ അമ്മയെ അബോധാവസ്ഥയിലാക്കി.

പിന്നെ ദിവസങ്ങളോളം ആശുപത്രിയിൽ. അച്ഛന്റെ വാക്കുകൾ അമ്മയിൽ നിന്ന് അപഹരിച്ചത് ഒരു ഭാഗത്തിന്റെ ചലനശേഷിയും സംസാരശേഷിയുമായിരുന്നു ശ്രീതുവിന് അത് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

അമ്മ ഒരു കട്ടിലിൽ ഒതുങ്ങിയപ്പോൾ ശ്രീതു മാത്രമായിരുന്നു അമ്മയ്ക്ക് കൂട്ടുണ്ടായിരുന്നത്. അച്ഛൻ അമ്മയെ സ്നേഹത്തോടെ നോക്കാറുപോലുമില്ല. വേലക്കാരിക്കും അമ്മയോട് അമർഷം. അച്ഛൻ സ്നേഹനിധിയായ ഭർത്താവും വേലക്കാരി കാര്യബോധമുള്ള ജോലിക്കാരിയുമാകും... ആരെയെങ്കിലും കണ്ടാൽ മാത്രം.

ഒറ്റപ്പെട്ടവരെപ്പോലെ ശ്രീതുവും അമ്മയും വീട്ടിൽ കഴിച്ചുകൂട്ടിയത് ദിവസങ്ങളായിരുന്നില്ല, രണ്ട് വർഷമായിരുന്നു. അമ്മക്ക് കഷ്ടപ്പെടാൻ ദൈവം വിധിച്ചത് രണ്ടു വർഷമായിരിക്കാം.... അതു കഴിഞ്ഞ് അമ്മ മറ്റൊരു ലോകത്തേക്ക് യാത്രയായി. ശ്രീതു വീണ്ടും തനിച്ച്...

**തന്റെ അച്ഛനും ഭാര്യയും കാറിൽ പോകുന്നത് ജനൽവഴി അവൾക്ക് വ്യക്തമായി കാണാമായിരുന്നു. അതുതന്നെയാണ് അവളുടെ കണ്ണുകളെ ഈറനണിയിപ്പിച്ചതും.**

അമ്മയുടെ മരണശേഷവും വേലക്കാരിയുടെ ക്രൂരതകളും അച്ഛന്റെ കുത്തുവാക്കുകളും അവളെ വീർപ്പുമുട്ടിച്ചു. അവസാനം സഹികെട്ട് ഇറങ്ങിയതാണവൾ വീട്ടിൽനിന്ന്.

എന്തുചെയ്യണമെന്നറിയാത്ത ആ നിമിഷത്തിൽ അവൾ അഭയം പ്രാപിച്ചത് ഒരു അനാഥാലയ മുറ്റത്തായിരുന്നു. അങ്ങനെ അച്ഛനുള്ള, അനാഥയായ അവൾ ആ അനാഥാലയത്തിലെ അന്തേവാസിയായി....

വരാന്തകളിൽ നിന്നുള്ള അന്തേവാസികളുടെ ബഹളവും സംസാരവും അവളെ ചിതലരിച്ച ഓർമ്മകളിൽ നിന്ന് തട്ടിയുണർത്തി. അവൾ ചുറ്റുപാടും കണ്ണോടിച്ചു. ഓർമ്മകളിൽ നിന്ന് ഉണർന്നാൽ പിന്നെ കരച്ചിലും ദൈവത്തോട് വിധിയെ പഴിച്ച് പരിതപിക്കലും നിത്യമായിരുന്നു. എന്നാലിന്ന് പതിവിന് വിപരീതമാണ്. ചുണ്ടിൽ ഒരു ചെറുപുഞ്ചിരിയും തൂകി അവൾ ആരോടെന്നില്ലാതെ മൊഴിഞ്ഞു... തന്റെ ജീവതത്തിൽ ഒത്തിരി ദുഃഖങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ ഓർമ്മകൾ തനിക്ക് കണ്ണുനീർ നനവുകളെ സമ്മാനിക്കാറുള്ളൂ. എന്റെ മുഖത്തെ കണ്ണുനീർ മറ്റുള്ളവരെയും ഈറനണിയിപ്പിക്കും. എന്നാൽ പകരം തന്റെ ദുഃഖങ്ങൾ കടിച്ചമർത്തി ഒരു പുഞ്ചിരിയുമായി നിന്നാൽ മറ്റുള്ളവരുടെ മുഖത്തും ഒരു പുഞ്ചിരിക്ക് സ്ഥാനം നൽകും.."

ജീവിതത്തിൽ പുതിയ തീരുമാനങ്ങളുമായി ദുഃഖം കടിച്ചമർത്താൻ മനസ്സിനെ പ്രാപ്തയാക്കി ചെറുപുഞ്ചിരി ചുണ്ടിൽ പൊഴിക്കാൻ പഠിച്ച് അവൾ അന്തേവാസികൾക്കിടയിലേക്ക് നടന്നു നീങ്ങി. ■



# കോട്ടക്കലിന്റെ വികസന സ്വപ്നങ്ങൾ ചിറകിലേറ്റി

**കോട്ടക്കൽ മുനിസിപ്പാലിറ്റിയുടെ ആരാധ്യ ചെയർപേഴ്സണും കോട്ടക്കൽ രാജാസ് ഹൈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീമതി ടി. വി. സുലൈഖാബിയുമായി രാജാസ് ഹൈസ്കൂളിലെ സോന കെ., വിഷ്ണുപ്രിയ ജി., അയന നല്ലാട്ട്, ഹീര സുരേഷ്, ജിൻസിയ കെ., ഹസ്ന ഷെറിൻ കെ. എന്നീ കുട്ടികൾ നടത്തിയ അഭിമുഖത്തിലേക്ക്....**

? **മാഡം രാജാസ് ഹൈസ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണല്ലോ? വിദ്യാഭ്യാസ കാലഘട്ടത്തിലെ ഒരിക്കലും മറക്കാനാവാത്ത എന്തെങ്കിലും അനുഭവം?**

തോക്കാംപാറ എ.എം.എൽ.പി. സ്കൂളിലെ പ്രധാന അധ്യാപികയായിരുന്ന എന്റെ ഉമ്മ പാത്തുമ്മക്കുട്ടി ടീച്ചറുടെ കൂടെയാണ് ഞാൻ നിത്യവും സ്കൂളിൽ വന്നുകൊണ്ടിരുന്നത്. അന്ന് ഞങ്ങളുടെ ഇടവേളകൾ രസകരമാക്കിയിരുന്നത് രാജാസിന്റെ സ്കൂൾ മുറ്റത്ത് തിങ്ങി നിറഞ്ഞ് നിൽക്കുന്ന ഞാറമരങ്ങളും, അതിലെ പഴങ്ങളും അതിലുപരി ഈ സുന്ദരമായ വെള്ളക്കെട്ടുമായിരുന്നു. ഇവിടെ വരുമ്പോഴെല്ലാം ആ പഴയകാലം വീണ്ടെടുത്തതുപോലെ തോന്നും.

? **സ്കൂൾ ജീവിതത്തിലെ പ്രിയ ഗുരുനാഥൻ അല്ലെങ്കിൽ ഗുരുനാഥ ആരാണ്? എന്താണ് കാരണം?**

അന്ന് ഒട്ടനേകം പ്രഗൽഭരായ അധ്യാപകർ ഉണ്ടായിരുന്നു. അവരെ ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. അതിൽ ഒരാളെ മാത്രം പേരെടുത്ത് പറയാൻ പ്രയാസമാണ്. എല്ലാവരും ഞങ്ങൾ വിദ്യാർത്ഥികൾക്ക് പ്രിയപ്പെട്ടവരായിരുന്നു. ഉണ്ണ്യൻ തമ്പുരാൻ രാജ, ഏട്ടൻ തമ്പുരാൻ രാജ, കുട്ട്യേട്ടൻ തമ്പുരാൻ മാഷ്, കുഞ്ഞൻ തമ്പുരാൻ മാഷ്, ഇസ്മായിൽ മാഷ്, കമല ടീച്ചർ, രവിസാർ, പത്മനാഭൻ മാസ്റ്റർ തുടങ്ങി ഒട്ടനേകം അധ്യാപകരെ ഈ അവസരത്തിൽ സ്മരിക്കുന്നു.

**അന്ന് ഞങ്ങളുടെ ഇടവേളകൾ രസകരമാക്കിയിരുന്നത് രാജാസിന്റെ സ്കൂൾ മുറ്റത്ത് തിങ്ങി നിറഞ്ഞ് നിൽക്കുന്ന ഞാറമരങ്ങളും, അതിലെ പഴങ്ങളും അതിലുപരി ഈ സുന്ദരമായ വെള്ളക്കെട്ടുമായിരുന്നു. ഇവിടെ വരുമ്പോഴെല്ലാം ആ പഴയകാലം വീണ്ടെടുത്തതുപോലെ തോന്നും.**

? **വിദ്യാഭ്യാസരംഗത്ത് നടന്നുവരുന്ന പരിഷ്കാരങ്ങൾ എങ്ങനെ നോക്കി കാണുന്നു?**

വിദ്യാഭ്യാസരംഗത്ത് നടപ്പാക്കി വരുന്ന പരിഷ്കാരങ്ങൾ നമ്മുടെ വിദ്യാഭ്യാസത്തെ വളരെ മുന്നോട്ടു കൊണ്ടു പോയിട്ടുണ്ട്. പഠനം രസകരമാക്കാനും അതുവഴി വിദ്യാലയങ്ങൾ ആകർഷകമാക്കാനും കഴിഞ്ഞു. കൊഴിഞ്ഞ് പോക്ക് തടയാനും നമുക്കായി. തുടർച്ചയായ മൂല്യനിർണ്ണയത്തിലൂടെ കുട്ടികളിലെ കഴിവുകളെ കണ്ടെത്താനും കഴിയുന്നു. കലയിലും സാഹിത്യത്തിലുമൊക്കെ താൽപര്യമുള്ള അനവധി



കുട്ടികൾ ഇന്നുണ്ട്. എന്റെ കുട്ടിക്കാലത്തൊന്നും ഇത്തരം അവസരമുണ്ടായിരുന്നില്ല.

**? മുനിസിപ്പാലിറ്റിയിലെ വിദ്യാലയങ്ങളിൽ നടക്കുന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും സ്കൂളുകളുടെ നിലവാരത്തിലും താങ്കൾ ഉൾപ്പെടുന്ന ഭരണ സമിതി സംതൃപ്തരാണോ?**

കോട്ടക്കൽ നഗരസഭയുടെ വികസന പദ്ധതികളിൽ വെച്ച് കൂടുതൽ തുക നീക്കി വെക്കുന്നത് വിദ്യാഭ്യാസ മേഖലക്കാണ്. അതിനർത്ഥം വിദ്യാഭ്യാസമേഖലയിൽ ഇനിയും നേടാനുണ്ടെന്നല്ലേ? വിജയനിലവാരം ഉയർത്തുന്നതിനായി നഗരസഭ നടപ്പാക്കുന്ന വിജയപാത പദ്ധതി നല്ല ഫലമുണ്ടാക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ന് നഗരസഭാപരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ തൃപ്തികരമാണ്. പക്ഷേ നാം ഇനിയും ഏറെ നേടാനുണ്ട്.

**? ഗ്രാമ പഞ്ചായത്തിൽ നിന്നും മുനിസിപ്പാലിറ്റിയിലേക്ക് മാറിയപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സഹായത്തിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ?**

തീർച്ചയായും. നടപ്പുസാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസവികസനത്തിനു മാത്രമായി 2 കോടി 89 ലക്ഷം രൂപയാണ് നമ്മൾ നീക്കി വെച്ചിട്ടുള്ളത്. അതിൽ ഇത്തരം മാഗസിനുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും ഉൾപ്പെടുന്നു.

**? മുനിസിപ്പാലിറ്റി നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നാണ് താങ്കൾ കരുതുന്നത്?**

1. ഖരമാലിന്യ നിർമാർജ്ജനം
2. ദ്രവ മാലിന്യ നിർമ്മാർജ്ജനം
3. അറവുശാല നിർമ്മാണം
4. മാർക്കറ്റ്, ബസ് സ്റ്റാന്റ് നിർമ്മാണം
5. കുടിവെള്ളം

**? ഈ വെല്ലുവിളികൾ മറികടക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നത്?**

1. ഇൻസിനറേറ്റർ സ്ഥാപിച്ചു
2. ഉറവിട മാലിന്യ സംസ്കരണം നടത്തി
3. സ്ഥലം കണ്ടെത്തൽ നടപടികൾ സ്വീകരിച്ചു.
4. തിരക്ക് ഒഴിവാക്കുന്നതിന് വഴിയുടെ വീതികൂട്ടി ആധുനിക രീതിയിൽ ബസ് സ്റ്റാന്റ്, മാർക്കറ്റ് പണിയുന്നതിന് നടപടി തുടങ്ങി.
5. 93 കോടി രൂപയുടെ കേന്ദ്രസഹായ പദ്ധതി നടപ്പിലാക്കും.

**കോട്ടക്കൽ നഗരസഭയുടെ വികസന പദ്ധതികളിൽ വെച്ച് കൂടുതൽ തുക നീക്കി വെക്കുന്നത് വിദ്യാഭ്യാസ മേഖലക്കാണ്. അതിനർത്ഥം വിദ്യാഭ്യാസമേഖലയിൽ ഇനിയും നേടാനുണ്ടെന്നല്ലേ? വിജയനിലവാരം ഉയർത്തുന്നതിനായി നഗരസഭ നടപ്പാക്കുന്ന വിജയപാത പദ്ധതി നല്ല ഫലമുണ്ടാക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.**

**? മുനിസിപ്പാലിറ്റിയുടെ വിവിധ വിദ്യാഭ്യാസ പ്രൊജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണല്ലോ? ഈ വർഷത്തെ ശ്രദ്ധേയമായ പ്രൊജക്ടുകൾ?**

എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി വിജയശതമാനം ഉയർത്താനായി വിജയപാത പദ്ധതി, പ്രിന്റഡ് മാഗസിൻ പദ്ധതി, സ്കൂളുകളിൽ വർത്തമാന പത്രവിതരണം, പാവപ്പെട്ട മിടുക്കരായ കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗിന് ധനസഹായം, ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠന വൈകല്യം കണ്ടെത്താനുള്ള പദ്ധതി, എന്നിവയൊക്കെ ഈ വർഷം പൂർത്തീകരിക്കാനുള്ളവയാണ്. വിദ്യാലയങ്ങൾക്ക് ഫർണ്ണിച്ചറുകളും കമ്പ്യൂട്ടറുകളും നൽകാനും പദ്ധതിയുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റ പണിക്കായി നല്ലൊരു തുക നീക്കി വെച്ചിരിക്കുന്നു. മുനിസിപ്പൽതല കലോത്സവം നടന്നുകഴിഞ്ഞു. ഇതു കൂടാതെ വയോജന വിദ്യാഭ്യാസം,

തുല്യതാ പരീക്ഷാ പദ്ധതി, അങ്കണ വാടി പദ്ധതികൾ തുടങ്ങിയവയും നടത്തിവരുന്നു. വിദ്യാഭ്യാസ മേഖല യിൽ സമഗ്ര പുരോഗതിയാണ് നഗര സഭയുടെ ലക്ഷ്യം.

**? ദീർഘകാലമായി ജനങ്ങളുമായി അടുത്തു പ്രവർത്തിക്കാൻ അവ സരം കിട്ടിയ ഒരു വനിതഎന്ന നില യിൽ സ്ത്രീകൾ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാ മാണെന്നാണ് താങ്കൾ കരുതുന്നത്?**

90കളിൽ തുടങ്ങിയ പൊതുപ്ര വർത്തനത്തിൽ നിന്നും ഞാൻ മന സ്സിലാക്കിയത് സ്ത്രീ സുരക്ഷ തന്നെയാണ് നമ്മുടെ ഏറ്റവും വലിയ പ്രശ്നം. സ്ത്രീ മകളാണ്, അമ്മയാണ്, സഹോദരിയാണ് എന്നെല്ലാം നമ്മൾ പല അവസരങ്ങ ളിലും മറന്നുപോകുന്നു. ഈയിടെ യായി ഒട്ടനേകം ഗാർഹിക പീഡന കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കു ന്നു. ബാലപീഡനങ്ങൾ തുടർകഥ യാകുന്നു. സ്ത്രീ സമൂഹത്തിന്റെ ശക്തിയാണ്. അവൾ മാനിക്കപ്പെടേ ണ്ടവളാണ്.

**? ഈ വെല്ലുവിളികൾ നേരിടാൻ കഴിയുന്ന കരുത്ത് സ്തീകൾക്ക് നൽകാൻ നേതൃത്വപരമായി പങ്ക് വഹിക്കാൻ താങ്കൾക്ക് കഴിയുമെ ന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. എന്തെങ്കിലും പുതിയ പദ്ധതികൾ മനസ്സിലുണ്ടോ?**

ഈ വിഷയത്തിൽ ഒട്ടേറെ കാര്യ ങ്ങൾ നമുക്ക് ചെയ്യാനുണ്ട്. തുടർച്ച യായ ബോധവൽക്കരണം, ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ ശക്ത മാക്കലും, അത് വിലയിരുത്തലും, സ്കൂൾ തലങ്ങളിൽ കൗൺസി ലിങ്ങും ബോധവൽക്കരണവും ഊർജ്ജിതമാക്കുക തുടങ്ങിയവ വീഴ്ച്ച വരുത്താതെ ചെയ്യേണ്ടതുണ്ട്.

**? കോട്ടക്കൽ ടൗണിലെ ഗതാ ഗത കുരുക്ക് പരിഹരിക്കാൻ എന്തെങ്കിലും പുതിയ പരിഷ്കാര ങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ?**

കോട്ടക്കൽ നഗരസഭയിൽ കോർപ്പ റേഷനുകളിൽ നമ്മൾ കണ്ടിട്ടുള്ള "ഫ്ളൈ ഓവർ" ഒരു സ്വപ്ന പദ്ധതി യാണ്. അത്കൂടി വന്നാൽ കോട്ട ക്കൽ നഗരസഭയുടെ മുഖച്ഛായ മാറും. ട്രാഫിക് സിഗ്നൽ സ്ഥാപി ക്കും. കോട്ടക്കൽ നഗരസഭയിലെ റോഡിന്റെ ഇരുവശത്തും റോഡ് ചാൽ രൂപത്തിൽ കുഴിച്ച് ഐറിഷ് മോഡൽ പദ്ധതി ഏതാനും മാസ ങ്ങൾക്കകം കോൺക്രീറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാ ക്കുന്നതോടെ റോഡിലൂടെ ഒഴുകുന്ന വെള്ളം ഈ ഐറിഷ് മോഡൽ ചാലിലൂടെ ഒഴുകുകയും, മാലിന്യം കലരാത്ത മഴവെള്ളം മാത്രമായി ഒഴു കുകയും ചെയ്യും. മഴക്കാലത്ത് വെള്ളം മാത്രം ഒഴുകുകയും ചെയ്യും. മഴക്കാലത്ത് വെള്ളം ഒഴുക്കുന്നതി നും, വേനൽക്കാലത്ത് ഈ ചെറിയ ചാലിലൂടെ ജനങ്ങൾക്ക് സഞ്ചാര യോഗ്യമായി നടക്കാനും സാധിക്കും എന്നതാണിതിന്റെ പ്രത്യേകത.

**? ലോകം അറിയപ്പെടുന്ന എഴു ത്തുകാരൻ, കാർട്ടൂണിസ്റ്റ്, കലാനി രൂപകൻ, ചിന്തകൻ, ദാർശനികൻ, അധ്യാപകൻ എന്നീ നിലകളിൽ ബഹുമുഖ പ്രതിഭയായിരുന്നു ഒ.വി. വിജയൻ. ലോക പ്രശസ്തനായ മലയാളി രാജാസിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്നു എന്നത് മാഡത്തിനും ഞങ്ങൾക്കും നാടിനും അഭിമാനമുണ്ടാക്കുന്നതാ ണ്. പി.ടി.എ. അംഗീകാരത്തോടെ വിദ്യാരംഗം കലാസാഹിത്യവേദി നേതൃത്വം കൊടുത്തു നിർമ്മിച്ച ഒ. വി. വിജയൻ സ്മൃതി വനം കഴിഞ്ഞ ജൂലൈ 2ന് നാടിന് സമർപ്പിച്ചിരിക്കുകയാണല്ലോ? വിദ്യാഭ്യാസ പ്രൊജക്ടിൽ ഉൾപ്പെ ടുത്തി ഇതിന്റെ അറ്റകുറ്റ പണി കൾക്കായി (Maintenance) ഒരു തുക വർഷാവർഷം വകയിരുത്തു വാൻ മാഡം പ്രത്യേക താൽപര്യ മെടുക്കുമോ?**

കലാകാരൻമാരെയും, സാഹിത്യ കാരൻമാരെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന സമീ പനമാണ് നഗരസഭക്കുള്ളത്. അറ്റ കുറ്റപ്പണികൾ നടത്താൻ നിയമപര മായ മാർക്ഷനിർദ്ദേശങ്ങൾക്കനുസൃ തമായി കൗൺസിൽ തീരുമാനമനു സരിച്ച് നടപ്പാക്കാൻ ശ്രമിക്കും.

**? പുതിയ തലമുറയോട് പ്രത്യേ കിച്ച് വിദ്യാർത്ഥികളോടുള്ള ഉപ ദേശം എന്താണ്?**

പഠിക്കാൻ കഴിയുന്നത്ര പഠിക്കുക. പഠനത്തോടൊപ്പം പാഠ്യേതര വിഷ യങ്ങളിലും പ്രാധാന്യം നൽകുക. ജീവിതത്തിലെ ഒരു സുവർണ്ണ കാല ഘട്ടമാണ് നിങ്ങളുടെ മുമ്പിലു ള്ളതെന്ന് ഓർക്കുക. നമ്മുടെ രാജ്യ



ത്തിന്റെ നാളെയുടെ വാഗ്ദാനങ്ങളാണ് നിങ്ങളെല്ലാവരും. അത് എല്ലാ രീതിയിലും തെളിയിക്കുക. നിങ്ങളിൽ ഒരു നല്ല മനുഷ്യനെ വാർത്തെടുക്കുക.

**? നടപ്പാക്കാൻ പോകുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെ?**

1. കോട്ടക്കൽ താഴെ അങ്ങാടി മുതൽ ചങ്കുവെട്ടി ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശത്തും "റിഫ്ളക്ട് ലൈറ്റ് " പതിപ്പിച്ചിട്ടുള്ള ട്രാഫിക് സിഗ്നലുകൾ വെക്കാൻ തീരുമാനിച്ചിട്ടുണ്ട്. METRO TRAFFIC SIGNAL, PALAKKAD COMPANYയുമായി കോട്ടക്കൽ നഗരസഭ സഹകരിച്ച് തികച്ചും സൗജന്യ നിരക്കിൽ ഈ അടുത്ത ദിവസങ്ങളിൽ ട്രാഫിക് സിഗ്നലുകൾ വെക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2. കോട്ടക്കൽ നഗരസഭ ഗതാഗത കുരുക്കിന് അറുതി വരുത്തുന്നതിന് നിലവിലുള്ള ട്രാഫിക് ലൈനുകൾ പെയിന്റ് ചെയ്തും മോടി പിടിപ്പിച്ചും നന്നാക്കുന്നതാണ്. പ്രത്യേകിച്ച് ടൗണിലെ ഓട്ടോ വാഹനങ്ങൾ അതിപ്രസരണം കാരണം വിവിധ സ്റ്റാന്റുകളായി വിഭജിച്ചിരിക്കുകയാണ്.

എ. ചങ്കുവെട്ടി ജംക്ഷൻ
ബി. പറപ്പൂർ റോഡ്
സി. താഴെ കോട്ടക്കൽ
ഡി. കോട്ടപ്പടി

എന്നീ 4 സ്റ്റാൻഡുകളായി വിഭജിച്ച് ഗതാഗത കുരുക്കിന് അറുതി വരുത്തുവാൻ ശ്രമിക്കുന്നു.

3. കോട്ടക്കൽ നഗരസഭയിലെ കോട്ടക്കൽ ടൗണിൽ നിന്നും ചങ്കുവെട്ടി ജംക്ഷൻ വരെയുള്ള ഇടയിൽ നിലനിന്നിരുന്ന ഡിവൈഡറുകൾ നാല് മെയിൻ ജംക്ഷൻ ഒഴികേയുള്ള വിടവുകൾ നികത്തി പൂർണ്ണമായും കൂട്ടിയോചിപ്പിച്ച് 80% ട്രാഫിക് കുരുക്ക് ഒഴിവാക്കാൻ സാധിച്ചു.

4. കോട്ടക്കൽ നഗരസഭയിൽ കോട്ടക്കൽ ടൗണിൽ നിന്നും പാരലൽ സർവ്വീസ് കർശനമായി നിരോധിക്കുകയും അതുവഴി ടൗൺ ഗതാഗത കുരുക്ക് അഴിക്കാൻ വലിയൊരു അളവ്വരെ സാധിച്ചു.



**പഠിക്കാൻ കഴിയുന്നത്ര പഠിക്കുക. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും പ്രാധാന്യം നൽകുക. ജീവിതത്തിലെ ഒരു സുവർണ്ണ കാലഘട്ടമാണ് നിങ്ങളുടെ മുമ്പിലുള്ളതെന്ന് ഓർക്കുക. നമ്മുടെ രാജ്യത്തിന്റെ നാളെയുടെ വാഗ്ദാനങ്ങളാണ് നിങ്ങളെല്ലാവരും. അത് എല്ലാ രീതിയിലും തെളിയിക്കുക. നിങ്ങളിൽ ഒരു നല്ല മനുഷ്യനെ വാർത്തെടുക്കുക.**

**? മാഡത്തിന്റെ കുടുംബത്തിനെപ്പറ്റി?**

ഞങ്ങളുടേത് ഒരു അധ്യാപക കുടുംബമായിരുന്നു. ഉമ്മ പാത്തുമ്മക്കുട്ടി ടീച്ചർ. തോക്കാംപാറ എ.എം.എൽ.പി. സ്കൂളിലെ പ്രധാന അധ്യാപികയായി വിരമിച്ചയാളാണ്. ഉപ്പ കോഴിക്കോട് ടിമ്പർ മർച്ചന്റായിരുന്നു. ഉമ്മയുടെ ജ്യേഷ്ഠത്തിയും അനിയത്തിയും കോട്ടക്കലിൽ തന്നെ സേവനമനുഷ്ഠിച്ച അധ്യാപികമാരായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഹെൽത്ത് എജുക്കേറ്ററായി വിരമിച്ച കെ.എം. റഷീദാണ് ഭർത്താവ്. ഇപ്പോൾ കിലയിലെ ജില്ലാ കോ-ഓർഡിനേറ്ററും, സാക്ഷരതാ മിഷന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ എന്നീ മേഖലയിൽ സേവനമനുഷ്ഠിക്കുന്നു. രണ്ട് സഹോദരങ്ങളുണ്ട്. രണ്ട് പെൺമക്കളാണുള്ളത്. ഒരാൾ ഫാർമസിസ്റ്റ് (ജില്ലാ ആശുപത്രി തിരൂർ), രണ്ടാമത്തെയാൾ ഡോക്ടർ (യൂറോപ്പ്). മരുമക്കളിൽ മൂത്തയാൾ എഞ്ചിനീയർ (കെൽട്രോൺ), ഇളയ ആൾ ഡോക്ടർ (യൂറോപ്പ്). 4 പേരക്കുട്ടികൾ ഉണ്ട്. കോട്ടക്കൽ 4-ാം വാർഡ് താഴെ അങ്ങാടിയിൽ താമസിക്കുന്നു. നന്ദി! ■

*"Hurting someone is as easy as cutting the tree, but making someone happy is like growing the tree. It takes lot of time".*




# മീനുവിന്റെ പിറന്നാൾ



നിത്യശ്രീ എസ്

VI B



“**മീ**നൂ, മീനൂ” മുത്തശ്ശിയുടെ വിളി കേട്ടുകൊണ്ടാണ് മീനു രാവിലെ ഉണർന്നത്. “ഇന്ന് നിന്റെ പിറന്നാളല്ലേ? പെട്ടെന്നുപോയി കുളിച്ചിട്ടു വാ, അമ്പലത്തിൽ പോകാം” മുത്തശ്ശി വിളിച്ചു പറഞ്ഞു. എന്നിട്ടും മീനുവിന് ഒരു ഉന്മേഷം തോന്നിയില്ല. അവൾ അവിടെതന്നെ ചുരുണ്ടുകൂടി കിടന്നു. ദേവുവിനെക്കുറിച്ചുള്ള ചിന്ത അവളെ അലട്ടിക്കൊണ്ടേ ഇരുന്നു. “ഈ കുട്ടിക്കിതെന്തുപറ്റി. എന്നും പിറന്നാൾ ദിവസം ഇവളല്ലേ ധൃതിപിടിച്ച് അമ്പലത്തിൽ പോകാറുള്ളത്” മുത്തശ്ശി അമ്മയോട് പറയുന്നത് അവൾ കേട്ടു. അമ്മ അവിടെ പുത്തനുടുപ്പ് എടുത്തു വച്ചിരിക്കുന്നത് അവൾ കണ്ടു. എന്നിട്ടും അവൾക്കൊരു രസം തോന്നിയില്ല. അവൾ മടിച്ച് കുളിക്കാൻ കയറി. അവൾ ദേവുവിനെക്കുറിച്ചോർത്തു. ഒരുമിച്ചമ്പലത്തിൽ പോകാറുള്ളതും, ഒരുമിച്ചിരുന്ന് ഊണുകഴിക്കാറുള്ളതുമെല്ലാം. അവൾ പുത്തനുടുപ്പിട്ട് അമ്പലത്തിൽ പോയി. അപ്പോഴും അവൾ നിശബ്ദയായിരുന്നു. ദേവു താമസം മാറ്റിപ്പോകുന്നത് അവൾക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. ഉച്ചക്ക് സദ്യക്കുള്ള സമയമായി. മീനു ജനലിലൂടെ ദേവുവിന്റെ വീട്ടിലേക്കു നോക്കി. ദേവുവിന്റെ അച്ഛനുമമ്മയും അവിടെ സാധനങ്ങൾ അടുക്കിവയ്ക്കുന്നതിന്റെ തിരക്കിലാണ്. ദേവുവും എന്തൊക്കെയോ പെറുക്കി വയ്ക്കുന്നുണ്ട്. കുറിച്ചു കഴിഞ്ഞപ്പോൾ ആരോ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് മീനു ഓടിച്ചെന്നു. അത് ദേവുവായിരുന്നു. അവളുടെ അച്ഛനും അമ്മയും കൂടെയുണ്ട്. അവരുടെ കൈയ്യിൽ ഒരു സമ്മാനപ്പൊതിയുമുണ്ട്. ദേവുവിന്റെയും മീനുവിന്റെയും കണ്ണുകൾ നിറഞ്ഞു. അവർ ഊണിനിരുന്നു. അവർക്ക് പരസ്പരം ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. ദേവുവിനെ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ ചേർക്കാനാണ് അവർ പോകുന്നത്. മലയാളം മീഡിയം അത്ര പോരാത്രെ. ദേവുവിന് ഇവിടുന്ന് പോകുന്നത് ഒട്ടു ഇഷ്ടമല്ല, ദേവുവും കുടംബവും പോകാനൊരുങ്ങി. മീനു അവർക്കൊടുത്ത സമ്മാനപ്പൊതിയുമായി വാതിൽക്കൽ ചെന്നു നിന്നു. ദേവു നടന്നകലുന്നതും നോക്കിക്കൊണ്ട്. ■

> ”
>
> *“If you desire to blossom like a rose in the garden, first you have to learn the art of adjusting with the thorns”*

# ശക്തിയുടെ കവി; മാനവികതയുടെയും



ഹീര സുരേഷ്
VIII G



"അധികാരം കൊയ്യണമെന്നാദ്യം
അതിനുമേലാവട്ടെ പൊന്നാര്യൻ""
"കുഴിവെട്ടിമൂടുക വേദനകൾ
കുടികൊൾക ശക്തിയിലേക്ക്
നമ്മൾ"

ഇങ്ങനെ പറഞ്ഞ ഒരു കവിയേ നമ്മൾ മലയാളികൾക്കുള്ളൂ. ശക്തിയുടെയും സഹനത്തിൻരെയും പ്രതിരോധത്തിന്റെ മാനവികതയുടേയും കവിയായ ഇടശ്ശേരി. നാടകവും കവിതപോലെ തനിക്കുവഴങ്ങുമെന്ന് തെളിയിച്ച തനി നാട്ടിൻപുറത്തുകാരനായിരുന്നു ഇടശ്ശേരി ഗോവിന്ദൻ നായർ. കാർഷിക കേരളത്തിലെ വയലുകളുടേയും നാട്ടുവഴികളുടേയും നാടോടിക്കഥകളുടേയും നാടൻ പാട്ടിന്റേയും ഈണവും സ്പർശവുമാണ് ഇടശ്ശേരി കവിതകളുടെ തനിമ.

മനുഷ്യത്വത്തെ അതിന്റെ അന്തസ്സിലും ആനന്ദത്തിലും ദുഃഖത്തിലും അപൂർണതയിലും ഒരുപോലെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്ത കവിയാണ് ഇടശ്ശേരി. കാൽപനിക കവിതകളുടെ കാലത്ത് ജീവിത യാഥാർഥ്യങ്ങളെ അവതരിപ്പിക്കാൻ അദ്ദേഹത്തിനായി. മലയാള കവിതാശാഖയിൽ ആധുനികതയുടെ വിത്തുപാകുന്നതിന് നിലമൊരുക്കിയതിൽ ഇടശ്ശേരിയുടെ സംഭാവനയുമുണ്ട് മനുഷ്യസ്നേഹത്തിന്റേയും സാമൂഹിക പരിവർത്തനത്തിനുള്ള അടങ്ങാത്ത ആഗ്രഹത്തിന്റെയും ഭാവമായിരുന്നു ഇടശ്ശേരികവിതകളുടെ ആന്തരിക ചൈതന്യം. യാന്ത്രികമായി പോകുന്ന നഗരസംസ്കാരത്തോടുള്ള എതിർപ്പ്, നന്മയ്ക്കൊപ്പംതന്നെ ഉയർന്നു നിൽക്കുന്ന ഗ്രാമീണ ജീവിതത്തിന്റെ ദുരിത ചിത്രങ്ങൾ, സ്ത്രീസമത്വം, അടിമ-ഉടമ മനോഭാവത്തിനെതിരായ പ്രതിരോധം ഇവയായിരുന്നു ഇടശ്ശേരികവിതകളുടെ ശക്തി.

ഇടശ്ശേരിയിൽ അന്തർലീനമായി കിടന്ന വിപ്ലവബോധം കവിതകളിലെല്ലാം പ്രതിഫലിച്ചു. പ്രതിസന്ധികളിൽ തളരാത്ത അദ്ദേഹത്തിന്റെ ജീവിതാവബോധവും കവിതകളിലുടനീളം നിഴലിക്കുന്നു. സാധാരണക്കാരന്റെ ജീവിത ദൈന്യങ്ങൾ അദ്ദേഹത്തെ ഏറെ പ്രകോപിപ്പിച്ചു. അവരുടെ സങ്കടങ്ങളും വിഹ്വലതകളും അദ്ദേഹത്തിന്റെ തൂലികയിൽ നിറഞ്ഞൊഴുകി. തലമുറകളുടെ അന്തരത്തെ അടയാളപ്പെടുത്തിയ "അങ്ങേ വീട്ടിലേക്ക് ' എന്ന കവിത കാലാതീതമായി ചർച്ച ചെയ്യപ്പെടുന്ന കൃതിയാവുന്നതും അതിൽ സാധാരണക്കാരന്റെ നന്മയും ആത്മാംശവും ഉൾച്ചേർന്നതുകൂടിയാണ്. വലിയ ഉത്തരങ്ങൾ നൽകേണ്ട ചെറിയ ചെറിയ ചോദ്യങ്ങൾ സമൂഹത്തിനു നേർക്ക് ഉന്നയിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ കവിതകൾ ശ്രദ്ധേയമാകുന്നത്.

1906 ഡിസംബർ 23ന് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ജനിച്ച ഇടശ്ശേരിക്ക് ദാരിദ്ര്യംമൂലം ഹൈസ്കൂൾ വിദ്യാഭ്യാസം നേടാനായില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വക്കീൽ ഗുമസ്തനായി ജോലി നോക്കി. അതിനിടെ മറ്റ് പല ജോലികൾക്കും ശ്രമിച്ചു; പക്ഷെ യാഥാർത്ഥ്യമായില്ല. ഒടുവിൽ മരണംവരെ വക്കീൽ ഗുമസ്തനായി. കൂട്ടുകൃഷി, പുത്തൻ കലവും അരിവാളും, പൂതപ്പാട്ട്, കേരളത്തിലെ ആദ്യപരിസ്ഥിതി കവിതയെന്നു വിശേഷിപ്പിക്കാവുന്ന "കുറ്റിപ്പുറം പാലം"എന്നിവയാണ് പ്രധാന കൃതികൾ. കൂട്ടുകൃഷിക്കും പുത്തൻകലവും അരിവാളും, മദ്രാസ് സർക്കാരിന്റെ പുരസ്കാരം നേടി. 12-ാം വയസ്സിലാണാദ്യകവിത എഴുതിയത്. അമ്മയിൽ നിന്നും ചേച്ചിയിൽ നിന്നും പകർന്ന പുരാണ നാടോടി ക്കഥകളായിരുന്നു അദ്ദേഹത്തിന്റെ കവിതകൾക്കാധാരം. "ഒരു പിടി നെല്ലിക്ക" കവിതാസമാഹാരം 1969ലെ കേരള സാഹിത്യ അക്കാദമി അവാർഡും "കാവിലെപാട്ട് " കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും നേടി. 1974 ഒക്ടോബർ 16-ന് അദ്ദേഹം ഈ ഭൂമുഖത്തുനിന്നും കൊഴിഞ്ഞുപോയി. 23-12-1906 മുതൽ 16-10-1974 വരെയായിരുന്നു ഈ മഹാപ്രതിഭയുടെജീവിതകാലം. ■



# മലയാളിയുടെ മനസ്സ് കീഴടക്കിയ ഗായകൻ



വിഷ്ണുപ്രിയ ജി.
VIII E

**ഇന്ത്യൻ** ചലച്ചിത്ര ഗാനാലാപന രംഗത്ത് സ്വന്തമായി വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു ഈയിടെ അന്തരിച്ച സുപ്രസിദ്ധ ഗായകൻ മന്നാഡേ.

പ്രസിദ്ധ മലയാള സിനിമയായ ചെമ്മീനിലെ "മാനസ മൈനേ വരൂ" എന്ന ഒറ്റ ഗാനംകൊണ്ട് മലയാളിയുടെ മനസ്സ് കീഴടക്കിയ ഗായകനാണ് മന്നാഡേ. ചെമ്മീൻ എന്ന സിനിമയെ മഹാസംഭവമാക്കി മാറ്റുന്നതിൽ ഒരു പ്രധാന ഘടകം മന്നാഡേ ആലപിച്ച ഈ ഗാനമായിരുന്നു എന്നതിൽ സംശയമില്ല. മലയാളം ഉള്ള കാലത്തോളം മന്നാഡേയുടെ ഈ ഗാനവും നിലനിൽക്കും. "മാനസമൈനേ വരൂ" എന്ന ഗാനം സിനിമയിൽ അനശ്വരമാക്കിയ മലയാള നടൻ മധു മന്നാഡേയെക്കുറിച്ച് അനുസ്മരിച്ചത് ഇവിടെ പ്രസക്തമാണ്. "ജനിച്ചാൽ മരിക്കാതിരിക്കാൻ സാധ്യമല്ല. എന്നാൽ മരിച്ച ശേഷവും ജനങ്ങളുടെ ഓർമ്മകളിൽ ജീവിച്ചിരിക്കുക എന്നതാണ് വലിയ കാര്യം" മന്നാഡേയുടെ ഗാനങ്ങളിലൂടെ അദ്ദേഹം എന്നും ജീവിക്കുമെന്നും നടൻ മധു അനുസ്മരിച്ചു.

പൂർണ്ണചന്ദ്ര-മഹാമയദേവി ദമ്പതികളുടെ മകനായി 1919 മെയ് 1ന് കൊൽക്കത്തയിലാണ് മന്നാഡേയുടെ ജനനം. മന്നാഡേയുടെ യഥാർത്ഥപേര് പ്രബോധ് ചന്ദ്രഡേ എന്നാണ്.

ഹിന്ദി ചലച്ചിത്ര പിന്നണിഗാന രംഗത്തെ ഇതിഹാസങ്ങളായ മുഹമ്മദ് റാഫി, കിഷോർകുമാർ, മുകേഷ് എന്നിവർക്കൊപ്പം സ്ഥാനം നേടിയ വ്യക്തിയാണ് മന്നാഡേ.

1943-ൽ ഇറങ്ങിയ "തമന്ന" എന്ന സിനിമയിലാണ് അദ്ദേഹം ആദ്യമായി പാടിയത്. അമ്മാമൻ കെ.സി. ഡേ എന്ന സംഗീത സംവിധായകനാണ് സിനിമാസംഗീത ലോകത്തേക്ക് മന്നാഡേയെ കൊണ്ടുവന്നത്. ബംഗാളിയായ മന്നാഡേ കൽക്കത്തയിൽ നിന്നും മുംബൈയിലേക്ക് താമസം മാറ്റിയ ശേഷമാണ് സംഗീത ലോകത്ത് അറിയപ്പെടാൻ തുടങ്ങിയത്. കേരളത്തിൽ ജനിച്ചെങ്കിലും മുംബൈയിൽ വളർന്ന മലയാളിയായ സുലോചനയാണ് മന്നാഡേയുടെ പത്നി.

ശാസ്ത്രീയാടിത്തറയിലുള്ളവയും, ഗസലുകളും, കവാലികളുമെല്ലാം അനായാസം ആലപിച്ച മന്നാഡേയുടെ ഗാനങ്ങളെല്ലാം ജനഹൃദയം കീഴടക്കി. ഹിന്ദിക്കുപുറമേ ബംഗാളി, കന്നഡ, ഗുജറാത്തി, ആസാമീസ്, മറാത്തി, മലയാളം തുടങ്ങിയ ഭാഷകളിലും അദ്ദേഹം ധാരാളം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ഭാവഗാംഭീര്യം നിറഞ്ഞ മന്നാഡേയുടെ ആലാപനശൈലി ജനങ്ങൾ ഇഷ്ടപ്പെട്ടു. "ഷോലെ"എന്ന സുപ്രസിദ്ധ ഹിന്ദി സിനിമയിലെ "യേ ദോസ്തീ" എന്ന ഗാനം കിഷോർകുമാറുമായി ആലപിച്ചത് ജനകോടികൾ ഹൃദയത്തിൽ ചേർത്തു. നിങ്ങൾ എന്റെ പാട്ടുകൾ കേൾക്കുന്നു. എന്നാൽ ഞാൻ ആസ്വദിക്കുന്നത് മന്നാഡേയുടെ പാട്ടുകളാണെന്നാണ് പ്രശസ്ത ഗായകൻ മുഹമ്മദ് റാഫി പറഞ്ഞിട്ടുള്ളത്. രണ്ടുതവണ മികച്ച ഗായകനുള്ള ദേശീയ അവാർഡും, ബംഗാൾ സർക്കാരിന്റെ വിശേഷ മഹാസംഗീത് സമ്മാൻ, കൈരളി-സ്വരലയ അവാർഡ് എന്നിവക്ക് പുറമേ 2007-ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1991-ൽ ഇറങ്ങിയ പ്രഹാറിലാണ് അദ്ദേഹം ഒടുവിൽ പാടിയത്. എണ്ണത്തിൽ കുറവാണെങ്കിലും നല്ല ഗാനങ്ങൾ കൊണ്ട് ഏറ്റവും മികച്ച ഗായകനായി മന്നാഡേ എന്നും ഓർമ്മിക്കപ്പെടും. ■

> *When your commitment is deeper than the sea, Your ambition taller than a mountain, then you future will be brighter then the sun.*

# രാജാസിന്റെ വിദ്യാരംഗം കലാസാഹിത്യ വേദിക്ക് മികച്ച മാഗസിൻ അവാർഡ്!


കോട്ടക്കൽ ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാരംഗം കലാ സാഹിത്യ വേദി തുട ർച്ചയായി മൂന്നാം വർഷ ത്തിലും നേട്ടത്തിന്റെ കൊടുമുടികൾ കീഴടക്കുകയാണ്.കഴിഞ്ഞ വർഷനവും സ്കൂൾ തല പ്രവർത്തനത്തിനും പ്രിന്റഡ് മാഗസിനും മലപ്പുറം സബ് ജില്ലയിലൂം, ജില്ലയിലും ഒന്നാം സ്ഥാനം കരസ്ഥ മാക്കാൻ നമുക്ക് സാധിച്ചു. ജില്ലയിലെ വിദ്യാരംഗംകലാ സാഹിത്യ വേദി യുടെ മികച്ച മാസികയായിരാജാസിന്റെ ''വരാന്തകൾ കാറ്റിലലിയുമ്പോൾ''തെരഞ്ഞെടുക്കപ്പെട്ടു. കലക്ട്രേറ്റ് ഹാളിൽ നടന്ന ചടങ്ങിൽ പ്രശ സ്ത സാഹിത്യകാരൻ ശ്രീ. മുണ്ടൂർ സേതുമാധവൻ അവാർഡുകൾ സമ്മാനിച്ചു. അവാർഡുകൾ കരമ ാക്കിയ വിദ്യാരംഗം കലാ സാഹിത്യ വേദിയെ സ്റ്റാഫ് കൗൺസി ലും പി.ടി.എ. യും അഭിനന്ദിച്ചു.






# ഒ. വി. വിജയൻ സ്മൃതി വനത്തിനു സംരക്ഷണ വേലി





ഗവ: രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദി നിർമ്മിച്ച ഒ.വി. വിജയൻ സ്മൃതി വനത്തിന് സംരക്ഷണ വേലി നിർമ്മിച്ചു. **ടാറ്റാ വൈറോൺ** ഉൽപന്നങ്ങളുടെ കേരളത്തിലെ വിതരണക്കാരായ **മഞ്ചേരി ആനക്കയത്തുള്ള മോഡേൺ ഡിസ്ട്രോപോളിസ് ലിമിറ്റഡ്** എന്ന സ്ഥാപനമാണ് തീർത്തും സൗജന്യമായി ഈ വേലിയുടെ നിർമ്മണം പൂർത്തിയാക്കിയത്.

30,000/ ത്തോളം രൂപ ചെലവ് വരുന്ന ഈ പ്രോജക്ട് ഏറ്റെടുത്തതിന് കമ്പനിയുടെ **എം. ഡി. ശ്രീ. കെ. വി. അൻവർ, മാനേജർ ഓപ്പറേഷൻസ് ശ്രീ. സി. ആർ. സന്തോഷ് കുമാർ** എന്നിവരോടും വിശിഷ്യാ ഈ സ്ഥാപനത്തോടുമുള്ള വിദ്യാരംഗം കലാ-സാഹിത്യ വേദിയുടെയും സ്കൂൾ പി.ടി.എയുടെയും നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.



സജ്ന ഇ.
X A

# വേനൽ




കത്തിയെരിയുന്ന സൂര്യൻ
ദാഹജലം കിട്ടാതലയുന്നുവെങ്ങും
മനുഷ്യർ ജീവജാലങ്ങളൊക്കെയും
ഒരിറ്റുവെള്ളത്തിനായ്
കരിഞ്ഞുണങ്ങിയ കരിമ്പുല്ലിൻ നാമ്പുകൾ
കാതോർത്തിരിക്കുന്നു മഴയ്ക്കുവേണ്ടി
കിണറായ കിണറെല്ലാം വറ്റി വരണ്ടു
നീർച്ചാലൊക്കെയും പോയ് മറഞ്ഞു
ഒരു തുള്ളി ദാഹജലം പോലും കിനിഞ്ഞിടാതെ
ഓരോ പുഴയും വിതുമ്പിടുന്നു
സൂര്യന്റെ ചൂടിൽ വാടിടുന്ന ജനങ്ങളെല്ലാം
ആർത്തരായങ്ങിങ്ങും നടന്നിടുന്നു
കുടിനീരും തേടിയലഞ്ഞിടുന്നു
വാനിലങ്ങിങ്ങായ് മഴക്കാറുകൾ കാണുമ്പോൾ
ആശ്വാസനിശ്വാസമുതിർത്തിടുന്നു
പൊരിയുന്ന വേനലിൻ മുറിവുണക്കാൻ
പെയ്യുന്നതെന്നാണാ വർഷമേഘം?
പെയ്യുന്ന വർഷമേഘമേ നിന്നെ
കാത്തിരിക്കുകയാ  ഈവേനലിൽ ഞങ്ങൾ

# നന്മയുടെ നീലാകാശം



സൈനുൽ ആബിദ്
IX E

ഉണരുക ഉണരുക നാടിൻ മലരുകളേ...
നാളെയുടെ നന്മയ്ക്കായ്...
പാടാം പൊരുതാം ഈ
ജീവിത യാത്രയിൽ...
കണ്ണുനീർ തുടയ്ക്കാം..
സാന്ത്വനമായി സന്ദേശമായ്...
ഇടറിവിളിക്കാം...
ഈ ലോകത്തിൽ കയ്യുണ്ടേ...
കാലുണ്ടേ അതുമില്ലാ എത്ര-
ജീവനുകൾ ഈ  ൂമിയിൽ..
പടവെട്ടാം നേടിയെടുക്കാം
നന്മയുടെ നീലാകാശം...!



IX B

# അവർക്കുവേണ്ടി




ഒരു മൺചിരാതിന്റെ പ്രഭയിൽ
ഒരു മെഴുകുതിരിയുടെ വെളിച്ചത്തിൽ
നമുക്കവർക്കായ് അവരുടെ
ആത്മശാന്തിക്കായ് പ്രാർത്ഥിക്കാം
അവരെ അറിയില്ലേ?
നമ്മെപ്പോലൊരായിരം സഹോദരിമാർ
കനകനൂലിൽ കിനാവുകൾ നെയ്തവർ
ഉയരെ പറക്കുവാൻ ചിറകു വിടർത്തിയോർ
ഇരുളിൽ പിച്ചിച്ചീന്തപ്പെട്ടവർ
അവരുടെ സ്വപ്നങ്ങളെവിടെ,
മോഹങ്ങളെവിടെ, അച്ഛനമ്മമാരുടെ
ശുഭപ്രതീക്ഷകളെവിടെ
നീറിപ്പിടഞ്ഞെരിഞ്ഞ ആത്മാക്കൾക്ക്
ശാന്തി നൽകാൻ നമുക്കിന്നു കഴിവില്ല
നമുക്കിനി ചിരിക്കണ്ട ഒരിക്കലും
അവർക്കുവേണ്ടി കരയുന്ന മിഴികളും
അവരെയോർത്തു വേദനിക്കുന്ന
മനസ്സുകളും ഉണ്ടെന്നു കരുതി
അവരാശ്വസിക്കട്ടെ

---



ഷഹ്ന ഷെറിൻ പി.
V B

# വർഷക്കാലം




വരണ്ട മണ്ണിൽ തെളിനീർ നൽകി
വിരുന്ന് വന്നു പതിവുപോലെ
തുള്ളിയായി ഇറ്റിറ്റു പെയ്തു തുടങ്ങി
പേമാരിയായി വന്നു വർഷം...
വെള്ളമുത്തുകൾ മണ്ണിലുരുണ്ടു
കാണാൻ എന്തൊരു ഭംഗി!
കാറ്റത്ത് കുഞ്ഞിത്തൈകൾ ആടിയാടിയുലയുന്നു
കുഞ്ഞിക്കൈകളിൽ മുത്തുകൾ വീഴുന്നു
നിന്നുടെ നൃത്തം എന്തു സുന്ദരമാണ്
കുളിർകാറ്റിൽ തണുക്കുന്നു
കമ്പിളികൊണ്ട് പുതയ്ക്കാൻ എന്തു സുഖം
ഈ വർഷം എന്നെന്നും നീണ്ടുനിൽക്കട്ടെ



# നൈസാമിന്റെ നാട്ടിൽ



ഋതുഗോകുൽ കെ.
VII A

**അ**ന്നൊരു ഞായറാഴ്ച്ചയായിരുന്നു. ഷൊർണ്ണൂരിൽനിന്നാണ് ഞങ്ങൾ യാത്ര ആരംഭിച്ചത്. മലപ്പുറത്തുള്ള "സഞ്ചാരി" എന്ന സംഘത്തിന്റെ ഭാഗമായിട്ടായിരുന്നു ഈ യാത്ര. തിരുവനന്തപുരം സെൻട്രൽ മുതൽ ഹൈദരാബാദ്‌വരെയുള്ള ശബരി എക്സ്പ്രസ്സിലായിരുന്നു ഞങ്ങളുടെ യാത്ര. സേലം എത്തുന്നതിനു മുമ്പായി 1001 ശിവലിംഗങ്ങൾ ഉള്ള ഒരമ്പലം കണ്ടു. പിറ്റേന്ന് ഉച്ചയോടുകൂടി ഞങ്ങൾ സെക്കന്തരാബാദ് സ്റ്റേഷനിലിറങ്ങി. പിന്നീട് രണ്ട് ബസ്സുകളിലായിട്ടായിരുന്നു യാത്ര. പോകുംവഴി പണ്ടുകാലത്ത് കുടിവെള്ളത്തിനായി നിർമ്മിച്ച, ഹൈദരാബാദ്-സെക്കന്തരാബാദ് നഗരങ്ങളെ വേർതിരിക്കുന്ന ഹുസൈൻ സാഗർ തടാകം കണ്ടു. കുടിവെള്ളത്തിനാണ് നിർമിച്ചതെങ്കിലും അതിൽ നിറയെ മാലിന്യങ്ങളായിരുന്നു. വലിയ വലിയ ഗണേശവിഗ്രഹങ്ങൾ ക്രെയിനുകൾ ഉപയോഗിച്ച് അതിൽ താഴ്ത്തുന്നുണ്ടായിരുന്നു. ഒരു ഹോസ്റ്റലിൽ പോയി ഭക്ഷണം കഴിച്ചു. 3:55ന് "മഹാരാജാ ക്ലാസിക്ക് ഇൻ" എന്ന ലോഡ്ജിലെത്തി. 423-ാം നമ്പർ റൂമാണ് ലഭിച്ചത്. പിന്നീട് ഞങ്ങൾ പോയത് ചാഞ്ച ഗാർഡനിലേക്കാണ്. അരമണിക്കൂറിനുള്ളിൽ തൊട്ടടുത്ത ഘൗായശിശ ജമൃസലെത്തി. ലേസർകൊണ്ടുള്ള ദൃശ്യങ്ങൾ ഞങ്ങളെ വളരെ രസിപ്പിച്ചു.

ഹൈദരാബാദിലെ രണ്ടാം ദിവസം ഞങ്ങൾ പോയത് രാമോജിറാവും ഫിലിം സിറ്റിയിലേക്കാണ്. 5000 ഏക്കറിലേറെ വലിപ്പത്തിലുള്ള ആ പ്രദേശം ഒരു ദിവസം കൊണ്ട് കണ്ടു കഴിയുകയില്ല. വിമാനത്തിൽ കയറിയിട്ടില്ലെങ്കിലും അതിന്റെ ഉൾവശം കാണാൻ ഇവിടെ നിന്നും എനിക്ക് സാധിച്ചു. ലോകപ്രശസ്തമായ പല ശില്പങ്ങളുടെയും മാതൃകകൾ അവിടെ ഉണ്ടായിരുന്നു. അങ്ങനെ പാസ്പോർട്ടും വിസയും ഒന്നുമില്ലാതെതന്നെ ഞാൻ ഫ്രാൻസും പാരീസും ലണ്ടനുമെല്ലാം കണ്ടു. നമ്മളെയെല്ലാം അത്ഭുതപരതന്ത്രരാക്കുന്ന ഒരു ഷോ കണ്ടു. സിനിമകൾ നിർമ്മിക്കുന്നതെങ്ങിനെ എന്നും അവിടെ കാണിച്ചുതന്നു. 7:45 അവിടത്തെ കോട്ടി മാർക്കറ്റിൽ പോയി. 21-09-2013 ഹൈരാബാദിലെ മൂന്നാം ദിവസം. ചരിത്രപ്രസിദ്ധമായ ഗോൽക്കോണ്ട കോട്ട കാണാൻ സാധിച്ചു. ശബ്ദത്തിന്റെ പ്രതിധ്വനി ഉപയോഗിച്ച് എത്രയോ മുകളിലുള്ള പ്രധാന സ്ഥലത്തേക്ക് ശബ്ദം കേൾക്കാനുള്ള വിദ്യ ആ കോട്ടയിലുണ്ടായിരുന്നു.

പിന്നീട് സലാർജംഗ് മ്യൂസിയം സന്ദർശിച്ചു. വളരെ പ്രസിദ്ധമായ മ്യൂസിക്കൽ ക്ലോക്ക്, വീൽഡ് റബേക്ക എന്ന ശിൽപം എന്നിവ കണ്ടു. അന്റാർട്ടിക്കയുടെ അനുഭവം സൃഷ്ടിക്കുന്ന -50 താപനിലയുള്ള സ്നോ വേലർഡിലേക്കാണ് പിന്നീട് പോയത്. അവിടെനിന്നും കോട്ട്, ഗ്ലൗസ്, ബൂട്ട് തുടങ്ങിയവയെല്ലാം ധരിച്ചിട്ടാണ് ഉള്ളിൽ കടന്നത്. പിന്നീട് കുറേനേരം മഞ്ഞെറിയലും വഴുതിവീഴലുമെല്ലാമായിരുന്നു. 5.00 മണിക്ക് "ബിർള മന്ദിർ" കണ്ടു, 5:45ന് "ചാർമിനാറും" "മക്കാ മസ്ജിദും" കണ്ടു. ഷോപ്പിംഗിന് ശേഷം കലാപരിപാടികളും ക്ലോസിംഗ് സെറിമണിയും ഉണ്ടായി. ഹൈദരാബാദി ബിരിയാണിയായിരുന്നു രാത്രി ഭക്ഷണം. വലിയ രുചിയൊന്നും തോന്നിയില്ല.

അടുത്ത പ്രഭാതം വളരെ സങ്കടകരമായിരുന്നു. ഹൈദരാബാദിലെ അവസാന ദിവസം. ഹൈദരാബാദി അച്ചാർ, കറാച്ചി ബിസ്ക്കറ്റ് എന്നിവ വാങ്ങി. 12:45ന് ശബരി എക്സ്പ്രസ്സിൽ തിരികെയാത്ര ആരംഭിച്ചു. തിരിച്ചുപോരുമ്പോൾ സമയം വേഗം തീരുന്നതുപോലെ തോന്നി. കൂടുതൽ സമയവും ഞങ്ങൾ അന്താക്ഷരികളിച്ചു.

പിറ്റേന്ന് 11:10-ഓടെ ഷൊർണ്ണൂരിലെത്തി. 12:15ന് അങ്ങാടിപ്പുറത്തും. ആ യാത്ര അവസാനിച്ചതിന്റെ വിഷമം മാറാൻ കുറച്ചു ദിവസമെടുത്തു. ■



പ്രഭുലാൽ പി.
IX B

# വിഷുവെത്തി!

വിണ്ണിൽ വിഷുദിനമിന്നല്ലൊ
മണ്ണിൽ വിളയുടെ പുണ്യ ദിനം
മേടവിഷുക്കണിയാഘോഷം
മോടി പരത്തും നാടെങ്ങും
തൊടിയിൽ നിറച്ചും കൊന്നപ്പൂ
മടിയിലൊളിക്കാൻകൈനീട്ടം
വെള്ളരി, മാങ്ങ, മുരിങ്ങക്ക
മത്തൻ, കുമ്പളമേത്തക്ക
ചന്ത നിറച്ചും വിഭവങ്ങൾ
ചന്തയിൽ നല്ലൊരു വിഷുവെത്തി
വിണ്ണിൽ വിഷുദിനമിന്നല്ലൊ
മണ്ണിൽ വിളയുടെ പുണ്യദിനം!



ഷിഫ സി
VI D

# പൂമരം

തൊടിയിൽ നിറയെ മരമുണ്ട്
മരത്തിൽ നിറയെ കൊമ്പുണ്ട്
കൊമ്പിൽ നിറയെ ഇലയുണ്ട്
ഇലകൾക്കിടയിൽ പൂവുണ്ട്
പൂവിൽ നിറയെ തേനുണ്ട്
തേൻ നുകരാനായ് കരിവണ്ട്
മൂളിപ്പറന്നുവരുന്നുണ്ട്



ഗോകുൽ കെ. എം.
X D

# സ്മൃതികൾ

രാവിന്റെ നിദ്രയെത്താത്ത യാമങ്ങളിൽ
ചന്ദ്രിക വന്നു നിറഞ്ഞൊരുദ്യാനത്തിൽ
ശാരദ ചന്ദ്രിക പാലൊളി തൂകുമീ
ചേതോഹരമായ ആരബ്ധ വീഥിയിൽ
പച്ചിലച്ചാർത്തുകൾ കാറ്റിന്റെ സ്വച്ഛന്ദ
ഗാനാലാപത്തിലിതളാകുമ്പോഴും
മന്ദാനിലൻ സ്വയം മറന്നല്ലിമുൾ-
ക്കാടുകൾതോറും കുഴൽ വിളിക്കുമ്പോഴും
എവിടേക്കെന്നറിയില്ല നീളുമീപാതയിൽ
ലക്ഷ്യമൊന്നില്ലാതെ ഞാൻ നടക്കുമ്പോഴും
തപ്തമെൻ ഹൃത്തിന്നടിത്തട്ടിലേക്കൊരു
പുഷ്പ വർഷമായ് പെയ്തിറങ്ങീടുമീ-
യോർമ്മകളിൽ വിടരാൻ കൊതിക്കുമൊരു
ഒളിമങ്ങിടാത്ത വസന്ത സ്വപ്നങ്ങളും
മുകുളമായ് തേജസ്സോടുണരും പുലരികളിൽ
ഇന്ദ്രജാലംപോൽ മറയും നിമിഷങ്ങളിൽ
രാവിന്റെ സാന്ദ്ര ശൈത്യത്തിലേക്കായ്
കാലൊച്ചകൾക്കായ് കാതോർത്തിരിപ്പൂ ഞാൻ

# നാടൻ പാട്ടിന്റെ പ്രസക്തി

നമ്മുടെ ഭാഷ വൈവിധ്യമാർന്ന നാടൻ പാട്ടുകൾക്കൊണ്ട് സമ്പന്നമാണ്. ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടവയെങ്കിലും സാധാരണ മനുഷ്യന്റെ ജീവിതവും പരിസരവും ചിന്തയും ഈ പാട്ടുകളിൽ മനോഹരമായി വർണ്ണിക്കുന്നു. ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും നാടൻ പാട്ടുകൾ ജന്മമെടുത്തിരുന്നു.

നാടൻ പാട്ടുകൾ കാതോട് കാതോരം കൈമാറ്റം ചെയ്യപ്പട്ടവയാണ്. താളാത്മകമായിട്ടുള്ള ചില ചൊല്ലുകളായിട്ടായിരിക്കണം ഇവ ആരംഭിച്ചിരിക്കുക. അവയിൽ പല തിനും അർത്ഥമൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇവയാണ് വായ്ത്താരികൾ. ഇത്തരം വായ്ത്താരികൾ ഇന്നും നില നിൽക്കുന്നു. ഉദാ:- താനാതനതനതാന താനാ തന തന താനാ തന തന തന്തിന്നാനോം.

പിന്നീട് കുറച്ചുകൂടി കഴിഞ്ഞപ്പോൾ പരസ്പരം ബന്ധമില്ലാത്ത താളാത്മക വരികൾ ഉണ്ടാക്കി. ഇത്തരത്തിലുള്ളവയാണ് പ്രാകൃതഗാനങ്ങൾ എന്നറിയപ്പെട്ടത്. ഉദാ:- നാരങ്ങാപ്പാൽ... ചൂണ്ടക്ക് രണ്ട്. എന്നാൽ നാടൻ പാട്ടുകൾക്ക് കൂടുതൽ അർത്ഥവും വൈകാരികതയും ഉണ്ടായിരിക്കും. അവ ഏതോ ഒരാൾ ഉണ്ടാക്കിപ്പാടുകയും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പടുകയും ചെയ്യുന്നു. ഇങ്ങനെ കേട്ടുപടിച്ച് ഓർത്തോർത്തു പാടുകയാണു പതിവ്.

നാടൻ പാട്ടിലൂടെ ചില വരികളും പദങ്ങളും വായ്ത്താരികളുമെല്ലാം ആവർത്തിക്കുന്നതിനാൽ എളുപ്പത്തിൽ ഹൃദിസ്ഥമാക്കുന്നതിന് സാധിക്കുന്നു. താളാത്മകതയാണ് നാടൻ പാട്ടിന്റെ മറ്റൊരു പ്രത്യേകത. ഇമ്പമാർന്ന ഈണവും താളവും ഏവർക്കും ആസ്വാദ്യകരമാണ്. പാടുന്നയാളുടെ ജീവിതംതന്നെ ഇവയിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങൾ തന്നെ ഇവയ്ക്ക് വിഷയമാക്കപ്പെടാറുണ്ട്. ഉദാ:- ജനനം, മരണം, ഉത്സവങ്ങൾ, ആചാരങ്ങൾ തുടങ്ങിയവ.



ജാസ്മിൻ പി.പി.
X H

സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും ഒട്ടനവധി പുരോഗതികൾ നമ്മുടെ ജീവിതത്തിൽ വന്നെങ്കിലും ഒരുവേളയിൽ ഇത്തരം പാട്ടുകൾ എന്നും മനുഷ്യമനസ്സിൽ തുടികൊട്ടിപ്പാടുന്നു. ■



BENZ
Shirting, Suiting, Tailoring
B.H.Road, KOTTAKKAL
എല്ലാ പ്രമുഖ ബ്രാന്റുകളുടെ ഷർട്ടിംങ് സ്യൂട്ടിങ്സിന്റെ വിപുലമായ ശേഖരം

# അമ്മ



അക്ഷര കെ. വി.
IX A

സ്നേഹത്തിന്റെ പര്യായമാണെൻ അമ്മ
ഓടിത്തളരുന്ന കാലചക്രത്തേക്കാൾ
ചിരിയിൽ മടങ്ങിയ കടലിനേക്കാൾ
കത്തിജ്ജ്വലിക്കുന്ന സൂര്യനേക്കാൾ
വലിയവളാണെൻ അമ്മ
പിച്ചവെയ്ക്കാൻ തുടങ്ങുമ്പോഴും
കാലുറയ്ക്കാതെ മണ്ണിൽ നിൽക്കുമ്പോഴും
ആശ്രിതയായ് വന്നൂ എൻ അമ്മ
കാലങ്ങൾ കഴിഞ്ഞുപോകുമ്പോൾ
കറുപ്പും വെളുപ്പും ഇടകലർന്ന
ദിനങ്ങൾ എനിക്കു കൂട്ടെത്തി
കറുപ്പിനെ വെളുപ്പിക്കാൻ
വെളുപ്പിനെയിരട്ടിയാക്കാൻ
കഴിഞ്ഞതെന്നമ്മയ്ക്കുമാത്രം
അറിവിന്റെ ആദ്യാക്ഷരം
നുകരാനുള്ള തയ്യാറെടുപ്പിനിടയിൽ
അറിവിന്റെ ആദ്യപാഠങ്ങൾ
അമ്മയെന്നെ പഠിപ്പിച്ചു.
ആഴിയോളം എന്നെ സ്നേഹിച്ചു.
മറ്റുള്ളവരെ സ്നേഹിക്കാൻ പഠിപ്പിച്ചു
അമ്മയിലൂടെ ഞാൻ തിരിച്ചറിഞ്ഞു
മാതൃത്വം, മാതൃത്വത്തിന്റെ മൂല്യം
വീടിനേയുമൊപ്പമടുക്കളയേയും
കയ്യിലെടുക്കാൻ കഴിയുന്നതെന്നമ്മക്കു മാത്രം
ആയിരം സൂര്യന്മാർ ഒപ്പം
ഉദിക്കുന്നതെന്നമ്മതൻ മുഖത്ത്
ആയിരം പുഷ്പങ്ങൾ വാടാതെ
നിൽക്കുന്നതെന്നമ്മതൻ മനസ്സിൽ
അമ്മതൻ മടിത്തട്ടിൽ ചായുന്നനേരം
അമ്മതൻ മുഖത്തുമ്മ വെയ്ക്കുന്ന നേരം
ഞാൻ തിരിച്ചറിഞ്ഞു
കൊല്ലന്റെ കയ്യിലെത്തഴമ്പുപോലെ
എൻ അമ്മതൻ മനസ്സിലെ
മായാത്ത സ്നേഹം...!



# വേർപാടിന്റെ നൊമ്പരം



അഫീഫ എം. പി.
IX A

ഹരിതജാലകം ചാലിച്ചുവെച്ച പച്ചപ്പുൽമേടിലൂടെ ഹാഷിം നടന്നുനീങ്ങി. ചാലിട്ടൊഴുകിയ കണ്ണീർതുള്ളികൾ അവന്റെ കവിളിൽ പാടുകൾ തീർത്തിരുന്നു. ആശുപത്രിക്കിടക്കയിൽ ജീവനുവേണ്ടി കേഴുന്ന പൊന്നുമ്മയുടെ മുഖം അവന്റെ മനസ്സിൽ മിന്നിമറഞ്ഞു. കുതിർന്നു വീഴുന്ന കണ്ണുനീരിന് പശ്ചാതാപത്തിന്റെയും കുറ്റബോധത്തിന്റെയും ചൂടുണ്ടായിരുന്നു. ആശുപത്രിയുടെ കവാടം കടന്നുകഴിഞ്ഞത് അവനറിഞ്ഞിരുന്നില്ല. വിറക്കുന്ന അവന്റെ കുഞ്ഞുകരങ്ങളിൽ ഉമ്മയ്ക്കുള്ള പൊതിച്ചോറും കരുതിയിരുന്നു. പാതിജീവൻ നഷ്ടപ്പെട്ട പക്ഷിയെപ്പോലെ ഹാഷിം കോണിപ്പടികൾ ഓരോന്നായി കയറിക്കൊണ്ടിരുന്നു. കരഞ്ഞുകലങ്ങിയ മിഴികൾ തിരയുന്നത് ഉമ്മയെ മാത്രമായിരുന്നു. തികച്ചും നിശബ്ദമായ ഇടനാഴിയിൽ ഒരു കുഞ്ഞു മനസ്സിന്റെ തേങ്ങലുകൾ അലയടിച്ചുകൊണ്ടിരുന്നു. അത് മറ്റാരുടേതുമായിരുന്നില്ല. തന്റെ പറക്കമുറ്റാത്ത പെങ്ങൾ ആയിഷയുടേതായിരുന്നു. ഓരോ വഴികൾ പിന്നിടുന്തോറും ആ തേങ്ങിക്കരച്ചിലിന് ശക്തി കൂടിവന്നു. പെട്ടെന്നായിരുന്നു ഹാഷിമിന്റെ ശ്രദ്ധ മറ്റൊന്നിലേക്ക് പിടിച്ചുപറ്റിയത്. അകലെ വാർഡിനുമുന്നിൽ ഒരു ആൾക്കൂട്ടം. അവൻ സർവ്വനിയന്ത്രണവും വിട്ട് അങ്ങോട്ടോടി. തിങ്ങിക്കൂടിയ ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി കുഞ്ഞനുറുമ്പിനെപ്പോലെ അവൻ നുഴഞ്ഞുകയറി. തികച്ചും അപ്രതീക്ഷിതമായാണ് വിധി ആഞ്ഞടിച്ചത്. ഹാഷിമിനെയും ആയിഷയെയും തനിച്ചാക്കി പൊന്നുമ്മ മരണത്തിനു കീഴടങ്ങി. ഉമ്മക്കരികിലിരുന്ന് ഒന്നുമറിയാതെ പൊട്ടിക്കരയുന്ന ആയിഷയെ സമാധാനിപ്പിക്കാൻ അവനറിയില്ലായിരുന്നു.

ചേതനയറ്റ ശരീരത്തെ കെട്ടിപ്പിടിച്ച് അവൻ വാവിട്ടു കരഞ്ഞു. “”ഉമ്മാ എന്നോടു ക്ഷമിക്കൂ... ഞാൻ പാപിയാണ്. ഞാനാണ് ഉമ്മയുടെ മരണത്തിനു കാരണക്കാരൻ, എനിക്കു മാപ്പു തരൂ... കാലമാം പേമാരി കാലനായ് വന്ന ദിവസത്തിന്റെ ഓർമ്മയിലേക്ക് അവൻ വഴുതി വീണു... അന്നൊരു വൈകുന്നേരം... പതിവിലും നേരം വൈകിയാണ് ഹാഷിം വീട്ടിലെത്തിയത്. കളിക്കാനുള്ള ആവേശം അവന് വിശപ്പും ദാഹവുംഇല്ലാതാക്കി. തിടുക്കത്തോടെ മുറ്റത്തിറങ്ങി ഉമ്മയോട് കാര്യം പറഞ്ഞു. പക്ഷേ പ്രതീക്ഷകൾക്കെതിരായാണ് ഉമ്മയുടെ മറുപടി വന്നത്. കളിക്കാൻ പോകുവാൻ ഉമ്മ സമ്മതം കൊടുത്തില്ല. അതൊരുപക്ഷേ അപകടം മണത്തറിഞ്ഞതുകൊണ്ടാവാം. പക്ഷേ! ഹാഷിം ഉമ്മയുടെ സമ്മതം കാത്തുനിന്നില്ല. കളിയോടുള്ള ആവേശത്താൽ ഉമ്മയുടെ വാക്ക് അവൻ കേട്ടില്ല. അവൻ ധൃതിയിൽ മൈതാനത്തേക്കോടി...

....നേരം സന്ധ്യയായിട്ടും ഹാഷിം വീട്ടിലെത്തിയില്ല. ഉമ്മയും ആയിഷയും ഹാഷിമിനെ പ്രതീക്ഷിച്ച് വഴിയരികിലേക്ക് കണ്ണും നട്ടിരിക്കുകയാണ്. പ്രതീക്ഷകളെല്ലാം കരിഞ്ഞുണങ്ങിയിരുന്നു. കാത്തിരിപ്പിനൊടുവിൽ ഉമ്മ ഹാഷിമിനെ അന്വേഷിച്ചുപോകുവാൻ തീരുമാനിച്ചു. പെട്ടെന്നായിരുന്നു മഴയുടെ പതിവില്ലാത്ത വരവ്. കോരിച്ചൊരിയുന്ന മഴയിൽ മരണദൂതനെപ്പോലെ ചീറിപ്പാഞ്ഞു വന്ന ലോറിയുടെ അലർച്ച ഉമ്മ കേട്ടില്ല. ഒറ്റ നിമിഷത്തിൽ അത് ഉമ്മയെ തട്ടിത്തെറിപ്പിച്ചു. ആംബുലൻസിന്റെ ചീറിപ്പായുന്ന ശബ്ദം കേട്ടാണ് അവൻ ചിന്തയിൽ നിന്നുണർന്നത്. സ്വബോധം നഷ്ടപ്പെട്ട ഹാഷിം ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

“ഞാനിനി ആർക്കുവേണ്ടി ജീവിക്കണം?” ■


പഠനപ്രവർത്തനങ്ങൾക്ക് ഉത്തമ വഴികാട്ടി

ബുക് വേൾഡ്

എൻ.എച്ച് ചങ്കുവെട്ടി, 0483 – 2752555

കളർപ്രിന്റ്
ഫോട്ടോസ്റ്റാറ്റ്
കമ്പ്യൂട്ടർ പ്രിന്റ്
ഇന്റർനെറ്റ് കഫേ
ലാമിനേഷൻ
ബുക്ക് ബൈൻഡിംഗ്



വിദ്യാർത്ഥികൾക്കും
അധ്യാപകർക്കുമായി
വീട്ടിലൊരു ലൈബ്രറി

ഓൺലൈൻ അപേക്ഷകൾ
(എൻട്രൻസ്, യൂണിവേഴ്സിറ്റി പരീക്ഷകൾ)

-ഓഫീസ് സ്റ്റേഷനറി, നോട്ടുബുക്കുകൾ
- സ്കൂൾ, കോളേജ് പുസ്തകങ്ങൾ, ഗൈഡുകൾ
- മദ്രസ്സ പാഠപുസ്തകങ്ങൾ, അപേക്ഷാ ഫോമുകൾ
- ലൈബ്രറി ബുക്സ്, യുവജനോത്സവ സിഡികൾ



ശ്രീപാർവ്വതി ആർ.
VII D

# പൊന്നുണ്ണി കണ്ണൻ





ഓടിതളരല്ലേ പൊന്നുണ്ണീ
എൻ കണ്ണാ പൊൻ കണ്ണാ
അമ്മതൻ അരികേ വാ...
കള്ളക്കണ്ണാ വെണ്ണക്കള്ളാ
വെണ്ണ കവരാൻ ഓടിവാ...
ഗോപികമാർ തൻ മനം
കവർന്ന് ഗോപകുമാരന്-
മ്മാരുടെ കൂടെ കളിച്ച് നടന്ന്
തളരല്ലേ പൊന്നുണ്ണി
മണ്ണുവാരിതിന്നും ഗോപിക-
മാർതൻ വസ്ത്രം കവർന്നും
കുസൃതികാട്ടി നീ വാടിതളർന്ന്
നീ അമ്മതൻ അരികെ വരുമ്പോൾ
കൈനിറയെ അമ്മ വെണ്ണവാരി
തരാം ഓടിവാ.. കണ്ണാ ഓടി വാ...
ഉറക്കം വരുമ്പോൾ അമ്മതൻ
വിരൽപ്പിടിച്ച് തേങ്ങും നേരം
പൊന്നുണ്ണിയെ വാരിപ്പുണർ-
ന്നമ്മ നെറ്റിമേൽ ഉമ്മവച്ച്
താരാട്ട് പാടി ഉറക്കുമ്പോൾ അമ്മ-
തൻ വാത്സല്യപ്പാലാഴിയിൽ
നീ എൻ കുഞ്ഞുണ്ണി
തന്നെ ചേലക്കണ്ണൻ തന്നെ
വെണ്ണക്കണ്ണൻ തന്നെ

---



ഷാനിബ ജബിൻ പി.
VI D

# അറിവാണ് ധനം




അറിവാണ് ധനം...
അറിവാണ് ആയുധം....
നാം നമ്മെ അറിയലാണ്...
ഏറ്റവും വലിയ അറിവ്..
അറിയും തോറും...
അറിവ് കൂടുന്തോറും...
അറിയാനുള്ളതും കൂടും....

## മികവാർന്ന
## മുന്നേറ്റങ്ങൾ...
## തിളക്കമാർന്ന
## വിജയങ്ങൾ....
## People Friendly Bank



### എല്ലാ ബ്രാഞ്ചുകളിലും
### കോർ ബാങ്കിംഗ് സകര്യം

കോർബാങ്കിങ്ങ് സൗകര്യമുള്ള കേരളത്തിലെ മുൻനിര
സ്പെഷ്യൽ ഗ്രേഡ് അർബൺ ബാങ്ക്.

**NRI** ബിസിനസ്സ് അടക്കമുള്ള എല്ലാ സേവനങ്ങളും ലഭ്യം.

വർഷങ്ങളായി അംഗങ്ങൾക്ക് ഡിവിഡന്റ് നൽകിവരുന്ന ബാങ്ക്.

ഒരു കോടി രൂപ വരെ സ്പെഷ്യൽ കാഷ് ക്രഡിറ്റ് നൽകുന്നു.

സാധാരണക്കാർക്കായി കുറഞ്ഞ പലിശ നിരക്കിൽ നിരവധി വായ്പാപദ്ധതികൾ.

ഉയർന്ന പലിശ നിരക്കിൽ വൈവിധ്യമാർന്ന സമ്പാദ്യപദ്ധതികൾ.

അംഗങ്ങൾക്കും ജീവനക്കാർക്കും റിലീഫ് ഫണ്ട്.

ജീവകാരുണ്യ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ.

ഗ്രീൻകാർഡ് സൗകര്യം ഏർപ്പെടുത്തിയ കേരളത്തിലെ ആദ്യ ബാങ്ക്.

വ്യത്യസ്ത മേഖലകളിലെ മികച്ച പ്രകടനം മുൻനിർത്തി ബാങ്കിങ്ങ്
ഫ്രന്റീയേഴ്സ് പുരസ്കാരം നേടി.

കേരളത്തിലെ അർബൺ കോ–ഓപ്പറേറ്റീവ് ബാങ്കുകളുടെ സെക്ടറിൽ
സ്തുത്യർഹ സേവനത്തിന് ദേശീയ – സംസ്ഥാന തലത്തിൽ നിരവധി അവാർഡുകൾ.

**The Kottakkal Co-op Urban Bank Ltd**

Bound to generations since 1937

Head Office Kottakkal
RBI Lic. No. UBD.KA 751 P

**Dr. U.A Shabeer** - Chairman | **V.V Govindanunni** - Generala Manager

P.O. Kottakkal, PIN: 676 503, Malappuram Dist., Kerala Tel: 0483-2742246, 2740033, 2744501, 2740032 Fax: 0483-2740034
e-mail: kcubkkl@sify.com




## ഈ ബ്രാഞ്ചിൽ നിന്നും ഉടൻ തുടങ്ങുന്ന ചിട്ടികൾ

| തവണ സംഖ്യ | കാലാവധി | സല | 30% കിഴിവിൽ അടക്കേണ്ട തവണ സംഖ്യ |
|---|---|---|---|
| 25,000 | 40 | 10 ലക്ഷം | 18,750 |
| 10,000 | 40 | 4 ലക്ഷം | 7,500 |
| 6,000 | 50 | 3 ലക്ഷം | 4,500 |
| 5,000 | 40 | 2 ലക്ഷം | 3,750 |
| 2,500 | 40 | 1 ലക്ഷം | 1,875 |

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

## കോട്ടക്കൽ ബ്രാഞ്ച്

Phone: (0483) 2745001
E-mail: 208@ksfe.com, Mob: 9447797208

# പ്രണയിനി



ശില്പ കൃഷ്ണ പി.
IX B

**ട്രെയിനിന്റെ** ചൂളം കുത്തൽ ചെവിയെ മദിച്ചുകൊണ്ടിരുന്നു. തനിക്കിറങ്ങാനുള്ള സ്റ്റോപ്പിൽ ധൃതിയിൽ ഇറങ്ങി മുതുകത്ത് അള്ളിപ്പിടിച്ച ബാഗിന് പതിവിൽ കൂടുതൽ ഭാരം തോന്നിച്ചു. നേരിയ ചാറ്റൽ മഴ വീശിയടിക്കുന്നുണ്ട്. പുതുമണ്ണിന്റെ ഗന്ധം മൂക്കിലേക്കിരച്ചു കയറുന്നു. ആ മഴ വന്നതുപോലെ പോയെന്നാ തോന്നുന്നത്. ആരോ പിറുപിറുക്കുന്നത് കേട്ടു.

കാലുകൾ നീട്ടിവലിച്ചുനടന്നു. അതവസാനിച്ചത് എന്റെ പ്രണയിനിയുടെ അടുത്തായിരുന്നു. ചെറിയ പരിഭവത്തോടെ അവളെനിക്ക് മുഖം തരാതെ തിരിഞ്ഞുനിന്നു. എന്നത്തെയും പോലെ ഞാൻ തന്നെ സംസാരത്തിനു തുടക്കമിട്ടു. ഞാനെപ്പോഴാണു നിന്നെ പ്രണയിച്ച് തുടങ്ങിയത് നിനക്കോർമ്മയുണ്ടോ. ഉണ്ടെന്നോ ഇല്ലെന്നോ നീ പറയില്ല. നീയെന്താ ഒന്നും ഓർത്തുവയ്ക്കാതെ. പിന്നെ, ഞാനൊരു രഹസ്യം പറയട്ടെ, ദേഷ്യപ്പെട്ടാൽ നിന്നെ കാണാൻ നല്ല ചന്തമാണ്. അവളപ്പോഴും ഒന്നും മിണ്ടാതെ ഒഴുകി നീങ്ങിക്കൊണ്ടിരുന്നു. എനിക്ക് പിടിതരാത്തപോലെ നിന്റെ കൈകളുടെ മാർദ്ദവവും കവിളൊട്ടിയും ഇരിക്കുന്നു. നീ വല്ലാതെ ക്ഷീണിച്ചു പോയി. പിന്നെയും എന്തൊക്കെയോ പറഞ്ഞു. ഞാനെപ്പോഴും എന്റെ സന്തോഷസന്താപമൊക്കെ നിന്നോട് പറയും. പക്ഷേ... ഞാൻ അർധോക്തിയിൽ നിർത്തി.

ഭൂതകാലത്തിന്റെ ചെപ്പുതുറക്കുമ്പോൾ തന്നെ അവളുടെ കണ്ണുകൾ കൂടുതൽ പ്രകാശിതമായി. വാക്കുകൾ നിലത്തു വീണുടയാതിരിക്കാൻ വളരെയേറെ ശ്രദ്ധിക്കുന്നുണ്ടെന്നു തോന്നി. “നീയെന്നെ പ്രണയിക്കുന്നതിനു മുമ്പുതന്നെ നിന്റെ പൂർവ്വികന്മാരെ എല്ലാം ഞാൻ എന്റെ മടിത്തട്ടിലിരുത്തി താരാട്ടുപാടിയിട്ടുണ്ട്. നിനക്കറിയില്ലല്ലോ... ഞാൻ ഉത്കണ്ഠയോടെ അവളുടെ കണ്ണുകളിലേക്ക് നോക്കി. ആ കാണുന്ന കരയില്ലേ, അവനെ ഞാൻ ചുംബിച്ചിട്ട് കാലങ്ങളായി. നിന്റെ വർക്ഷം തന്നെയാണെന്റെ ശവക്കുഴി തോണ്ടുന്നതും. ആ നീചൻമാർ അറിയുന്നില്ല തങ്ങളുടെ മരണവും അടുത്തെത്തിയെന്ന്.

തലക്കുമുകളിലെ ചീറിപ്പായുന്ന ട്രെയ്നിന്റെ ശബ്ദം കാതോർത്തവർ നിന്നു. ആകാശത്ത്, നക്ഷത്രങ്ങൾ കൺചിമ്മാൻ തുടങ്ങുമ്പോൾ ഭയമാണെനിക്ക്. ഇരുട്ടിന്റെ മറപറ്റി അവരു വരും എന്നെ മാന്തിപ്പറിക്കാൻ, പിച്ചിച്ചീന്താൻ എന്നിട്ടാ ശവത്തിനെ കറൻസികളാക്കി നീക്കും. നീയതു കേൾക്കുന്നില്ലേ എനിക്കുവേണ്ടി മുറവിളി കൂട്ടുന്ന മനുഷ്യ ജീവികളാണത്. അവൾ പുച്ഛം കലർന്നു ചിരിപാസ്സാക്കി. ഇപ്പോൾ അവർ എനിക്ക് വിലയിടും, കുറച്ചു കഴിഞ്ഞാൽ എന്റെ ആത്മാവിനും... അവൾ തേങ്ങിക്കരയാൻ തുടങ്ങി.

ഇവിടെ വീശിയടിക്കുന്ന കാറ്റിനു പോലും കള്ളത്തരത്തിന്റെ മണമാണ്. ഓ, ഒരു കാര്യം പറയാൻ വിട്ടുപോയി. നിനക്കോർമ്മയുണ്ടോ ഞാനിപ്പോൾ എത്രത്തോളം ഉയരത്തിലാണ്. കാണാത്തലോകത്ത് ചില്ലുകൂട്ടിലാക്കി എന്റെ ആത്മാവിനെ വിൽക്കാൻ വെച്ചിരിക്കുന്നു. ആർക്കുവേണമെങ്കിലും വിളിച്ചെടുക്കാം പണം... പണം മാത്രം മതി.

തിരഞ്ഞുനടക്കാൻ തുടങ്ങി. പിറകിലേക്ക് നോക്കാൻ കഴിയുന്നില്ല. ഒരു പക്ഷേ ചിരിക്കുകയാണോ അതോ വിളറിവെളുത്ത കരച്ചിലോണോ! ഇനിയാർക്കും എന്നെ രക്ഷിക്കാൻ കഴിയില്ല. അവളുടെ വാക്കുകൾ മനസ്സിനെ മദിച്ചുകൊണ്ടിരുന്നു. തണുത്ത കാൽപാദങ്ങൾ ചെളിയിൽനിന്നും പറിച്ചെടുത്ത് നടക്കുമ്പോൾ ഭൂതകാലത്തിന് ഇവിടെയൊരു പുഴ ഉണ്ടായിരുന്നുവെന്ന ബോർഡു വെയ്ക്കാൻ കഴിഞ്ഞെങ്കിലെന്നു വൃഥാ നിനച്ചുപോയ്. ■



മലയാളത്തിന്റെ കൊലയാളി

**എൻ** മകനേതു വിദേശത്തു വാഴ്കി ലും
നിൻ മനക്കാമ്പിലീയോർമ്മവേണം മറ്റുള്ള
ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ

സ്വന്തം ഭാഷയെ അമ്മയുടെ സ്ഥാനത്ത് പ്രതിഷ്ഠിച്ച ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ മലയാളത്തിന്റെ അവസ്ഥ നമ്മെ വീർപ്പുമുട്ടിക്കുന്നു.

ആശയവിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ. ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രതീകമാണ് ഭാഷ. സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകൾ നടക്കുന്നത് ഭാഷയിലൂടെയാണ്. അതുകൊണ്ട് തന്നെ ഭാഷാപഠനം എന്നാൽ സംസ്കാര പഠനവുമാണ്. ഓരോ മനുഷ്യനും തന്നെ ആവിഷ്ക്കരിക്കുന്നത് ഭാഷയിലൂടെയാണ്. അതുകൊണ്ടുതന്നെ മാതൃഭാഷയുടെ നഷ്ടം ഒരു ജനതയെ നശിപ്പിക്കുന്നു.

മലയാളത്തെ അവഗണിക്കുകയാണ് ഇന്നത്തെ ജനത. നിത്യ ജീവിതാവശ്യങ്ങൾക്കു നാം പൊതുവെ മലയാളമാണ് സ്വീകരിക്കാറുള്ളതെങ്കിലും കിട്ടുന്ന അവസരങ്ങളിലെല്ലാം നാം ഇംഗ്ലീഷിനെ മലയാളത്തിന്റെ സ്ഥാനത്തു മാറ്റി പ്രതിഷ്ഠിക്കുന്നു. ഭാഷ ഉപയോഗിക്കുമ്പോൾ തന്നെ ഇംഗ്ലീഷ് പറയുന്ന ഭാഷാ സംസ്കാരമാണ് നമ്മുടേത്. നമ്മുടെ നാട്ടിൽ കൂണുപോലെ മുളച്ചുപൊന്തുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പുതിയ തലമുറക്ക് പകർന്നുനൽകുന്നത് പാശ്ചാത്യ സംസ്കാരത്തിന്റെ പാഠങ്ങളാണ്. ഇംഗ്ലീഷ് സംസാരിക്കുന്നത് ശ്രേഷ്ഠമായിക്കരുതുകയും മലയാളം അറിഞ്ഞുകൂടാ എന്നതിൽ അഭിമാനിക്കുകയും ചെയ്യുന്ന മലയാളിയാണ് ഇന്നത്തെ സമൂഹത്തിലേറെ. സത്യം പറഞ്ഞാൽ മലയാളി തന്നെ മലയാളത്തിന്റെ കൊലയാളിയായി മാറുകയാണ്. ഇംഗ്ലീഷ് ഭാഷയെ ആശ്രയിക്കുമ്പോഴും മലയാളഭാഷയെ മനഃപൂർവ്വം നാം ചവിട്ടിത്താഴ്ത്തുകയാണ്.

നമ്മുടെ അയൽ സംസ്ഥാനങ്ങൾ അവരുടെ മാതൃഭാഷക്ക് നല്ല പ്രാധാന്യമാണ് നൽകുന്നത്. എന്നാൽ നമ്മളോ മലയാളിത്തം നഷ്ടപ്പെട്ട മലയാളി എന്നതിൽ ആഘോഷിക്കുന്നവരാണ് നാം ഓരോരുത്തരും. നമ്മുടെ മനോഹരമായ താരാട്ടുപാട്ടുകളും നാടൻ പാട്ടുകളും വെടിഞ്ഞ് ടിങ്കിൾ, ടിങ്കിൾ ലിറ്റിൽ സ്റ്റാറിനെ തേടിപ്പോവുന്ന അവസ്ഥയിലേക്കു മാറിപ്പോവുകയാണ് നമ്മുടെ കേരളം.

നാം ഓരോ തവണയും മലയാളഭാഷയെ ആക്ഷേപിക്കുമ്പോൾ നാം ഓർക്കണം നാം ചിന്തിക്കുന്നതും സ്വപ്നം കാണുന്നതുമെല്ലാം നാം അടിച്ചമർത്തിയ മാതൃഭാഷയിലൂടെയാണ്. മലയാളദിനം ആഘോഷിക്കാൻ ഒത്തുകൂടുന്നവർ യഥാർത്ഥത്തിൽ ആ ദിവസമുൾപ്പെടെ മുന്നൂറ്ററുപത്തഞ്ചു ദിവസവും മലയാളത്തെ ഞെരിച്ചമർത്തുകയാണ് ചെയ്യുന്നത്.

ഇത്തരം സമൂഹവ്യവസ്ഥയിൽ ഇത്തിരി പേരെങ്കിലും മലയാളത്തേയും മലയാളിത്തത്തേയും സ്നേഹിക്കുന്നവരുണ്ടെന്നത് ആഹ്ലാദം പകരുന്നു. അതിലെങ്കിലും നമുക്ക് ആശ്വസിക്കാം.<



രഞ്ജിത എം.
X C

*Everyone is good to us, until we expect nothing from him or her... And we are too good to them until we fulfill their expectations.*

---





നെജിയ ഷെറി എം.
X B

# പ്രകൃതി

പച്ചപ്പു നിറഞ്ഞ പ്രകൃതി
നീയാണു ഭൂമിയുടെ സൗന്ദര്യം
നിന്നെ കാണാൻ
നിന്നെ ഓർക്കാൻ
ആരുണ്ടീ ഭൂമിയിൽ
നീയില്ലാതെയായപ്പോൾ
മഴയില്ലാതെയായി
നിന്നെ ഓർത്തിരിക്കെ
ഒരു പക്ഷെ
എൻ കൺപീലി നനഞ്ഞിരിക്കാം



സഹ്‌ല എം. പി.
VIII F

# ഭൂമിഗീതം

കാടറിഞ്ഞു പുഴയറിഞ്ഞു
നാടറിഞ്ഞു നമ്മൾ, നടറിഞ്ഞു നമ്മൾ
സമാജസഹന ജീവിതത്തിൻ
നന്മ നേർന്നു നമ്മൾ, നന്മ നേർന്നു നമ്മൾ
ഞാറ്റുവേല, നാട്ടറിവുകൾ
നാടു നീളെ ചൊല്ലി, നാടുനീളെ ചൊല്ലി
നാട്ടുവിത്തു തേടി തേടി
നാടുചുറ്റി നമ്മൾ, നാടു ചുറ്റി നമ്മൾ
നിലമൊരുക്കി വിത്തെറിഞ്ഞു
വിളവെടുത്തു നമ്മൾ, വിളവെടുത്തു നമ്മൾ
മണ്ണറിഞ്ഞ് കൃഷിയിറക്കി
കർഷകരായ് നമ്മൾ, കർഷകരായി നമ്മൾ
മഴയറിഞ്ഞ്, പുഴയറിഞ്ഞ്
യാത്ര ചെയ്തു നമ്മൾ, യാത്ര ചെയ്തു നമ്മൾ
സുന്ദരമീ ഹരിതഭൂവിൽ
തീരംതേടി നമ്മൾ, തീരം തേടി നമ്മൾ



# രാജാങ്കണം

ചിറകുവിരുത്തിയ ഗരുഡനെപ്പോലെ തലയുയർത്തി
നിൽക്കുന്ന പ്രധാന കെട്ടിടം.....
വിശാലമായ കളിയിടങ്ങൾ......
ഇടയ്ക്ക് കരിമ്പാറക്കെട്ടുകൾ.....
അതിരിടുന്ന ഞാറമരങ്ങൾ.....
തലയാട്ടിനില്ക്കുന്ന കാറ്റാടികൾ......
തടമിട്ടുവാഴുന്ന ബദാം മരങ്ങൾ......
ആലും മാവും ഒന്നിച്ചുവളർന്ന് “ആല്മാവാ“യി വാഴുന്നയിടം.....
കാറ്റ് എപ്പോഴും മൂളിപ്പാട്ടുപാടി കയറിയിറങ്ങുന്ന
വിശാലമായ വരാന്തകൾ.....
പ്രകൃതിരമണീയമായ
ഒരപൂർവ്വ ദൃശ്യചാരുത....
എല്ലാറ്റിനും മകുടമായി ശോഭിച്ചുനിൽക്കുന്ന
പ്രകൃതിദത്ത തടാകം.....
പ്രഭാതത്തിൽപെയ്യുന്ന മഞ്ഞുകണങ്ങളും
സായന്തനത്തിലെ സ്വർണ്ണാഭയാർന്ന സൂര്യകിരണങ്ങളും
ഈ തടാകക്കരയെ ധ്യാന നിമഗ്നമാക്കുന്നു.....
അനിർവ്വചനീയമായ അനുഭൂതി പകരുന്ന
തീരങ്ങളാക്കുന്നു......
പോയ മഴക്കാലത്ത് രൗദ്രതയാർന്ന തടാകം
ഇപ്പോൾ നിശ്ചലമാണ്!
എന്തിനും ഏതിനും സാക്ഷിയായ്.....

**എഡിറ്റോറിയൽ ബോർഡ്**



# പരിസ്ഥിതി



ഉമ്മുൽ അസ്ന കെ.
VIII F

VIII F
ഞാനെന്റെ ഗ്രാമത്തിൽനിന്നും ഇറങ്ങിനടന്നു
എൻ കൂട്ടുകാരികൾക്കൊപ്പം
കണ്ടൂ ഞാൻ പലതരം കൊടിയും ചിഹ്നങ്ങളും
കണ്ടൂ ഞൻ ഹോട്ടലുകളും ഇറച്ചിക്കടകളും
എല്ലാം ഒരുപോലെ ദുർഗന്ധമാണ്
ചെവിയിൽ കൊതുകിന്റെ സംഗീതവും
മൂക്കിൽ ദുർഗന്ധവും കണ്ണിൽ പൊടിയും
ശ്വാസം വിടാതെ പൊടിപടലങ്ങൾ മായ്ച്ചുകൊണ്ട്
ഞാൻ നോക്കി നിൽക്കെ,
കാതടിപ്പിക്കും നേതാവിൻ പ്രസംഗവും
ഞെട്ടിത്തരിപ്പിക്കും യന്ത്രത്തിന്റെ ശബ്ദവും
ആക്രോശമാകുന്ന പുരോഹിതൻ വാക്കും
ഭീകരവാദത്തിൽ മുരടിച്ച മനുഷ്യനും
ജീവനൊടുക്കും മതഭ്രാന്തനും
തല്ലിക്കൊല്ലുന്ന നീതിപാലകരും
കൊള്ളയടിക്കുന്ന കള്ള വ്യാപാരിയും
മണ്ണിലും വിണ്ണില്ലും കൊള്ളില്ല പാർക്കാൻ
പാതാളത്തെ തേടിപ്പോകാം നമുക്ക്


---



സുഹൈർ അനസ്
IX E

# ഊന്നുവടി

അസ്തമിക്കുന്ന ലോകത്ത്
അപ്രത്യക്ഷമായ സ്നേഹം
എല്ലാമറിഞ്ഞു മാറാല
ഊന്നുവടിയോടു ചോദിച്ചു
നിന്റെയുള്ളിന്റെയുള്ളിൽ
മടുപ്പില്ലയിണയിരിക്കാൻ
ചുളിവു പറ്റിയ കരങ്ങളുടെ
സ്പർശനമേൽക്കവെ
വിള്ളലു കേറിയ പഴങ്കഥകളെങ്കിലും
കേൾക്കാമായിരുന്നു.



# പിറവി



പ്രവീൺ
IX H


പിറവിതൻ പുലരിയിലാദ്യമായമ്മയെ-
ന്നാവിടുത്തെയല്ലയോ ഞാൻ വിളിച്ചു
ഊഴിയായുഷ്മളം പുൽകി കിടത്തിയതാ-
മടിത്തട്ടെന്നുമിന്നറിഞ്ഞു...
ആഴിപോലാർത്തടിച്ചെന്നെക്കുളിപ്പിച്ച
വാത്സല്യമാത്മാവറിഞ്ഞിരുന്നു
സാന്ത്വനകൈവിരൽത്തുമ്പായ്,
വഴികളെ-
ത്താണ്ടുവാൻ പിന്നെ നീ കൂടെ വന്നു
അന്നുതൊട്ടിന്നോളം താളം
പിഴക്കാതെ-
അമ്മേയെന്നാ മന്ത്രം കേട്ടിരിപ്പൂ...
എന്നെയും താങ്ങി നീളുന്ന പഥങ്ങളി-
ലന്വേഷണം ഞാൻ തുടങ്ങിയപ്പോൾ
ഗർവ്വം കലർന്ന യുവത്വമധ്യാനത്തിൽ
തോൽവിയാൽ പാഠം പറഞ്ഞുതന്നും
വേർപ്പിൽ പൊതിയുന്നരധ്വാന ദുഃഖത്തിൽ
നിദ്രയായ് സ്വപ്നമായ് സ്വാസ്ഥ്യമായും
ആന്ധ്യമകറ്റും തിരകളിലക്ഷര
ബോധമായ് പെട്ടെന്നുദിച്ചുണർത്തും
അന്നു മുതൽക്കെന്റെ കൂടെനിന്നീടുന്ന-
തമ്മേയവിടുന്നു മാത്രമല്ലോ

---

# മനുഷ്യത്വം മറന്ന മാനവർ

സ്മേര കെ. സുകുമാരൻ
VIII H


ഭൂമിമാതാവിൻ പെൺമക്കളിന്ന്
അധമന്മാരാൽ പീഡിതരാകുന്നു
ജീവിതത്തിൻ കൊടും യാതനകൾപേറി
ലക്ഷ്യമില്ലാതെ ഒരു ജന്മം
സ്വജീവിതം കശാപ്പു ചെയ്തവരെ
ശിക്ഷ നൽകാതെ വിട്ടയച്ചവരെ
ആരുണ്ടെനിക്കാശ്വാസമേകാൻ
സ്നേഹത്തിൻ തൂവൽസ്പർശമേകാൻ
ജീവിതത്തിൽ ധൈര്യം പകരാൻ
പിൻതിരിഞ്ഞു നോക്കവേ
കരഗതമായതെല്ലാം യാതനകൾ
ലഹരിതൻ മയക്കത്തിലാകുന്ന കൈകളാൽ
ഞെരിഞ്ഞമരുന്നു സ്ത്രീ ജീവിതം
പറക്കമുറ്റാത്ത കിളിയെ അപഹരിക്കും
കഴുകൻ തൻ ക്രൂരതക്കിതു സമാനം
തന്റെ ജീവിതം മറ്റുള്ളവർക്കുവേണ്ടി ജീവിച്ചുതീർത്തിടും
ലോകം നോക്കുന്നവളെ സംശയത്താൽ
എന്നിട്ടും എന്തിനാണിവളോടിത്ര ക്രൂരത നീ കാണിക്കുന്നത്.



അജയ് കെ.
X A

# ആത്മാവിന്റെ ഭാഷ

അക്ഷരത്തിനമൃതൂട്ടിയങ്കണത്തിലലി-
വിന്റെ നിഴലായ് നടന്നവൾ
നാവിലമ്മിഞ്ഞപ്പാലോടൊപ്പം ഹരിശ്രീ
പദങ്ങളെഴുതിച്ചവൾ
ജീവനാഡിയിൽ മാതൃഭാഷാ വ്യഞ്ജന-
സ്വരരാഗങ്ങളലിയിച്ച
ഹൃത്തിലെ സാരംഗിയിലൻപത്തൊ-
ന്നു ഗീതങ്ങൾ പാടിയുറക്കിയവൾ മലയാളം
പുഞ്ചവയലിനോടൊപ്പം മധുരത്തിന്റെ
മാരുതനായവതരിച്ചു, കളങ്കങ്ങളെ കീഴ്പ്പെടുത്തി
മുറ്റത്തു പാരിജാതപ്പൂവിൽ മാതൃഗീതം-
രചിച്ചുണ്ണിയെ സ്വപ്നത്തിലേക്കാനയിച്ച്
അനന്തമായ സാഹിത്യത്തെ ഏഴാം കട-
ലിനപ്പുറത്തുനിന്നു വിണ്ണിലേക്കെത്തിച്ച്
കൈരളിയെ സ്വർണ്ണപ്പട്ടുടുപ്പിച്ചപ്പോഴും
തളിരിലയെ തുഷാരത്തിനു ദാനമാക്കിയപ്പോഴും
സ്നേഹത്തിന്റെ ഭാഷാകിരണങ്ങളെ
പള്ളിക്കൂടത്തിൽനിന്നു മാറോടണച്ചപ്പോൾ
എന്നന്തരാത്മാവിൽ നിന്നും ഭാഷ
സ്വബോധത്തിന്റെ പാത തെളിച്ചു
ചിങ്ങത്തോണിയേറിയവൾ
പിന്നെ പൂത്തു, കായ്ച്ചൂ, പുഞ്ചിരിച്ചൂ
വാടിത്തളർന്ന പുഷ്പത്തിന്റെ വേ-
രുകളിൽ ജീവിതാമൃതമായി
പുഷ്പകവിമാനത്തിലവൾ പിന്നെ
മഞ്ഞും വേനലും മഴയും രചിച്ചു
എല്ലാംകുറിച്ചോലയിൽ പിന്നെ-
അറിവായി ആത്മാവായി
നിളക്കൊപ്പമെഴുകീ കലാമണ്ഡല-
ത്തിന്റെ ചൈതന്യമായി
മലയാളമൊഴുകുന്നിവിടെയി
കേരളത്തിന്റെ സമതലങ്ങളിൽ
കിളിപ്പാട്ടുപാടിയറിവിന്റെ
പാലാഴിയായി പിന്നെ-
വിശ്വസൗന്ദര്യവും കവർന്നവ-
ളലയടിക്കുന്നു വിണ്ണിൽ
ജ്ഞാനപ്പാനചൊല്ലി ഒതേനനെ-
യും പഴശ്ശിയേയുമൂട്ടി
തുള്ളലും ഗ്രാമത്തിന്റെ കലയേയും
തഴുകി സപ്ത സ്വരങ്ങളായ മലയാളം
ഇപ്പോളിവിടെ നീ വെറുമൊരു
നിഴലോ ശില്പമോ?
വിശ്വസൗന്ദര്യം ചാർത്തിയ മാലയാ-
ളമേ നീയുണരുക കേളികൊട്ടുക!






# മലയാളം



റിസ്‌വാന നസ്റിൻ
VIII D

ചുറ്റും പ്രകാശം നൽകി സ്വയം ഉരുകി തീരുന്ന മെഴുകിതിരക്കു സമാനമാണ് ഇന്ന് നമ്മുടെ മലയാളം. എല്ലാവർക്കും സ്വന്തമായി ഒരു ഭാഷ നൽകി. എന്നാൽ ഇന്ന് ഒരു പക്ഷെ അവരെല്ലാം അവഗണിക്കുന്ന അവസ്ഥ. ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രതീകമാണ് ഭാഷ. സംസ്കാരിക കൊടുക്കൽ വാങ്ങൽ നടക്കുന്നത് ഭാഷയിലൂടെയാണ്. അതുകൊണ്ട് തന്നെ ഭാഷാ പഠനം എന്നത് സാംസ്കാരിക പഠനം കൂടിയാണ്. മനുഷ്യജീവിതത്തിൽ ധർമ്മസങ്കടങ്ങൾ ആവിഷ്ക്കരിക്കാനുള്ള മാധ്യമം ഭാഷയാണ്. അത് നമ്മുടെ മലയാളമാണ്. മാതാവിന് തന്റെ കുഞ്ഞിനോടുള്ള സ്നേഹം വളരെ വലുതാണ്. അത് ഒരിക്കലും അളന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ല. ആ വാത്സല്യവും, സ്നേഹവും ഒരു സമുദ്രത്തെപ്പോലെ ആഴമേറിയതാണ്. എല്ലാ തെറ്റിനും മാപ്പുതരുന്ന കോടതിയാണ് മാതൃഹൃദയം. ഓരോ അമ്മയും തന്റെ കുഞ്ഞിനു പകർന്നുനൽകുന്നു. നിനക്ക് ഒരമ്മകൂടിയുണ്ട്. അതാണ് നിന്റെ മലയാളം. നിന്റെ മാതൃഭാഷ. മലയാളം എത്ര സുന്ദരമായ ഭാഷ, മഹത്വമേറിയ പദവും, നമ്മുടെ മലയാള ഭാഷ പകർന്നു തരുന്ന ഓരോ അറിവും അമൃതുപോലെ മാധുര്യമേറിയവയാണ്.

മറ്റുള്ള ഭാഷകൾ പുറമേ മാത്രം തിളക്കമുള്ളവരാണ്. എന്നാൽ നമ്മുടെ മലയാള ഭാഷയുടെ ഉജ്ജ്വല തിളക്കവും, തനിമയും ഒരിക്കലും മായുന്നില്ല. മലയാളം നമ്മളിൽ ഒരു തണലായ്, നിഴലായ്, വെളിച്ചമായ് എന്നും നമുക്കരികിൽ ഉണ്ട്. എന്നാൽ മറ്റുള്ള ഭാഷകൾ വിരുന്നുകാർ മാത്രമാണ്. അവർ ഇന്ന് വന്ന് നാളെ യാത്രയാവുന്നു. ഇന്ന് എപ്പോഴോ മലയാളം നമ്മളിൽ നിന്നെല്ലാം മരിച്ചുപോയിരിക്കുന്നു. രാമായണം, മഹാഭാരതം തുടങ്ങി വിലപ്പെട്ട ഗ്രന്ഥങ്ങൾ സമ്മാനിക്കാൻ മലയാള ഭാഷക്ക് കഴിഞ്ഞു. എന്തിന് നാം ഓരോരുത്തരും കരയുന്നത്പോലും നമ്മുടെ ഭാഷയിലൂടെയാണ്. ഇന്ന് നമ്മളിൽ നിന്നെല്ലാം മലയാളം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. മലയാളത്തിൽ അഭിമാനം ഉറപ്പിക്കുന്നതിന് പകരം അത് ചോർത്തിക്കളയുന്ന ചില പ്രവണതകൾ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നു. മലയാളം പഠിക്കേണ്ട സമയം ഉപയോഗിച്ച് ഫ്രഞ്ചും, ജർമ്മനും ഭാഷ പഠിക്കുന്നതിന്റെ യുക്തി എന്താണെന്ന് പിടികിട്ടുന്നില്ല. മലയാളം പറഞ്ഞുപോയി എന്ന കാരണത്താൽ പിഴകൊടുക്കേണ്ട സ്കൂളുകളും കേരളിത്തിലുണ്ടല്ലോ!

മലയാളം പഠിച്ചു എന്ന കാരണത്താൽ ഒരു കുട്ടിയും മറ്റു ഭാഷയിൽ മോശക്കാരനാവുന്നില്ല. മാതൃഭാഷയിലുള്ള അറിവാണ് ആദ്യം സ്വായത്തമാക്കേണ്ടത്. ജീവിത മലർവാടിയിലേക്ക് നന്മയുടെ വെളിച്ചം വിതറിക്കടന്ന് വന്ന് കാലം മായ്ക്കാത്ത ഓർമ്മകൾ ബാക്കിവെച്ച് ജീവിതത്തിന്റെ നട്ടുച്ച നേരത്ത് എപ്പോഴോ പൊലിഞ്ഞ് പോയ പാവം നമ്മുടെ മലയാളഭാഷ നഷ്ടപ്പെട്ടവനു നഷ്ടമാകുന്നത് സ്വന്തം ശബ്ദമാണ്. കടമെടുത്ത ശബ്ദം കുറെകാലം ഉപകരിച്ചേക്കാം. അത്യധികമായി സ്വന്തം ഭാഷയുടെ ലാളിത്യവും, സൗന്ദര്യവും, ഹൃദയമിടിപ്പും നമുക്ക് മാത്രം അവകാശപ്പെട്ടതാണ്. അതുവേണ്ടെന്നു വെക്കുന്നവർ ഓർക്കുക. നിങ്ങൾ കടലിലേക്ക് എറിഞ്ഞു കളയുന്നത് അമൂല്യ രത്നത്തെയാണ്. സ്നേഹവും ധാർമ്മിക മൂല്യങ്ങളും തകർന്ന് തരിപ്പണമാകുമ്പോൾ മാനവികതയുടെസ്നേഹം ഉയർത്തിപ്പിടിച്ച് നമുക്ക് ഓരോരുത്തർക്കും ഒരുമിച്ച് പറയാം "മരിക്കില്ല എൻ മലയാളം..." ■




> *Arguments wins the situation, but loses the person. So never argue with you loved ones. Because situation is not important than the person you love.*



മുഹമ്മദ് ഇജാസ്
IX D

# ഫാഷൻ



"ഫാഷൻ ഭ്രമമോ... എനിക്കോ... ഹേയ്
ഞാനാ ടൈപ്പല്ല..
പിന്നെ മുണ്ടും ഷർട്ടുമിട്ട്
ഫ്രെണ്ട്സിന്റെ കൂടെ ചെത്താൻ പറ്റോ...
അറ്റ്ലീസ്റ്റ് ഒരു ലോവസ്റ്റ് ജീൻസെങ്കിലുമില്ലാതെ...
ടൂറിന് പോകുമ്പം ത്രീഫോർത്തട്ടില്ലേൽ
മാനം പോകും.
മാരേജ് ഫംഗ്ഷനൊക്കെ എന്നുമുള്ളതാണോ...
ഒരു ലൂസ് ഷർട്ടും ജയൻ മോഡൽ പാന്റുമിട്ടാൽ
തിരിഞ്ഞ് നോക്കില്ല ആരും... ഒരുത്തനും...
നല്ല ബ്രാൻഡ് വാച്ചും... പ്ലെയിൻ ഗ്ലാസ്സും...
കളർഫുൾ ഷൂവുമിട്ടാലെ ട്രൻഡിയാകൂ...
ഓ... നാട്.. നമ്മൾ ജനിച്ച നാടൊക്കെത്തന്നെ
അടിപൊളിയായി നടന്നില്ലേൽ വിലപോകും
സ്കൂളിൽ പോവുമ്പോ പോട്ടെ...
കൂട്ടുകാരന്റെ ബൈക്കിൽ
കാഷ്വൽ ഡ്രസ്സുമിട്ട് പോവും...
ഒരു അആഇഈയെങ്കിലുമില്ലാതെ...
അത്രേള്ളൂ അല്ലാതെ
എനിക്ക് ഫാഷനോട്
അത്ര ഭ്രമമൊന്നുമില്ല... സത്യം"

---





ഫസ്‌ല തസ്നി വി..
IX E

# ശൂന്യമായെൻ ജീവിതം



ഇന്നുമെൻ ജീവിതം ഏകാന്തമാണ്
ഇരുൾ നിറഞ്ഞൊരെൻ ജീവിതത്തിൽ
നിറങ്ങളാർന്നീടും സ്വപ്നങ്ങളില്ല....
ശൂന്യമായെൻ ജീവിതത്താളുകൾ
നിന്നിലേക്കായ് ഞാൻ തുറക്കുമ്പോൾ
നീ അറിയാതെ പോയതെന്തേ...
എന്റെ നീറുന്ന വേദനകൾ...
വർണ്ണങ്ങളാർന്ന സ്വപ്നത്തിനായ്
ഒരുപാട് കാലം ഞാൻ കാത്തിരുന്നു...
ദൂരേയ്ക്കായ് മാഞ്ഞുപോയ് നീ...
എവിടേക്കായി നീ മാഞ്ഞുപോയീ
ആകാശത്താളുകളിൽ അദൃശ്യമായീടും
ചന്ദ്രബിംബമായിരുന്നോ നീ,
അതോ...
പുൽക്കൊടിത്തുമ്പിലെ
മഞ്ഞുതുള്ളിയായിരുന്നോ...
നിനക്കായാണ് ഞാൻ കാത്തിരിക്കുന്നത്....
എൻ ഏകമാം ജീവിതത്തിൽ
ഇന്നും നിശ്ചലമായ ഓർമകൾ മാത്രം...
വെറും ഓർമകൾ....

# പിറന്നാൾ സമ്മാനം



മിർഷാന ഷെറിൻ എം.
X G

**തോരാത്ത** മഴ. ആ മഴയിൽ പാതി നനഞ്ഞ എന്റെ കുഞ്ഞുടുപ്പ്. സ്കൂൾ വിട്ട സമയമായിരുന്നു. കുടയുംപിടിച്ച് ഞാൻ വീട്ടിലേക്കോടി. പെട്ടെന്ന് ഒരു കാഴ്ച്ച എന്റെ ശ്രദ്ധയിൽപ്പെട്ടു. ആൽമരച്ചുവട്ടിൽ മകനെ മാറോടണച്ച് കരയുന്ന അമ്മ. അമ്മ തന്റെ കീറിയ സാരിയുടെ ഒരറ്റം മകന്റെ തലയിൽ അണിയിച്ചിരുന്നു. എന്തിനാണിവർ മഴ നനയുന്നത്. മഴയിൽ നിന്നും രക്ഷനേടാൻ ഇവർക്ക് കുടയില്ലേ... കുടിലില്ലേ, എന്റെ കുഞ്ഞുമനസ്സിനെ ഇത് വല്ലാതെ അലട്ടി.

എന്തിനാണ് മഴ നനയുന്നത് എന്ന് ചോദിക്കണമെന്നുണ്ട് പക്ഷേ... എനിക്കാവുന്നില്ല. ഈ ചോദ്യം അവർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോ. ഞാൻ അവരുടെ അടുക്കലെത്തി, തെല്ല് മടിയോടെ ഞാൻ ചോദിച്ചു

"എന്തിനാ മഴ നനയുന്നത്?"

ആ അമ്മ ഒന്നും പറഞ്ഞില്ല. പകരം കരയുകമാത്രം ചെയ്തു. അമ്മയുടെ മാറിൽ ചേർന്നു നിൽക്കുന്ന അഞ്ചോ ആറോ വയസ്സുള്ള അവനെ എനിക്ക് ഏറെ ഇഷ്ടമായി. ഞാൻ എന്റെ കുടയിലേക്ക് അവനെ ചേർത്തു നിർത്തി. അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ വീഴാൻ തുടങ്ങി. വിറക്കുന്ന ചുണ്ടുകളോടെ അവൻ ചോദിച്ചു

"ചേച്ചീടെ കയ്യില് പുസ്തകണ്ടോ?"

"ഉണ്ടല്ലോ... മോനെന്തിനാ പുസ്തകം"

"എനിക്ക് വായിക്കണം, വായിച്ച് വലിയ ആളാവണം"

ദാരിദ്ര്യത്തിന്റെയും ഒറ്റപ്പെടലിന്റെയും തീക്ഷ്ണതയിലും ഈ കുട്ടിക്ക് പഠനാവേശം. വായിച്ചു വളരാൻ ആഗ്രഹിക്കുന്ന ആ കുഞ്ഞുമനസ്സിനോട് എനിക്ക് ബഹുമാനം തോന്നി.

"ചേച്ചിക്കറിയോ നാളെ എന്റെ പിറന്നാളാ"

"മോള് പൊയ്ക്കോ വീട്ടിലന്വേഷിക്കും"

അമ്മ നിറകണ്ണുകളോടെ പറഞ്ഞു.

പറഞ്ഞതു ശരിയാ വേഗം വീട്ടിലെത്തണം. ഞാൻ വീട്ടിലേക്കോടി.

അന്നുരാത്രി അവരായിരുന്നു എന്റെ മനസ്സ് നിറയേ. നാളെ ആ കുട്ടിയുടെ പിറന്നാൾ. പക്ഷേ ഈ ദാരിദ്ര്യത്തിന്റെ നടുവിൽ അവനെങ്ങനെ ആ ദിവസം ആഘോഷിക്കും. ഒരുപക്ഷെ... അവന്റെ അമ്മക്ക് ഇതുവരെ ഒരു പിറന്നാൾ സമ്മാനംപോലും വാങ്ങിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. എന്തായാലും നാളെ അവനൊരു പിറന്നാൾ സമ്മാനം കൊടുക്കണം. ഒരു നല്ല പുസ്തകം തന്നെ സമ്മാനമായി നൽകണം. അത് കിട്ടുമ്പോൾ അവന് എത്രയധികം സന്തോഷമുണ്ടാവും. കുറച്ച് സമയത്തിനുള്ളിൽതന്നെ ഞാനവനെ ഏറെ ഇഷ്ടപ്പെട്ടുപോയി. അവൻ വായിച്ചുവളരണം.

പിറ്റേന്നു രാവിലെ എന്റെ മനസ്സിൽ മായാതെ നിന്ന ആ ആൽമരച്ചുവട്ടിലേക്ക് ഞാൻ ഏറെ പ്രതീക്ഷയോടെ ഓടി. ഈ പുസ്തകം കിട്ടുമ്പോൾ സന്തോഷത്തോടെ അവൻ ചിരിക്കുന്ന മുഖം എന്റെ ഓട്ടത്തിന്റെ വേഗത കൂട്ടി. ആ ആൽമരച്ചുവട്ടിൽ എന്താണിന്ന് ആൾക്കൂട്ടം. ഞാൻ അവിടേക്ക് ഓടി. വിതുമ്പിക്കരയുന്ന അമ്മ. അമ്മയുടെ മുന്നിൽ നിശ്ചലമായിക്കിടക്കുന്ന മകൻ. ഞാൻ പൊട്ടിക്കരഞ്ഞു. തന്റെ കയ്യിലുള്ള പുസ്തകത്തിലേക്കുനോക്കി. കണ്ണുനീർതുള്ളികൾ ആ പുസ്തക താളുകളെ നനച്ചു. തോരാതെ പെയ്തമഴയിൽ മഴനനഞ്ഞ് കുതിർന്ന് പനി പിടിച്ചതാവാം അവന്റെ മരണത്തിന് കാരണം.

ഭ്രാന്തമായ അവസ്ഥയിൽ അമ്മ എങ്ങോട്ടെന്നില്ലാതെ ഓടി. എതിരെ വന്ന ഒരു വാഹനം അമ്മയുടെ ജീവനെടുത്തു. മകൻ പോയ ലോകത്തേക്ക് ആ അമ്മയും യാത്രയായി. ഒരുപക്ഷേ... തന്റെ മകനില്ലാത്ത ജീവിതം അമ്മക്ക് ചിന്തിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. ഏറെ പ്രതീക്ഷയുമായി ഞാൻ കൊണ്ടുവന്ന ആ പിറന്നാൾ സമ്മാനം വിറച്ചു നിന്ന എന്റെ കൈയ്യിൽ നിന്നും ഊർന്നുവീണു. എന്റെ കണ്ണുകൾ തോരാതെ പെയ്തുകൊണ്ടിരുന്നു. ■



# ഒരു നോക്കുകാണാൻ...



റിഫ്‌വാന കെ.
VI A

കൈവിട്ടുപോയതെൻ ഓമനത്തിങ്കളേ
നിൻ സ്വരം കേൾക്കാൻ കാത്തിരിപ്പൂ ഞാൻ
പിച്ചവെച്ചു നടക്കുമ്പോ
പിച്ചകപ്പൂ പറിക്കുമ്പോ
സ്നേഹംകൊണ്ട് പുതപ്പിച്ചു ഞാൻ
താരാട്ട് കേൾക്കുമ്പോൾ
നീ കളിക്കും
ചോറു വാരിത്തരുമ്പോൾ
നീ മറയരുതേ..
നിൻ പുഞ്ചിരി വിടരും മുഖമൊന്നു കാണാൻ
ഞാൻ കാത്തിരിക്കും
ഒരുമ്മ നൽകാൻ കാത്തിരിക്കും
സ്നേഹം വാരിത്തന്നീടാം
മോഹം എന്തും നൽകീടാം
ഈ അമ്മയെ കാണാൻ നീ
വരുമോ... നീ വരുമോ
കാലം മറയുമ്പോൾ ജീവിതത്തിൻ സായംസന്ധ്യയിൽ
കാത്തിരിപ്പോടെ ഞാൻ ഉറങ്ങാതിരിക്കാം...

---

# നിഴൽ



ശ്യാം വി.
IX H

നിഴലുകൾ ചായം തീർത്തൊരു
സായം സന്ധ്യയിൽ
എന്റെ സ്വപ്നങ്ങളിൽ
നനവു പകർന്നു
പടർന്നുകയറിയ ആ നനവിൽ
ഞാൻ എന്റെ മാറ്റങ്ങളെക്കുറിച്ച്
ചിന്താവിഷ്ടനായി...
പിന്നീടെന്നോ ചിന്തകൾക്കുമപ്പുറം
മാറ്റങ്ങളില്ലാത്ത പാതകളിലൂടെ
ഞാൻ വീണ്ടും നടന്നു
അതും നിഴലുകൾ ചായം തീർത്തൊരു
സായം സന്ധ്യയിലായിരുന്നു.



# ജീവിതം

പതിവുപോലെ കാളിത്തള്ളയുടെ അലറൽ കേട്ടാണ് ലക്ഷ്മി ഉണർന്നത്. തളർന്നുറങ്ങിയ തന്റെ മകനെ അവൾ വാത്സല്യത്തോടെയൊന്നു തലോടി. ഒരു ചെറിയ വീടാണ് ലക്ഷ്മിയുടേത്. രാത്രി നല്ല മഴയായിരുന്നു. മേൽക്കൂര നന്നായി ചോരുന്നുണ്ട്. വീടിന്റെ മുക്കിലും മൂലയിലും വെച്ചിരിക്കുന്ന പാത്രങ്ങളിൽ വെള്ളം വീഴുന്ന ശബ്ദം ആ വീട്ടിൽ മുഴങ്ങുന്നുണ്ടായിരുന്നു. മോനെ കുളിപ്പിക്കാനും മറ്റും ആ വെള്ളംമതി. അടുക്കളയിലെ ആവശ്യത്തിന് ദുരെയുള്ളകിണറിൽ നിന്നെടുത്ത വെള്ളമുണ്ടായിരുന്നു. കാളിത്തള്ളക്കുള്ള ചായക്ക് വെള്ളം അടുപ്പത്തു വെച്ചു. ലക്ഷ്മിയുടെ ഭർത്താവിന്റെ പേര് രാഘവനെന്നാണ്. പാറപൊട്ടിക്കലായിരുന്നു പണി. ഇപ്പോൾ ലക്ഷ്മിയും അവിടെയാണ് പണിയെടുക്കുന്നത്. പാറക്കെട്ടിൽ ഒരു അപകടത്തിലായിരുന്നു രാഘവൻ മരിച്ചത്. രാഘവനെക്കുറിച്ചുള്ള ചിന്തക്കിടയിൽ ചായ തിളച്ചത് അവളറിഞ്ഞില്ല. കാളിത്തള്ളയും മോനും വഴക്കിടുന്ന ശബ്ദം കേട്ടാണ് ലക്ഷ്മി ചിന്തയിൽ നിന്നുമുണർന്നത്. രാഘവന്റെ ഒരകന്ന ബന്ധുവാണ് കാളിത്തള്ള, മക്കളുപേക്ഷിച്ചപ്പോൾ രാഘവൻ കൂട്ടിക്കൊണ്ടുവന്നതാണ്. മോനെക്കുളിപ്പിച്ച് രണ്ടു പേരുംകൂടി പാറക്കെട്ടിലേക്ക് പോയി. മോനെ വീട്ടിലിരുത്തിയാൽ കാളിത്തള്ളയുമായി വഴക്കുണ്ടാക്കും. മോനെ ഒരിടത്തിരുത്തി ലക്ഷ്മി പാറപൊട്ടിക്കാൻ പോയി. ഉച്ചവെയിലിൽ വൈകുന്നേരം പണിയെടുത്തിട്ട് ലക്ഷ്മിക്ക് കിട്ടിയത് 100 രൂപ മാത്രം. മുതലാളിയോട് വഴക്കിട്ട് 10 രൂപ കൂടെ ഒപ്പിച്ചു. ടൗണിലുള്ള ഹോട്ടലിൽനിന്ന് കാളിത്തള്ളക്കും മോനും ഭക്ഷണം വാങ്ങി മോനെ തോളിലിട്ട് തിരക്കുള്ള റോഡിൽക്കൂടെ ലക്ഷ്മി നടന്നകന്നു. ■



ഹരിദേവ് ആർ. എസ്.
VI A



*"No candle looses its light while lighting up another candle" So never stop helping others*



# മനസ്സിൽ നീറ്റലായി



അമൃത എസ്.

**പാ**തിവഴിയിൽ വച്ച് എന്റെ കണ്ണുകളിൽനിന്നും മറഞ്ഞ് ആ മനോഹരമായ രൂപവും സ്വരവും ഇന്നും എന്റെ മനസ്സിനെ വിഷാദത്തിലാഴ്ത്തുന്നു.

സ്കൂളിലെ കളിയും, ചിരിയും, പഠനവും ആഘോഷിച്ച് പതിവുപോലെതന്നെ ഞാൻ വീട്ടിലെത്തി. ഉമ്മറപ്പടിയിൽ ചായയും കൈയ്യിലെടുത്ത് നിൽക്കുകയായിരുന്ന എന്റെ ശ്രദ്ധ പെട്ടെന്നാണ് "ഇരട്ടത്തലച്ചി" എന്നു നാം വിളിക്കുന്ന മനോഹരമായ ഇണ പക്ഷികളുടെ മേൽ പതിച്ചത്. വീട്ടുമുറ്റത്തെ "ബുഷ്" ചെടിക്കു സമീപം ചുറ്റിപ്പറ്റിയായിരുന്നു പക്ഷികൾ പാറി കളിച്ചിരുന്നത്. ആദ്യമൊന്നും ഒന്നും ചിന്തിക്കാതെ വളരെ കൗതുകത്തോടെ ഞാൻ അവയെ നിരീക്ഷിച്ചു. ഒരുനാൾ സ്കൂൾ വിട്ടു വരുമ്പോൾ ചെടിയിൽ നിന്നും അവ ഒരു പരിഭ്രാന്തിയോടെ പാറിപ്പോകുന്നത് ഞാൻ കണ്ടു. ഓടിച്ചെന്ന് ഞാൻ ആ ഇലകൾ വകഞ്ഞുമാറ്റിയപ്പോൾ എന്റെ സന്തോഷത്തിനതിരില്ലായിരുന്നു. ഇലകൾക്കിടയിൽ ഒരു ചെറുകൂട്, കൂട്ടിനുള്ളിൽ പളുങ്ക്പോലെ തിളങ്ങുന്ന മൂന്നു മുട്ടകൾ. ഞാൻ ആർത്തുവിളിച്ച് അമ്മയോട് കാര്യങ്ങൾ പറഞ്ഞു. അമ്മ എന്നോട് പറഞ്ഞതിങ്ങനെയായിരുന്നു. അവയുടെ സ്വൈര്യജീവിതം നീ തകർക്കരുത്.

അത് കണക്കിലെടുക്കാതെ ദിവസവും എന്റെ ദൃഷ്ടി ആ ചെടികൾക്കിടയിലൂടെ പതിയുന്നുണ്ടായിരുന്നു.

ഒരു നാൾ എന്റെ ആഗ്രഹം പോലെ തന്നെ സം വിച്ചു. മുട്ടകൾ വിരിഞ്ഞു. മനോഹരവും അതിലേറെ അപകടം പതിയിരിക്കുന്നതുമായ ലോകത്ത് മൂന്ന് ജീവൻ ഉടലെടുത്തു. പഞ്ഞിപോലെ മൃദുലമായ മൂന്നു കിളിക്കുഞ്ഞുങ്ങൾ. അവയുടെ നിത്യ സന്ദർശകയായി ഞാനും. രാവെന്നോ പകലെന്നോ ഇല്ലാതെ അവയുടെ സ്വരം കേൾക്കാൻ കൊതിച്ച് ഞാൻ സമയത്തെപ്പോലും വെല്ലുവിളിച്ചു ചെല്ലുക പതിവായി. അവയോടു ഞാൻ കൂടുതൽ അടുത്തു. എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി അവർ മാറിക്കഴിഞ്ഞിരുന്നു. ഒരു നാൾ സ്കൂൾ വിട്ട് ചെന്നപ്പോൾ എന്റെ കുഞ്ഞു ഹൃദയം തകർന്നുപോയി. കൂടു നിലംപൊത്തിക്കിടക്കുകയായിരുന്നു. പറക്കമുറ്റാറാകാത്ത എന്റെ ആ കിളിക്കുഞ്ഞുങ്ങളെയും തേടി ഞാൻ വാവിട്ടുകരഞ്ഞു.

അന്ന് ഒരു അഞ്ചാം ക്ലാസുകാരിയായ എനിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ആ അനുഭവം.

ഞാൻ നെയ്തെടുത്ത സ്വപ്നങ്ങൾ ഒരു മയിൽപ്പീലിപോലെ കൊഴിഞ്ഞു. ജീവിതത്തിലെ ഒരധ്യായം സമാപ്തമായി.

ഇന്നും എന്നെ തീരാ വേദനയിലാഴ്ത്തിക്കൊണ്ടു ഒരു ചോദ്യം ബാക്കി കിടക്കുന്നു. അവക്കെന്താണു സംഭവിച്ചത്? ■




IX D

> *Arguments wins the situation, but loses the person. So never argue with you loved ones. Because situation is not important than the person you love.*

# മഴ

**ഉ**ണ്ണി പുതപ്പ് തലയ്ക്ക്മീതെ ഇട്ട് ചുരുണ്ട് കിടന്നുറങ്ങുകയാണ്. മഴ തിമിർത്ത് പെയ്യുകയാണ്. തൊഴുത്തിൽ സുന്ദരി പശു കിങ്ങിണിക്കുട്ടനെ കഴുത്തിനടിയിൽ നിർത്തി കണ്ണ് ചിമ്മി നിൽക്കുകയാണ്. ഇടയ്ക്കിടെ ചെവി ഇളക്കുന്നുണ്ട്. കിങ്ങിണിക്കുട്ടൻ ഉണ്ടക്കണ്ണുമായി മഴയെ നോക്കുന്നുണ്ട്. മുറ്റത്തെ പ്ലാവിൻ കൊമ്പിൽ കാക്ക കഴുത്ത് ചിറകിനുള്ളിലേക്ക് താഴ്ത്തി കൂനിക്കൂടി ഇരിക്കുകയാണ്. ഉണ്ണി ജനലിലൂടെ പുറത്തേക്ക് നോക്കി താഴത്തെ പാടത്തും പുഴയിലും വെള്ളം നിറഞ്ഞു. ഉണ്ണി സന്തോഷത്തോടെ തുള്ളിച്ചാടി. അമ്മയുടെ കൂടെ നീന്താൻ പോകാമല്ലോ. വീണ്ടും അമ്മയുടെ വിളി "എഴുന്നേൽക്കെടാ". ഉണ്ണി ചാടി എഴുന്നേറ്റു ഞായറാഴ്ച്ചയാണെന്ന് വിചാരിച്ച് ഉറങ്ങേണ്ട. വേഗത്തിൽ പോയില്ലെങ്കിൽ കുളിക്കാൻവെള്ളം കിട്ടില്ല. ഉണ്ണി ബക്കറ്റുമായി പുഴയിലേക്കോടി. അമ്മ പിന്നിൽ നിന്ന് പറയുന്നുണ്ടായിരുന്നു എന്നാണാവോ ഇനി ഒരു





അവന്തിക വി.
V A

മഴ കിട്ടുക. ഉഷ്ണം സഹിക്കാൻ വയ്യ. ഉണ്ണി അവിടെ എത്തുമ്പോൾ അടുത്ത വീട്ടിലെ രാമു കുളിക്കുന്നുണ്ടായിരുന്നു. ഉണ്ണി പുഴയിലേക്കിറങ്ങി താഴേക്ക് നടന്നു. പുഴയ്ക്കകത്തെ ഒരു കുഴിയിൽ കുറച്ച് വെള്ളമുണ്ടായിരുന്നു. അതിൽനിന്ന് ഉണ്ണി ബക്കറ്റിലേക്ക് വെള്ളം നിറച്ച് ദൂരെ മാറിനിന്ന് നെറുകയിലേക്ക് തണുത്ത വെള്ളം പതിയെ ഒഴിക്കാൻ തുടങ്ങി. കണ്ണുകൾ തനിയെ അടഞ്ഞു വീണ്ടും ഉണ്ണിയുടെ മനസ്സിൽ തണുത്ത മഴ പെയ്യാൻ തുടങ്ങി. ■

> *Give thousand chances for your enemy to become your friend... give no chance for your friend to become your enemy.*

Authorised Dealer
EXIDE
SALES & SERVICE

JOSE
Mob: 9447844197
Ph: 0483-2743965







BROTHERS
BATTERY HOUSE


Changuvetty, Kottakkal
Malappuram Dist., Kerala - 676 503

Dealers in: Auto Motive, Motor Cycle, Tubular, UPS Batteries & Inverter



ശ്രീലക്ഷ്മി പി.
IX B

# അമ്മ




വിരിയുന്ന ഹൃദയത്തിൽ
തണലേകി താങ്ങേകി
വളരും മനസ്സിലോ
അറിവേകി നിറമേകി
കരയുന്ന മുഖത്തുമ്പിൽ
കരുത്തിന്റെ പാലേകി
എന്നെന്നുമെന്നെ വളർ-
ത്തുന്നതീയമ്മ
പതറാത്ത കാൽവെപ്പിനായ്
പറയാതെന്നുമെത്തീടും
സുഖമുള്ള ദൂതിക്കായ്
സുഖത്തെയടക്കീടും
അറിയാതെ ചൊരിയാതെ
കരുണയാൽ തലോടുന്ന
ഒരു പാവമാണെന്റെ
സ്വന്തമാം പൊന്നമ്മ
പൊന്നക്ഷരങ്ങളെ
പൊതിയുവാനായിരം
ചിറകുകളുള്ള ഒരു
മാരിവില്ലിന്റെ അഴകിൽ
സുന്ദരിയാം എന്നമ്മ
വരികൾക്കുമതീതയാം
സ്നേഹത്തിൻ കടലമ്മ


---



ശഹാന കെ.പി.
IX I

# അമ്മ എത്ര രമണീയം

ജന്മം കൊണ്ട് മണ്ണിൽ വീണ അന്ന്
ആദ്യം കണ്ണിൽ കണ്ട മുഖം
തേജസോടെ എന്റമ്മ....
എത്ര സുന്ദരം.... എത്ര സുഗന്ധം...
എത്ര സുഖം....
എൻ കൺകളിൽ ആ മുഖം മാത്രം
നിൻ സ്വരം കേട്ടുണർന്നു ഞാൻ....
നിൻ സുഖം കൊണ്ടുണർന്നു ഞാൻ....
കണ്ടപ്പോൾ...
ഒന്നു തൊടാൻ തോന്നി...
ഒന്നു കെട്ടിപ്പിടിക്കാൻ തോന്നി....
ഒന്നു ഉമ്മ വെക്കാൻ തോന്നി....
കണ്ണടയാതെ ആ മുഖം...
നോക്കിനിന്നു വീണ്ടും വീണ്ടും...
അതിനു പകരം നൽകാൻ ഒന്നുമില്ല....
കുഞ്ഞുമനസ്സ് ഒന്നു പിടയുമ്പോൾ
അമ്മ വാരി പുണർന്ന്
ഒന്നു തലോടി ഒരു മണിമുത്തം
ആ മുഖം മനസ്സിൽ എന്നും
പ്രകൃതിയെ പോലെ
പച്ച നിറഞ്ഞുനിന്നു....!






പ്രജിത്ര പി.
VIII E

# വന്ദേമാതരം

കത്തിയെരിയുന്ന ഉച്ചക്കൊടും വെയിലിലും
എന്നുടെ മനസ്സിൽ ഒരു ഹിമകണം
അലിയുകയായ്... അലിയുകയായ്...
ശാന്തതയുടെ ഹിമകണം....
അഹിംസയുടെ ഹിമകണം....
അന്ന് ആ കാശ്മീരിലെ കോച്ചും തണുപ്പിൽ
എൻ സഹജീവികൾ മാതൃരാജ്യത്തിനായ്
പ്രാണവായു നിശ്ചലമാക്കിയപ്പോഴും
ഞാൻ ചാലിച്ച അഹിംസാകണം.
ഹേ!.... നീയെന്റെ സുഹൃത്തുക്കൾ തൻ
ജീവനെടുത്തപ്പോഴും ഞാനൊരു
മൗനിയായി നിൻ മുന്നിൽ
നിന്നുതന്നതല്ലോ? എന്നിട്ടും
നീയെന്നെ വെറുതെ വിട്ടതെന്തേ?
പശ്ചാത്താപത്തിൻ കൂരമ്പുകൾ നീയാൽ
ഞാൻ വഹിക്കേണ്ടി വന്നില്ലേ.
നീയെനിക്ക് മൃത്യു പ്രദാനം ചെയ്തുവെങ്കിൽ
ഞാനിന്നീ വേദന തൻഭാരം
പേറണമായിരുന്നോ?
മൺമറഞ്ഞ അവർക്കായ്
ആ ധീരർക്കായ് ഞാനൊരു
വാക്കുപോലും മിണ്ടിയില്ല.
അതെന്റെ തെറ്റ്.... അതെന്റെ തെറ്റ്....
അവർക്കായ് ഞാനെന്താണു ചെയ്യുക?
അതെ നിൻ മരണം
അഹിംസതൻ പര്യായമേ നിൻ മരണം
ഒരു വെടിമുഴക്കം, പക്ഷികൾ കലപില കൂട്ടുന്നു
സൂര്യനെ കല്പാന്ത മേഘങ്ങൾ മൂടുന്നു.
എനിക്കീ അന്ധകാരത്തിൽ ജീവിക്കേണ്ട
എനിക്ക് വെളിച്ചം വേണം
എനിക്ക് മുക്തി വേണം
ഞാനിതാ പശ്ചാത്താപത്തിൻ
കൂരമ്പുകൾ എടുത്തുകളയുകയായ്
വേദനതൻ ഭാരം ഇറക്കി വയ്ക്കുകയായ്
ഞാനിതാ പോകുന്നു.
വന്ദേമാതരം.... വന്ദേമാതരം....







ഉമ്മുൽ അസ്ന കെ.
VIII F

# മറയുന്ന കാലങ്ങൾ

കൊഴിഞ്ഞുവീഴുന്ന ഇലകളെപ്പോൽ
ദിനങ്ങളോരോന്നും മറഞ്ഞീടുന്നു
എത്രദിനങ്ങൾ നമ്മിൽ നിന്നകന്നൂ...
എത്ര ദിനങ്ങൾ നമ്മിലേക്ക് വരുന്നൂ...
യൗവ്വനം നമ്മെ തലോടിപ്പോകും
വാർദ്ധക്യം നമ്മോട് കൂട്ടുകൂടും
ചിരട്ടയിൽ മണ്ണപ്പം ചുട്ടകാലം
എങ്ങോട്ടുപോയി മറഞ്ഞിടുന്നു
പോയ ദിനങ്ങൾ പിന്നെത്തുകില്ല
പിന്നോട്ടുപോകാൻ കഴിവുമില്ല
കാലങ്ങളോരോന്നു പിന്നിടുമ്പോൾ
മാറുന്നു ലോകത്തിൻ കാൽവെപ്പുകൾ



ഷബീബ കെ.
IXF

# വാർദ്ധക്യം

മക്കളാൽ അവഗണിക്കപ്പെട്ട്
വീട്ടിൽനിന്നും ആട്ടിയോടിക്കപ്പെട്ടവർ
അവർ അനാഥരോ?
തെരുവിലേക്ക് വലിച്ചെറിയപ്പെട്ടവർ
ജരാനരകൾ ബാധിച്ചപ്പോൾ
സമൂഹം അവർക്ക് വൃദ്ധരെന്ന് വിളിപ്പേരിട്ടു
വീടിന്റെ ഇരുട്ടറയിൽ
ഏകാന്തമായി കഴിയേണ്ടി വന്നു...
മക്കൾക്കും സമൂഹത്തിനും ഭാരമായി
അവർ പടിയിറങ്ങുമ്പോൾ
കൂടെയിറങ്ങുന്നത്,
പണ്ടെന്നോ കേട്ടുരസിച്ച്...
ഒരുപാട് കേൾക്കാൻ ആഗ്രഹിച്ച...
മുത്തശ്ശിക്കഥകളും കവിതകളും
മക്കളിൽനിന്നും സമൂഹത്തിൽനിന്നും
യാതനകൾ അനുഭവിക്കാൻ വേണ്ടിമാത്രം... ഇവർ
വാർദ്ധക്യം... ഇന്ന് ഒരു ജീവിത പരീക്ഷണം...



# നല്ല നാളേക്കുവേണ്ടി



ഷഹനാസ് പി.

IX E

**ന**ഷ്ടപ്പെടുന്ന പച്ചപ്പിനേയും ഇല്ലാതാകുന്ന ആവാസ വ്യവസ്ഥകളയും ഓർമിപ്പിച്ചുകൊണ്ടാണ് ഇന്ന് ലോക പരിസ്ഥിതി ദിനം ആചരിക്കുന്നത്. ആഹാരം കരുതലോടെ, മിച്ചം വരുത്തി പാഴാക്കരുത് എന്നതാണ് ഇന്നത്തെ ആഗോള ചിന്താവിഷയം. ഹരിത പച്ചപ്പും ജല സമൃദ്ധിയും കിളിനാദവും നിറഞ്ഞ നമ്മുടെ തണൽ മരങ്ങളും മാറി. ഇന്ന് എല്ലാത്തിനും ചരമഗീതം കുറിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരുടെ കടന്നുകയറ്റമാണ് ഇന്ന് നാം അനുഭവിക്കുന്നതെല്ലാം. "ചിന്തിക്കൂ...ഭക്ഷിക്കൂ... രക്ഷിക്കു" എന്ന സന്ദേശവുമായാണ് ഈ വർഷം പരിസ്ഥിതി ദിനാചരണം നടത്തുന്നത്. ഭക്ഷണവും ഭക്ഷണപദാർത്ഥങ്ങളും പാഴാക്കുന്നത് തടയുക. കാരണം ഇന്നു നാം ഭക്ഷ്യക്ഷാമത്തിന്റയും ജലക്ഷാമത്തിന്റെയും മുൾമുനയിലാണ്. 1 കോടിയിലധികം മനുഷ്യന്മാർക്ക് മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണം പ്രധാനമാണ്. 5 വയസിനു താഴെ പ്രായമുള്ള എത്രയധികം കുട്ടികളാണ് ഓരോ ദിവസവും പട്ടിണിയും പോഷണക്കുറവും കാരണം മരിക്കുന്നത്. വീട്ടിൽ അമ്മയോട് പിണങ്ങി ഭക്ഷണം കഴിക്കാതിരിക്കുമ്പോഴും ഫാസ്റ്റ് ഫുഡിന് വേണ്ടി വാശി പിടിക്കുമ്പോഴും സ്കൂളിൽ ഉച്ചഭക്ഷണം മുഴുവൻ കഴിക്കാതെ പാഴാക്കി കളയുമ്പോഴും ഇതൊക്കെ ഓർക്കണം. ഭക്ഷണ പദാർത്ഥങ്ങൾ പാഴാക്കാതിരിക്കുക, പ്രകൃതി ചൂഷണം നിയന്ത്രിക്കുക എന്നിവയാണ് ഈ ദിനാചരണത്തിലൂടെ ഈ വർഷം നാം മുന്നോട്ട് വെക്കുന്നത്. നമ്മുടെ ഭാവിക്കും വരും തലമുറകൾക്ക് വേണ്ടിയും ഈ ഭമിയമ്മയേയും പ്രകൃതിയേയും കാത്ത് സൂക്ഷിക്കൽ നമ്മുടെ കടമയാണ്. പ്രകൃതി സൗഹാർദ്ദമായ കാർഷിക രീതിക്കും ഏറെ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും വർഷംതോറും കൃഷിഭൂമിയുടെ അളവ് കുറഞ്ഞ് വരികയാണ്. മാത്രവുമല്ല പ്രകൃതിയിലും ആഗോളതലത്തിലും തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ് ഇന്ന്. ഭൂമിയുടെ ഹരിത ഺംഗിയും അതിലെ മനോഹര ജീവികളും അപ്രത്യക്ഷമായിരിക്കുകയാണ്. പ്രകൃതിയിലെ മിക്ക ജീവികൾക്കും വംശനാശം സംഭവിച്ചു തുടങ്ങി. ഇതിനെല്ലാം കാരണം മനുഷ്യന്റെ ദുരാഗ്രഹമാണ്. അതേ ഇപ്പോഴെങ്കിലും നാം കണ്ണുതുറക്കേണ്ട സമയമായി. ■




*People will always throw stones in your path. It depends on you, what you makes from it, wall or a bridge.*



ശരത് കെ.
X C

# മലയാളം

അമ്മയെന്ന രണ്ടക്ഷരത്തിലൂടെ സ്നേഹം വരച്ച മലയാളം
തേനും വയമ്പും കലർന്ന പ്രഥമരുചിയിലലിഞ്ഞ മലയാളം
കുഞ്ഞിളമിലപോലുള്ള ചെറുനാവിൽ ഹരിശ്രീയെഴുതിച്ച മലയാളം
വാക്കുകൾ പരസ്പരം തെറ്റിപ്പിരിഞ്ഞപ്പോൾ ചൂരലെടുത്തവൾ മലയാളം
ഉണ്ണി കണ്ണീരൊപ്പിയ മലയാളം
ഉണ്ണിയോടൊപ്പം കണ്ണിമാങ്ങയുപ്പും കൂട്ടി എന്റെ വായിൽ
കപ്പലോടിച്ചവൾ മലയാളം
വ്യാകരണത്തിലൂടെ കടുകട്ടിവാക്കിലൂടെ എന്റെ കണ്ണിൽ മഴ
പെയ്യിച്ചവൾ മലയാളം
എന്നെ ഞാനാക്കി തീർത്ത മലയാളം
എന്റെ നൊമ്പരങ്ങൾ ഹൃദയത്തിലലിയിച്ചവൾ മലയാളം
എന്നെ പിരിയാത്തവൾ മലയാളം
മലയാള മണ്ണിൽ ഞാനുറങ്ങുമ്പോൾ എനിക്കു തണലായവൾ മലയാളം
അമ്മ മലയാളം....
നന്മ മലയാളം...






# സ്നേഹം



മഹേഷ് കെ. പി.
X H



സ്വാതന്ത്ര്യത്തിൻ അർത്ഥമറിയുമ്പോൾ
ഞാൻ കാലത്തിന്നടിമയാവുന്നു
ജീവിതത്തിൻ ഇരുട്ടറയിൽ
സനേഹത്തിന് നിറം തിരിച്ചറിയുമ്പോൾ
ഞാൻ അന്ധയാവുന്നു.
അപ്പോൾ നമ്മൾ
കൊടുങ്കാറ്റിനും ഭൂകമ്പത്തിനും അടിമയാവുന്നു
അല്ല...
സ്നേഹത്തിനും കാലത്തിനും അടിമയാവുന്നു.
സ്നേഹം ഒരു മരീചികയാവുന്നു
കാലം അതിന്നരങ്ങാവുന്നു
പിശാച് അരങ്ങു തകർത്ത് നൃത്തമാടുന്നു.
നൃത്തത്തിൻ ചടുലത കണ്ടു ഞാൻ
തളർന്നുവീഴുന്നു, ജീവിതം തകരുന്നു.
തകർന്നു വീഴുന്നു എൻ സ്വപ്നവും
പൊയ് പോയ വസന്തങ്ങളുടെ കാലടിയൊച്ചയോർത്ത്
എൻജീവൻ ഒരു വ്യഥതൻ കുടമായി നിറയുന്നു.

# നീ...



തഹ്‌ലീല കെ.
VIII F



എത്രപെട്ടെന്നാണ്
നീ മരണത്തിന് കീഴടങ്ങിയത്...
ശരീരം രണ്ടായിരുന്നെങ്കിലും
നമ്മുടെ മനസ്സ് ഒന്നായിരുന്നു.
നിശയുടെ നിഗൂഢതയിൽ
മരണത്തിന്റെ കാലൊച്ചകൾ കേട്ടപ്പോൾ
നിനക്കെന്നെയും വിളിക്കാമായിരുന്നില്ലേ?....
ഒരു ഹാർട്ട് അറ്റാക്ക് എന്നതിനുപുറമേ
വിരഹ ദുഃഖമായിരുന്നില്ലേ,
നിന്റെ വേർപാടിനു കാരണം?
ജീവിതത്തിന്റെ വഴിത്താരയിൽ
ഇനി ഞാൻ മാത്രം....
ഞാൻ മാത്രം.....



റബീഹ എൻ.കെ.
IX A

# മരിക്കാനായ് പൂക്കുന്ന ചെടികൾ

**വർഷങ്ങളുടെ** കാത്തിരിപ്പിനൊടുവിൽ പൂക്കുകയും അതോടെ നശിച്ചുപോവുകയും ചെയ്യുന്ന വൃക്ഷങ്ങൾ ആണ് കുടപ്പനയും ബാംബൂവും. ഒരിക്കൽമാത്രം പുഷ്പിക്കുന്ന ഒരു ഒറ്റത്തടി വൃക്ഷമാണ് കുടപ്പന. ഒരിക്കൽ മാത്രമേ കുടപ്പന പൂക്കാറുള്ളൂ. കുടപ്പന അതിന്റെ ജീവിതാന്ത്യത്തിലാണ്പുഷ്പിക്കുക. 30 വർഷം മുതൽ 80 വർഷംവരെ എടുക്കും കുടപ്പന പൂക്കാൻ. പൂത്തുകഴിഞ്ഞാൽ പൂത്തണ്ടുകളും ഓലകളും നശിച്ച് കുടപ്പന പൂർണ്ണമായും ഇല്ലാതാകും. കോറിഫ ഉമ്പ്രാക്കുലിഫെറ എന്നാണ് ഇതിന്റെ ശാസ്ത്ര നാമം.

പിയർബാംബു എന്നയിനം മുളകൾ 44 മുതൽ 48 വർഷം കൂടുമ്പോൾ ആണ് പൂക്കാറുള്ളത്. ശാസ്ത്ര നാമം മെലോക്കാനാബാനിഫെറ. പൂക്കുന്നതോടൊപ്പം വലിയ കായ്കളും ഇതിൽ ഉണ്ടാവും. പൂക്കുന്നതോടെ നശിച്ചുപോകുന്നവയാണ് ഈ മുളകളും. മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവിടങ്ങളിലാണ് പിയർ ബാംബൂ സാധാരണയായി കാണപ്പെടാറുള്ളത്. ■





ശബ്‌ല ഷെറിൻ കെ.
IX H

# അമ്മ



പെയ്തിറങ്ങി വന്നതും നിൻ-
മടിയിലേക്ക്
താരാട്ടുപാടിയുറങ്ങിയതും നിൻ-
മാറിലേക്ക്
പാലുകുടിച്ചു രസിച്ചതും നിൻ-
മുഖം നോക്കി
പിച്ചവെച്ചു നടന്നതും നിൻ-
വിരൽതുമ്പിൽ
കളിച്ചു രസിച്ചതും നിൻ-
വാത്സല്യത്താൽ
പഠിച്ചു വളർന്നതും നിൻ
സ്നേഹത്താൽ
കണ്ണുറങ്ങിയതും നിൻ
തണലിനാലെ!!!



ലമീഷ ഷെറിൻ ടി.
IX D

# വാർദ്ധക്യം




മുഖപടങ്ങൾ വാർദ്ധക്യത്തിൽനിന്ന്
വ്രണപ്പെട്ടിരിക്കുന്നു....
ഏകാന്തതയുടെ മുള്ളാണികൾ
മനസ്സിലാഴത്തിൽ കുത്തിക്കയറുന്നു
നെഞ്ചകത്തിൽ തീകനലുകൾ
ആളിക്കൊണ്ടിരിക്കുന്നു...
ഋതുക്കൾമാറിമറിഞ്ഞപ്പോൾ
ആഴത്തിൽ വീണ പൂപോലെ
അവൾ തേങ്ങിതേങ്ങി കരയുന്നു
അവളുടെ സപ്തതിയാണിന്ന്
ആഘോഷിക്കാൻ മക്കളില്ല പേരമക്കളില്ല
എല്ലാമുണ്ടായിട്ടും ഇല്ലാത്തപോലെ
മൂകമാം സന്ധ്യയും ഏകാന്ത-
സ്പർശങ്ങളും മാത്രം....
ആ വൃദ്ധസദനത്തിൽ
അവളുടെ നൊമ്പരക്കഥകൾ മാത്രം....



ഹുസ്ന ടി.
X F

# സ്ത്രീ



ബാല്യത്തിൽ കളിമണ്ണ് വാരിക്കളിച്ച അവൾക്ക് മണ്ണിന്റെ മണവും തുമ്പപ്പൂവിന്റെ നൈർമല്യവുമായിരുന്നു. കൗമാരത്തിന്റെ പടികൾ കയറുമ്പോൾ പാദസരത്തിന്റെ കിലുക്കവും റോസാപ്പൂവിന്റെ ഉണങ്ങിയ ഇതളുകളും കൊമ്പുകളും അവൾക്ക് കൂട്ടായി.

വിവാഹശേഷം സ്വർണത്തിന്റെ മഞ്ഞളിപ്പും മുല്ലപ്പൂവിന്റെ ഉണങ്ങിയ മണവും മാത്രം ബാക്കിയായി. അപ്പോഴേക്കും അവൾ അടുക്കളയിലെ കരിയന്ത്രമായി മാറിയിരുന്നു. തീനാളങ്ങൾക്കിടയിൽ നീറിയ ജീവിതം. ദിവസം കഴിയുംതോറും യന്ത്രം വർക്ക് ചെയ്യുന്നില്ല. റീച്ചാർജ് ചെയ്യാൻ ആരും ബുദ്ധിമുട്ടിയില്ല.

അവസാനം വൃദ്ധസദനമെന്ന കുപ്പത്തൊട്ടിയിൽ ഉപേക്ഷിക്കുമ്പോൾ അവളിൽ മരണത്തിന്റെ മണവും അവളുടെ ചിരിക്ക് കണ്ണീരിന്റെ രുചിയുമായിരുന്നു.

---

നിഷാന ഷെറിൻ വി.
VII E

# മായാവി

മായാവീ, ഹായ് മായാവീ
നീയുണ്ടായതു നന്നായി
ഓംഹ്രീം ചൊല്ലി
വിളിക്കുമ്പോൾ
ഓടിവരുന്നൊരു ചങ്ങാതി
എന്തൊരു ശല്യം കുട്ടൂസൻ
തുന്തിരി കാട്ടാൻ ഡാകിനിയും
കൊണ്ടുനടക്കാൻ ഉണ്ടല്ലേ
കുന്തക്കാരൻ ലുട്ടാപ്പി
രാജൂം രാധേമൊന്നിച്ച്
രാപകൽ ഞങ്ങൾ പാടുന്നു
മായാവീ, ഹായ് മായാവീ
നീയേ നല്ലൊരു ചങ്ങാതി



# മലയാളം



റിസ്വാന നസ്രി
VIII D

**ചു**റ്റും പ്രകാശം നൽകി സ്വയം ഉരുകി തീരുന്ന മെഴുകിതിരക്കു സമാനമാണ് ഇന്ന് നമ്മുടെ മലയാളം. എല്ലാവർക്കും സ്വന്തമായി ഒരുഭാഷ നൽകി. എന്നാൽ ഇന്ന് ഒരു പക്ഷെ അവരെല്ലാം അവഗണിക്കുന്ന അവസ്ഥ. ഒരു ജനതയുടെ സംസ്കാരത്തിന്റെ പ്രതീകമാണ് ഭാഷ. സംസ്കാരിക കൊടുക്കൽ വാങ്ങൽ നടക്കുന്നത് ഭാഷയിലൂടെയാണ്. അതുകൊണ്ട് തന്നെ ഭാഷാ പഠനം എന്നത് സാംസ്കാരിക പഠനം കൂടിയാണ്. മനുഷ്യജീവിതത്തിൽ ധർമ്മ സങ്കടങ്ങൾ ആവിഷ്ക്കരിക്കാനുള്ള മാധ്യമം ഭാഷയാണ്. അത് നമ്മുടെ മലയാളമാണ്. മാതാവിന് തന്റെ കുഞ്ഞിനോടുള്ള സ്നേഹം വളരെ വലുതാണ്. അത് ഒരിക്കലും അളന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ല. ആ വാത്സല്യവും, സ്നേഹവും ഒരു സമുദ്രത്തെപ്പോലെ ആഴമേറിയതാണ്. എല്ലാ തെറ്റിനും മാപ്പുതരുന്ന കോടതിയാണ് മാതൃഹൃദയം. ഓരോ അമ്മയും തന്റെ കുഞ്ഞിനു പകർന്നുനൽകുന്നു. നിനക്ക് ഒരമ്മ കൂടിയുണ്ട്. അതാണ് നിന്റെ മലയാളം. നിന്റെ മാതൃഭാഷ. മലയാളം എത്ര സുന്ദരമായ ഭാഷ, മഹത്വമേറിയ പദവും, നമ്മുടെ മലയാള ഭാഷ പകർന്നു തരുന്ന ഓരോ അറിവും അമൃതുപോലെ മാധുര്യമേറിയവയാണ്.



മറ്റുള്ള ഭാഷകൾ പുറമേ മാത്രം തിളക്കമുള്ളവരാണ്. എന്നാൽ നമ്മുടെ മലയാള ഭാഷയുടെ ഉജ്ജ്വല തിളക്കവും, തനിമയും ഒരിക്കലും മായുന്നില്ല. മലയാളം നമ്മളിൽ ഒരു തണലായ്, നിഴലായ്, വെളിച്ചമായ് എന്നും നമുക്കരികിൽ ഉണ്ട്. എന്നാൽ മറ്റുള്ള ഭാഷകൾ വിരുന്നുകാർ മാത്രമാണ്. അവർ ഇന്ന് വന്ന് നാളെ യാത്രയാവുന്നു. ഇന്ന് എപ്പോഴോ മലയാളം നമ്മളിൽ നിന്നെല്ലാം മരിച്ചുപോയിരിക്കുന്നു. രാമായണം, മഹാഭാരതം തുടങ്ങി വിലപ്പെട്ട ഗ്രന്ഥങ്ങൾ സമ്മാനിക്കാൻ മലയാള ഭാഷക്ക് കഴിഞ്ഞു. എന്തിന് നാം ഓരോരുത്തരും കരയുന്നത്പോലും നമ്മുടെ ഭാഷയിലൂടെയാണ്. ഇന്ന് നമ്മളിൽ നിന്നെല്ലാം മലയാളം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. മലയാളത്തിൽ അഭിമാനം ഉറപ്പിക്കുന്നതിന് പകരം അത് ചോർത്തിക്കളയുന്ന ചില പ്രവണതകൾ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നു. മലയാളം പഠിക്കേണ്ട സമയം ഉപയോഗിച്ച് ഫ്രഞ്ചും, ജർമ്മനും ഭാഷ പഠിക്കുന്നതിന്റെ യുക്തി എന്താണെന്ന് പിടികിട്ടുന്നില്ല. മലയാളം പറഞ്ഞുപോയി എന്ന കാരണത്താൽ പിഴകൊടുക്കേണ്ട സ്കൂളുകളും കേരളിത്തിലുണ്ടല്ലോ!

മലയാളം പഠിച്ചു എന്ന കാരണത്താൽ ഒരു കുട്ടിയും മറ്റു ഭാഷയിൽ മോശക്കാരനാവുന്നില്ല. മാതൃഭാഷയിലുള്ള അറിവാണ് ആദ്യം സ്വായത്തമാക്കേണ്ടത്. ജീവിത മലർവാടിയിലേക്ക് നന്മയുടെ വെളിച്ചം വിതറിക്കടന്ന് വന്ന് കാലം മായ്ക്കാത്ത ഓർമ്മകൾ ബാക്കിവെച്ച് ജീവിതത്തിന്റെ നട്ടുച്ച നേരത്ത് എപ്പോഴോ പൊലിഞ്ഞ് പോയ പാവം നമ്മുടെ മലയാളഭാഷ നഷ്ടപ്പെട്ടവനു നഷ്ടമാകുന്നത് സ്വന്തം ശബ്ദമാണ്. കടമെടുത്ത ശബ്ദം കുറെകാലം ഉപകരിച്ചേക്കാം. അത്യധികമായി സ്വന്തം ഭാഷയുടെ ലാളിത്യവും, സൗന്ദര്യവും, ഹൃദയമിടിപ്പും നമുക്ക് മാത്രം അവകാശപ്പെട്ടതാണ്. അതുവേണ്ടെന്നു വെക്കുന്നവർ ഓർക്കുക. നിങ്ങൾ കടലിലേക്ക് എറിഞ്ഞു കളയുന്നത് അമൂല്യ രത്നത്തെയാണ്. സ്നേഹവും ധാർമ്മിക മൂല്യങ്ങളും തകർന്ന് തരിപ്പണമാകുമ്പോൾ മാനവികതയുടെസ്നേഹം ഉയർത്തിപ്പിടിച്ച് നമുക്ക് ഓരോരുത്തർക്കും ഒരുമിച്ച് പറയാം "മരിക്കില്ല എൻ മലയാളം..." ■

> *People will always throw stones in your path. It depends on you, what you makes from it, wall or a bridge.*

# ഉപവസന്തം



ശ്രീലക്ഷ്മി പി.

**ഇ**ന്നൊരു ഞായറാഴ്ചയാണ് കാർമേഘങ്ങളെ തള്ളിമാറ്റിക്കൊണ്ട് മാനത്തെ വിരുന്നുകാരനായ സൂര്യദേവൻ എഴുന്നള്ളിക്കഴിഞ്ഞു. കുമ്പിട്ടു നിൽക്കുന്ന പൂക്കളെയും കണികണ്ടു തന്നെ അവളുണർന്നു. ചുറ്റും വസന്തം പട്ടുവിരിച്ചു. അവൾ പൂന്തോട്ടത്തിലേക്ക് നടന്നു. കുമ്പിട്ടു നിൽക്കുന്ന പൂക്കൾ സൂര്യനെ നോക്കി ചിരിക്കാൻ തുടങ്ങി. പുൽനാമ്പിലെ മഞ്ഞുതുള്ളിയെ ഉണർത്തി എഴുന്നേൽപ്പിച്ചുകൊണ്ടെത്തിയ കുളിർക്കാറ്റ്. സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളികൾ തിളങ്ങുന്നതുകണ്ട് അവൾ അത്ഭുതപ്പെട്ടു. വർണ്ണങ്ങളിൽ മഴവില്ലിനെ തോൽപ്പിക്കാനെത്തിയ ചിത്രശലഭങ്ങൾ, സംഗീതത്തിൽ കുയിലിനെ തോൽപ്പിക്കാനെത്തിയ വണ്ടുകൾ. അവൾക്ക് പെട്ടെന്ന് മറ്റൊരു കാലം ഓർമ്മവന്നു. മൺകുളിർക്കെ വിൺകുളിർക്കെ മഴ പെയ്ത കാലം. മഞ്ഞും മഴയും മാറി മാറി വന്ന കാലം. അന്നെന്റെ കൂട്ടുകാരായിരുന്നു. കുയിലും മയിലും അവർ പാടും, നൃത്തം ചെയ്യും. പൂക്കളുടെ ഗന്ധം മൂക്കിന്റെ തുമ്പിലെത്തി. അവൾ ഞെട്ടിയുണർന്നു. ചെടി നട്ടു പിടിപ്പിക്കണം. അവളോർത്തു. കുഴിച്ചിട്ട ചെടിയെ മാത്രം ശ്രദ്ധിച്ച് അവൾ കാത്തിരുന്നു. ■





**അയാൾ** ബസ്സിൽനിന്നിറങ്ങി. ജരാനരകൾവന്ന താടിയും മുടിയും എന്തുകൊണ്ടോ അയാളെ ഒരു വൃദ്ധനാക്കി. കണ്ണടക്കുള്ളിലെ കുഴിഞ്ഞ കണ്ണുകൾ സന്തോഷത്തോടെ പ്രകാശിച്ചുകൊണ്ടിരുന്നു. അയാൾ പതുക്കെ പാടവരമ്പിലേക്കിറങ്ങി. നെൽകതിരുകളിലെ സ്പർശനം അയാളെ പതുക്കെ ഓർമ്മകളിലേക്കോടിച്ചു...

അച്ചു വിറങ്ങലിച്ച അമ്മയുടെ മുഖത്തേക്ക് നോക്കി. അവന്റെ കണ്ണുനീർ അമ്മയുടെ കവിളിൽ തട്ടി തെറിച്ചുവീണു. പെട്ടെന്നാണ് ഒരിരമ്പൽ അവന്റെ അടുക്കലേക്കടുത്തത്. "ഈ ചെക്കനും ണ്ടാവും രോഗം, ഈ തള്ളേടെ മോനല്ലേ. തള്ള നമ്മളെ പറ്റിച്ചു, ഇവനും ണ്ടാവും എല്ലാർക്കും പരത്തും അത്. ഇവനെ ഇപ്പൊ തന്നെ നാടുകടത്തണം....''



അമൃത എൻ
IX C

ക്കാത്ത ഒരുപാട് കഥകൾ പറയാനുണ്ടായിരുന്നു.

വാത്സല്യത്തിന്റെ.... ഒറ്റപ്പെടലിന്റെ.... അങ്ങനെ, ഒരുപാട് കഥകൾ കാലത്തിനൊപ്പം മരിക്കാത്ത ഓർമ്മകളും സ്മരണകളുമായി അയാൾ പതുക്കെ നടന്നകന്നു. ■

# സ്മരണകൾ..

"അച്ചൂ... അച്ചൂ... ഈ ചെക്കനിതെവിടെപ്പോയി കിടകാന്റീശ്വരാ.'' ദേവകി വീടുമുഴുവൻ കറങ്ങിക്കൊണ്ടാർത്തു വിളിച്ചു. മുറ്റത്തെ ചക്കരമാവിന്റെ ചുവട്ടിൽനിന്ന് ദേവകി നെറ്റി ചുളിച്ചു.

"ഈ ചെക്കനിതെവിടെപ്പോയി''

"ഞാനിവിടെ ഉണ്ടമ്മേ..''

മുകളിൽ നിന്നൊരു ഓമനത്തമുള്ള ശബ്ദം ദേവകി മുകളിലേക്ക് നോക്കിക്കൊണ്ട് ചോദിച്ചു. "എന്താടാ ഇവിടെ കയറി ഒളിച്ചിരിക്യാ നീ... എറങ്ങി വാ കുറുമ്പാ താഴോട്ട്.'' അച്ചു കൊമ്പുകൾ പിടിച്ച് താഴോട്ടിറങ്ങി, ട്രൗസറിന്റെ കീശയിൽ നിന്ന് മാങ്ങയെടുത്ത് അവൻ അമ്മയ്ക്കു നീട്ടി.

"ന്നാ അമ്മേ തിന്നോ...?''


"നീയെന്നെ സോപ്പിടാനൊന്നും നോക്കണ്ട, കുറുമ്പ് കാണിച്ചാ ഇനീം നീ തല്ല് മേടിക്കും.'' അച്ചുവിന്റെ കയ്യിലുള്ള മാങ്ങ വാങ്ങിക്കൊണ്ട് അമ്മ പറഞ്ഞു. അവർ അച്ചുവിന്റെ തോളിൽ കയ്യിട്ട് കൊണ്ട് നടന്നു.

"ന്ന് രാവിലെ തന്നെ കഴിഞ്ഞോ അമ്മേടേം മോന്റേം കടിപിടി. എപ്പോഴും അമ്മയ്ക്കൊപ്പമിരിക്കാനാണ് അവന് താൽപര്യം. എങ്ങനെയാണ് വൈകുന്നേരമാക്കിയതെന്ന് അവനറിയില്ല. ക്ലാസിലാണ് ശരീരമെങ്കിലും മനസ്സ് മുഴുവൻ വീട്ടിലാണ്. ബെല്ലടിച്ചതും അച്ചു ഇറങ്ങി ഓടി. പടിപ്പുര കടന്നപ്പോൾ പതിവില്ലാത്ത ഒരാൾക്കൂട്ടം. അപ്പു അമ്പരപ്പോടെ ഉള്ളിലേക്ക് കയറി. ഉമ്മറത്ത് കണ്ടക്കാഴ്ച... അച്ചു ഞെട്ടി... രാവിലെ ചിരിച്ചുനിന്ന അമ്മയെ കണ്ടാണ് അവൻ സ്കൂളിൽ പോയത് ഇപ്പോ... വെള്ളപുതപ്പിച്ച് കിടത്തിയ അമ്മയെ... അമ്മ ഉറങ്ങിയിരിക്കുന്നു എന്നെന്നേക്കുമായി. അച്ചു അമ്മയുടെ മാറിലേക്ക് പതുക്കെ തലചായ്ച്ച് കിടന്നു. എന്നത്തേയും പോലെയല്ല. അമ്മ തണുത്ത് വിറങ്ങലിച്ച് ഒരു മരത്തടിപോലെയായിരിക്കുന്നു. അവന്റെ ഏങ്ങൽ ചുറ്റും മുഴങ്ങി. വീട്ടിനുള്ളിൽ നിന്ന് ആരോ പറഞ്ഞു. "അവർക്കേ ക്യാൻസറായിരുന്നു. ഇത്വരെ ആരോടും പറയാണ്ടെം കാട്ടാണ്ടേം മറച്ചതാ''

കയ്യിൽ വടിയും കല്ലുകളുമായി പാഞ്ഞടുക്കുന്നവരെകണ്ട അച്ചു പിടഞ്ഞെണീറ്റ്കൊണ്ട് മുറ്റത്തേക്കോടി. പടിപ്പുരയിലെത്തിയ അവൻ ഒന്നു തിരിഞ്ഞു നോക്കി. ഒരു വിടവാങ്ങലെന്ന പോലെ. പുറകെവന്ന വടികളും കല്ലുകളും അവന്റെ തലയിലും ദേഹത്തുമൊക്കെ തട്ടി വീണുകൊണ്ടിരുന്നു. ഓട്ടത്തിനിടയിൽ പലപ്പോഴും അവൻ വീഴുകയും എണീക്കുകയും ചെയ്തു.

കണ്ണുതുറന്നപ്പോൾ താനെവിടെയാണെന്നറിയാതെ അച്ചു ചുറ്റും നോക്കി. എന്നിട്ടും താനെവിടെയാണെന്നവന് മനസ്സിലായില്ല. ഓട്ടത്തിനിടയിൽ പലഗ്രാമങ്ങളും വഴികളും പിന്നിട്ടിരുന്നെങ്കിലും ജീവനിലുള്ള കൊതി അവനെ ഓർമ്മിപ്പിച്ചില്ല. ഒരു പട്ടിയെപ്പോലെയാണവർ അവനെ ഓടിച്ചത്. സ്വന്തം അമ്മയെ അവസാനമായി ഒരു നോക്കുകാണാൻപോലും അനുവദിക്കാത്ത ആ നാട്ടുകാരോടുള്ള അടങ്ങാത്ത പ്രതികാരം അവന്റെ കൺതടങ്ങളിലൂടെ ഒലിച്ചിറങ്ങി. പെട്ടെന്നാണ് മുറിയിലേക്ക് ഒരു സ്ത്രീ കടന്നുവന്നത്. തന്റെ അമ്മയുടെ അതേ പ്രായമുള്ള ഒരു സ്ത്രീ. അവർ അച്ചുവിനെ തലോടി കൊണ്ടു ചോദിച്ചു "നന്നായി വേദിനിക്കുന്നുണ്ടോ മോനേ...'' അച്ചുവിന് എന്തുകൊണ്ടോ വേദന ഉണ്ടായിരുന്നില്ല. അവന്റെ മനസ്സും ശരീരവും ഒരുപോലെ മരവിച്ചിരുന്നു. പക്ഷേ അതിനിടയിൽ "മോനേ'' എന്ന ആ വിളി അവനൊരു പുതിയ ജീവിതമാണ് നൽകുന്നതെന്ന് അച്ചുവിന് മനസ്സിലാക്കാൻകാലങ്ങൾ വേണ്ടി വന്നു. ആ വിളി അവന്റെ ജീവിതത്തിന് തന്നെ പുതിയ വെളിച്ചമായിരുന്നു....

അയാൾ കണ്ണുനീർ തുടച്ചുകൊണ്ട് ആ വിടിന്റെ ജീർണിച്ച തിണ്ണ ഒന്നു തലോടി. ആ കണ്ണീരിന് ഇനിയും ജീർണി





അനഘകൃഷ്ണ കെ. പി.
VI C

# അലയുന്ന മിഴികൾ

ഇത്തിരിവെട്ടത്തിൽ
അവളുടെ മിഴികൾ നിറഞ്ഞൊഴുകി
ആരെയോതേടി അലയുന്ന അവളുടെ
കണ്ണുകൾ മയക്കത്തിലേക്ക് യാത്രയായി
എങ്ങോ നിന്നോ കൂവിവിളിക്കുന്ന ശബ്ദം
അവളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു
പുഴയുടെ ചിലമ്പിട്ട ശബ്ദം അവളെ-
ഏറെ പേടിപ്പെടുത്തി
മറയുന്ന കണ്ണുകൾ അവളെ
നിദ്രയിലേക്ക് യാത്രയാക്കി.

---

# അമ്മയാം നന്മ...



നസീബ കെ.
IX B

അരികിൽ നിന്നെന്നെ തലോടി
താരാട്ടു പാടിയുറക്കി
അറിവിന്റെ ആദ്യാക്ഷരങ്ങൾ
പകർന്നെനിക്ക്
ആഴക്കടലോളം ഊട്ടിത്തന്നു
അമ്പിളിമാമനേ കാട്ടിത്തന്നു
തേൻമൊഴികളോതും
മധുരാക്ഷരങ്ങൾ മൊഴിയും
മധുരരാഗം പാടും
മധുരഗീതമാണെന്നമ്മ
ജീവിതയാത്രയിൽ എന്നെ
ചേർത്തുപിടിച്ച
നിഴലായ്, നിലാവായ് എന്നുമെന്നമ്മ...



# തഴുകുന്ന ഓർമ്മകൾ...



ഫസ്‌ല വി.
X B



ആളിക്കത്തുന്ന ചിതയിൽ നോക്കി ആ കുഞ്ഞുമനസ്സ് പിടഞ്ഞു. അവന്റെ മുഖത്ത് ഇരുണ്ടുകൂടിയ കാർമേഘങ്ങൾ മഴയായി പെയ്തിറങ്ങാൻ തുടങ്ങി. അവന്റെ ദയനീയമായ നില്പ്പ് ഏതൊരു ക്രൂരമനസ്സിനേയും അലിയിക്കുന്നതായിരുന്നു. അവൻ ഇന്നുമുതൽ അനാഥനാണ്. അവന് ഇനി ഈ ലോകത്ത് ആരുമില്ല. താമസിക്കാൻ ഒരിടമില്ല. ഇതെല്ലാം ആ കുഞ്ഞുമനസ്സിന് താങ്ങാവുന്നതിലും അധികമായിരുന്നു. അച്ഛൻ പോയ വഴിയേ അമ്മയുംപോയി. കാലം മായ്ക്കാത്ത മുറിവുകളില്ലെന്ന് പറഞ്ഞ് എത്ര പേർ അവനെ ആശ്വസിപ്പിച്ചു. അതൊന്നും ആ മനസ്സിനെ ശാന്തമാക്കിയില്ല. ജീവിതത്തിൽ ഇനി കഷ്ടപ്പാടും ദുരിതവും മാത്രമാണ് അവന് തുണ. നേരം സന്ധ്യയായി. സൂര്യൻ വീടണഞ്ഞു, കിളികൾ കൂട്ടമായി പറന്നുപോയി. പ്രകൃതി സങ്കടമടക്കാനാവാതെ പിൻതിരിഞ്ഞുനിന്നു. ആ ചുടലപ്പറമ്പിൽ ഏകനായ, അനാഥനായി പൊടിഞ്ഞ മനസ്സുമായി അവൻ നിന്നു. അമ്മയുടെ ഓർമ്മകൾ അവന് ഒരു തഴുകലായി. അമ്മയുടെ സാന്നിദ്ധ്യം എപ്പോഴും അവന്റെ അടുത്തുണ്ടെന്ന് അവൻ വിശ്വസിച്ചു. പ്രകൃതി അവന്റെ ദുഃഖത്തിൽ പങ്കുചേർന്നു... ■


---

# മഴത്തുള്ളി



ഷഹ്മ സി എച്ച്
IX D

ചിതറിത്തെറിച്ച സ്വപ്നങ്ങളും
അടക്കിപ്പിടിച്ച സങ്കടങ്ങളുമായ്....
ഞാൻ... മുറ്റത്തേക്ക് കണ്ണും നട്ട്
ഉമ്മറപ്പടിയിലിരിക്കെ....
ഒരു മഴത്തുള്ളിയെൻ കവിളിൽ തൊട്ടു....
എൻ സ്വപ്നങ്ങളിൽ നിന്നും.... ഞാനുണർന്നു....
അപ്പോഴെൻ മനസ്സിൽ.... ഞാൻ....
ചിന്തിച്ചുപോയ്......
വാസ്തവം ചൊല്ലുകിൽ
നാമെല്ലാം ഓരോ മഴത്തുള്ളികൾ തന്നെ....
ചില മഴത്തുള്ളികൾ - അന്യർക്ക്
ദാഹജലമായ് മാറുന്നു.
നാമാകുന്ന മഴത്തുള്ളികൾ
പൊഴിഞ്ഞിറങ്ങുമ്പോൾ.....
അതന്യർക്കു ദാഹശമനിയാകുന്നു....



# മലയാളവും മലയാളികളും



രമ്യ ഇ
X E

നമ്മുടെ മാതൃഭാഷയ്ക്കും സംസ്ക്കാരത്തിനും ലഭിച്ച പുണ്യമായ ഒരു പദവിയിലാണ് നാമിപ്പോൾ നില്ക്കുന്നത്. 1500 വർഷങ്ങളിലേറെ പഴമയും പൈതൃകവുമുള്ള ഒരു സവിശേഷ അംഗീകാരത്തിന്റെ “”ശ്രേഷ്ഠമായ പദവിയിൽ എന്നാൽ ഈ സാഹചര്യത്തിലും പ്രിയപ്പെട്ട പോറ്റമ്മയെന്നും സർവൈശ്വര്യപ്രദായിനിയെന്നുമെല്ലാം കവികളോടൊപ്പം കേരളീയരാകമാനം പാടിപ്പുകഴ്ത്തിയിരുന്ന മലയാളഭാഷ ഇന്നനുഭവിക്കുന്ന നിന്ദയും അവഗണനയും പരിതാപകരമാണ്. എല്ലാത്തരം സാംസ്കാരികാഭിവൃദ്ധിയുടെയും അടിത്തറയാണ് മാതൃഭാഷ അടിയുറച്ച മാതൃഭാഷാസ്നേഹവും മാതൃഭാഷാഭിമാനവുമുള്ള ജനതയ്ക്കേ അത്തരമൊരു സാംസ്കാരികാഭിവൃദ്ധി ലഭിക്കുകയുള്ളൂ. എന്നാൽ നാമാകട്ടെ മാതൃഭാഷയെക്കുറിച്ചോ അതിന് ലഭിച്ചിരിക്കുന്ന അംഗീകാരത്തെക്കുറിച്ചോ അവബോധമില്ലാത്ത അഭിമാനമില്ലാത്ത ഒരു ജനതയായി നാം മാറിയിരിക്കുന്നു. പകരം മറ്റ് ഭാഷകളിലേക്കും പാശ്ചാത്യ സംസ്കാരത്തോടുമുള്ള വിധേയത്വം നമുക്ക് കാണാനാകും.

നമുക്കറിയാം, ത്രിഭാഷാ സമ്പ്രദായം നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. മലയാളത്തിനുപുറമേ ഹിന്ദി, ഇംഗ്ലീഷ് ഭാഷകളും പ്രചാരത്തിലുണ്ട്. വിദ്യാലയങ്ങളിലാകട്ടെ ഹിന്ദിയും ഇംഗ്ലീഷും നിർബന്ധ്മാക്കിയിരിക്കുമ്പോൾ, മാതൃഭാഷയായ മലയാളത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലതാനും. ആശയവിനിമയത്തിന് മലയാളത്തിനേക്കാളേറെ ഇംഗ്ലീഷ് ഭാഷയാണ് ഇന്ന് കൂടുതലായി ഉപയോഗിക്കുന്നത്.

“എന്നുടെ ഭാഷതാൻ തറവാട്ടമ്മ
അന്യയാം ഭാഷ വിരുന്നുകാരി”

വള്ളത്തോളിന്റെ ഈ വരികൾക്ക് ഇന്ന് പ്രസക്തിയേറിക്കൊണ്ടിരിക്കുന്നത്. മറ്റുള്ള ഭാഷകളോടുള്ള പെരുമാറ്റത്തിലും സമീപനത്തിലും നാം മാറ്റം വരുത്തേണ്ടതുണ്ട്. നമ്മുടെ ഭാഷയെ നാം തന്നെ അപമാനിക്കുന്നതിന് നിരവധി ഉദാഹരണങ്ങൾ നമുക്ക് നിരത്താനാകും.

ജനിക്കുമ്പോൾ മകൻ ഇംഗ്ലീഷ് പഠിക്കുന്നതിന് പ്രസവം ഇംഗ്ലണ്ടിലാക്കിയ മിഥ്യാബോധത്തെ കുഞ്ഞുണ്ണി മാഷ് അപഹസിച്ചിട്ടുണ്ട്. ബോധന മാധ്യമം ഇംഗ്ലീഷായാൽ നല്ലതാണെന്നും മലയാളം മീഡിയം കുട്ടികൾ രണ്ടാംതരക്കാരാണെന്ന അവബോധത്തിലാണ് മലയാളികൾ. പൊതുസ്ഥലങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കുന്നത് മാന്യതയുടെ ലക്ഷണമായി സമൂഹം കണക്കാക്കുന്നു. പ്രഭാതവന്ദനത്തിനും നന്ദിപറയലിനും ഇന്ന് അന്യഭാഷയാണ് ഉചിതമെന്ന് കേരളീയർ കരുതുന്നു. മലയാളവും ഇംഗ്ലീഷും ചേർന്ന ഒരു ക്ലിബിള ഷയാണ് ഇന്ന് പ്രചാരത്തിലുള്ളത്. മാധ്യമങ്ങളുൾപ്പെടെ വികലമായ മലയാളത്തെ പ്രോത്സാഹിപ്പിക്കുകയാണ്. ടെലിവിഷനുകളിലും മറ്റും കുറച്ചു കുറച്ചു മാത്രം മലയാളം സംസാരിക്കുന്ന യുവതീയുവാക്കന്മാർ മലയാളികളുടെ മനം കവരുന്ന ദൃശ്യവിരുന്നാണ്. ഇത്തരത്തിൽ വിവിധ രീതികളിൽ നാം മലയാളഭാഷയെ ഇകഴ്ത്തുകയും അപമാനിക്കുകയും ചെയ്യുന്നു.




തലമുറകൾക്കിടയിലുള്ള സാംസ്കാരികക്കൈമാറ്റം നടക്കുന്നത് ഭാഷയിലൂടെയാണ്. എന്നാൽ സ്വാഭാവികമായും ഭാഷയുടെ മേലുള്ള കടന്നുകയറ്റം അതിന്റെ അപചയവും തദ്ദേശീയ സംസ്ക്കാരത്തെ ഗുരുതരമായി ബാധിക്കുമെന്നതിൽ തർക്കമില്ല. മലയാളികളും ഇത്തരമൊരു സാംസ്കാരിക അധപതനത്തിലാണ് എത്തിക്കൊണ്ടിരിക്കുന്നത് എന്നു നമുക്ക് കാണാൻ കഴിയും. ഇതിന് ഒട്ടേറെ ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനാകും. കുടുംബബന്ധങ്ങൾ ശിഥിലീകരിക്കപ്പെടുന്നു, ഉപഭോഗസംസ്കാരത്തോടുള്ള താൽപര്യം കൂടുന്നു. സ്വന്തം മാതാപിതാക്കളെ അവരുടെ അന്ത്യകാല ജീവിതത്തിൽ സംരക്ഷിക്കാൻ തയ്യാറാകാതെ വൃദ്ധമന്ദിരങ്ങളിലേക്ക് തള്ളുന്നതും പിഞ്ചുകുഞ്ഞിനെ സ്വന്തം പിതാവെന്നോ സഹോദരനെന്നോ വ്യത്യാസമില്ലാതെ പീഢനത്തിനിരയാക്കുന്നതും സംസ്ക്കാരം നേരിടുന്ന അപചയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഇതിൽ നിന്നെല്ലാം കരകയറാൻ സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും മലയാളത്തിന് അഥവാ മാതൃഭാഷയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകണം.

എന്നാൽ ഒരു ഭാഗത്ത് മലയാളത്തെ താഴ്ത്തിക്കെട്ടുമ്പോഴും മലയാളത്തിനു മാത്രമായി ഒരു സർവ്വകലാശാല നിർമ്മിക്കുന്നതും ഇന്ത്യൻ ഭാഷകളിൽ ഏറ്റവും ബൃഹത്തായതും വേഗത്തിൽ വികസിക്കുന്നതുമായ വിക്കിപീഡിയ ഇന്ന് മലയാളത്തിലുള്ളതും, പി.എസ്.സി. പരീക്ഷ മലയാളത്തിൽ മാത്രം എഴുതാൻ നിർബന്ധമാക്കിയതും മലയാളത്തിന് മറ്റൊരു പൊൻതൂവലായി മാറുന്നു.

ഒ.എൻ.വി. ഭൂമിക്കൊരു ചരമഗീതം രചിച്ചതുപോലെ മലയാളഭാഷയ്ക്കു വേണ്ടി അത്തരത്തിലൊരു ഗീതം ആലപിക്കാൻ ആരും തയ്യാറാവിതിരിക്കട്ടെ.

മാതൃഭാഷയിൽ നിന്ന്കൊണ്ട് അന്യഭാഷകളെ നോക്കിക്കാണാനും പഠിക്കാനുമുള്ള വിശാലബോധകത്തിലേക്ക് നാം വളരേണ്ടതുണ്ട്. എന്നാൽ മാത്രമേ അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്ന കേരളീയ സംസ്കാരത്തെ തിരിച്ചു പിടിക്കാനാവൂ.... ■

**നമ്മുടെ മാതൃഭാഷയ്ക്കും സംസ്ക്കാരത്തിനും ലഭിച്ച പുണ്യമായ ഒരു പദവിയിലാണ് നാമിപ്പോൾ നില്ക്കുന്നത്.**



ഫർഹാന തസ്നി എം.
X H

# അകലെയെങ്കിലും..

മഴച്ചാറ്റലും മഞ്ഞുകണങ്ങളും
പിന്നെയെൻ പ്രിയതോഴനുമെൻ
നയനങ്ങളിലെ ചുടുബാഷ്പ്പത്തെ
തട്ടിത്തെറിപ്പിച്ചുകളഞ്ഞതാമന്നേരം
ഏകാന്തമാമീ നിശതൻ മാറിലൊലിച്ചിറങ്ങി-
യെന്നിലെ കവിതയും പ്രണയവും
നിദ്രയെ പുണരാനാവാതെ
യാമങ്ങളെ, പ്രണയത്തിന്റെ സ്പന്ദനങ്ങളെ
തേടിയലയുകയാണ്...
പ്രണയം തുളുമ്പുന്ന വരികളോർത്തിട്ടോ
ഹൃദയത്തിൻ നീറ്റലാലോ
അറിയില്ല,
ഇനിയും മയങ്ങുന്നില്ലെന്നഞ്ചന-
ക്കണ്ണിലെ നീർകുമിളങ്ങൾ,
എങ്കിലുമൊരു വരിയെഴുതുവാൻ
കാത്തിരിപ്പൂ ഞാനീ,
കടലാസുതുണ്ടുകൾക്കു മുന്നിൽ,
അപ്പോഴുമീ ഇളംകാറ്റു മന്ത്രിക്കുന്ന-
തറിയുന്നു ഞാൻ, “നീ കാത്തിരിക്കേണ്ട
അവനൊരിക്കലും വന്നണയില്ല നിന്നെ”
അവൻ വഴിത്താരകളിൽ മുള്ളുക-
ളേശാതിരിക്കാനായി പ്രാർത്ഥിച്ചിടാം
അവൻ കനിഞ്ഞ നീണ്ടൊരീ പ്രണയ-
മല്ലേ എൻ നിശ്വാസം
ഓർമിക്കുമെന്നുമവൻ രൂപം
ഒരിക്കലും മായാതെ, മങ്ങാതെ...







# ലാളിത്യത്തിന്റെ ഹിമവൽസാനുക്കളിലൂടെ..

**സാധാരണ കുടുംബത്തിൽ ജനിച്ച് പൊതുവിദ്യാലയത്തിൽ പഠിച്ചു വളർന്ന് ഇന്ന് മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസവകുപ്പിന്റെ പരമോന്നത സ്ഥാനം ഏറെ നാളായി അലങ്കരിക്കുന്ന, മാതൃകാപരമായ ലളിതജീവിതം നയിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ.സി. ഗോപിസാറുമായി കോട്ടക്കൽ ഗവ. രാജാസ് ഹയർസെക്കണ്ടറി സ്കൂളിലെ ലുബ്ന കെ., റംഷീല വി., നജ്‌ല പി. നിഹ്‌ല പി., അതുല്ല്യ എൻ., ഹൃദിക് കൃഷ്ണ പി.യു., അനന്തുവിശ്വനാഥ് പി. എന്നീ കുട്ടികൾ നടത്തിയഅഭിമുഖത്തിലേക്ക്....**

**അങ്ങയുടെ കുട്ടിക്കാലം, വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് വിശദീകരിക്കാമോ?**

എറണാകുളം ജില്ലയിൽ പെരുമ്പാവൂരിനടുത്ത് വെങ്ങോല എന്ന സ്ഥലത്താണ് എന്റെ ജനനം. തികച്ചും കാർഷിക ഗ്രാമമായ അവിടുത്തെ ഒരു സാധാരണ കുടുംബത്തിലെ അംഗമായിരുന്നു. കുട്ടിക്കാലം വളരെ സന്തോഷകരമായിരുന്നു.

**പഠിച്ച വിദ്യാലയവും, അധ്യാപകരും, വിദ്യാലയത്തിലെ ആദ്യ ദിവസവുമൊക്കെ പലരുടെയും മനസ്സിൽ തങ്ങിനില്ക്കാറുണ്ട്. അങ്ങയ്ക്കുണ്ടായ ഇത്തരം അനുഭവങ്ങളെക്കുറിച്ച്?**

വെങ്ങോല എം.ടി.എൽ.പി. സ്കൂളിൽ ലോവർ പ്രൈമറി വിദ്യാഭ്യാസവും, വെങ്ങോല ശാലോം ഹൈസ്ക്കൂളിൽ അപ്പർ പ്രൈമറി ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. സ്കൂൾ പഠനകാലം വളരെ സന്തോഷകരമായിരുന്നു. അന്ന് വാഹനസൗകര്യങ്ങൾ വളരെ കുറവായിരുന്നു. കാൽനടയായിട്ടാണ് വളരെ ദൂരത്ത്നിന്നുപോലും കുട്ടികൾ സ്കൂളിൽ വരുന്നത്. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ പരീക്ഷാദിവസം പരീക്ഷ അവസാനിച്ചതിനുശേഷം സ്കൂളിൽ എത്തിയതും തുടർന്ന് സ്റ്റാഫ് റൂമിൽ ഇരുന്ന് പരീക്ഷ എഴുതി പൂർത്തിയാക്കിയതും ഞാൻ ഓർക്കുന്നു. ആഴ്ച്ചയിൽ അഞ്ചുദിവസവും അസംബ്ലിയും കർശനമായ അച്ചടക്കവും ഇന്ന് ഓർക്കാൻ പറ്റിയ അനുഭവങ്ങളാണ്.

ചിരട്ട കൊണ്ട് താൻ നിർമ്മിച്ച കരകൗശല വസ്തുക്കൾക്ക് മുൻപിൽ:



**വിദ്യാഭ്യാസവകുപ്പിന്റെ ജില്ലയിലെ പരമോന്നതമായ സ്ഥാനം ഏറെ നാളായി താങ്കൾ അലങ്കരിക്കുകയാണ്. ആദ്യമായി ഈ സ്ഥാനമേറ്റെടുത്തപ്പോൾ മനസ്സിലുണ്ടായിരുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?**

അക്കാദമികവും അക്കാദമികേതരവുമായ കാര്യങ്ങളിൽ ആകുന്നത്ര സഹായങ്ങൾ നൽകുക, എല്ലാവരുടെയും സഹകരണം ഉറപ്പുവരുത്തി സൗഹാർദാന്തരീക്ഷം നിലനിർത്തുക, പരാതികൾക്കിടയില്ലാത്ത വിധം പ്രവർത്തനങ്ങൾ കൊണ്ടുപോവുക ഇതൊക്കെയായിരുന്നു ലക്ഷ്യങ്ങൾ.



**ഉന്നതമായ സ്ഥാനങ്ങൾക്ക് ജോലി സംബന്ധമായ മാനസിക പിരിമുറുക്കങ്ങൾ ഏറെയുണ്ടാവുമെന്ന് കേട്ടിട്ടുണ്ട്. ഇത് ശരിയാണോ? താങ്കൾക്ക് ഔദ്യോഗിക ജീവിതത്തിൽ ഇങ്ങനെ മറക്കാനാവാത്ത അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?**

ഏതൊരു ജോലിക്കും അതിന്റേതായ പിരിമുറുക്കം ഉണ്ടാകും. പിരിമുറുക്കങ്ങൾക്ക് ഞാൻ മനസ്സ് കൊടുക്കാറില്ല. ഓഫീസിന്റെ ഗേറ്റിന്റെ പുറത്തേക്ക് പിരിമുറുക്കത്തെ ഞാൻ കൊണ്ടുവരാറില്ല. ഔദ്യോഗിക ജീവിതത്തിൽ മറക്കാനാവാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ നിങ്ങളുമായി പങ്കുവെക്കാൻ കഴിയുന്നതല്ല.

**മനസ്സിൽ എന്നും ഓർത്തുവെക്കുന്ന അല്ലെങ്കിൽ ജീവിതത്തിൽ സ്വാധീനിച്ച വ്യക്തിയെക്കുറിച്ച്?**

പ്രത്യേകിച്ച് എടുത്തുപറായൻ ആരുമില്ല. എന്നാൽ ഒരുപാടുപേരുടെ നല്ലഗുണങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

**കുട്ടികളുടെ സർക്ഷാത്മക വാസനകളെയും കലാവാസനകളെയും ശാസ്ത്രസാഹിത്യാഭിരുചികളെയും കണ്ടെത്തി വളർത്തിക്കൊണ്ടുവരാനാണല്ലോ സ്കൂൾ മേളകൾ സംഘടിപ്പിക്കുന്നത്. ഈരംഗത്ത് അനാരോഗ്യകരമായ മത്സരങ്ങൾ നടക്കുന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ? ഈ അവസ്ഥ തുടരുന്നതിൽ വിഷമം തോന്നാറുണ്ടോ? എന്തെങ്കിലും പരിഹാരം?**

വ്യക്തിയുടെ സമഗ്രവികസനമാണ് വിദ്യാഭ്യാസം. ആ നിലക്ക് മേളകൾക്ക് പ്രധാനപ്പെട്ട സ്ഥാനമാണ് വിദ്യാഭ്യാസത്തിൽ ഉള്ളത്. പലപ്പോഴും മത്സരങ്ങൾ അനാരോഗ്യകാരമായ പ്രവണതകളിലേക്ക് വഴിമാറാറുണ്ട്. മേളയുടെ ഏറ്റവും വലിയ ആകർഷണീയത ഗ്രേസ് മാർക്കാണ്. സംസ്ഥാനതലത്തിൽ മത്സരിക്കുന്നവർക്ക് മാത്രമേ അത് ലഭിക്കുകയുള്ളൂ എന്നത് ഒരു പരിമിതിയാണ്. നിരന്തര മൂല്യനിർണ്ണയത്തിന് നൽകുന്നതുപോലെ സ്കൂൾ, സബ്ജില്ല, ജില്ലാതല മത്സരവിജയികൾക്കും അവരുടെ യോഗ്യതയ്ക്കും പ്രാവീണ്യത്തിനുംഅനുസരിച്ച് ഗ്രേസ് മാർക്ക് നൽകിയാൽ അനാരോഗ്യകരമായ മത്സരത്തിന് കുറവ് വന്നേക്കാം.

**വ്യക്തിയുടെ സമഗ്രവികസനമാണ് വിദ്യാഭ്യാസം. ആ നിലക്ക് മേളകൾക്ക് പ്രധാനപ്പെട്ട സ്ഥാനമാണ് വിദ്യാഭ്യാസത്തിൽ ഉള്ളത്. പലപ്പോഴും മത്സരങ്ങൾ അനാരോഗ്യകാരമായ പ്രവണതകളിലേക്ക് വഴിമാറാറുണ്ട്.**



**ജീവിതത്തിലുടനീളം ലാളിത്യം അവകാശപ്പെടാവുന്ന ഒരു വ്യക്തിയാണ് താങ്കൾ. ലാളിത്യം ജീവിതത്തിന്റെ മുഖമുദ്രയാക്കാൻ താങ്കളെ പ്രേരിപ്പിച്ച ഘടകമെന്താണ്?**

സാധാരണ കുടുംബത്തിലെ സാധാരണ ജീവിതം. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ടു ജീവിക്കുന്നു. അത്യാഗ്രഹങ്ങളില്ല.

**കലയെ പ്രത്യേകിച്ച്കരകൗശല വിദ്യയെ മനസ്സിൽകൊണ്ടു നടക്കുന്ന വ്യക്തിയാണ് താങ്കൾ എന്നു ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ചിരട്ടയിലെ അലങ്കാരപ്പണികൾ ഏതുകാലം മുതലാണ് താൽപ്പര്യം തുടങ്ങിയത്? എവിടെയെങ്കിലും പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ? പഠനകാലത്ത് ഈ കഴിവ് തിരിച്ചറിഞ്ഞ് ആരെങ്കിലും പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ?**

ഹൈസ്കൂൾ പഠനകാലത്ത് ആരംഭിച്ചതാണ്. പിന്നീട് അതൊരു ഹോബിയായി മാറി. പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടില്ല. വ്യക്തിപരമായ സന്തോഷവും സംതൃപ്തിയും മാത്രമായിരുന്നു അതിന്റെ പ്രേരണ.

**പുതിയ കാലഘട്ടത്തിലെ കുട്ടികൾക്ക് അങ്ങയുടെ കുട്ടിക്കാലുത്തുള്ളതിനേക്കാൾ ഒട്ടേറെ സൗകര്യങ്ങൾ ഇന്ന് ലഭിക്കുന്നുണ്ട്. പുതിയ തലമുറക്ക് അങ്ങ് നൽകുന്ന ഉപദേശം എന്താണ്?**

ഇക്കാലത്ത് കുട്ടികൾക്ക് സൗകര്യങ്ങൾ, സാഹചര്യങ്ങൾ, അനുഭവങ്ങൾ ഇവ ധാരാളമുണ്ട്. അവ വൈവിധ്യം നിറഞ്ഞതുമാണ്. പുതിയ കാലഘട്ടത്തിലെ വിദ്യാഭ്യാസം അർത്ഥപൂർണ്ണമാക്കാൻ ഇവയെ സമർത്ഥമായി ഉപയോഗിക്കുക. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ സജ്ജരാകുക.

**പുതിയതായി അധ്യാപകജോലിയിലേക്ക് കടന്നുവരുന്ന അധ്യാപകരോട് എന്തെങ്കിലും പറയാനുണ്ടോ?**

അധ്യാപനം വളരെ ഉത്തരവാദിത്വമുള്ള ജോലിയാണ്. ലാഘവബുദ്ധിയോടെ ഏറ്റെടുക്കരുത്. ആത്മാർത്ഥത ഇല്ലെങ്കിൽ സംതൃപ്തി ഉണ്ടാവില്ല. ജോലി ഉത്തരവാദിത്വബോധത്തോടെ ആത്മാർത്ഥതയോടെ മാതൃകാപരമായി ചെയ്യണം.

**കോട്ടക്കൽ ഗവ. രാജാസ് ഹൈസ്കൂളിന്റെ അക്കാദമികവും അക്കാമികേതരവുമായ പ്രവർത്തനങ്ങളെ എങ്ങനെ വിലരുത്തുന്നു?**

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മികച്ച നിലവാരം പുലർത്തുന്ന കോട്ടക്കൽ രാജാസ് ഹൈസ്കൂൾ സർക്കാർ സ്കൂളുകളുടെ കൂട്ടത്തിൽ തലയെടുപ്പുള്ള സ്ഥാപനമാണ്. ഇനിയും ഉയരങ്ങളിലേക്ക് പോകണം. എല്ലാ ആശംസകളും നേരുന്നു.

**അങ്ങയുടെ കുടുംബം?**

ചെറിയ കുടുംബം. ഭാര്യ ശ്രീമതി പി. പ്രസന്നകുമാരി. ഹൈസ്കൂൾ പ്രാധാനാധ്യാപിക. മക്കൾ സാന്ദ്ര, അമൽ. രണ്ടുപേരും പഠിക്കുന്നു.

നന്ദി! ■

*"Life is like a flute! It may have several holes and emptiness. But if we work on it, the same flute produces magical melodies. Think positive. It makes wonder....*

# നഷ്ടങ്ങൾ



ഫർസാന കെ.
X H

ഉയരങ്ങളൊരുപാട് പിന്നിട്ടുവെങ്കിലും
ഉണർവ്വിന്റെ കാലങ്ങളാണിന്നുമോർമ്മയിൽ
നക്ഷത്രക്കൂട്ടത്തെ നോക്കിയിരുന്നൊരാ-
നഷ്ടബാല്യത്തിന്റെ ഓർമ്മകളാണിന്നും
ഇലഞ്ഞിപ്പൂക്കൾ വീണുകിടന്നൊരാ-
യിടവഴിയിൽ വച്ചെന്റെ ഓർമ്മത്തെറ്റിനെ,
മായ്ച്ചുമിനുക്കിയ മഷിത്തണ്ടുകൾ
നിഷ്കളങ്കയാം പൂവിൻതലോടലും
നഷ്ട സ്വപ്നത്തിന്റെ ബാക്കി പത്രങ്ങളായ്
നോവിന്റെ തീക്കനലുകൾക്ക് മീതെ
നീരുറവയായ് ഒഴുകുന്നീ ഓർമ്മകൾ,
ഇനിയും വിളിക്കുന്നിതായെന്നെ
ഇലഞ്ഞിപ്പൂക്കൾ നിറഞ്ഞൊരാ ഇടവഴി...



സുനിൽ രാംദാസ്
X C


# നിഴലുകൾ




നീളുന്ന വഴികളിൽ
പെരുകുന്ന മനസ്സിൽ
വ്യഥയുടെ നീർകുമിളകൾ
അറിയാതെപോയ
സ്നേഹ മന്ത്രങ്ങൾ
തഴുകാതെപോയ
ആലിംഗനങ്ങൾ
നിശയുടെ നീലിമയിൽ
വരിഞ്ഞു മുറുകുന്ന ബന്ധങ്ങൾ
പൊയ്ക്കുതിരകൾ
പെൺശലഭങ്ങൾ
സ്വപ്നങ്ങളിൽ മിന്നിമറയുന്നു.
വിരിയാതെ പോയ
പൂമൊട്ടുകൾ
വാരിയെടുക്കാൻ വെമ്പുന്ന
കളിഹൃദയമേ
വിജനതയിൽ നോട്ടമിട്ട
മിഴിക്കോണുകളെ
നിയെന്തിനെപ്പോഴും
നീർക്കുടങ്ങളാകുന്നു.



ശരത്ത് പി. ബി.
IX B




# പൊറുത്തുകൊള്ളേണമേ....

"ഓടും യന്ത്രദൈവങ്ങളെ,
കുലദേവതകളെ,
കാത്തുരക്ഷിക്കണേ...
പൊറുത്തനുഗ്രഹിക്കേണമേ...
പൊന്നും വിലയുള്ള പെട്രോളും
ഒറ്റമോന്റെ ചോരയും
ആവോളം തന്നില്ലേ...
ആർത്തിയോടെ കുടിച്ചില്ലേ....
അവിടത്തെ താണ്ഡവ നൃത്തം
മൊബൈലിൽ പകർത്തി നാടുനീളെ കാണിച്ചില്ലേ....
യൂട്യൂബിൽ ഹിറ്റാക്കിയില്ലേ....
ഇനിയെങ്കിലും ചഒ17ന്റെ നടയിലെന്നെ
ശൂലംകുത്തി കൊല്ലല്ലേ...
ഇനി റോഡെന്ന് പറയില്ല, വീട്ടിൽ നിന്ന് റോഡിൽ നോക്കില്ല,
"നെറ്റിൽ" കുത്തി ജീവിച്ചോളാമേ...
ഓടും യന്ത്രദൈവങ്ങളേ
കാത്ത് കൊള്ളണേ.....
പൊറുത്തനുഗ്രഹിക്കണേ...."



# ശരിയേത്? തെറ്റേത്?



സന്ദീപ് പി. വി.
IX A

ശരിയുടെ ശരിതേടി
എൻ മനമലഞ്ഞപ്പോൾ
നേരിന്റെ നേരിനായ്
ചോദിച്ചൊരു ചോദ്യം
ശരിയാണോ ചെയ്തത്
ശരിയല്ലേ ചെയ്തത്
മനസ്സിൽ മുഴങ്ങിയ
മുനയുള്ള വിളിവന്നു
ശരിയല്ല ശരിയല്ല ശരിയേയല്ല
പരിതാപമോടെ ഞാൻ ചോദിച്ചുപോയി
ശരിയേയല്ലെങ്കിൽ പിന്നെയെന്ത്?
ചൊല്ലിടാം ഞാനുമൊരനുഭവസത്യം
എന്നിട്ടുചൊല്ലുവിൻ ശരിയെന്ത്?
സ്വയമായി പരിശീലിച്ചൊപ്പിച്ച തെറ്റിനെ
മധുരിക്കും ശരിയാക്കി മാറ്റുന്ന വിദ്യയെ
തെറ്റെന്നു ചൊല്ലുമോ? ശരിയെന്നു ചൊല്ലുമോ?
കാലത്തിൻ ഒഴുക്കിലായ്
ശരികൾ തെറ്റായും തെറ്റുകൾ
ശരിയായുമൊഴുകിടുന്നു
കട്ടവൻ പിന്നെയും കക്കുന്നു നിൽക്കുന്നു,
കൊലയാളി പിന്നെയും കൊന്നിടുന്നു
പത്രത്തിൽ കേറുന്നു
ചാനലിൽ കേറുന്നു
വാർത്തകൾ ഈവിധം ഘോരഘോരം
കോടതിക്കുള്ളിലെ കേസുകെട്ടായ്
കൗതുകക്കാഴ്ചയായ് മാറിടുന്നു
സത്യപ്രതിജ്ഞകൾ കള്ളപ്രതിജ്ഞയായ്
നീതിയില്ലാ വിധി ന്യായമായ് മാറുന്നു
അർത്ഥകാമങ്ങളിൽ ആർത്തിപൂണ്ടീ ജനം
അക്രമം കാട്ടി കൊടികുത്തി വാഴുന്നു
പറയൂ പ്രപഞ്ചമേ ഇതോ നിൻ ശരി
പറയൂ ഇത് നിൻ ശരിയെങ്കിൽ തെറ്റെന്ത്?



മുതിർന്നവരുടേയും, കുട്ടികളുടെയും എല്ലാവിധ രോഗങ്ങൾക്കും വിദഗ്ധ ചികിത്സ നൽകുന്നു. നട്ടെല്ല്, ഊര സംബന്ധമായ തകരാറുകൾ ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തുന്നു.

# അൽ ഹക്കീം

**കളരി മർമ്മ യോഗ ചികിത്സാലയം**

കോട്ടക്കൽ (മിനിറോഡ്, ചങ്കുവെട്ടി)

ഫിസിഷ്യൻ:ടി. പി. അബ്ദുല്ല ഗുരുക്കൾ

Off : 0483-2740537, Mob : 9447297408



**വിശാലമായ പാർക്കിംഗ് സൗകര്യത്തോടെയുള്ള ജില്ലയിലെ ഏറ്റവും വലിയ ഷോറൂം**





ഹീറോ, ഹെർക്കുലീസ്, ബി.എസ്.എ, അറ്റലസ്, ഏവൺ തുടങ്ങി
ഇന്ത്യൻ-വിദേശ നിർമ്മിത സൈക്കിളുകൾ,
ബേബി കാറുകൾ, ഇലക്ട്രിക്ക് ചാർജബിൾ കാറുകൾ, ബേബി വാക്കറുകൾ,
കളിക്കോപ്പുകൾ, ഊഞ്ഞാലുകൾ, തൊട്ടിലുകൾ
തുടങ്ങിയവയുടെ മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ ശേഖരം.

# ഫ്രന്റ്സ് സൈക്കിൾ മാർട്ട്

തിരൂർ റോഡ്, കോട്ടക്കൽ
ഫോൺ : 9895036577
പറപ്പൂർ റോഡ് ജംഗ്ഷൻ, കോട്ടക്കൽ
9847780071

ഞങ്ങളുടെ പ്രത്യേകതകൾ
പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള മാനേജ്മെന്റ്
ഒറിജിനൽ സ്പെയർപാർട്സുകൾ
ഉത്തരവാദിത്വത്തോടെയുള്ള സർവ്വീസ് വിഭാഗം
മറ്റാർക്കും നൽകാനാവാത്ത സെലക്ഷനും, വിലക്കുറവും, ഗുണമെന്മയും.

# ഗലീലിയോ ഗലീലി




റംസിയ കെ.
X C

**1564–**ൽ ഇറ്റലിയിലെ പിസയിൽ ജനിച്ച ഗലീലിയോ ഗലീലി ആർക്കിമിഡിസിന്റെ ആരാധകനായിരുന്നു. ഒരു കമ്പിളിക്കച്ചവടക്കാരനായിരുന്നു ഗലീലിയോയുടെ പിതാവ്. വൈദ്യപഠനം തുടങ്ങിയെങ്കിലും ഗണിതശാസ്ത്രത്തിൽ കമ്പം കയറി വൈദ്യമുപേക്ഷിച്ച് ഗലീലിയോ ഗണിതം പഠിക്കാനിറങ്ങി. ഗണിതശാസ്ത്രത്തിൽ അന്നോളമുണ്ടായ സിദ്ധാന്തങ്ങളെല്ലാം ഗലീലിയോ മനഃപാഠമാക്കി. ഗലീലിയോ ഗലീലിയെ പുറംലോകം അറിയപ്പെടാൻ തുടങ്ങുന്നത് ടാസ്ക്കനിയിലെ പ്രഭു ഗലീലിയോയെ പിസാ സർവ്വകലാശാലയിൽ അധ്യാപകനായി നിയമിച്ചതോടെയാണ്. എന്നാൽ അവിടെയും പ്രതിസന്ധികളുണ്ടായിരുന്നു. ഗണിതശാസ്ത്രത്തിൽ ബിരുദമൊന്നും സമ്പാദിക്കാത്ത ഗലീലിയോയെ മറ്റ് അധ്യാപകർ അംഗീകരിക്കാൻ തയ്യാറായില്ല. ഇത് ഗലീലിയോ ഗലീലിയെ തെല്ലൊന്നുമല്ല മാനസികമായുലച്ചത്. അക്കാലത്ത് പ്രബലമായിതന്നെ നിലനിന്നിരുന്നത് അരിസ്റ്റോട്ടിലിന്റെ പ്രപഞ്ച നിയമങ്ങളായിരുന്നു. ഈ നിയമങ്ങൾ അംഗീകരിക്കാൻ ഗലീലിയോ ഒരുക്കവുമായിരുന്നില്ല. ഇതും പിസായിലെ അധ്യാപകവൃന്ദത്തെ ഗലീലിയോയ്ക്കെതിരെ തിരിയാൻ പ്രേരിപ്പിച്ചു. അങ്ങനെ 1591–ൽ ഗലീലിയോ പിസാ സർവ്വകലാശാലയിലെ അധ്യാപകജോലി രാജിവെച്ചു.

ഗലീലിയോയുടെ അടുത്ത വിദ്യാലയം "പാദുവാ സർവ്വകലാശാല"യായിരുന്നു. അവിടേയും ഗണിതശാസ്ത്രാധ്യാപകന്റേതായിരുന്നു വേഷം.

ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്ന ടോളമിയുടെയും അരിസ്റ്റോട്ടിലിന്റെയും വാദം അന്നുള്ള സർവ്വരും വിശ്വസിച്ചു. പക്ഷെ, അതിനുമുമ്പ് കോപ്പർനിക്കസ് സൂര്യനാണ് കേന്ദ്രമെന്ന് പറഞ്ഞിരുന്നു. താൻ സ്വതന്ത്രമായി രൂപപ്പെടുത്തിയ വസ്തുക്കളെ മുപ്പത്തിരണ്ട് മടങ്ങോളം വലുതാക്കി കാണിക്കാൻ ശേഷിയുള്ള ദൂരദർശിനി ഉപയോഗിച്ച് സൗരയൂഥം, പ്രപഞ്ചം എന്നിവയെക്കുറിച്ചുള്ള തന്റെ വാദങ്ങൾ ശരിയാണെന്ന് തെളിയിക്കാൻ ഗലീലിയോ ഗലീലി ശ്രമിച്ചു. ശുക്രൻ, വ്യാഴം തുടങ്ങിയ ഗ്രഹങ്ങളെക്കുറിച്ചുള്ള പുതിയ അറിവുകൾ അദ്ദേഹം ജനതയ്ക്കു നൽകി. സൂര്യന്റെ പ്രകാശം മറ്റ് ഗ്രഹങ്ങൾ പ്രതിഫലിപ്പിക്കുക മാത്രമാണെന്നും ഗലീലിയോ കണ്ടെത്തി. ഒപ്പം വ്യാഴത്തിന്റെ 4 ഉപഗ്രഹങ്ങളെയും ഗലീലിയോ തന്റെ ദൂരദർശിനി ഉപയോഗിച്ച് കണ്ടെത്തി. കോപ്പർ നിക്കസിന്റെ സിദ്ധാന്തം ശരിയാണെന്നും, ടോളമിയുടെ തെറ്റാണെന്നും തെളിഞ്ഞു.





എന്നാൽ അക്കലാത്ത് ടോളമിയുടെ സിദ്ധാന്തം തള്ളിക്കളഞ്ഞ് കോപ്പർനിക്കസിന്റെ സിദ്ധാന്തം ശരിയാണെന്നു സമർത്ഥിച്ചത് വലിയ ഒച്ചപ്പാടുണ്ടാക്കി. കോപ്പർ നിക്കസിന്റെ സിദ്ധാന്തം വിശ്വവിരുദ്ധമെന്ന് പറഞ്ഞ് മതാചാര്യന്മാർപോലും തള്ളിക്കളഞ്ഞ അക്കലാത്ത് വീണ്ടും ഇത് ശരിയാണെന്ന് സമർത്ഥിക്കാൻ ഗലീലിയോ ഗലീലി ശ്രമിച്ചത് പ്രതിഷേധത്തിനിടയാക്കി. ഇത് തെളിയിക്കാൻ ശ്രമിക്കുന്നതിൽനിന്ന് 1616–ൽ ഗലീലിയോയെ വിലക്കിക്കൊണ്ട് ഉത്തരവ് വന്നു.

പക്ഷെ, ഗലീലിയോ കോപ്പർനിക്കസിന്റെയും, ടോളമിയുടെയും വാദങ്ങളെ അവലോകനം ചെയ്തുകൊണ്ട് ഒരു ഗ്രന്ഥം രചിച്ചു. കോപ്പർ നിക്കസിന്റെ വാദത്തെ ശക്തമായി പിന്തുണയ്ക്കുന്നതായിരുന്നു പ്രസ്തുത ഗ്രന്ഥം. വിശ്വാസങ്ങളെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ച ഗലീലിയോ വിചാരണയെ നേരിട്ടു. വിചാരണ ആറു മാസം നീണ്ടുനിന്നു. തന്റെ വാദം സത്യമാണെന്ന് 100%വും ബോധ്യമുണ്ടായിരുന്നെങ്കിലും ജീവൻ രക്ഷിക്കാൻ തന്റെ സിദ്ധാന്തങ്ങളെ ഗലീലിയോ ഗലീലിയ്ക്ക് മാറ്റിപ്പറയേണ്ടിവന്നു. 1637–ൽ കാഴ്ച്ച നശിച്ച്, 1642–ൽ ആർസെട്രിയിൽവെച്ച് ഗലീലിയോ ഗലീലി അന്തരിച്ചു. ■

# അനാഥ ജീവിതം



താര എം.
VIII D




വഴിയോരങ്ങളിൽ മഴക്കാലത്തും
വേനലിലും പിച്ച തേടി നടക്കും
പാവം ചില വൃദ്ധർ
ഒര തുള്ളി ജലത്തിനായ് ഒരു മണി
അരിക്കായ്
തൊണ്ടകീറി പിച്ചതെണ്ടും ചില
പിഞ്ചുകുഞ്ഞുങ്ങൾ
ഇതെല്ലാം ചെയ്യിപ്പിക്കും
ക്രൂരമൃഗങ്ങളാം മനുഷ്യർ
രാത്രി ഒരു പോള കണ്ണടയ്ക്കാൻ
പീടികത്തിണ്ണയിൽ ഇടംതേടും
പാവം ചില മനുഷ്യർ...

# എന്തിനീ ജീവിതം?



മുർശിദ ഇ.കെ.
VII F

ഒരു പൂവും വിടരില്ല
ഒരു മരവും ഇല പൊഴിക്കില്ല
ഒരു കുയിലും പാടില്ല
ഒരു മയിലും നൃത്തം ചെയ്യില്ല
ഒരു ശലഭവും പറക്കില്ല
കാർമേഘമോ പെയ്യില്ല
ഒരു ജീവിയും സന്തോഷിക്കില്ല
തികച്ചും ശാന്തം
എന്തിന്?
ഒരു മനുഷ്യനും ആഗ്രഹിക്കില്ല
ഈ ക്രൂരതയ്ക്കിടയിൽ
ജീവിച്ചുതീർക്കാൻ
അതിനെക്കാൾ എത്ര സുന്ദരമാണ്
മരണം എന്ന മൂന്നക്ഷരം
ജീവിതത്തേക്കാൾ മരണത്തിലുണ്ട്
ശാന്തതയുടെ താളുകൾ



# സ്നേഹദീപം



റംസീറ സി.
X H

ഈരേഴു ലോകങ്ങൾ
തിരിയിട്ടു പൂജിക്കു-
മൊരു സ്നേഹദീപമാണമ്മ
എട്ടു ജന്മങ്ങളൊ-
രുമിച്ചു തീർത്താലു-
മണയാത്ത നൻമയാണമ്മ
മണ്ണിന്റെ നെഞ്ചിലെ
ഹരിതമാണമ്മ
വിണ്ണിന്റെ കൈകൾ
തൻ വരദാനമമ്മ
താഴത്തു വെക്കാതെ
പോറ്റിയൊരമ്മ
എന്നെ താരാട്ടു
പാടിയുറക്കിയൊരമ്മ
കരയാൻ തുനിഞ്ഞാലു-
ണർന്നുടനെത്തന്നെ
തലയിൽ തലോടി
മയക്കുമെന്റമ്മ
ഭൂമിയിൽ കൺകണ്ട
ദൈവമാണമ്മ
ഇന്ന്
ഭൂമിയേക്കാളേറെ
ക്ഷമയുള്ളവളെന്നമ്മ

---



സൈനബ കെ.
X H

# കൂട്ടുകാരിക്ക്

നനഞ്ഞ മണ്ണിൽ പതിഞ്ഞമർന്ന
ഒറ്റച്ചുവടായ രണ്ടു വർഷങ്ങൾ....
നിലച്ചുപോകുന്ന ആരവങ്ങൾ....
വയ്യ,
ചിതറി വീഴുന്ന മോഹമുത്തുകളെ
നെഞ്ചോടു ചേർക്കാൻ കഴിയുമോ?
ശിഥിലമാകുന്ന ഓർമ്മകൾ..
കനവിൽ ഒരു വളപ്പൊട്ടുകൂടി
മുമ്പ്,
നിന്റെ മിഴികളിൽ ഞാൻ
കവിതകൾ തെളിയുന്നത് കണ്ടു...
നക്ഷത്രങ്ങൾ ചിരിക്കുന്നതും...
എനിക്കു പിന്നിൽ
നീ തീർക്കുന്ന ചിരിയുടെ മുത്തുകൾ...
എന്റെ മനസ്സിൽ മാല കോർത്തു...
നീ പ്രണയമാം കവിതകൾക്ക്
സൗഹൃദംകൊണ്ട് കണ്ണെഴുതി
അവയൊക്കെയും തേങ്ങുകയാണ്...
ഓർമ്മകളിൽ.... വാടിത്തുടങ്ങിയ പുഷ്പങ്ങൾ....
ഇവിടെ,
നമ്മൾ കോറിയിട്ട അക്ഷരങ്ങളുണ്ട്
നിനവുകളുണ്ട്
പക്ഷേ,
അവയൊക്കെയും കടൽത്തീരത്തായിരുന്നുവോ?





ആതിര സന്തോഷ്

# വിടപറയാനാവില്ലൊരിക്കലും...

**ഓ**രോ യാമവും കൊഴിഞ്ഞ് വീഴുന്നത് ഓർമ്മിക്കുവാൻ ഒരുപിടി ഓർമ്മകൾ സമ്മാനിച്ചാണ്. ഓർമ്മയുടെ അനശ്വരതീരത്ത് അലയടിക്കുന്ന ഒരു വേഴാമ്പൽപോലെയാണ് എൻ മനം. ബാല്യകാല ഓർമ്മകൾ ഏവർക്കും മധുരിമയാർന്ന ഓർമ്മകൾ മാത്രമേ പകർന്ന് നൽകിയിട്ടുള്ളൂ...

എന്റെ ഓർമ്മകളിലെ അനശ്വരദീപമാണ് എൻ വിദ്യാലയം. കളിയും ചിരിയും ഇണക്കങ്ങളും പിണക്കങ്ങളും നിറഞ്ഞ കലാലയജീവിതം. ഞാറമരങ്ങൾക്ക് ഇടയിലൂടെ നടന്നതും ഞാറപ്പഴങ്ങൾ കൂട്ടുകാരുമായി പങ്കുവെച്ചതും വരാന്തകളിലൂടെ കലഹിച്ചും ഓടിക്കളിച്ചും നടന്ന ഈ ദിനങ്ങൾ എല്ലാം ഒരു ഓർമ്മ മാത്രമായി അവസാനിക്കുവാനുള്ളതാണെന്ന സത്യം എനിക്ക് ഒരിക്കലും ഉൾക്കൊള്ളാനാവില്ല... എത്ര പെട്ടെന്നാ ദിവസങ്ങൾ കൊഴിഞ്ഞുപോയത്. ഈ വർഷം ഞങ്ങളുടെ ജീവിതത്തിൽ ഒരു നിർണ്ണായക പങ്കുവഹിക്കുന്ന കാലമാണ്. എത്ര വർഷങ്ങൾ കഴിഞ്ഞ് പോയാലും ഓർമ്മയിൽ എന്നും നിറഞ്ഞുനിൽക്കുന്ന കാലം... ഇതുവരെ ഒന്നിച്ച് ഉല്ലസിച്ച് പഠിച്ച ഞങ്ങൾ കൂട്ടുകാരെല്ലാം വേർപിരിയാൻ പോകുന്നു. എന്ന് എവിടെവെച്ച് കാണുമെന്ന് ഞങ്ങൾക്ക് അറിയില്ല. എന്നായാലും എപ്പോഴെങ്കിലും ഈ വരാന്തകളിൽ കണ്ടുമുട്ടും എന്നൊരു വിശ്വാസം ഞങ്ങൾക്കുണ്ട്. ഈ അനശ്വരമായ കലാലയത്തെയും ഞങ്ങളെ ശാസിച്ചും ഉപദേശിച്ചും പഠിപ്പിച്ച അദ്ധ്യാപകരെയും ഒരുപാട് ഒരുപാട് മിസ്സ് ചെയ്യും. അങ്ങനെ കുറെ നല്ല ഓർമ്മകൾ മാത്രം ബാക്കിയാക്കി ഞങ്ങൾ പടിയിറങ്ങുന്നു. ഈ സ്നേഹഭവനത്തിൽ നിന്ന് എത്ര അകലെയാണെങ്കിലും എന്റെ മനസ്സിന്റെ ഒരു കോണിൽ നിറദീപമായി ഈ വിദ്യാലയവും കൂട്ടുകാരും അദ്ധ്യാപകരും എന്നും നിറഞ്ഞ് നിൽക്കും. അത്രമേൽ സ്നേഹിച്ചുപോയി വേർപിരിയാൻ ആവാത്തവിധം ഈ സ്നേഹഭവനത്തെ... “വിടപറയാനാവില്ലൊരിക്കലും എൻ കലാലയത്തെ... മധുരമൂറുന്ന നൊമ്പരങ്ങൾക്ക് ഓർമ്മകളുമായി ഞാൻ കാത്തിരിക്കും തിരിച്ചു വരാത്ത ഇന്നലെകൾക്കുവേണ്ടി” ■


MSK ASSOCIATES
TAX CONSULTANTS & PRACTITIONERS


EDARIKODE (PO) PIN - 676 501 PHONE +91 483 2751699
WWW.mskassociates.com mail: info@mskassociates.com

M.S. KESAVAN - TAX CONSULTANT
SHEENA ANIL KUMAR (BSc, PGDT) - TAX PRACTITIONER




ഉമ്മുസുലൈം
X H

# ചിത്രം




അന്തിമയങ്ങും നേരത്ത്
വാനിൽ നോക്കൂ... ദൂരത്ത്
എത്ര മനോഹരമാം ചിത്രം
ആര് വരച്ചൂ മാനത്ത്!
മഴവില്ലഴകിലിതാരോ വരഞ്ഞ
അതി മനോഹര ചിത്രങ്ങൾ
ചോന്നു തുടുത്തൊരു പഴമാണോ
കടലിൽ മുങ്ങിത്താഴുന്നു...?
മഞ്ഞപടർന്നൊരു ക്യാൻവാസിൽ
ചേലേറുന്നൊരു ചിത്രമിതാ...
മഴവില്ലഴകിലാര് വരച്ചൂ
അതി മനോഹരമീ ചിത്രങ്ങൾ!



നിരഞ്ജന എൻ
VI D

# പ്രകൃതി




പച്ചപുതച്ചു കിടക്കും മണ്ണിൽ
ഒരു കുടയായ് ഒരു വൃക്ഷം
അതിന്റെയുള്ളിൽ കലപിലകൂട്ടി
പ്രകൃതിമക്കളുറങ്ങുന്നു
എന്നാൽ കേൾക്കൂ ഇന്നീ മണ്ണിൽ
വിഷപ്പുക മാത്രം ശ്വസിക്കുന്നു
കൈകളുയർത്തൂ കണ്ണുതുറക്കൂ
നോക്കൂ നമ്മുടെ സ്വന്തം മണ്ണിനെ
സംരക്ഷിക്കൂ വിണ്ണിനെ നാം.

# മധുരമാം എൻ ജീവിത വിദ്യാലയം



നസ്രീന എം.
IX F

ആദ്യമായ് നിൻമുന്നിൽ വന്നണഞ്ഞപ്പോൾ
ഒരു ചെറു പുഞ്ചിരി എന്നുള്ളിൽ തെളിഞ്ഞൂ
പിന്നേ നിന്നിലേക്കടുത്തപ്പോൾ
പിരിയാൻ വയ്യെന്നായി
നിന്നരികിലുള്ള ഓരോ നിമിഷവും
എന്നെ നിന്നോടടുക്കുവാൻ ആഗ്രഹിപ്പിച്ചു
നിന്നെ പിരിയണമെന്നറിഞ്ഞിട്ടും
എന്തിനുവേണ്ടിയോ ഞാൻ നിന്നെ സ്നേഹിച്ചു
നീ തന്ന ഓരോ ചുവടുകളും
എൻ ജീവിത ചുവടുവെപ്പുകളായി മാറി
എനിക്കു കേറുവാനുള്ള കോണിപ്പടികൾ
പിന്നെ ഓരോന്നായി കുറഞ്ഞുവന്നു
ഇന്നിതാ എൻ പ്രിയ വിദ്യാലയം
എന്നിൽ നിന്നകന്നൂ...
എന്നാലും ഇന്നിതാ എൻ മനസ്സിൽ
വിദ്യാലയം എന്നുള്ള വാക്ക്

---



ജാസ്മിൻ പി.പി.
X H




# പാപം

ഈ ലോകമെത്രയോ
മാറിപ്പോയി
മനുഷ്യാ...
നിൻ കപടകരങ്ങളാൽ
വികസനമെന്നു നീ ചൊല്ലി
എത്രയോ വനങ്ങൾ,
എത്രയോ നദികൾ, കുന്നുകൾ!
നിൻ കരങ്ങളാൽ
കുരുതികൾക്കിരയായി....
എത്ര ജീവികൾ
നീ കാരണം
താവളം നഷ്ടമായനാഥരായ്...
ഈ പ്രകൃതി മനോഹരിയെ
നശിപ്പിച്ചു നീ...
പറയൂ നീ ഈ പാപമെല്ലാം
എവിടെക്കഴുകിക്കളയും
മനുഷ്യാ നീ...?
നിന്നുടെ സ്വാർത്ഥത കാരണം
നശിച്ചൊരീ ജീവികൾ
ഇല്ല പൊറുത്തുതരില്ല നിനക്ക്
ഓർക്കൂ... നീയും നശിക്കപ്പെടും
ഒരുനാൾ നീയും നിൻ ക്രൂരതയാൽ...!



ശ്രീലക്ഷ്മി
IX E

## അസ്തമിക്കാത്ത വേനൽ...

എന്റെ വേനലിൽ
എന്റെ വർഷത്തിൽ
നിന്റെ കുട മാത്രം
ബാക്കിയാവുന്നു
നിന്റെ സ്നേഹം
മുഴുമിക്കാത്ത കടങ്കഥ
നിന്റെ ഓർമ്മകൾ
പാതികണ്ട സ്വപ്നംപോലെ
നിന്റെ യാത്ര
നിറമുള്ള സ്വപ്നങ്ങളിൽ
അശാന്തിയുടെ കോമരം
നിന്റെ പ്രണയത്തിന്
തീരത്തേക്കടുത്ത
തിരയുടെ ലോലഭാവം
നീ വരിക,
മഴയിൽ നനഞ്ഞ്
വേനലിലുരുകി
നമുക്കൊന്ന് നടക്കാൻ....

## അമ്മഭൂമി

എത്ര മനോഹരമീ പ്രകൃതിതൻ സൗന്ദര്യം
കളകളം പാടുന്ന പുഴകളും
മഞ്ഞാൽ ചുറ്റപ്പെട്ട തീരപ്രദേശവും
എത്ര സുന്ദരമാണീ പ്രകൃതി
അമ്മഭൂമിതൻ സൗന്ദര്യമെല്ലാം
സായാഹ്ന സ്വപ്നമായ് മാറി.
എത്ര മനോഹരമീ പ്രകൃതിതൻ സൗന്ദര്യം
എത്ര മനോഹരമീ പ്രകൃതിതൻ കാഴ്ചകൾ

---



വിഷ്ണു വി.
X C

## ഭൂമി

സൂര്യന്റെ തീഷ്ണതയിൽ സ്വയം എരിയുന്ന
ഭാരതമാം നാടിന്റെ അമ്മയാം ഭൂമി....
ധരിത്രിയെന്നൊരു നാമത്താൽ ഉയിർത്തെഴുന്നേറ്റവൾ-
ശാന്തിഗീതത്തിന്റെ അടയാളമാം ഭൂമി...
സ്വയം മറന്നവൾ മക്കളാം ലോകത്തെ-
പോറ്റിവളർത്തിയ സുന്ദരഭൂമി ദേവി
ജീവന്റെ അടയാളമാം എന്നിലെ ഊർജ്ജത്തെ-
എന്നും കാക്കുന്ന പെറ്റമ്മയാം ഭൂമി
അമ്മേ നീയൊരു ദേവി
എന്നിലെ ജീവനെ കാത്തുകൊൾക...
എന്നെന്നും എന്നിലെ താപമാം
ഊർജ്ജം നിൻ കരങ്ങളിൽ സമർപ്പിച്ചീടുന്നു
ദേവി എന്നോട് പൊറുക്കുക
നിന്റെ മക്കളാം ഞങ്ങളെ കാത്തുകൊൾക
മാമലനാടിനെ ഹൃദയത്തിൽ വാഴ്ത്തിയ
മലയാളനാടിന്റെ അമ്മയാം ഭൂമി
പുഴകളും കിളികളും നിന്നിൽ വസിക്കുന്നു
അമ്മേ നിനക്കായിരം പ്രണാമം....



जासमिन वि.पी.
XH

# मेरी प्रिय नदी

कई वर्षों पहले,
मैं ने एक नदी को देखा था।
तब नही कितनी सुंदर थी,
कल कल शब्दों में
बहती है वह।
कितनी स्वतंत्रता से,
विशाल से बहतो
उसकी पानी।

कितनी लोगों को नदी
जल देती है।
कितनी जीव-जंतुओं की
प्यास बुझाती वह।
उब उस नदी को मैं ने देखा।
मैं धक्के से रह गई।
प्लास्टिक, कुड़ा कचरा
भरी हुई हैं नदी में।

मलिन हो गयी नदी
मेरी पहली सुंदर नदी।
मेरे सपनों की सुंदर
नदी.....
मेरी प्रिय नदी.....

MANU
Mob: 9895310912



New
CARAVAN'S
FOOD COURT, SEA FOOD & FAMILY RESTAURANT
A/C, NON A/C
CHANGUVETTY, Kottakkal

Biriyany
Buhari
Kabsa
Fish
Fresh Juice
Thantoory
Shavaya
Alfam
Chainees



अम्मुल अस्ना के.
VIII F

# हमारा पेड़

पेड़ एक वरदान है,
पेड़ ईश्वर का वरदान है,
प्यार हैं जीवियाँ पेड़ हमारे,
पेड़ इन का प्राण हैं,
पेड़ की सुरक्षा बनती हैं।
पेड़ धरती का सुंदरता हैं
पेड़ हमारा मित्र हैं
पेड़ नहीं तो प्राण नहीं
प्राण नहीं तो जीवन नहीं

---



फातिमा रसाना ऐं.पी.
IX A

# किसानों की हालत

IX A

भारत कृषि - प्रधान देश हैं। आज का किसान खेनी से दुर ही जाता हैं।

लेकिन पहले साल के किसान बहुत कठिन मेहनत करनेवाले थे। मानव खेती से प्यार करता हैं। यहाँ के अधिकांश किसान हैं। वे अपनी झोंपड़ियों में खुशी से सहते हैं। उनके मन में खेत और खेती हैं। क़िसान खेती बड़ी करते हैं और गायों को पालते हैं। फ़िर भी वे गरीबी में जीवन बिनाते हैं।

इसके कारण किसान ही देश की खाना देते हैं। लेकिन आज हमारा मौसम बहुत प्रतिकूल हैं। प्रतिकूल मौसम हमारा किसानों की खेती को नारा करती हैं। इस समय खेती की खुशी डूब गई हैं।

आज खेती से उसको कोई फ़ायदा नहीं मिलता। इसलिए आज का किसान उन्हें अपनी खेती-बड़ी छोड़कर शहर की और जाता हैं। किसान अपने खेत को बैलों से जोतता था। पर आज वह अन्य काम करने केलिए साईकिल पर शहर जाता हैं। क्योंकि हमारा खेती संस्कृति दिन-ब-दिन नष्ट हो रही हैं।

इसलिए सरकार का ध्यान इस बात बर होना बहुत ज़रूरी हैं।



















വിവാഹം, വിനോദം, തീർത്ഥയാത്ര എന്നിവക്കാവശ്യമായ വാഹനങ്ങൾക്ക്... വിവിധ സന്ദർശന സ്ഥലങ്ങളിലേക്ക്

പ്രത്യേക **ടൂർ പാക്കേജുകൾ....**

**ARADHANA**

TOURS & TRAVELS

PUTHUR - KOTTAKKAL, Ph: 0483 - 2741431



**ടൂർ പാക്കേജ്** >>

| | |
|---|---|
| ഊട്ടി, കൊടൈക്കനാൽ | മൈസൂർ |
| TVM, കന്യാകുമാരി | ബാഗ്ലൂർ |
| മൂന്നാർ, വീഗാലാന്റ് | വയനാട് |
| ഹൈദരാബാദ് | മലമ്പുഴ |

**Contact :**
**Saleem : 9847 177 068**
**Ibrahim : 9947 133 030**



















TVS



wego
SUPER
scooter challenge
SUPER CHALLENGE! SUPER PRIZES!

IP 8999*

സൂപ്പർ സ്കൂട്ടർ ചലഞ്ചിൽ പങ്കെടുക്കൂ...
സൂപ്പർ സവിശേഷതകൾ അനുഭവിച്ചറിയൂ...

ഇപ്പോൾ നിങ്ങളുടെ ഇഷ്ട വാഹനം സ്വന്തമാക്കൂ..
കുറഞ്ഞ മുതൽ മുടക്കിൽ IP 8999*

design2print kkl / 9847142716

NP TVS
KOTTAKKAL Ph: 0483-2747954, 2751551, 9061840255
KONDOTTY Ph: 9526220311, 7736333449
VETTICHIRA Ph: 9037998466, 9388225636


















- ചിക്കൻ ബിരിയാണി
- ചെമ്മീൻ ബിരിയാണി
- ഫിഷ് ബിരിയാണി
- ആവോലി
- കൂന്തൽ
- കടുക്ക
- ഞണ്ട്
- കാട






design2print kkl / 9847142716

HOTEL
THARAVADU
FAMILY RESTARUANT, A/C & Non A/C
Kurbani, CHANGUVETTY, Kottakkal

Vegiterian & Non Vegitarian


































Web
Spanish
Styling
from Classic...
to Contemporary...
Supreme
FURNITURE
Supreme
AGENCIES
Modern Building, Tirur Road, KOTTAKKAL.
Ph: 0483- 2747889, 3291107

# Women



Greeshma Prajith
IX D

In era's hand and in society's hand
Women like a dancing puppet
In kitchen's nook and corner
Her life ends without feelings
She doesn't know how to speak
How to sing and how to dance
In the four walls of a room
Her mind suffocates
From boring kitchen works and tragedies
She falls into a magical world
Withoud boundaries, no sadnes
Smiing lfowers and singing koels
Women have only joy
She will be a free bird
When her life ends

---

اِرْشَانَ بِ.
IX G

# أهمِيَة لِنِرَاعَةِ

لِذَالِكَ نَزْرَعُ فِي حُقُولِنَا لِحَبَّةِ وَلِخَضْرَوَاتِ. لَيْس من، لغَدَاء نَشَرِّى مِنَ لسُوقِ. وهَذا يُسَبِّبُ نَحْنُ اَهْلُ كَيْرَلاَ.

لِتَحْوِيل تَقَافَتِنَا وحَضَارَتِنَا.

حُقُولِنَا لِاسْمِدَةُ لِكيمَوِيَةِ وَلِمُبِيداتُ لِحَشَرَاتِ. هذه هى مَضَرٌّ لِمحَّتِنَا. حُكُومِيَتُنَا نُقَدِّمُ جَمِيعُ نَسْتَخدِمُ فى

بِوَسَاطَةِ لِمَكْتَبَةُ النِرَاعَةِ ولِاجارَاتُ لِنِرَاعَةِ لِذَانرُزٌّ لِارُزٌّ ولِبَامِيَا ولِعَدَيد ولِيقْطِين وغَيْرَهَا. لِمُسَاعَدَةِ لِلنِرَاعَةِ

نَجِبُ عَلَيْنَا تَحْتَقِطُ زِرَاعَتَنَا مِنَ لِكيمَوِيَاتِ ولِمَبِيداتِ. وَ نَرْجِعُ الى لِطَبِيعَةِ ونُحِبُّ لزراعةِ. ولِذَالِكَ



निहला पी.
IX D

# परिश्रम का महत्व

IX D


हरेक मनुष्य को लक्ष्य होना जाहिए। बिना लक्ष्य के मानव उस नैका के समान है। जिसका कोई मल्लाह नहीं है। हमारी इस लक्ष्य मेहनत से प्राप्त करना चाहिए, इच्छा 'से नहीं' सृष्टि के आरंभ से आज तक मानव ने कई विकास प्राप्त किया, ये सब परिश्रम की नतीजा है। पहले से अभी तक मानव कठिन परिश्रमी थ। इसलिए उसको कई सफलता मिली, मेहनत केवल शीरीरिक मेहनत नहीं। हमको लक्ष्य का साफलता केलिए हम क्या करता वह सब मेहनत है। हमको सफलता मिलने मार्ग है परिश्रम। परिश्रम से आत्मविश्वास बढ जाता है। इस प्रकार मेहनत विजय केलिए अनिवार्य है।



नजला पी.
IX D


# लडाई - समस्या का समाधान नहीं है....

लडाई हमेश विनाशकारी है, लडाई का दृश्य देखकर हरेक व्यक्ति के दिल दहल जाता है। कोई भी लडाई केसी समस्या का समाधान नही बन सकता, बेकसूर लोगें लडाई जैसी डरावनी धटना बच्चों और बडों के अकेलापन का कारण बन जाती है, उसकी डरावनी स्थिति की याद से मानव कभी बच नहीं पाता। लडाई बच्चों का खेल नहीं... यह ऐस एक हादसा है चाहें तो हम टाल सकते है, लेकिन कभी-कभी बन जाती है अनिवार्य। लडाई को अवश्य रोकना चाहिए।







അശ്വിൻ ശേഖർ ടി



നിധിൻ രാജ് എം. പി.








സജീഷ് ജെ



അജീഷ് ജെ.






ഷാമി മുദ്ദീൻ



ഹസ്ന ഷെറിൻ കെ.
VII D

# കേരളം ഒറ്റനോട്ടത്തിൽ

| | |
|---|---|
| നിലവിൽ വന്നത് | 1956 നവംബർ 1 |
| തലസ്ഥാനം | തിരുവനന്തപുരം |
| വിസ്തീർണ്ണം | 38,863 ച.കി.മീ. |
| ജനസംഖ്യ (2011 സെൻസസ്) | 3,33,87,677 |
| ജനസംഖ്യ കൂടുതലുള്ള ജില്ല | മലപ്പുറം |
| ജനസംഖ്യ കുറവുള്ള ജില്ല | വയനാട് |
| വലിയ ജില്ല | പാലക്കാട് |
| ചെറിയ ജില്ല | ആലപ്പുഴ |
| ആദ്യ മുഖ്യമന്ത്രി | ഇ.എം.എസ്. |
| ആദ്യ ഗവർണർ | ബി. രാമകൃഷ്ണ റാവു |
| ആയുർദൈർഘ്യം | 78.8 (പു), 71.4 (സ്ത്രീ) |
| ജനസാന്ദ്രത (ച.കി.മീ) | 859 |
| സാക്ഷരത | 93.91% |
| നിയമസഭാ മണ്ഡലങ്ങൾ | 140 |
| ലോകസഭാ മണ്ഡലങ്ങൾ | 20 |
| രാജ്യസഭാ സീറ്റുകൾ | 9 |
| ജില്ലാ പഞ്ചായത്തുകൾ | 14 |
| ഗ്രാമപഞ്ചായത്തുകൾ | 978 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 152 |

| | |
|---|---|
| നഗരസഭകൾ | 60 |
| കോർപ്പറേഷനുകൾ | 5 |
| താലൂക്കുകൾ | 63 |
| കന്റോൺമെന്റ് | 1 (കണ്ണൂർ) |
| വില്ലേജുകൾ | 1634 |
| നദികൾ | 44 |
| കിഴക്കോട്ട് ഒഴുകുന്നത് | 3 |
| നീളം കൂടിയ നദി | പെരിയാർ |
| ഔദ്യോഗിക മൃഗം | ആന |
| ഔദ്യോഗിക പക്ഷി | മലമുഴക്കി വേഴാമ്പൽ |
| സംസ്ഥാന മത്സ്യം | കരിമീൻ |
| ഔദ്യോഗിക പുഷ്പം | കണിക്കൊന്ന |
| ഉയരം കൂടിയ കൊടുമുടി | ആനമുടി (2695 മീ.) |
| ഏറ്റവും ഒടുവിൽവന്ന ജില്ല | കാസർഗോഡ് |
| ഔദ്യോഗിക വൃക്ഷം | തെങ്ങ് |




# 2013– ലെ A+ ജേതാക്കൾ!


THANVEERA CC


KAVYA PRAMOD


DRISYA S


SAJESH A


SARATH PT


VIVEK S



PRAVEEN PAKASH

## NMMS നേടിയവർ


HASNA


NIMMI

## USS നേടിയവർ


JINSIYA K


PRAJITHRA P


JASHADA

# ജില്ലാ കലോത്സവം



**വാണി എം. കെ.**

കഥകളി സംഗീതം - IInd A Grade
വയലിൻ (പൗരസ്ത്യം) - IInd A Grade
ശാസ്ത്രീയ സംഗീതം, - IIIrd A Grade



**ശ്രീഹരി കെ.**

ഓടക്കുഴൽ - Ist A Grade



**അപർണ വിപാൽ**

കഥാ പ്രസംഗം - A Grade



**ഷക്കീല കെ. പി.**

അറബിക് കഥാ രചന - IIIrd A Grade



**സന്ദീപ് പി. വി.**

അഷ്ടപദി - IInd A Grade



**അശ്വിൻ ശേഖർ ടി.**

ജലച്ഛായം - A Grade



**സരുൺ ലാൽ എൻ. ആർ.**

നാടോടി നൃത്തം - A Grade



**ഋതു ഗോകുൽ**

ജില്ലാ ഗണിത ക്വിസ് - മൂന്നാം സ്ഥാനം



**ഫമിത ജഹാൻ പി.**

സംസ്ഥാന പ്രവൃത്തി പരിചയ മേള,
സ്റ്റഫ്ഡ് റ്റോയ്സ് വിഭാഗം - മൂന്നാം സ്ഥാനം


Ph: Shop - 0483 274 2457

Mob: 9447 144 867
9447 122 457

# A.P STEELS

Tirur Road, KOTTAKKAL - 676503, Malappuram Dt.,

Dealers in : TMT Steels, Flats, Rounds, Angles, Cements etc..

RAMCO
SANKAR CEMENT
Chettinad cement
ACC
MALABAR CLASSIC
Ambuja Cement

# രാജ്യ പുരസ്കാർ അവാർഡ് ജേതാക്കൾ!



SANEERA


SREERAG T


MUNNAVIRA K


MADHAVI


SANDEEP K


RAJIV C


JITHIN K


UMMUL FADLA T


IRSHANA POOKKAYIL


GREESHMA PRAJITH


FAMSHAD K


SUNIL RAMADAS


SUVARNA RAMADAS


MUHAMMED THASLEEM T T

# മാലാഖയെത്തേടി



ദേവിക കെ
IX A

**ഓ**ഫീസിൽ നിന്ന് നേരത്തേയിറങ്ങി. ഇന്നെങ്കിലുമവളോടൊന്ന് സംസാരിക്കണം. എന്തെങ്കിലുമൊക്കെ അവൾക്ക് സമ്മാനമായി നൽകണം. പക്ഷേ...എന്ത്? വഴിയരികിൽ തന്നെ നോക്കി പുഞ്ചിരിച്ച ചുവന്ന റോസാപ്പൂവിനെ അവൾ പൊട്ടിച്ചെടുത്തു. പിന്നീടവൾക്ക് സങ്കടമായി. ഒരു ചുവന്ന റോസാപ്പൂകൊണ്ട് എന്താവാനാണ്? അതുമല്ല, കഷ്ടിച്ച് ഒരാഴ്ചമാത്രം ആയുസുള്ള ആ പൂവിനെ നിഷ്കരുണം പൊട്ടിച്ചെടുത്തതിൽ അവൾക്ക് വല്ലാത്ത പശ്ചാത്താപം തോന്നി. അവളാ ചെടിയോട് ‘സോറി’ പറഞ്ഞു. ‘സോറി’ എന്ന രണ്ടക്ഷരത്തിൽ എല്ലാമായിക്കാണും. പിന്നീട് അവൾക്ക് ലജ്ജ തോന്നി. ഒരു റോസാപ്പൂവിനെ വേദനിപ്പിച്ചുകൊണ്ട് അതിനോട് ‘സോറി’ കൂടി പറഞ്ഞതിൽ.

വഴിയരികിൽ ഓരോന്നോർത്തുകൊണ്ട് അവൾ നടന്നുനീങ്ങി. തന്റെ മാലാഖയെക്കുറിച്ച്. ജോലി കിട്ടി ഇവിടെ വന്ന ആ ദിവസത്തെ വൈകുന്നേരം മുതലുള്ള കാഴ്ചകൾ അവളോർത്തു. തന്റെ മുന്നിൽ വന്നുനിന്ന് യാചിച്ച ആ പെൺകുട്ടിയെപ്പറ്റി. പാറിപ്പറന്ന മുടിയുള്ള, ക്ഷീണിച്ച മുഖമുള്ള, നാലഞ്ച് വയസ്സുള്ള ആ പെൺകുട്ടി. പിന്നീട് തന്റെ ദൈനംദിന സ്വപ്നങ്ങളിലെ സ്ഥിരം വിരുന്നുകാരിയായി മാറുകയായിരുന്നു. അവളൊന്ന് കുളിച്ചു വന്ന് ഉടുപ്പിട്ട്, കൈയ്യിൽ കിലുങ്ങുന്ന വളയുമണിഞ്ഞ്, കാലിൽ കൊലുസും കാതിലൊരു കമ്മലുമിട്ട് വന്നാൽ അവളായിരിക്കും യഥാർത്ഥ മാലാഖ... ഇങ്ങനെ ഓരോന്ന് ചിന്തിച്ചുകൊണ്ട് നടന്ന് ബസ്സ്റ്റോപ്പും കഴിഞ്ഞ് എത്രയോ ദൂരം കഴിഞ്ഞിരിക്കുന്നു. ഉടനെ തിരിച്ചുനടന്നു. ബസ്സ്റ്റോപ്പിനുമുന്നിലെ വസ്ത്രക്കടയിൽ എന്നും തന്നെയും പ്രതീക്ഷിച്ചിരിക്കുന്ന ആ ഉടുപ്പ് അപ്പോഴാണവളുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടനെ കേറിച്ചെന്നു മോഹിച്ച ആ ഉടുപ്പ് വാങ്ങി. വെളുത്തനിറത്തിൽ കറുത്ത പൂക്കളുള്ള ആ ഉടുപ്പ് വാങ്ങി. വെളുത്ത നിറത്തിൽ കറുത്ത പൂക്കളുള്ള ആ ഉടുപ്പ്, പിന്നെ അതിന് യോജിച്ച വള, മാല, എല്ലാം വാങ്ങി. തിരിച്ചുനടന്നു. മുന്നിൽ തന്റെ മാലാഖ!! പക്ഷേ, അവളുടെ അടുക്കലേക്ക് ചെല്ലുമ്പോഴേക്കും സന്ധ്യ മുന്നിൽ വന്നുനിന്നു. ദുഃശ്ശകുനം. എന്താണാവോ ഉദ്ദേശ്യം?

“ശാരീ.. നീയെന്താ പോയില്ലേ? നിന്റെ ബസ് പോയല്ലോ”

“സാരല്ല്യ, ഇനി അടുത്ത ബസിന് പോകാം”

ഒഴിഞ്ഞുമാറാൻ ശ്രമിക്കുമ്പോൾ അവൾ വിടുന്ന ലക്ഷണമില്ല. പിന്നെ ചോദിച്ചു. “എന്താ കയ്യിൽ?”

“അത്... ഒരു ഡ്രസ്. അത്രേള്ളൂ”

“ആഹാ... നോക്കട്ടെ” – അവളത് വാങ്ങി പരിശോധിച്ചു. ഒരു ചിരിയോടെ പറഞ്ഞു “ഉം.... കൊള്ളാം. ഇതെല്ലാം നിനക്കായിരിക്കും അല്ലേ?” ആ കവർ അവളെ ഏൽപ്പിച്ചു. ശാരിക്ക് മിണ്ടാനേ കഴിഞ്ഞില്ല. “ആർക്കാ ഇത്?” അവൾ വീണ്ടും ചോദിച്ചു. ശാരി മിണ്ടിയില്ല. പിന്നെയും ചോദിച്ചു. പെട്ടെന്ന് ശാരി പറഞ്ഞു “സന്ധ്യേ നിന്റെ ബസ് വന്നു” “ഓ.. ശരി ഞാൻ പോവ്വാ, നാളെക്കാണാം” സന്ധ്യ പോയിക്കഴിഞ്ഞപ്പോൾ ഒരു നെടുവീർപ്പായിരുന്നു ശാരിയുടെ മറുപടി. പെട്ടെന്നവൾ ചുറ്റും നോക്കി. ഇല്ല, തന്റെ മാലാഖയെ കാണാനില്ല. മനസുകൊണ്ട് ശാരി സന്ധ്യയെ ആവോളം പ്രാകി. താൻ വാങ്ങിച്ച ഉടുപ്പും ഒക്കെ വെറുതയായി. ഇനിയെന്താ ചെയ്ക? അല്ലെങ്കിലും സന്ധ്യ ഇങ്ങനെയാണ്. മറ്റുള്ളവരുടെ സ്വൈര്യം കെടുത്തിയാലേ അവൾക്ക് സന്തോഷമാവൂ. ദേഷ്യവും സങ്കടവും നിരാശയുമെല്ലാം അടക്കിവെച്ച് അവൾ നടന്നു. അപ്പോൾ കുറച്ചകലെ... തന്റെ മാലാഖക്കുട്ടി നിൽക്കുന്നു. അവൾ ഓടി. റോഡിനു കുറുകെ ഓടിയപ്പോൾ എതിരെ വന്ന വണ്ടിയും ഒന്നും അവളുടെ ശ്രദ്ധയിൽ പെട്ടില്ല. അവളെ ഒരു വാഹനം.... പിന്നെ ആകെ ബഹളമായിരുന്നു. ആരൊക്കെയോ ചേർന്ന്, താങ്ങിയെടുത്ത് ആശുപത്രിയിലേക്ക്.

ഇപ്പോൾ രണ്ട് ദിവസമായിരിക്കുന്നു. നാട്ടുകാരുടെ കരുണകൊണ്ട് ഇപ്പോഴും ജീവിച്ചിരിക്കുന്നു. പക്ഷേ ഊണിലും ഉറക്കത്തിലുമെല്ലാം ആ മാലാഖ ഇപ്പോഴും ശാരിയെ അസ്വസ്ഥമാക്കുകയാണ്. ഡിസ്ചാർജ്ജ് ചെയ്യേണ്ട ദിവസമായിട്ടും ഒരു തയ്യാറെടുപ്പുമില്ലാതെ ഇരിക്കുന്ന ശാരിയെ കണ്ട് നഴ്സ് ചോദിച്ചു. “എന്താ ഇങ്ങനെ ഇരിക്കുന്നത്? വയ്യാ എന്ന് തോന്നുന്നുണ്ടോ?” “ഇല്ല” “പിന്നെ?” “എന്റെ ബാഗും കവറുമെല്ലാം?” “അത് ഇവിടെയുണ്ട്. ഇതാ” “ആ...” കവറിലെ ഉടുപ്പുകണ്ട നഴ്സ് ചോദിച്ചു. “ഇതാർക്കാ? മകൾക്കാണോ?” “മകൾക്ക്...!!! അതെ മകൾക്ക്” അവളുത്തരം പറഞ്ഞു. “ആഹാ.. എന്നിട്ടാണോ ബന്ധുക്കളാരുമില്ലേ എന്ന് ചോദിച്ചപ്പോൾ ഇല്ലെന്നു പറഞ്ഞത്? പോട്ടെ, എന്നിട്ട് മകളെവിടെ?” “അറിയില്ല” – ഇടിയുടെ ആഘാതത്തിൽ സമനില തെറ്റിയോ എന്നുവരെ നഴ്സ് സംശയിച്ചിരിക്കാം. വിശദമായ ചോദ്യങ്ങൾക്ക് അവൾ ഉത്തരം പറഞ്ഞുകൊണ്ടിരുന്നു. താൻ മാലാഖയെ ആദ്യം കണ്ടതും മനസുകൊണ്ട് അവളെ സ്നേഹിക്കുകയും അവൾക്കുവേണ്ടി ഉടുപ്പു വാങ്ങുകയും ചെയ്തതും വരെ. എല്ലാം കേട്ട നഴ്സ് ഒന്നു പുഞ്ചിരിച്ചു. തന്നെ അനുകൂലിച്ചോ, പ്രതികൂലിച്ചോ എന്ന് അറിയില്ല. ഏറെ നേരം കഴിഞ്ഞ് അവൾ മുറി വിട്ടു. ശാരിയും. ആശുപത്രി വരാന്തയിലൂടെ നടക്കുമ്പോൾ വീണ്ടും ആ നഴ്സിനെ അവൾ കണ്ടു. നഴ്സ് പറഞ്ഞു. “പോയി കണ്ടുപിടിക്കൂ, നിന്റെ ‘മാലാഖ’യെ എന്നിട്ട് രണ്ടുപേരും എന്നെ കാണാൻ വരണം” അത് പറഞ്ഞുകൊണ്ട് ആ നഴ്സ് മറഞ്ഞു. ശാരിയുടെ മനസ് അപ്പോഴും കടലിനു സമാനമായിരുന്നു. നഴ്സിന്റെ വാക്കുകൾ കേട്ടപ്പോൾ മനസ്സിലെ കടൽ അൽപ്പാൽപ്പം ശാന്തമായിത്തുടങ്ങി. അവൾ റോഡിലേക്കിറങ്ങി. അവളുടെ മനസ് പറയുന്നു മാലാഖയെ കണ്ടെത്താനാകുമെന്ന്. ചുറ്റിലും അവൾ കണ്ണോടിച്ചു. ഒരു നിമിഷം പോലും അവളുടെ കണ്ണുകൾ വെറുതേ ഇരുന്നില്ല. അവൾ യാത്ര തുടരുകയാണ്. തന്റെ മാലാഖയെ ത്തേടി... ■




ബുഷ്റ തസ്നീമ
IX E

# ഞാൻ....

ഞാനൊന്നിമ വെട്ടി
എന്റെ ബാല്യം തീർന്നു!
ഞാനൊന്നു ശ്വസിച്ചു
എന്റെ യുവത്വം തീർന്നു!
ഞാനൊന്നു ചിന്തിച്ചു
എന്റെ വാർദ്ധക്യം തീർന്നു!
ഞാനൊന്നുറങ്ങിയെണീറ്റു
എന്റെ ലോകവും തീർന്നു






മുഹ്സിന തസ്നിയ എൻ
IX H

# നിനക്കായ്

നിഴലുപോൽ ഞാൻ നിന്റെ കൂടെ നടന്നിട്ടും
നിലാവേ നീ എന്നെ തിരിച്ചറിഞ്ഞില്ല
അറിയില്ലെ നിനക്കെന്നെ...
മറന്നുവോ നീ എന്നെ...
ഓർമ്മതൻ താളുകളിൽ നൊമ്പരമായി നൽകി
എങ്ങുപോയി മറഞ്ഞു നീ
കാറ്റിൻ തലോടലായി ഞാൻ
അരികിൽ ചേർന്നു നിന്നപ്പോഴും
നീ എന്നെ തിരിച്ചറിഞ്ഞില്ല.
ആദ്യമായെൻ മുഖം നിന്നെ നോക്കി
പുഞ്ചിരിച്ചപ്പോഴും എൻ മനസ്സ്
നിന്നോടിഷ്ടമെന്ന് ചൊല്ലിയപ്പോഴും
നിനയ്ക്കാതെ വന്ന ചെറുചാറ്റൽ മഴയിൽ
നീയെൻ മനസ്സിൽ കൂടുകൂട്ടി...
വസന്തത്തിലെ പൂക്കളെപ്പോലെ
മനസ്സിൽ മോഹങ്ങൾ വിരിയിച്ചു.
എന്തിനു നീയെന്നെ നോക്കിച്ചിരിച്ചു.
എന്തിനു മധുരമാം നിമിഷങ്ങളേകി...
ഏറെ ഞാൻ നിന്നെ തേടിയലഞ്ഞെങ്കിലും.
കാത്തുനിൽക്കാതെ നീ പോയതെന്തേ നിലാവേ
ഒന്നും മിണ്ടാതെ നീ മാഞ്ഞതെന്തേ കിനാവേ
ഒന്നിങ്ങു മുന്നിൽ നീ വന്നെങ്കിൽ
ഒരു നോക്കു കാണാൻ കൊതിച്ചുപോയ്...



# അമ്മ



ശ്രീലക്ഷ്മി
IX B

വിരിയുന്ന ഹൃദയത്തിൽ
തണലേകി താങ്ങേകി
വളരും മനസ്സിലോ
അറിവേകി നിറമേകി
കരയുന്ന മുഖത്തുമ്പിൽ
കരുത്തിന്റെ പാലേകി
എന്നെന്നുമെന്നെ വളർ-
ത്തുന്നതീയമ്മ
പതറാത്ത കാൽവെപ്പിനായ്
പറയാതെന്നുമെത്തീടും
സുഖമുള്ള ദൂതിക്കായ്
സുഖത്തെയടക്കീടും
അറിയാതെ ചൊരിയാതെ
കരുണയാൽ തലോടുന്ന
ഒരു പാവമാണെന്റെ
സ്വന്തമാം പൊന്നമ്മ
പൊന്നക്ഷരങ്ങളെ
പൊതിയുവാനായിരം
ചിറകുകളുള്ള ഒരു
മാരിവില്ലിന്റെ അഴകിൽ
സുന്ദരിയാം എന്നമ്മ
വരികൾക്കുമതീതയാം
സ്നേഹത്തിൻ കടലമ്മ



# മറഞ്ഞ സ്വപ്നങ്ങൾ



നിഹ്‌ല പി.
IX D

ഓർമ്മവെച്ചകാലം തൊട്ടേ അമ്മു വളർന്നു വലുതായതെല്ലാം ശിശുഭവനത്തിലാണ്. ആയമാരുടെയും സഹ കൂട്ടുകാരുടെയും കൂടെയുള്ള കളിചിരികൾ അവളിൽ ആനന്ദത്തിന്റെ വർണപൂത്തിരി കത്തിച്ചു. അവരുടെ സ്നേഹത്തിന്റെയും ലാളനയുടെയും മുന്നിൽ അവൾക്കു പലപ്പോഴും തലകുനിക്കേണ്ടി വന്നു.

പക്ഷേ, മാതൃസ്നേഹം എന്താണെന്ന് അവളറിഞ്ഞിരുന്നില്ല. ഏത് പ്രശ്നത്തിനും ഏത് സാഹചര്യത്തിലും എല്ലാവരും കൂടെയുണ്ടെങ്കിലും തന്റെ മാതാപിതാക്കളുടെ അസാന്നിദ്ധ്യം അവളിൽ തീരാദുഃഖം സൃഷ്ടിച്ചു. അവളുടെ മാതാപിതാക്കൾ ആരെന്നോ അവരെവിടെയെന്നോ അവൾക്കറിയില്ലായിരുന്നു. ഭയം കൊണ്ടാണോ എന്തോ അവളാരോടും അവരെപ്പറ്റി ചോദിക്കാൻ മുതിർന്നില്ല. ‘അല്ലെങ്കിലും ‘തന്നെ’ വേണ്ടാത്തവരല്ലെ. അവരെ തനിക്കും വേണ്ട.’ അവരെപ്പറ്റി താനെന്തിനറിയണം എന്നുവരെ അവൾ ചിന്തിച്ചിട്ടുണ്ട്. സ്കൂളിലെ കൂട്ടുകാർ അവരുടെ അച്ഛനമ്മമാരെപ്പറ്റിയും അവർ തന്ന സമ്മാനത്തെ പറ്റിയും മറ്റും പറയുമ്പോൾ തന്റെ അച്ഛനമ്മമാരോട് ഒരു ദേഷ്യമായിരുന്നു അമ്മുവിന്. അത് ചെറിയൊരു ദുഃഖമായി മാറി. പിന്നെ തീരാദുഃഖമായി മനസ്സിൽ നിലയുറപ്പിച്ചു. ഓരോ സന്തോഷത്തിന്റെയും തിരി തെളിയുമ്പോഴെല്ലാം ഈ ദുഃഖം അത് അണച്ചു കൊണ്ടേയിരുന്നു.

അങ്ങനെ ദിവസങ്ങൾ കൊഴിഞ്ഞു പോയി. ആഴ്ചകളും.

വിധിയായിരിക്കാം. ഒരിക്കൽ തന്റെ സങ്കടങ്ങൾക്ക് വിരാമം കുറിച്ചു കൊണ്ട് ഒരു ഫോൺ കോൾ അവളെ തേടിയെത്തി.

“ഹലോ? ആരാ?”

“ഹലോ മോളേ അമ്മു, ഇതു ഞാനാ മോൾടെ അമ്മ” “അമ്മ” (അവൾക്ക് വിശ്വസിക്കാൻ പ്രയാസം തോന്നി) “അമ്മയെവിടെയാ? എന്തിനാ ഈ അമ്മൂനെ ഒറ്റക്കാക്കീത്? എനിക്ക് അമ്മേം അച്ഛനേം കാണണം.”

“മോളേ അങ്ങിനെ പറയരുത്. മോളെ ഒറ്റക്കാക്കീതല്ല. ആക്കേണ്ടി വന്നതാ. സാഹചര്യങ്ങൾ അങ്ങനെ ചെയ്യിക്കാനാ ഞങ്ങളെ നിർബന്ധിച്ചത്. പക്ഷേ ഇത്രേം കാലം മോളെ കാണാനോ ഒന്നു സംസാരിക്കാനോ മോളേക്കുറിച്ച് അറിയാനോ കഴിയാതെ ജീവിക്കേണ്ടി വരുമെന്ന് സ്വപ്നത്തിൽ പോലും അമ്മ വിചാരിച്ചില്ല.

“അമ്മേ എനിക്ക് ഇപ്പോ തന്നെ നിങ്ങളെ കാണണം”

“മോളേ ആ ആഗ്രഹം ഞങ്ങൾക്കുമുണ്ട്. പക്ഷേ, ഇന്നോ നാളെയോ അങ്ങോട്ടുവരാൻ ഞങ്ങൾക്കാവില്ല. ഞങ്ങളൊരുപാടു ദൂരെയാണ്.”

“അപ്പോ ഇനി എന്നാ നമ്മൾ കാണുക?”

“അത് അധികം വൈകാതെ ഞങ്ങളങ്ങോട്ടു വരാട്ടോ. എന്നാ ശരി”

സ്വർഗം കിട്ടിയ സന്തോഷം അവളുടെ മുഖത്തു നിന്ന് ആർക്കും വായിച്ചെടുക്കാമായിരുന്നു.

അമ്മ എന്ന് ഇതുവരെ അവളാരെയും വിളിച്ചിട്ടില്ല. ആരും അങ്ങനെ സ്വയം പരിചയപ്പെടുത്തിയിട്ടുമില്ല. ഇപ്പോൾ ഇതാ എന്റെ സ്വപ്നവും പൂവണിഞ്ഞിരിക്കുന്നു. ആ കുഞ്ഞുമനസ്സ് ഒരുപാട് സന്തോഷിച്ചു. അതിനുശേഷം ഒരുപാട് ഫോൺ കോളുകൾ അവളെ തേടിയെത്തി. അവസാനം കേട്ട വാർത്ത അവളെ കൂടുതൽ ആഹ്ലാദവതിയാക്കി. പിറ്റേന്ന് അവർ വരുമത്രെ. 8 വർഷമായി കാണാത്ത അച്ഛനമ്മമാരെ അവൾ കാണാൻ പോകുന്നു. അവരെ വരവേൽക്കാനായി സ്വയം നിർമ്മിച്ച ഒരു പൂച്ചെണ്ടൊരുക്കി തന്നെ അവൾ കാത്തിരുന്നു.



അടുത്ത പ്രഭാതം വന്നണഞ്ഞു. രാവിലെ തന്നെ കുളിച്ചൊരുങ്ങിനിന്നു. അവളുടെ കാത്തിരിപ്പ് സന്ധ്യയായിട്ടും അവസാനിച്ചില്ല. ആ കാത്തിരിപ്പിനിടയിൽ ദിവസങ്ങൾ കടന്നുപോയി. ആഴ്ചകളും. അങ്ങോട്ടുവരുന്ന ഓരോ ഫോൺകോളും തനിക്കുള്ളതാവണമെന്ന പ്രാർത്ഥനയിൽ അവൾ പലതവണ ഓടിച്ചെന്നു. പക്ഷേ ദൈവം അവളുടെ കൂടെയായിരുന്നില്ല. അവളിലേക്കടുക്കാറായപ്പോൾ ഒരു ലോറിയുടെ രൂപത്തിൽ മരണം അവളുടെ അച്ഛനേയും അമ്മയേയും കൊണ്ടുപോയത് അവളറിഞ്ഞില്ല. അറിഞ്ഞവരാരും അവളെ അറിയിച്ചതുമില്ല. ആ കുഞ്ഞുമനസ്സിന് അത് താങ്ങാനായില്ലെങ്കിലോ.

പതിവുപോലെ എന്നെങ്കിലും കാണാമെന്ന പ്രതീക്ഷയിൽ തന്റെ കാത്തിരിപ്പ് അമ്മു തുടർന്നുകൊണ്ടേയിരുന്നു.... ■

# OUR TEACHERS

| | | | |
|---|---|---|---|
| 1. | A.Raveendran (Head Master) | - | 9539 679919 |
| 2. | Letha K.V. (Deputy H.M.) | - | 9446 465927 |
| 3. | Prasannakumari Andarjanam | - | 9747 469495 |
| 4. | Sujatha P.R. | - | 9446 693151 |
| 5. | Sajitharani S.B. | - | 8943446974 |
| 6. | Sreedevi B. | - | 9495 232135 |
| 7. | Anilkumar R. | - | 9048 367758 |
| 8. | Sudha P.V. | - | 9846 717555 |
| 9. | Nirmala K.K. | - | 9446 308001 |
| 10. | Pathummakkutty A. | - | 9497 672075 |
| 11. | Kavithabhai K. | - | 9526 866200 |
| 12. | Anitha Vananchola | - | 9946 155231 |
| 13. | Durga C.V. | - | 9567 701404 |
| 14. | Baby Mubaraka K. | - | 9946 216532 |
| 15. | Saleena P. | - | 9995 839624 |
| 16. | Vinodkumar P.K. | - | 9847 570215 |
| 17. | Ragini O.P. | - | 9387 669439 |
| 18. | Easwaran Namboothiri S. | - | 9495 607794 |
| 19. | Mohanan P.D. | - | 9995 436488 |
| 20. | Umadevi A. | - | 9495 223513 |
| 21. | Indira M. | - | 9645 295141 |
| 22. | Muhammed Musthafa P.P. | - | 9400 618682 |
| 23. | Beena K. | - | 9747 477965 |
| 24. | Jayasree S. | - | 9495 386065 |
| 25. | Pramod A. | - | 9961 267180 |
| 26. | Rachana M.V. | - | 9846 758257 |
| 27. | Ambili C.K. | - | 9846 397112 |
| 28. | Sreeja P.M. | - | 9645906914 |
| 29. | Sreekumari K.S. | - | 9446 435047 |

# OUR TEACHERS

| | | | |
|---|---|---|---|
| 30. | Jyothi C.T. | - | 9495 619441 |
| 31. | Jayasree P.K. | - | 9447703461 |
| 32. | Nisha C. | - | 9497 007570 |
| 33. | Parvathy P. | - | 9744 653557 |
| 34. | Pathumma T.K. | - | 9048 949387 |
| 35. | Geethakumari S. | - | 9847 452250 |
| 36. | Ummukulsu P. | - | 8943 883919 |
| 37. | Ubaid Villan | - | 9544665464 |
| 38. | Abdul Majeed M.C. | - | 9495 602866 |
| 39. | Chandrika K.S. | - | 9497 670851 |
| 40. | Mohamed Ali C. | - | 9447 535636 |
| 41. | Sumitha R.T. | - | 9497 745688 |
| 42. | Premalatha K. | - | 9747 050662 |
| 43. | Narendran A. | - | 9946 700687 |
| 44. | Mujeeburahman K. | - | 9447 160565 |
| 45. | Reghuvaran M.K. | - | 9446 408291 |
| 46. | Sobhanakumari P.L. | - | 9446 246272 |
| 47. | Smitha P.V. | - | 9497 662248 |
| 48. | Sicily Gupta A.A. | - | 9744 612616 |
| 49. | Sudhakaran A.K. | - | 9496 759570, 9387 506776 |
| 50. | Manoj K.P. | - | 9446 352439 |

# OUR TEACHERS

| | | | |
|---|---|---|---|
| 51. | Girijadevi T. | - | 9995 471132 |
| 52. | Abdul Latheef P. | - | 9847 945175 |
| 53. | Sulaiman M. | - | 9946 764432 |
| 54. | Nalini P. | - | 8289 942450 |
| 55. | Jamsheeda P. | - | 8606 630515 |
| 56. | Sakheena Vakkayil | - | 9995 358168 |
| 57. | Bashiam P.A. | - | 9961 400434 |
| 58. | Kunhahamed Thayyilthodi | - | 9446 634615 |
| 59. | Kunhikathiyumma M.P. | - | 9048 640032 |
| 60. | Mary K.J. | - | 9747 214873 |
| 61. | Asmabi K.P. | - | 9633 189494 |
| 62. | Sainaba K. | - | 9747616970 |

## OFFICE STAFF

| | | |
|---|---|---|
| Aparna K.N. (Clerk) | - | 8943 274504 |
| Supriya Nair (Clerk) | - | 9946 245401 |
| Kanchana K. (Clerk) | - | 9746 569553 |
| Vasu P.P. | - | 9605 507757 |
| Ayoob A. | - | 9847 010908 |
| Abdul Latheef (FTM) | - | 9446 542263 |
| Manukuttan K. | - | 9947 542072 |
| Vijayalakshmi T.Y. | - | 8086 375171 |

# അധ്യാപകർ ചുമതലകൾ

| | | |
|---|---|---|
| സ്റ്റാഫ് സെക്രട്ടറി | : | മുജീബ്റഹ്മാൻ കെ. |
| വിദ്യാരംഗം | : | സുധാകരൻ എ.കെ. |
| അച്ചടക്കം | : | മുഹമ്മദാലി. സി., മേരി കെ.ജെ., ഈശ്വരൻ നമ്പൂതിരി എസ്., ഭാഷ്യം പി.എ., ശോഭനകുമാരി പി.എൽ., വിനോദ്കുമാർ പി.കെ. |
| മലയാളവേദി | : | ശ്രീകുമാരി കെ., ജ്യോതി സി.ടി. |
| സയൻസ് ക്ലബ്ബ് | : | സുധ പി.വി. |
| ഹരിതസേന, സ്പോർട്സ്& ജലശ്രീ | : | കെ. മുജീബ്റഹ്മാൻ |
| ശാസ്ത്രമേള, വിജയഭേരി & ലാബ് | : | വിനോദ്കുമാർ പി.കെ. |
| ഗണിത ക്ലബ്ബ് | : | ശ്രീദേവി ബി., സ്മിത പി.വി. |
| സോഷ്യൽ സയൻസ് ക്ലബ്ബ് | : | മോഹനൻ പി.ഡി., ഇന്ദിര എം. |
| ഐ.ടി. കോർഡിനേറ്റർ | : | ഉബൈദ് വി., കുഞ്ഞുമുഹമ്മദ് ടി.ടി. |
| ടീച്ചേഴ്സ് ക്ലബ്ബ് | : | ഉബൈദ് വി. |
| സ്കൂൾ പാർലിമെന്റ് & ലൈബ്രറി | : | നരേന്ദ്രൻ എ. |
| മ്യൂസിക് ക്ലബ്ബ് | : | ചന്ദ്രിക കെ.എസ്. |
| ഗാന്ധിദർശൻ | : | പ്രമോദ് എ. |
| സ്റ്റോർ | : | സുലൈമാൻ എം. |
| ഇംഗ്ലീഷ് ക്ലബ്ബ് | : | ജയശ്രീ എസ്. |
| ആരോഗ്യ ക്ലബ്ബ് | : | അബ്ദുൾ മജീദ്, രഘുവരൻ, സെക്കീന, ഉമാദേവി, അമ്പിളി, കുഞ്ഞിക്കദിയുമ്മ |

# അധ്യാപകർ ചുമതലകൾ

| | | |
|---|---|---|
| ഹിന്ദി ക്ലബ്ബ് | : | ഭാഷ്യം പി.എ. |
| പഠനയാത്ര & സ്മാർട്ട്റൂം | : | കുഞ്ഞിമുഹമ്മദ് ടി.ടി. |
| ഐടി ക്ലബ്ബ് | : | സുജാത പി.ആർ. |
| ജാഗ്രതാസമിതി | : | ശോഭനകുമാരി പി.എൽ., ഉമാദേവി,<br>പാത്തുമ്മക്കുട്ടി,<br>പി.കെ. ജയശ്രീ, കെ.ജെ. മേരി, സെലീന പി.,<br>കുഞ്ഞിക്കദിയുമ്മ എം.പി. |
| എസ്.ആർ.ജി. കൺവീനർ (UP) | : | രഘുവരൻ എം.കെ. |
| (HS) | : | സെലീന പി. |
| സ്കൗട്ട് & ഗൈഡ് | : | ഭാഷ്യം പി.എ., പാത്തുമ്മക്കുട്ടി എ.,<br>സജിതാറാണി എസ്.ബി.,<br>ഉബൈദ് വി., അബ്ദുൾ ലത്തീഫ് പി.,<br>ശ്രീദേവി ബി. |
| അറബി ക്ലബ്ബ് | : | ഉബൈദ് വി. |
| ഉറുദു ക്ലബ്ബ് | : | അബ്ദുൾ മജീദ് എം.സി. |
| സംസ്കൃതം ക്ലബ്ബ് | : | സുമിത ആർ.ടി. |
| കലോത്സവം | : | പി.എൽ. ശോഭനകുമാരി |
| ഉച്ചഭക്ഷണം | : | ഭാഷ്യം പി.എ., നളിനി പി., ജംഷീദ പി.,<br>സക്കീന വി. |
| ജൂനിയർ റെഡ് ക്രോസ് | : | മുഹമ്മദ് മുസ്തഫ പി., ഉമാദേവി എ. |
| ബാന്റ് ട്രൂപ്പ് | : | അബ്ദുൾ ലത്തീഫ് പി. |

# PTA EXECUTIVE COMMITTEE 2013-14

| | |
|---|---|
| Muraleedharan P.K. (Principal ic) | 0483 2747663 |
| Raveendran a. (Head Master) | 0483 2745505 |
| Ahamedkutty c.k. (Pesident) | 9947 639751 |
| Dr. santhosh vallikkat (Vice President) | 9447 353421 |
| Ahamed melethil | 9539 898948 |
| Alavi paroli | 9447 173746 |
| Mariyamu p. | 9947 934145 |
| Moideen p. | 9745 123628 |
| Raihanath p. | 9037 655635 |
| Satheeshan | 9946 446565 |
| Sathyanathan a.p. | 9961 502525 |
| Thajudheen | 9846 464332 |
| Unnikrishnan p.k. | 9387 508788 |

# School Management Committee

Abdul Hameed C. (Chairman)
Devidasan K.P. (Vice Chairman)
Pocker K.
Padmanabhan Master K.
Jyothishmathi T.
Moideen
Ibrahim T.
Abdulkareem K.P.
Sreeja A.K.
Indira
Beenamole N.T.
Sradha V.P.
Leena Gopalakrishnan
Sreekala K.
Sathyanath A.P.
Mohammed V.
Fousiya
C. Mohammedali

# നന്ദിയോടെ......

ഓർമ്മയുടെ
കാർഡുകൾ നമ്മുടെ
മനസ്സ് കാലിയാക്കുന്നു.....
ചിന്തകൾക്ക് അൾഷിമേഴ്സ്
ബാധിക്കുന്നു......
ബ്ലൂടൂത്തുവഴി
സ്വപ്നങ്ങൾ കൈമാറുമ്പോൾ വൈറസ്സുകൾ
അതിക്രമിച്ചുകടന്നുവരുന്നു....
അതിനിടയിൽ നമ്മൾ
ജീവിതത്തിന്റെ പാസ്‌വേർഡുപോലും
മറന്നുപോകുന്നു.
എങ്കിലും
ഇത് അവസാനമല്ല,
ആവർത്തനവുമല്ല.......
ഒഴിഞ്ഞ താളുകൾ പൂർത്തിയാക്കേണ്ട
ബാധ്യതയാണ് ഇനിയുള്ളത്.
തിരിഞ്ഞുനോക്കുമ്പോൾ
തെളിഞ്ഞുവരുന്ന
ഒരുപാട് ചിത്രങ്ങൾ......
നന്ദിയും കടപ്പാടും ഒരുപാട് പേരോടാണ്
വഴികാട്ടിയവർ...... വിയർപ്പൊഴുക്കിയ
ഗുരുവര്യർ
താങ്ങും തണലുമേകിയ
കൂട്ടുകാർ.....
ഓരോ താളുകളിലും പ്രവർത്തിച്ച കൂട്ടായ്മകളോട്......
എഴുതിയാൽ
തീരാത്ത കടപ്പാട്
മനസ്സിൽ സൂക്ഷിച്ചുകൊണ്ട്
ഒറ്റവാക്കിൽ ഒതുക്കിയ “നന്ദി“ എന്ന രണ്ടക്ഷരങ്ങൾക്കപ്പുറം
ഹൃദയത്തിന്റെ നേര്..



സ്നേഹത്തോടെ,

**ദേവിക ആർ.എസ്.**
സ്റ്റുഡന്റ് എഡിറ്റർ.